ഉള്ളടക്കം

1. ഇ. എം. എസ്സ്: ആധുനികകേരളത്തിന്റെ മുഖ്യശില്പി

2. ബി. ആർ. അംബേദ്കർ
3. ശ്രീധരമേനോന്റെ കേരളസ്വാതന്ത്ര്യസമരചരിത്രം
4. സ്വയംവരം: ഒ. എൻ. വി. യുടെ സ്ത്രീപക്ഷകാവ്യം
5. വി. ടി. കുമാരന്റെ സാഹിത്യപ്രപഞ്ചം
6. ഭാഷാപ്രശ്നം: തായാട്ടിന്റെ നിരീക്ഷണങ്ങൾ
7. മാർക്സിസത്തിന്റെ സ്വാധീനം
വിവിധവിജ്ഞാനശാഖകളിൽ
8. വൈലോപ്പിള്ളിയുടെ മൂന്നു സോവിയറ്റുകവിതകൾ
9. അന്ത്യമാല്യവും അന്തോണിയും
10. സാഹിത്യപ്രതിഭയും സമൂഹവും
11. തൊഴിലാളിപക്ഷകവിതകൾ
12. കുതി കൊൾക ശക്തിയിലേക്കു നമ്മൾ
13. കേരളത്തിലെ സംസ്കൃതശാസനങ്ങൾ
14. എൻ. വി. യും സംസ്കൃതഗവേഷണവും
15. സംസ്കൃതത്തിന് ഉള്ളൂരിന്റെ സംഭാവന
16. വൈലോപ്പിള്ളിയുടെ ഭാരതീയകാവ്യപാരമ്പര്യം
17. പുതിയൊരിന്ത്യൻ സാഹിത്യസിദ്ധാന്തം
18. എം. പി. ശങ്കുണ്ണിനായരുടെ അഭിനവപ്രതിഭ
19. തായാട്ടു ശങ്കരൻ – നവോത്ഥാനത്തിന്റെ നിരൂപകൻ
20. കാവ്യതേജസ്സുകളുടെ സർഗസൃഷ്ടികളിലൂടെ
21. ഭാഷാവിദ്യാർഥികൾക്ക് ഒരു വഴികാട്ടി
22. ഡോ. കുഞ്ചുണ്ണിരാജയുടെ ഗവേഷണപ്രബന്ധങ്ങൾ
23. പൂർവഭാരതചമ്പു
22. മല്ലികാമാരുതം – ഉദ്ദണ്ഡശാസ്ത്രികൾ രചിച്ച
സംസ്കൃതപ്രകരണം
24. എൻ. ഗോപാലപിള്ളയുടെ സംസ്കൃതകൃതികൾ
25. കേരളവർമയുടെ സംസ്കൃതകൃതികൾ
26. സംസ്കൃതത്തിലെ ബാലസാഹിത്യം
28. ഔചിത്യം മലയാളത്തിൽ
29. വിഷ്ണു – പൂർണസരസ്വതിയുടെ പൂർവാശ്രമനാമം

## 11. പുതിയൊരിന്ത്യൻ സാഹിത്യ സിദ്ധാന്തം

### പ്രാചീന കാവ്യസിദ്ധാന്തങ്ങളുടെ സമകാലീന പ്രസക്തിയെക്കുറിച്ച് ഗൗരവമായ ചില ചിന്തകൾ

കൃതിയുടെ മുഖക്കുറിപ്പിൽ കെ. അയ്യപ്പപ്പണിക്കർ ഇങ്ങനെ പറയുന്നു:"സംസ്കൃതത്തിലും തമിഴിലുമുള്ള കാവ്യസിദ്ധാന്തങ്ങളിൽ ചിലതിന് സമകാലിക പ്രസക്തി നൽകാൻ കഴിയുമെന്നും കഴിയണമെന്നുമുള്ള നിഗമനമാണ് ഈ കൃതിയുടെ അടിസ്ഥാനം. അതിവിപുലമായ പാരമ്പര്യകാവ്യശാസ്ത്രത്തെ എങ്ങനെയൊക്കെ പരിവർത്തനം വരുത്തുന്നതാണ് ആശാസ്യമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടാവുന്നത് സ്വാഭാവികം. അഭിനവ ഗുപ്തനോ ജഗന്നാഥപണ്ഡിതരോ നിർത്തിയിടത്തുനിന്ന്, പേരാശി രിയരോ നച്ചിനാർക്കിനിയരോ എത്തിച്ചേർന്നിടത്തുനിന്ന്, അല്പമെങ്കിലും മുന്നോട്ടു പോകാൻ നാം ശ്രമിക്കണമെന്ന് അപേക്ഷമാത്രമെങ്കിലും പണ്ഡിതന്മാരും വിമർശകരും ആസ്വാദകരും സ്വീകരിക്കുമെങ്കിൽ ഈ ശ്രമം വെറുതെയായില്ല എന്നു പറയാം. ഈ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുള്ളതിൽനിന്ന് വ്യത്യസ്ത മാർഗങ്ങളും പരീക്ഷിക്കേണ്ടതാണ്".

"പാരമ്പര്യം നിഷേധവും നവീകരണവും" എന്ന ഒന്നാ മധ്യായത്തിൽ സിദ്ധാന്തനവീകരണം ഭാഷയെയും സാഹിത്യത്തെയും സജീവമാക്കി നിലനിർത്താൻ അത്യന്തം ആവശ്യമായതുകൊണ്ട്, ആ നവീകരണത്തിന്റെ സാമാന്യദിശയുടെ സ്വരൂപം വിവരിക്കുന്നു. സാഹിത്യകൃതികളിൽ നിരന്തരം വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അവയുടെ പ്രേരണകൊണ്ട്, സിദ്ധാന്തങ്ങൾ നവീകരിക്കപ്പെടുന്നു. പുതിയ കൃതികൾ വരുമ്പോൾ സംവേദനത്തിൽ മാറ്റങ്ങളുണ്ടാവുകയും അവ ശ്രദ്ധിക്കപ്പെടുകയും ചെയ്യുന്നു. അതനുസരിച്ച് സിദ്ധാന്തങ്ങളും മാറ്റങ്ങൾക്ക് വിധേയമാവുന്നു. ഈ മാറ്റങ്ങൾ ഉൾക്കൊണ്ട് പുതിയ തരം കൃതികൾ പുറപ്പെടുന്നു. വീണ്ടും അഭിരുചിവ്യത്യാസങ്ങൾക്കൊത്ത് സാഹിത്യസൃഷ്ടിയിലും ആസ്വാദനത്തിലും മാറ്റങ്ങൾ സംഭവിക്കുന്നു. മാറ്റങ്ങൾക്ക് പിന്നിലുള്ള തത്ത്വങ്ങളും അവയ്ക്കു പ്രേരണ നൽകിയ ഘടകങ്ങളും ക്രോഡീകരിക്കപ്പെടുന്നു. ഭരതൻ മുതൽ ജഗന്നാഥൻ വരെയുള്ള സംസ്കൃതസാഹിത്യശാസ്ത്രജ്ഞന്മാർ പഴയതിനെ വീണ്ടും വീണ്ടും നവീകരണത്തിലൂടെ സാധൂകരിക്കുകയാണ് ചെയ്തത്. സാഹചര്യങ്ങളിൽ വരുന്ന മാറ്റങ്ങൾക്കൊത്ത് സാഹിത്യത്തിന്റെ ഭാവരൂപശില്പങ്ങളിലും മാറ്റമുണ്ടാവുകയും ആ മാറ്റങ്ങൾ വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും പറ്റിയ നൂതനസിദ്ധാന്തങ്ങൾ രൂപപ്പെടുകയും ചെയ്യുന്നു. ഇപ്രകാ രം സിദ്ധാന്തനവീകരണം ഒരു അനുസ്യൂതപ്രകിയായി തുടരുന്നു.

രസസിദ്ധാന്തനവീകരണത്തിന് കാർത്തികതിരുനാൾ *ബാല*

*രാമഭരത*ത്തിൽ നൽകുന്ന രസ–ഭാവ–ഭരതവിശദീകരണങ്ങളെയും വിദ്യാനിവാസ് മിശ്ര അവതരിപ്പിക്കുന്ന ഭക്തിസിദ്ധാന്ത വ്യാഖ്യാനത്തെയും ഉദാഹരിക്കുന്നു. രസസിദ്ധാന്തനവീകരണാധ്യായം പണിക്കർ ഉപസംഹരിക്കുന്നതിപ്രകാരമത്രേ: “രസസിദ്ധാന്തത്തിന് സമകാലികപ്രസക്തി കൈവരണമെങ്കിൽ ഭാരതീയവും ഭാരതീയേതരവുമായ സമകാലികസാഹിത്യകൃതികൾ വ്യാഖ്യാനിക്കുന്നതിനും വിശദീകരിക്കുന്നതിനും തുറന്ന മനസ്സോടെ നവീകൃതരസസങ്കല്പത്തിന്റെ പ്രയോഗപദ്ധതി വികസിപ്പിക്കേണ്ടിയിരിക്കുന്നു. രസസിദ്ധാന്തത്തിന് സാർവലൗകികമോ സാർവകാലികമോ ആയ പ്രസക്തിയില്ല എന്നു വാദിക്കുന്നവരെ ഇപ്രകാരമുള്ള പ്രയോഗപരിപാടികൾകൊണ്ടേ ബോധ്യപ്പെടുത്താൻ സാധിക്കൂ. പിടിവാശിക്കാരായ പ്രാചീനപണ്ഡിതന്മാരുടെ സമീപനം ഇതിനനുകൂലമാവുകയില്ലെന്ന് തോന്നുന്നു. പാശ്ചാത്യസിദ്ധാന്തങ്ങൾ മാത്രമേ സമകാലികകൃതികൾക്ക് അനുയോജ്യമാവൂ എന്നു കരുതുന്ന നവീനപണ്ഡിതന്മാരും പ്രതികൂലഭാവം കാട്ടാനിടയുണ്ട്. രസസിദ്ധാന്തപ്രയോഗം പിറകോട്ടു പോകാനോ ഭാരതീയത ഉറപ്പിക്കാനോ അല്ല ശ്രദ്ധിക്കേണ്ടത്. സാർവലൗകികമാക്കാനും ആഗോളവൽക്കരിക്കാനും ആണ്. കാലാനുസൃതമായ മാറ്റം  കാവ്യമീമാംസയിൽ ആവശ്യമാണെങ്കിൽ രസസങ്കല്പത്തിലും അതിന്റെ വ്യാഖ്യാനപ്രയോഗങ്ങളിലും സമകാലികദൃഷ്ടി പതിയേണ്ടതാണ്. അത് സാധിക്കുന്നില്ലെങ്കിൽ പിന്നെ സിദ്ധാന്തം എന്തിന്? പ്രയോഗത്തിലൂടെ സിദ്ധാന്തത്തെ മാറ്റിയെടുക്കുക എന്നത് ഇന്നത്തെ തലമുറയുടെ കർത്തവ്യമാണ് (പേജ് 27–28).

ചിത്രം, ശില്പം തൊട്ടുള്ള മറ്റു കലകളുടെ വിമർശനത്തിലേക്കും രസസിദ്ധാന്തത്തെ വ്യാപിപ്പിക്കത്തക്ക വിധത്തിൽ ഈ നവീകരണം സാധിക്കണമെന്നുകൂടി ഇവിടെ കൂട്ടിച്ചേർക്കട്ടെ. “ധ്വനിയുടെ വിശേഷങ്ങൾ” എന്ന രണ്ടാമധ്യായത്തിൽ ധ്വനിസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ സമകാലികകൃതികളെ അപഗ്രഥിക്കുന്നതിന് കൃഷ്ണരായൻ നിർദ്ദേശിക്കുന്ന ഒരാറിന പദ്ധതി പണിക്കർ ഉദ്ധരിക്കുന്നു. ഈ പദ്ധതിയനുസരിച്ച് കാളിദാസന്റെ *മേഘദൂത*ത്തെ ആസ്വദിക്കുന്ന ഒരു ചെറുഖണ്ഡിക ഈ കൃതിയിലുണ്ട്. ഒരു ദീർഘപ്രബന്ധമായി അതിനെ വികസിപ്പിക്കാവുന്നതാണ്. വ്യഞ്ജനാവ്യാപാരം സാധാരണജീവിതത്തിൽക്കൂടി കാണാമെന്ന നിരീക്ഷണവും അർത്ഥത്തിന്റെ അനർത്ഥങ്ങളെ ധ്വനിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ലഘുപഠനവും പ്രത്യേകം പ്രശംസാർഹം.

“അനുമാനത്തിന്റെ പുതിയ മാനങ്ങ”ളെപ്പറ്റി ഉപന്യസിച്ചുകൊണ്ട് പാശ്ചാത്യപൗരസ്ത്യകൃതികളിൽനിന്നുള്ള ഉദാഹരണങ്ങളിലൂടെ പ്രസ്തുതസിദ്ധാന്തത്തിന്റെ കാതലിലേക്ക് ഗ്രന്ഥകാരൻ നമ്മെ ചെന്നെത്തിക്കുന്നു. ആധുനികകൃതികളുടെ വായനയിൽ ഏറ്റവും പ്രസക്തമാണ് അനുമിതിസിദ്ധാന്തമെന്നാണ് അദ്ദേഹ

ത്തിന്റെ അഭിപ്രായം. ''സഹൃദയസങ്കല്പവും അനുവാചക പ്രതികരണവും ആഖ്യാനത്തിലെ വിടവുകളെ വിളിച്ചുണർത്തുന്ന പൂരണത്വരയും കൂട്ടിച്ചേർത്ത് അനുമിതിവാദം വികസിപ്പിച്ചെടുത്താൽ ആധുനികസാഹിത്യപഠനത്തിന് അത് അത്യന്തം ഉപകരിക്കുമെന്നതിൽ സംശയമില്ല. പദാർത്ഥത്തിന്റെയും വാക്യാർത്ഥത്തിന്റെയും തലം കഴിഞ്ഞ് പ്രകരണപ്രബന്ധങ്ങളുടെ ഘടന പഠനവിഷയമാക്കുമ്പോൾ, ഒരുപക്ഷേ, അനുമിതിവാദത്തിന്റെ പ്രയോഗക്ഷമത വർധിക്കാതിരിക്കില്ല" (പേജ് 61) എന്നും അദ്ദേഹം എഴുതുന്നു.

''വക്രോക്തിയുടെ അർത്ഥതലങ്ങ''ളെപ്പറ്റിയാണ് അടുത്ത അധ്യായത്തിൽ പരിശോധിക്കുന്നത്. വൈലോപ്പിള്ളിയുടെ *ഋശ്യശൃംഗൻ* എന്ന കാവ്യനാടകത്തിൽ വക്രോക്തിസിദ്ധാന്തത്തെ സമഗ്രരൂപത്തിൽ സമന്വയിപ്പിച്ചുകൊണ്ട് ഞാൻ എഴുതിയ പ്രബന്ധത്തെ അയ്യപ്പപ്പണിക്കർ ലക്ഷ്യം വെക്കുന്ന വക്രോക്തിസിദ്ധാന്ത നവീകരണത്തിലേക്കുള്ള ഒരു ചവിട്ടുപടിയായി കണക്കാക്കാമെന്നു തോന്നുന്നു. ഗുണ/ദോഷങ്ങളുടെ ഗുണദോഷം, രീതിയുടെ രീതി, അലങ്കാരദർശനം, ഔചിത്യവും അനൗചിത്യവും എന്നിവയാണ് മറ്റു നാലധ്യായങ്ങളിലെ വിഷയങ്ങൾ.

തുടർന്നുള്ള നാലധ്യായങ്ങൾ ദ്രാവിഡലാവണ്യ ശാസ്ത്രത്തിന്റെ വിവരണവും നവീകരണനിർദ്ദേശവും ഉൾക്കൊള്ളുന്നു. *തൊൽക്കാപ്പിയം* പൊരുളതികാരത്തിലെ തിണസങ്കല്പമാണ് ഇവയിലെ മുഖ്യവിഷയം. കൈക്കിള, മുല്ല. കുറിഞ്ചി, പാല, മരുതം, നെയ്തൽ, പെരുന്തിണ എന്നിങ്ങനെ ഏഴ് അകത്തിണകൾ; ഇവയ്ക്കു സമാന്തരമായ പാടാൺ, വഞ്ചി, വെട്ചി, വാക, ഉഴിഞ്ഞ, തുമ്പ, കാഞ്ചി എന്നിങ്ങനെ ഏഴ് പുറത്തിണകൾ; അക ത്തിണകളുമായി ബന്ധപ്പെട്ട സ്ഥലം, കാലം എന്നീ മുതൽപ്പൊരുളുകൾ; ദൈവം, ആഹാരം, മൃഗം, മരം, പക്ഷി, പറ, തൊഴിൽ, രാഗം, ആളുകൾ, നായകൻ, പൂവ് എന്നീ കരുപ്പൊരുളുകൾ, ഉരിപ്പൊരുൾ (ഭാവമേഖല); പുറത്തിണകളുമായി ബന്ധപ്പെട്ട ഉൾപ്പൊരുകളും തുറകളും (സാമാന്യവും വിശേഷവുമായ വർണനാവിഷയങ്ങൾ) ഇത്രയുമാണ് തിണസങ്കല്പം കൊണ്ടുദ്ദേശിക്കുന്നത്. അകമെന്നാൽ ആന്തരികം, വ്യക്തിഗതം, മനഃശാസ്ത്രാധിഷ്ഠിതം, മൃദുല വികാരമോഹനം, ആത്മനിഷ്ഠം എന്നിവയും പുറമെന്നാൽ ബാഹ്യം, സമഷ്ടിഗതം, സമൂഹശാസ്ത്രാധിഷ്ഠിതം, രൂക്ഷവികാരഭീഷണം, വസ്തുനിഷ്ഠം എന്നിവയും പൊതുവെ വിവക്ഷിക്കപ്പെടുന്നു. പണിക്കർ പറയുന്നു: "ഇതൊരു മാതൃക (മോഡൽ) മാത്രമാണ്. ഈ സങ്കല്പത്തെ, മനുഷ്യാവസ്ഥകളെ കാലദേശാവസ്ഥകളോട് ബന്ധിപ്പിക്കുന്ന ലാവണ്യസിദ്ധാന്തത്തെ, വേണ്ടത്ര വിപുലീകരണങ്ങളോടും തിരുത്തലുകളോടും കൂടി വേണം ഏതെങ്കിലും ഒരു കൃതിയുടെ ഭാഷ്യത്തിൽ ഉപയോഗിക്കാൻ" (പേജ് 105).

ഇതുമായി ബന്ധപ്പെട്ട ഒരു ഭാഗം കൂടി ഉദ്ധരിക്കട്ടെ: "*തൊൽക്കാ*

*പ്പിയ*ത്തിലെ പൊരുളതികാരത്തിൽനിന്നു ദ്രാവിഡകാവ്യമീമാംസ യുടെ ഏറ്റവും പുരാതനവും മൂല്യവത്തുമായ ഒരു പരിസ്ഥിതി ലാവണ്യസിദ്ധാന്തം നമുക്ക് ലഭ്യമായേക്കും. ഇപ്പോൾ പാശ്ചാത്യ ഭാഷകളിൽ ഇക്കോപോയറ്റിക്സ് എന്ന് വിളിക്കുന്ന പരിസ്ഥിതി കാവ്യമീമാംസ ഉരുത്തിരിഞ്ഞുവരുന്നുണ്ട്. രണ്ടായിരം കൊല്ലം മുമ്പ് സംഘകാലകൃതികളുമായി ബന്ധപ്പെട്ട് വികസിച്ചുവന്ന തിണസിദ്ധാന്തം മാറിയ ചുറ്റുപാടിൽ മറ്റു ഭാഷകളിലെ കൃതികൾക്കും ഇന്ത്യയിലെതന്നെ സമകാലികസാഹിത്യകൃതികൾക്കും ബാധകമാക്കാവുന്നതാണ്. ഒരുപക്ഷേ, ലോകത്തെ മറ്റു ഭാഷകളിലൊന്നും ഇതുപോലൊരു പരിസ്ഥിതികാവ്യമീമാംസ പണ്ടുതന്നെ വികസിച്ചിരുന്നില്ല എന്നതുകൊണ്ട് ദ്രാവിഡീയതിണസങ്കല്പം നമുക്ക് പ്രയോജനപ്പെടുത്താവുന്ന ഒരു സിദ്ധാന്തമാണ്" (പേജ് 101).

പൊരുളതികാരത്തിലെ ഉള്ളുറൈസങ്കല്പവും മെയ്പ്പാട് സങ്കല്പവും ഇതുപോലെ വികസിപ്പിച്ചെടുക്കേണ്ടവയാണ്. രസധ്വനിസിദ്ധാന്തങ്ങളുമായി താരതമ്യപ്പെടുത്തിക്കൊണ്ട് അവയുടെ നവീകരണത്തിന് തുടക്കമിടാവുന്നതേയുള്ളൂ.

ഈ ദ്രാവിഡലാവണ്യശാസ്ത്രത്തെ ഷെക്സ്പിയറുടെ *മാക്ബത്തിൽ* (പേജ് 98–100) സമന്വയിപ്പിച്ചു കാട്ടിയത് ഈ ഗ്രന്ഥത്തിലെ ഏറ്റവും ശ്രദ്ധേയമായൊരു സന്ദർഭമത്രേ.

പൊതുവിൽ അവഗണിക്കപ്പെട്ടുപോരുന്ന രണ്ടു വിഷയങ്ങളാണ് നാടോടിസാഹിത്യത്തിന്റെ ലാവണ്യശാസ്ത്രവും ആദിവാസി കഥാവ്യാഖ്യാനവും ഒടുവിലത്തെ രണ്ടധ്യായത്തിൽ എടുത്തുപറയത്തക്ക ഉൾക്കാഴ്ചയോടെ വിശകലനം ചെയ്തിരിക്കുന്നത്.

അനുബന്ധപ്രബന്ധത്തിൽ നാലും മികവും പുതുമയും ഒത്തുചേർന്നവയായിട്ടുണ്ട്. തകഴിയുടെ *കയറി*ലെ വ്യംഗ്യസൗന്ദര്യം ഉദാഹരണസഹിതം വെളിപ്പെടുത്തിയത് പ്രത്യേകിച്ചും. കൃഷ്ണരായൻ തന്റെ നാലു വിമർശനഗ്രന്ഥങ്ങളിലും ധ്വനിസിദ്ധാന്തത്തെ നവീകരിക്കുകയും സാർവലൗകികവും സമകാലികപ്രസക്തവുമാക്കിയതിന്റെ വിശദാംശങ്ങൾ വിവരിക്കുന്ന പ്രബന്ധം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഏറെ പ്രയോജനപ്രദമാണ്.

കവിയും നിരൂപകനുമെന്ന നിലയിൽ താൻ ഇതിനകം നേടിക്കഴിഞ്ഞ പ്രശസ്തിയുടെ തൊപ്പിയിൽ സാഹിത്യതത്ത്വചിന്തകനെന്ന അഭിമാനാവഹമായ ഒരു തൂവൽകൂടി തുന്നിച്ചേർക്കുന്നതിന് അയ്യപ്പപ്പണിക്കരുടെ *ഇന്ത്യൻ സാഹിത്യസിദ്ധാന്തം – പ്രസക്തിയും സാധ്യതയും* എന്ന ഈ പുതിയ പുസ്തകം പര്യാപ്തമാണ്. മലയാളത്തിൽത്തന്നെ മുണ്ടശ്ശേരിയുടെ *കാവ്യപീഠിക*യ്ക്കു ശേഷം ഇത്രയും സർവാശ്ലേഷിയായ ഒരു താരതമ്യസാഹിത്യശാസ്ത്രകൃതി പുറത്തിറങ്ങിയിട്ടുണ്ടെന്നു തോന്നുന്നില്ല.

(ഇന്ത്യാ ടുഡേ, ജൂൺ 20,1999

## 11. എം. പി. ശങ്കുണ്ണിനായരുടെ അഭിനവപ്രതിഭ

പ്രാചീനഭാരതത്തിലെ സാഹിത്യവിമർശനതത്ത്വങ്ങളും ലളിതകലാസിദ്ധാന്തങ്ങളും ലോകത്തിന്റെ മുഴുവൻ ശ്രദ്ധ പിടിച്ചുപറ്റിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സംസ്കൃതത്തിലെ സാഹിത്യശാസ്ത്രഗ്രന്ഥങ്ങളുടെയും നാട്യശാസ്ത്രഗ്രന്ഥങ്ങളുടെയും പഠനത്തിനു കൂടുതൽ പ്രസക്തി കൈവന്നിട്ടുണ്ട്. സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാമാണികം 9–ാം നൂറ്റാണ്ടുകാരനായ ആനന്ദവർദ്ധനന്റെ *ധ്വന്യാലോക*വും നാട്യശാസ്ത്രഗ്രന്ഥങ്ങളിൽ പ്രാഥമ്യവും പ്രാധാന്യവും നേടിയത് രണ്ടും നാലും നൂറ്റാണ്ടുകൾക്കിടയിൽ ജീവിച്ച ഭരതമുനിയുടെ *നാട്യശാസ്ത്ര*വും ആകുന്നു. ഈ രണ്ടു ഗ്രന്ഥങ്ങളുടെയും പഠനം തൃപ്തികരമായി നടക്കണമെങ്കിൽ പത്താം നൂറ്റാണ്ടിന്റെ ഒടുവിലും പതിനൊന്നാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി ജീവിതം നയിച്ച അഭിനവഗുപ്തൻ അവയ്ക്കെഴുതിയ വ്യാഖ്യാനങ്ങൾ പഠിച്ചേ മതിയാവൂ. *ധ്വന്യാലോക*വ്യാഖ്യാനത്തിന് 'ലോചനം' എന്നും നാട്യശാസ്ത്രവ്യാഖ്യാനത്തിന് 'അഭിനവഭാരതി' എന്നുമാണ് പേരിട്ടിരിക്കുന്നത്. *ധ്വന്യാലോകം* ലോചനത്തോടും അതിന് സഹൃദയതിലകൻ കെ. രാമപ്പിഷാരടി രചിച്ച 'ബാലപ്രിയ' എന്ന സരളവ്യാഖ്യാനത്തോടുംകൂടി കാശിയിൽനിന്ന് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മറ്റ് പ്രകാശനങ്ങളും ലഭ്യമാണ്. *നാട്യശാസ്ത്രം* 'അഭിനവഭാരതി'യോടുകൂടി കാശിയിൽനിന്നുതന്നെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒന്നിലധികം പതിപ്പുകൾ വന്നിട്ടുണ്ടെങ്കിലും ശുദ്ധപാഠം ഇനിയും വരേണ്ടതായിട്ടാണിരിക്കുന്നത്. മുപ്പത്താറധ്യായങ്ങളുള്ള *നാട്യശാസ്ത്ര*ത്തിലെ ഏഴാമധ്യായത്തിന്റെ "അഭിനവഭാരതി" ഭാഗികമായും എട്ടാമധ്യായത്തിന്റേത് മുഴുവനും കണ്ടുകിട്ടിയിട്ടില്ല.

'അഭിനവഭാരതി'യുടെ ചെറുതെങ്കിലും ആഴത്തിലുള്ള പഠനമാണ് *അഭിനവപ്രതിഭ*. ആ പഠനത്തിന് ഉപക്രമമായി താന്ത്രികചര്യ, പ്രത്യഭിജ്ഞാദർശനം എന്നിവയെക്കുറിച്ചുള്ള ആധികാരികമായ ഒരു വിവരണം ഗ്രന്ഥകാരൻ നൽകുന്നുണ്ട്. സാമൂഹികതലത്തിൽ പണ്ഡിത–പാമര–സ്ത്രീ–ശൂദ്ര–പഞ്ചമസാധാരണമായ താന്ത്രികാനുഭവത്തോടും താത്ത്വികതലത്തിൽ പ്രത്യഭിജ്ഞാദർശനത്തോടും ബന്ധമുള്ളതാണ് നാടകീയാനുഭവം എന്നതുകൊണ്ട് പ്രസ്തുതവിവരണം അത്യാവശ്യംതന്നെ.

ഉദ്ഭടൻ, വാമനൻ, ആനന്ദവർധനൻ, മഹിമഭട്ടൻ, മമ്മടൻ തുടങ്ങിയ സാഹിത്യശാസ്ത്രജ്ഞന്മാരുടെയും ലോല്ലടൻ, ശങ്കുകൻ എന്നീ നാട്യശാസ്ത്രവ്യാഖ്യാതാക്കളുടെയും ജയന്തഭട്ടൻ എന്ന നൈയായികന്റെയും ഹേലാരാജൻ, കൈയടൻ തുടങ്ങിയ വൈയാകരണന്മാരുടെയും മേണ്ഠൻ, ഭല്ലടൻ, കല്ഹണൻ, ബില്ഹണൻ തുടങ്ങിയ കവികളുടെയും ജല്ഹണൻ, ദൃഢബലൻ, ജയ്യടൻ മുതലായ വൈദ്യശാസ്ത്രജ്ഞന്മാരുടെയും ജന്മദേശമായ കാശ്മീരം തന്നെയാണ് അഭിനവഗുപ്തനെയും നമുക്കു സമ്മാ

നിച്ചത്. അഭിനവയായ ശക്തിയാൽ ഗുപ്തൻ – പാലിതൻ – എന്നാവാം. നാമകരണസംസ്കാരസിദ്ധമായിരിക്കാനിടയില്ലാത്ത, അഭിനവഗുപ്തൻ എന്ന പേരിന്നർത്ഥം. തൊട്ടതിനെല്ലാം പുതുമ കാണിക്കുന്ന പ്രതിഭാശാലിയായതുകൊണ്ട് അഭിനവൻ എന്ന പേര് കിട്ടിയതുമാവാം. ഓരോ വിഷയത്തിലും പ്രഗല്ഭരായ ഗുരുനാഥന്മാരിൽനിന്നാണ് താൻ വിവിധ വിജ്ഞാനശാഖകളിൽ പ്രാവീണ്യം നേടിയതെന്ന് അഭിനവഗുപ്തൻതന്നെ വ്യക്തമാക്കിയിട്ടുണ്ട്. പിതാവായ നരസിംഹഗുപ്തൻ, ഭൂതിരാജൻ, വാമനാഥൻ, ലക്ഷ്മണഗുപ്തനാഥൻ, ഭട്ടേന്ദുരാജൻ, ഭട്ടതൗതൻ മുതലായവർ അഭിനവഗുപ്തന്റെ ആചാര്യന്മാരായിരുന്നു.

ലഘുസ്തോത്രങ്ങളടക്കം അമ്പതോളം കൃതികൾ അഭിനവഗുപ്തൻ രചിച്ചിട്ടുണ്ടെന്ന് പറയപ്പെടുന്നു. *ധ്വന്യാലോകലോചനം, അഭിനവഭാരതി* എന്നിവയ്ക്കു പുറമെ *ഘടകർപ്പര*കാവ്യത്തിനു് ഒരു വ്യാഖ്യാനവും അദ്ദേഹം എഴുതിയിട്ടുണ്ട്. ഭട്ടതൗതന്റെ *കാവ്യകൗതുകം* എന്ന സാഹിത്യശാസ്ത്രഗ്രന്ഥത്തിനു 'വിവരണം' എന്നൊരു വ്യാഖ്യാനം അഭിനവഗുപ്തന്റേതായുണ്ടെങ്കിലും കണ്ടുകിട്ടിയിട്ടില്ല. തന്ത്രമാർഗത്തിൽ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ *തന്ത്രാലോകം, തന്ത്രസാരം, മാലിനീവിജയവാർത്തികം, ശ്രീപൂർവപഞ്ചിക, പരാത്രിംശികാവ്യാഖ്യ, പരമാർത്ഥസാരം* തുടങ്ങിയവത്രേ കാശ്മീരശൈവാദ്വൈതദർശനം എന്നുകൂടി പേരുള്ള പ്രത്യഭിജ്ഞാദർശനത്തിന്റെ പ്രാമാണികഗ്രന്ഥങ്ങളായ ഉല്പലന്റെ *പ്രത്യഭിജ്ഞാകാരിക, വൃത്തി, വിവൃതി* എന്നിവയ്ക്ക് 'വിമർശിനി' എന്ന പേരിൽ വ്യാഖ്യാനങ്ങളെഴുതി അഭിനവൻ പ്രസ്തുതദർശനത്തിന്റെ താത്ത്വികമായ അടിത്തറ ഉറപ്പിച്ചു. *പദാർത്ഥപ്രവേശനിർണയടീക, ക്രമകേളി* എന്നീ ദാർശനികഗ്രന്ഥങ്ങൾക്കു പുറമെ, *നാട്യാലോചന*മെന്നും *ശിവദൃഷ്ട്യാലോചന*മെന്നും പേരുള്ള രണ്ടു വ്യാഖ്യാനഗ്രന്ഥങ്ങളും അഭിനവഗുപ്തൻ എഴുതിയിട്ടുണ്ടെന്ന് ഊഹിക്കപ്പെടുന്നു.

താന്ത്രികമതം വളരെ പഴക്കമുള്ളതാണ്. അതിൽ സ്ത്രീകൾക്ക് മഹിതമായ സ്ഥാനമുണ്ട്. സ്ത്രീകളെയെല്ലാം ദേവീരൂപമായാണ് താന്ത്രികന്മാർ കാണുന്നത്. ശിവശക്തിമിഥുനീഭാവാത്മകമാണ്. അഭിനവഗുപ്തനെപ്പോലുള്ള താന്ത്രികരുടെ ദൃഷ്ടിയിൽ പ്രപഞ്ചം, ത്രിശൂലം, മാംസം, ശക്തി, മദ്യം, ഗുഹ്യസമാജം എന്നിവയ്ക്ക് തന്ത്രത്തിൽ പ്രധാന സ്ഥാനമുണ്ട്. നടനവും കവനവും വാദ്യവും ഗാനവും മറ്റും അർച്ചനാരൂപങ്ങളത്രേ. ജീവിതം ആനന്ദമയമാണ്. സ്വതന്ത്രവും സ്വച്ഛാത്മാവുമായ ശിവൻ മനസ്സിലും ആഹ്ളാദമയിയായ പരാശക്തി ഇന്ദ്രിയസീമയിലും സദാ സ്ഫുരിക്കുമ്പോൾ സംസാരം എന്നൊന്നില്ലാതാകുന്നു. ഇക്കാണുന്നതെല്ലാം ഞാൻ തന്നെ എന്ന സന്തോഷം അനുഭവിക്കുന്നവനാണ് താന്ത്രികൻ. ഈ അനുഭവത്തിന് ശക്തിപാതം അഥവാ സാഹസം എന്നാണ് താന്ത്രികസംജ്ഞ. പ്രയത്നം കൊണ്ടു് നേടാവുന്നതല്ല, മറിച്ച് വിദ്യുദുന്മിഷിതംപോലുള്ള ഒരു സ്ഫുരിതമാണത്.

പ്രത്യഭിജ്ഞാദർശനമനുസരിച്ച് ഈശ്വരൻ സർവസ്വതന്ത്രനും മനുഷ്യകർമ്മനിരപേക്ഷമായി പ്രവർത്തിക്കുന്നവനുമാണ്. ഏതിൽ നിന്ന് വിശ്വം പ്രകാശിക്കുന്നു, ഏതിൽ വിശ്രമിച്ച് പ്രകാശിക്കുന്നു, ഏതിന്റെ ഇച്ഛകൊണ്ടു് വിശ്വം പ്രകാശിക്കുന്നു, ഏതൊന്ന് പ്രകാശിക്കുന്ന വിശ്വത്തിന്റെ ആത്മാവാകുന്നു, ഏതൊന്ന് വിശ്വം പ്രകാശിക്കുമ്പോൾ അനാവൃതമായിത്തീരുന്നു, ഏതൊന്നിന്റെ സ്വാതന്ത്ര്യം നിമിത്തം വിശ്വം സ്വാധികമല്ലെങ്കിലും അധികമെന്ന നിലയിൽ പ്രകാശിക്കുന്നു, ആ പരമാത്മതത്ത്വമാണ് പ്രധാനവും ഉത്കൃഷ്ടവും; മറ്റെല്ലാം അതിനു കീഴ്പ്പെട്ടുനിൽക്കുന്നു. പ്രകാശവിമർശസ്വരൂപനും സംവിധാത്മകനും അനപഹ്നവനീയനുമായ പരമേശ്വരൻ സ്വാതന്ത്ര്യമുപയോഗിച്ച് രുദ്രാദിപ്രമാതൃഭാവത്തിലും നീലവർണസുഖാദിപ്രമേയഭാവത്തിലും പ്രകാശിക്കുന്നു. ഇപ്രകാരം പ്രപഞ്ചം പാരമേശ്വരശക്തിയാകുന്നു – ഇതാണ് പ്രത്യഭിജ്ഞാദർശനത്തിന്റെ കാതൽ. മുങ്ങിക്കിടന്നിരുന്ന സ്വരൂപത്തെ, വസ്തുതത്ത്വത്തെ, പെട്ടെന്നു തിരിച്ചറിയുക എന്നതാണ് പ്രത്യഭിജ്ഞ. ഈ പ്രത്യഭിജ്ഞയാണ്, തിരിച്ചറിവാണ്, സന്തതസന്നിഹിതനായ ആത്മാവിന്റെ സാക്ഷാത്കാരം.

മുപ്പത്താറു തത്ത്വങ്ങളാണ് ഈ ദർശനത്തിൽ അംഗീകരിക്കപ്പെട്ടിരിക്കുന്നത്. അഞ്ച് ഭൂതങ്ങൾ, അഞ്ച് ഭൂതതന്മാത്രകൾ, അഞ്ച് ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ച് കർമ്മേന്ദ്രിയങ്ങൾ, മനസ്സ്, അഹങ്കാരം, മഹത്ത്, പ്രകൃതി, പുരുഷൻ എന്നിങ്ങനെ സാംഖ്യദർശനം അംഗീകരിച്ച ഇരുപത്തഞ്ച് തത്വങ്ങളോടൊപ്പം കാലം, നിയതി, രാഗം, വിദ്യ, കല, മായ എന്നിങ്ങനെ ആറു കഞ്ചുകങ്ങളും ശുദ്ധ്യവിദ്യ, ഈശ്വരൻ, സദാശിവൻ, ശക്തി, ശിവൻ എന്നിങ്ങനെ അഞ്ചും ചേർത്ത് ആകെ 36 തത്ത്വങ്ങൾ, സ്ഥൂലപ്രപഞ്ചമായി മാറുന്ന ചൈതന്യത്തിന്റെ ക്രമികനിഷ്പന്ദങ്ങളത്രേ ഈ തത്ത്വങ്ങൾ. ഇവയ്ക്ക് സ്പന്ദങ്ങൾ എന്നും പറയും.

ജ്ഞാനത്തിന്റെ അഥവാ പ്രത്യഭിജ്ഞയുടെ പ്രഥമസ്പന്ദനമാണ് വിമർശനം, ഏകീകരണ–അനേകീകരണ–ആത്മസാൽകരണ– നിരാത്മസാൽകരണശക്തിയോടുകൂടിയതാണ് വിമർശനം.

പ്രഖ്യ, ഉപാഖ്യ, അനുവ്യവസായം, നിർവേശം, പ്രതി, ശക്തി, ചമത്കാരം, നിഷ്പന്ദം, സ്ഫുരത്ത്, ഉന്മേഷം, നിമേഷം, വിമർശം, സംവിത്, ആഭാസം, അനുത്തര മുതലായി അഭിനവഗുപ്താദികളുടെ സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ അവിടവിടെ കാണുന്ന പദങ്ങൾക്ക് പ്രത്യഭിജ്ഞാദർശനമനുസരിച്ചു് പ്രത്യേകമായ അർഥങ്ങളുണ്ട്. പ്രസ്തുതദർശനത്തെക്കുറിച്ചു് സാമാന്യപരിജ്ഞാനം കൂടിയില്ലെങ്കിൽ അവരുടെ കലാസിദ്ധാന്തങ്ങൾ മനസ്സിലാക്കാൻ പ്രയാസമാവും.

സർവസ്പർശിയാണ് അഭിനവഗുപ്തന്റെ വ്യാഖ്യാനരീതി. തന്റെ വ്യാഖ്യാനപദ്ധതിയെപ്പറ്റി അദ്ദേഹംതന്നെ പറഞ്ഞിട്ടുണ്ട്, സ്വീകാര്യപാഠനിർദ്ദേശം, ത്യാജ്യപാഠനിർദ്ദേശം, സ്ഫുടമായ വ്യാഖ്യാനം, പൂർവാപരവിരോധപരിഹാരം, അന്യഗ്രന്ഥസഹായ

ത്തോടെ വിടവുകൾ നികത്തൽ (അധ്യാഹാരം), ലക്ഷ്യനാടകോദ്ധാരണം, പറയാൻ ബാക്കിയുള്ള കാര്യങ്ങളുടെ വിവേചനം, പൗനരുക്ത്യപരിഹാരം, നിഷ്കണ്ടകമായ സിദ്ധാന്തം, ചുരുക്കം – ഇതാണ് അദ്ദേഹത്തിന്റെ ആസൂത്രിതമായ വ്യാഖ്യാനപരിപാടി. വ്യാഖ്യാനരൂപം പൂണ്ട സ്വതന്ത്രഗ്രന്ഥങ്ങളാണ് സംസ്കൃതത്തിലെ പല വ്യാഖ്യാനകൃതികളും. അഭിനവഗുപ്തവ്യാഖ്യാനങ്ങൾ ഇവയിൽ മുൻപന്തിയിൽ നിൽക്കുന്നു. പ്രൊഫ. ശങ്കുണ്ണിനായർ സംക്ഷിപ്തമായി പ്രസ്താവിച്ചതുപോലെ, “അഭിനവന്റെ പ്രതിഭയിൽക്കൂടെ പുറത്തുവന്ന മൂലഗ്രന്ഥം അർത്ഥഗരിമയിൽ വല്ലാതെ മാറിയിരിക്കും. സ്വന്തം ദർശനങ്ങൾ പരഗ്രന്ഥങ്ങളിൽക്കൂടെ പ്രകാശിപ്പിക്കുകയാണ്. എന്നാൽ അദ്ദേഹം കെട്ടിയ ശരകൂടത്തിന് ചോർച്ചയുണ്ടാവില്ല. നാനാമുഖമായ വിജ്ഞാനംകൊണ്ടും ഉദ്ധരണങ്ങൾകൊണ്ടും ഫലിതങ്ങൾകൊണ്ടും യഥാസന്ദർഭം കൈക്കൊള്ളുന്ന സംക്ഷേപണപല്ലവനങ്ങൾകൊണ്ടും സുന്ദരമായ ശൈലികൊണ്ടും വിഷയത്തിന്മേലുള്ള അധീശതയിൽനിന്ന് ജനിക്കുന്ന ഹേലാഭാവംകൊണ്ടും അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങൾ ആകർഷകങ്ങളത്രേ” (പേജ് 34).

ധൈഷണികമായ സത്യസന്ധത പുലർത്തുന്നതിൽ അനുകരണീയമായ മാതൃകയാണ് അഭിനവഗുപ്തൻ. കാണാത്ത ഗ്രന്ഥമോ അറിയാത്ത വിഷയമോ ആണെങ്കിൽ അതങ്ങനെത്തന്നെ രേഖപ്പെടുത്തും. പാരമ്പര്യസംരക്ഷണത്തിനുവേണ്ടി അത്യാവശ്യമല്ലാത്ത ചില കാര്യങ്ങൾ വിസ്തരിച്ചു പറഞ്ഞുവെന്നുവരും.

അത്രയേറെ സർവശാസ്ത്രപാരംഗതത്വം നേടിയിട്ടും എത്ര വിനയാന്വിതനായാണ് ചിലപ്പോൾ അഭിനവഗുപ്തൻ സംസാരിക്കുന്നത്. സുപ്രസിദ്ധമായ രസസൂത്രവ്യാഖ്യാനത്തിൽ ലോല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ എന്നീ പൂർവികാചാര്യന്മാരുടെ മതങ്ങളെ വിസ്തരിച്ചുപന്യസിച്ച് സമഗ്രമായ വിമർശനത്തിനു വിധേയമാക്കിയതിനുശേഷം അദ്ദേഹം പറയുകയാണ്:

ആമ്നായസിദ്ധേ കിമപൂർവമേതത്
സംവിദ്വികാരേസധിഗതാഗമിത്വം
(ധിഗനാഗമിത്വം എന്നു തിരുത്തണം)
ഇത്ഥം സ്വയം ഗ്രാഹ്യമഹാർഹഹേതു–
ദ്വന്ദേന കിം ദൂഷയിതാ ന ലോകഃ
(മഹാർഹ എന്നത് വിഗർഹ്യ എന്നാക്കണം)
ഊർധ്വോർധ്വമാരുഹ്യ യദർഥതത്വം
ധീഃ പശ്യതി ശ്രാന്തിമവേദയന്തീ
അലം തദാദ്യൈഃ പരികല്പിതാനാം
വിവേകാസോപാനപരമ്പരാണാം
ചിത്രം നിരാലംബനമേവ മന്യേ
പ്രമേയസിദ്ധൗ പ്രഥമാവതാരം,
സന്മാർഗ്ഗലാഭേ സതി സേതുബന്ധ–
പുരപ്രതിഷ്ഠാദി ന വിസ്മയായ
തസ്മാത് സതാമത്ര ന ദൂഷിതാനി

മതാനി, താന്യേവ തു ശോധിതാനി
പൂർവപ്രതിഷ്ഠാപിതയോജനാസു
മൂലപ്രതിഷ്ഠാഫലമാമനന്തി

(പൂർവഗ്രന്ഥസിദ്ധമാണ് പറയുന്ന കാര്യമെങ്കിൽ, ഇതിലെന്ത് പുതുമ എന്നാവും ജനങ്ങളുടെ പ്രതികരണം. പുതിയ കാര്യം പറഞ്ഞാലോ, ആഗമബാഹ്യമായ ഇക്കാര്യം ധിക്കരണീയമെന്നാവും. ഇങ്ങനെ സ്വയംഗ്രാഹ്യം അല്ലെങ്കിൽ വിഗർഹ്യം എന്ന രണ്ടു കാരണങ്ങൾ പറഞ്ഞ് മാലോകർ എല്ലാറ്റിനെയും ദുഷിക്കും. മേലോട്ട് മേലോട്ട് കയറിച്ചെന്നു ബുദ്ധി തെല്ലും ക്ഷീണിക്കാതെ തത്ത്വങ്ങൾ കണ്ടെത്തുന്നത്, മുമ്പുള്ളവർ കെട്ടിപ്പടുത്ത പടവുകളുടെ സഹായത്തോടെയാണ്. ഒരു കാര്യത്തിൽ ആദ്യമായി മുന്നിട്ടിറങ്ങി പ്രവർത്തിക്കുക ചുമരില്ലാത്ത ചിത്രരചനപോലെ ദുഷ്കരമത്രേ. പഴുത് കിട്ടിക്കഴിഞ്ഞാൽ പിന്നെ, ചിറകെട്ടലും നഗരം നിർമ്മിക്കലുമെല്ലാം എളുപ്പമായി. അതിനാൽ ഞാൻ ഇവിടെ വിദ്വാന്മാരുടെ മതങ്ങളെ ദുഷിക്കുകയല്ല, അവ പരിശോധിക്കുക മാത്രമാണ് ചെയ്തത്. ആദ്യനിർമ്മാണത്തിൽ നിന്നുണ്ടാവുന്നത്ര തന്നെ ഫലം ജീർണ്ണോദ്ധാരണത്തിൽ നിന്നു കിട്ടും).

ഈ പഠനഗ്രന്ഥത്തിൽ ഗ്രന്ഥകാരന്റെ വകയായി ചില നിരീക്ഷണങ്ങളുണ്ട്. വിജ്ഞാനപ്രദങ്ങളാണവ. തൊട്ടുമുമ്പുദ്ധരിച്ച പദ്യങ്ങളിൽ ആദ്യത്തേതിന് കൊടുത്ത രണ്ടു തിരുത്തലുകൾ, വർഷങ്ങളായി ഞാൻ കൊണ്ടു നടന്ന കീറാമുട്ടിയാണ് പരിഹരിച്ചു തന്നത്. ഇതു് മറ്റു പലരുടെയും അനുഭവമായിരിക്കും. മറ്റു ചില ഉദാഹരണങ്ങൾ:

(1) നിരന്തരമായ പരിശ്രമത്തെ അദ്ദേഹം (അഭിനവഗുപ്തൻ) മാനിച്ചു. "എല്ലാം ഭഗവദിച്ഛയാണ്; ഒന്നും ചർച്ച ചെയ്യേണ്ടതില്ല എന്നാണോ പക്ഷം? എന്നാൽ ഗ്രന്ഥം വായിക്കുക, ഓർമ്മ വെക്കുക, വ്യാഖ്യാനിക്കുക, വിചാരണ ചെയ്യുക മുതലായ വേലകളെല്ലാം വിട്ടേക്കുക. അതെല്ലാം വലിയ ഭാരമല്ലേ? മിണ്ടാതിരിക്കണം. എല്ലാം ഭഗവദിച്ഛ! 'കാല് നീട്ടി ഇരിക്കുക'" (*പരാത്രിംശികാവ്യാഖ്യ*) അദ്ദേഹം നൈഷ്കർമ്മ്യത്തിൽ സിദ്ധി കണ്ടവനല്ല. വാസ്തവത്തിൽ, ശ്രീഹർഷന്റെ *ഖണ്ഡനഖണ്ഡഖാദ്യം* അഥവാ *അനിർവചനീയസർവസ്വം* മുതലായ വേദാന്തവാദഗ്രന്ഥങ്ങളിൽ ഈ നിഷ്ക്രിയത്വമാണ് ശിപാർശി ചെയ്യപ്പെട്ടിരിക്കുന്നത്. ഈ കർമ്മം ചെയ്യരുത്, കർമ്മം ചെയ്യരുത് എന്നു ഘോഷിക്കുന്നവനാണത്രേ മസ്കരി! ഭാരതം വിദേശീയരുടെ ക്രൂരമായ ആക്രമണത്തിനു വിധേയമായി ഞരങ്ങുമ്പോൾ, ഈ ധിഷണാശാലികൾ അതൊന്നും കണ്ടില്ല; കേട്ടില്ല... വിവേകാനന്ദൻ എത്തേണ്ടിവന്നു. അകർമ്മണ്യതയിൽ നിന്നുണർത്താൻ. എന്നാൽ അഭിനവഗുപ്തൻ പരിശ്രമത്തെ മാനിച്ചവനാണ്"(പേജ് 8).

(2) കത്തോലിക്കാമതത്തിലെ കുരിശ്, വീഞ്ഞ്, അപ്പം, മാതാവ്, സാമൂഹികപൂജ മുതലായവയ്ക്ക് അഭിനവഗുപ്തന്റെ ത്രിശൂലം, മദ്യം, മാംസം, ശക്തി, ഗുഹ്യസമാജം ഇത്യാദിയോട് ബന്ധമുണ്ടോ എന്നു സംശയം തോന്നും. ഇതുപോലെ സൂഫിമതവും ഒമാർഖയാ

മിന്റെ ദർശനവും കാശ്മീരത്തിൽ പ്രബലമായിരുന്ന താന്ത്രികചര്യയോടു് സമന്വയിപ്പിക്കാവുന്നതാണ്." (പേജ് 18).

(3) അഭിനവഗുപ്തൻ കർമ്മമീമാംസകരോടു് വലിയ നിരപ്പിലല്ല. വേദം ഏകാന്തപ്രമാണമാണെന്നുപോലും അദ്ദേഹം സമ്മതിച്ചിട്ടില്ല. 'വേദേപി ഹി തഥാ വർണ്യതാം; ന വയമതോ ബിഭീമ:' (വേദത്തിൽ പോലും അങ്ങനെ വർണിച്ചുകൊള്ളട്ടെ; അതുകൊണ്ടു പേടിക്കില്ല) എന്ന് *ഭാരതി*. താന്ത്രികമതം സ്ത്രീശൂദ്രപഞ്ചമാദികളെ വകഞ്ഞു നിർത്തിയില്ല എന്നും ഓർക്കണം.... വിപ്രൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, അന്ത്യജൻ എന്ന വിഭാഗം ഇവിടെ ഇല്ല. സ്ത്രീശൂദ്രപഞ്ചമാദികളെ മാറ്റിനിർത്തുന്നവരെ ഭഗവദ്വിരോധികളാണെന്നു പറഞ്ഞ് അദ്ദേഹം *ഗീതാ*വ്യാഖ്യാനത്തിൽ കശക്കി വിടുന്നു (പേജ് 15).

(4) *ധ്വന്യാലോക*ത്തിലെ വ്യഞ്ജനയെ *നാട്യശാസ്ത്ര*ത്തിലേക്ക് കടത്തുന്നതാണ് *ഭാരതി*. *നാട്യശാസ്ത്ര*ത്തിലെ രസത്തെ *ധ്വന്യാലോക*ത്തിലേക്ക് കടത്തുന്നതാണ് *ലോചനം* (പേജ് 23).

(5) കാവ്യചർച്ചയിൽ ശരീരം, ആത്മാവ് മുതലായ പദങ്ങൾ പ്രാചീനന്മാർ ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ രസസിദ്ധാന്തത്തെ ഉപനിഷത്തിലെ ആത്മവാദത്തോടു് സമന്വയിപ്പിച്ചത് ഭട്ടനായകനാണെന്നു തോന്നുന്നു. ആനന്ദവർധനൻ അങ്ങനെ ചെയ്തിട്ടില്ല (പേജ് 256).

(6) "ഭാഗുരി എന്ന ഒരു ചാർവാകാചാര്യന്റെ പേർ കാണുന്നു. *മുദ്രാരാക്ഷസ*ത്തിലെ ചാണക്യന്റെ സഹായി ഭാഗുരായണനാണ്. *അർത്ഥശാസ്ത്രം* ചാർവാകംതന്നെ എന്നു പലരും കരുതുന്നു (പേജ് 31).

പ്രാചീന ഭാരതീയ കലാസിദ്ധാന്തത്തെപ്പറ്റി പഠിക്കണമെന്നാഗ്രഹിക്കുന്നവർക്ക് *അഭിനവപ്രതിഭ* വിജ്ഞാനദായകമായ ഒരു സഹായിയായിരിക്കും. *നാട്യമണ്ഡപം, നാടകീയാനുഭവമെന്ന രസം* എന്നിങ്ങനെ ശങ്കുണ്ണിനായർ എഴുതിയ മറ്റു രണ്ടു കൃതികൾകൂടി ഇതോടൊപ്പം പഠിക്കുന്നത് നല്ലതാണ്.

(*ഗ്രന്ഥാലോകം*, 1990 ഫെബ്രുവരി)

## 12. വൈലോപ്പിള്ളിയുടെ മൂന്ന് സോവിയറ്റ് കവിതകൾ

"വ്യക്തിഗതങ്ങളായ അനുഭൂതികളെയാണ് കവിതയെഴുത്തിന്റെ ആരംഭഘട്ടങ്ങളിൽ ഞാൻ ആശ്രയിച്ചിരുന്നത്. 'മാമ്പഴം' ഉദാഹരണം. എന്നാൽ അന്നും പാവങ്ങളുടെ ക്ലേശങ്ങളെപ്പറ്റി എഴുതുക എന്റെ മനസ്സിന്റെ മറ്റൊരു സവിശേഷപ്രവണത യായിരുന്നു. പുരോഗമനസാഹിത്യത്തിന്റെ കാറ്റടിക്കുന്നതിനു മുമ്പു തന്നെ ഇതാരംഭിച്ചിരുന്നു. പിന്നീട് ഈ ചായ്‌വ് ഒരുതരം സാമൂഹിക പ്രതിബദ്ധതയുടെ രൂപം കൊണ്ടു." – *മകരക്കൊയ്ത്ത്* എന്ന തന്റെ ഒടുവിലത്തെ കാവ്യസമാഹാരത്തിന്റെ ആമുഖത്തിൽ വൈലോപ്പിള്ളി എഴുതിയതാണീ വരികൾ. അടിയന്തിരാവസ്ഥക്കാലത്തും തുടർന്നും അദ്ദേഹത്തിന്റെ ഈ സാമൂഹികപ്രതിബദ്ധത സുദൃഢ രൂപം കൈക്കൊണ്ടതും നാം കണ്ടതാണ്. പക്ഷേ പാവങ്ങളുടെ ഭാഗത്ത്, പുരോഗമനച്ചേരിയിൽനിന്നുകൊണ്ടെഴുതുന്ന കവിതകളെയും മറ്റും 'രൂപശില്പ'ത്തിന്റെ പേരിൽ തള്ളിപ്പറയുകയോ അവഗണിക്കുകയോ ചെയ്യുക നമ്മുടെ അരാഷ്ട്രീയശുദ്ധകലാവാദികളായ നിരൂപകർ എക്കാലത്തും പതിവാക്കിയിട്ടുള്ളതാണ്. 1959–ൽ ആദ്യത്തെ ജനാധിപത്യക്കൊല കേരളത്തിൽ നടന്ന കാലത്ത്, വിമോചനസമരത്തെ അനുകൂലിച്ച് ജി. ശങ്കരക്കുറുപ്പ് രചിച്ച 'അന്ത്യമാല്യ'ത്തിനു വലിയ പ്രചാരം കിട്ടിയപ്പോൾ, മഹാബലിയെ ചതിച്ച് പാതാളത്തിലേക്ക് ചവിട്ടിത്താഴ്ത്തിയ വാമനനായി കേന്ദ്രത്തിന്റെ പ്രതിനിധിയായ ഗവർണരെ വർണിച്ചുകൊണ്ടും പിരിച്ചുവിടപ്പെട്ട ഇ. എം. എസ്സ്. മന്ത്രിസഭയ്ക്ക് അഭിവാദനമർപിച്ചുകൊണ്ടും വൈലോപ്പള്ളി കൂടുതൽ കാവ്യഭംഗിയോടെ എഴുതിയ 'അഭിവാദനം' എന്ന കവിത ഏറെക്കുറെ ശ്രദ്ധിക്കപ്പെടാതെപോയത് ഏറ്റവും നല്ലൊരുദാഹരണമാണ്. അഭിവാദനമെന്ന പേരിൽ വൈലോപ്പള്ളി രചിച്ച മറ്റൊരു കവിതയും ഇവിടെ ഓർക്കാം. ആത്മാർഥമായ അധ്യാപനപ്രവർത്തനത്തിലൂടെ അവസാനം ക്ഷയം പിടിച്ചു മരിക്കേണ്ടിവന്ന ദരിദ്രനെങ്കിലും വാത്സല്യനിധിയായ പീറ്റർമാസ്റ്ററുടെ കരുണാർദ്രമായ കഥ വർണ്ണിച്ചതിനുശേഷം ഇന്ന് കേരളത്തിൽ അദ്ധ്യാപകപ്രസ്ഥാനം കൂട്ടായ സമരത്തിലൂടെ നേടിയെടുത്ത അവകാശങ്ങളെപ്പറ്റി ഓർമ്മിച്ചുകൊണ്ട്, ഇനി സമത്വസുന്ദരമായ സോഷ്യലിസ്റ്റുവ്യവസ്ഥിതി പടുത്തുയർത്തുന്നതിനുവേണ്ടി സമരം തുടർന്നും നടത്തുകയാണവരുടെ കടമ എന്നാഹ്വാനം ചെയ്തുകൊണ്ട്, അവസാനിക്കുന്ന ആ കവിത രൂപശില്പത്തിന്റെ പേര് പറഞ്ഞൊന്നും ആർക്കും തള്ളിക്കളയാവുന്നതല്ല. അതിലെ ചില വരികൾ ഉദ്ധരിക്കാം.

...വിരമിച്ചു ഞാൻ പിന്നെ സ്കൂളിൽനി,ന്നെന്നാൽനാഡി
മരവിച്ചിരുന്നോരീ നാട്ടിലെയധ്യാപകർ
പഠിച്ചൂ ജനായത്തപൗരാവകാശങ്ങൾ, സം–
ഘടിച്ചൂ, സമരം ചെയ്താർജ്ജിച്ചൂ സമുത്കർഷം
മാസ്റ്റർമാരിലെ ചെറിയവന്മാർ കുഞ്ഞുണ്ണികൾ
ആത്തപൗരുഷം പേരിലർജ്ജുനന്മാരായ് മാറി.

ശമമെന്നതുപോലെ, മനുഷ്യനീതിക്കുള്ള
സമരം, സംസ്കാരത്തിൻഭാഗമാണെന്നേ വേണ്ടൂ.
സമരം വെറും പേർതാൻ, സത്തായ,തധ്യാപക–
സമുദായദുഃഖത്തിന്നന്തസ്സാം നിവേദനം
പോറ്റുന്നൂ സർക്കാരുപാധ്യായരെ, സർക്കാരിനെ
പോറ്റുന്നൂ പൊതുജനം, ജനമേ ഭജനീയം.
ഇത്തത്ത്വമോർത്തേ നിങ്ങൾ സേവനം ചെയ്‌വൂ നാട്ടാർ–
ക്കത്തലും സമർപ്പിപ്പൂ നാട്ടുകാരുടെ മുമ്പിൽ.
ഈ നയംവഴി നിങ്ങൾമുന്നേറി, സമൂഹത്തിൽ
മാനമാം സ്ഥാനം നേടി, മാന്യവേതനം നേടി
ഇനിയും മുന്നോട്ടുപോയ് സമമാം സമുദായ–
പ്പണിയിൽ ഗുരുസ്ഥാനം നിറവേറ്റുക നിങ്ങൾ.

(*മകരക്കൊയ്ത്ത്*, പേജ് 187–8)

ഈ ‘സമമാം സമുദായം’ (സോഷ്യലിസ്റ്റു വ്യവസ്ഥ) 1917 വരെ ‘സ്വപ്നം’ മാത്രമായിരുന്നു. മഹത്തായ ഒക്ടോബർ വിപ്ലവത്തോടു കൂടി സോവിയറ്റ് യൂണിയനിൽ അത് യാഥാർഥ്യമായി. ഇപ്പോൾ ലോകത്തിലെ മൂന്നിലൊന്നു ഭാഗത്ത് ആ വ്യവസ്ഥിതി യാഥാർഥ്യ മായി മാറിയിരിക്കുന്നു. ബാക്കി ഭാഗങ്ങളിൽ അതിനുവേണ്ടിയുള്ള സമരങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്ത്യയിൽ പുരോഗമന പ്രസ്ഥാനങ്ങൾ ആ സമരപാതയിലാണ്. മാനുഷ രെല്ലാരുമൊന്നു പോലെ ആമോദത്തോടെ വസിക്കുന്ന മാവേലി നാടുവാണ കാലം കേരളീയരുടെ സോഷ്യലിസ്റ്റുസങ്കല്പത്തിന്റെ അവ്യക്തസുന്ദര മായ രൂപമാണെന്നു പറഞ്ഞാൽ തെറ്റില്ല. വൈലോപ്പിള്ളി എന്ന കവിയെ ആരംഭകാലം തൊട്ടേ ആകർഷിച്ചിരുന്ന ഒന്നാണുതാനും ഈ മാവേലി സോഷ്യലിസ്റ്റുസങ്കല്പം. അങ്ങനെയിരിക്കേ 1970–ൽ അദ്ദേഹത്തിനു തന്റെ സങ്കല്പത്തിലുള്ള ആ നവലോകത്തെ നേരിൽ കാണാൻ സൗകര്യം ലഭിച്ചു. മഹാകവി സോവിയറ്റു യൂണിയൻ സന്ദർശിച്ചു. ആ സന്ദർശനം കാവ്യജീവിതത്തിൽ വരു ത്തിയ ചലനങ്ങളെപ്പറ്റി വൈലോപ്പള്ളി ഇപ്രകാരം നിരീക്ഷിക്കു ന്നു: “1970 വസന്തത്തിൽ സോവിയറ്റുയൂണിയൻ സന്ദർശിച്ചതിലെ ചില അനുഭൂതികൾ കവിതയായി വാർന്നുവീണത് ഈ സമാഹാര ത്തിലുണ്ട്. ലെനിനെക്കുറിച്ചെഴുതാൻ സാധിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഗാന്ധിജിയുടെ ദർശനം ആന്തരമായും ലെനിനി സം ബാഹ്യമായും പ്രേരണ ചെലുത്തിയാൽ മാത്രമേ, ഈ രണ്ടു മഹാന്മാരുടെ കാഴ്ചപ്പാടുകളുടെ സമഞ്ജസമായ സമന്വയ ത്തിൽകൂടി മാത്രമേ, ഭാരതത്തിന് തൃപ്തികരമായ ഒരു സോഷ്യ ലിസ്റ്റ് വ്യവസ്ഥിതി രൂപപ്പെടുത്തിയെടുക്കാൻ സാധിക്കൂ എന്നെ നിക്കു തോന്നുന്നു. ഗാന്ധിജിയുടെ അനന്തരപരമ്പരയെക്കുറി ച്ചെന്നപോലെ ലെനിന്റെ അനുഗാമികളെക്കുറിച്ചും കാര്യമായൊ ന്നും പറയാനില്ല. അത് അത്ര പ്രസക്തമല്ല. ആധുനികറഷ്യ ലെനി ന്റെ സംഭാവനയായും സ്വതന്ത്രഭാരതം ഗാന്ധിജിയുടെ സംഭാവന യായും നിലനിൽക്കുന്നുണ്ടല്ലോ. (*മകരക്കൊയ്ത്തി*ന്റെ ആമുഖം,

പേജ് 7) ഈ ഒടുവിലത്തെ വാക്യത്തിലെ താരതമ്യസൂചന യുണ്ടല്ലോ. അതിന്റെ വിശദീകരണങ്ങൾ *മകരക്കൊയ്ത്തി*ലെ സോവിയറ്റുകവിതകളിൽ നമുക്ക് വ്യക്തമായി കാണാൻ കഴിയും.

ആദ്യം 'ലെനിൻ' എന്ന കവിത നോക്കാം. തിരുവോണനാളിൽ കുട്ടികൾ മുറ്റത്തു സ്ഥാപിച്ച മാവേലിയുടെ കോലം കാണുമ്പോൾ കവിക്ക് കഴിഞ്ഞ കൊല്ലം ക്രെംലിൻ ഉദ്യാനത്തിൽ കണ്ട ലെനിൻ പ്രതിമയാണോർമ്മ വരുന്നത്. വിശാലമായ നെറ്റി മിന്നുന്ന താഴിക ക്കുടംപോലെ ഉന്നതമായ ശീർഷവും അധൃഷ്യമായ പുരിക ത്തിനു കീഴിൽ ചക്രവാളം വരെ എത്തിനിൽക്കുന്ന നോട്ടം വിടുന്ന കണ്ണുകളും ക്ലേശദുഃഖങ്ങൾകൊണ്ട് ഉയർന്ന കവിളെല്ലും ഒട്ടിയ കവിളും കരുണാമയമായ പുഞ്ചിരി പരന്ന മീശയും വെൺമഴു പോലെ മലർന്നുയർന്ന ആ താടിയും ധർമ്മനിഷ്ഠൂരമായ ഹൃദയ മുൾക്കൊള്ളുന്ന വിരിമാറും ഉറച്ച നില്പും – ഇങ്ങനെ സാമ്രാജ്യ കൂടങ്ങളെ ഉലച്ച ഇടിവെട്ടായ ലെനിനെ അദ്ദേഹം ഓർത്തുപോ കുന്നു. കണ്ടുകണ്ടിരിക്കെ ആ തൃക്കാക്കരയപ്പന്റെ തിടമ്പ് ലെനിൻ പ്രതിമതന്നെയായി മാറുകയാണ്! ചുറ്റിലുമപ്പോൾ തെച്ചിപ്പൂവല്ല; രക്തശോഭ പൂത്തുനിൽക്കുന്ന റ്റ്യൂലിപ്പ് പൂക്കളാണ്! മുറ്റത്തുള്ളത് പുത്തുമ്പയല്ല; സമാധാനമംഗളപ്പൂക്കൾ നിറഞ്ഞ വസന്തത്തിലെ ചെറിമരമാണ്! ഈ ഓണനാളിൽ കോടിയുടുപ്പും പൂവിളിയുമായി ആഹ്ലാദിക്കുന്ന നാട്ടിലെ കിടാത്തന്മാരെക്കാണുമ്പോൾ ലെനിന്റെ സാന്നിധ്യം തൽക്കാലത്തേക്കിവിടെയുമുണ്ടെന്നു തോന്നിപ്പോ വുകയാണ്. ഈ നാലുനാളിലെ സംതൃപ്തരായ കിടാങ്ങളെയാണ്. അവിടെ സോവിയറ്റ് യൂണിയനിൽ എല്ലാ നാളും നാം കാണുന്നത് ഇവരുടെ ആർപ്പും വിളിയും സാഹസദീപ്തമായ നാട്ടിന്റെ ചലന ങ്ങളുമെല്ലാം മഹാബലിയായ ലെനിനെ എതിരേൽക്കുവാനത്രെ! ഇവിടെ വസിഷ്ഠൻ കൊല്ലപ്പെട്ടിരിക്കുന്നു. ഈ ആശ്രമത്തിൽ സ്വാർഥത്തിന്റെ കഠിനതപസ്സനുഷ്ഠിക്കുന്നവരാണിപ്പോൾ വസി ക്കുന്നത്. സിദ്ധികൾ മായങ്ങളായി വിറ്റഴിയുകയാണ്; ദയ വറ്റിയ തീർഥങ്ങളിൽ കുറുക്കന്മാർ പങ്ങിനിൽക്കുകയാണ്. മുനികൾ കാട്ടാളന്മാരും കാട്ടാളന്മാർ നേതാക്കളുമായി മാറി സാധുക്കളെ വലവെക്കുകയാണ്! തൊഴുത്തിൽ എല്ലും തോലുമായി നിൽക്കുന്ന നന്ദിനിപ്പശുവെ കടുവകൾ പിടികൂടാൻ പോകുന്നു!

ഏഴകളിടയ്ക്കൊന്നു മൂരിനീർന്നാലും, മൂഢ–
മായ വിശ്വാസങ്ങളിലലസം മയങ്ങവേ,
തരസാ ചലിക്കുന്നൂ പുഷ്പകങ്ങളിലേറി
നരവാഹനന്മാരാം നാട്ടിലേക്കുബേരന്മാർ!

ലെനിനോട് ഇന്ത്യൻ ജനതയുടെപേരിൽ കവിയ്ക്കുള്ള പ്രാർഥന ഇതാണ്:

എഴുന്നേറ്റാവൂ ഞങ്ങൾ മൃത്തിൽനിന്നങ്ങേക്കൈയി–
ലെഴുമാ വീര്യോഷ്മാവും വിരുതും വിവേകവും
കൈവരിച്ചാവൂ ഞങ്ങൾ, ശത്രുധർഷണാൽ, തോളിൽ
മേവിടുമിന്ദ്രന്മാരെയിറക്കുമാവേശത്താൽ,

സദ്വ്യവസായത്തിന്റെ സംഘടിതാഹ്ലാദത്താൽ,
ഉത്തമോത്പന്നങ്ങൾതൻ നീതിപൂർവാദാനത്താൽ,
ചേലെഴുമിന്നാടിനെ സ്വന്തനാടാക്കും പുണ്യ–
വേലയിൽ ഞങ്ങൾക്കു നീ വേദമായ് മുഴങ്ങാവൂ

ഇത്രകൂടി കവിയ്ക്ക് പ്രാർഥനയുണ്ട്: വിശപ്പുമാറിയാൽ, ചന്ദ്രസൂര്യശോഭകളാസ്വദിക്കണം തങ്ങൾക്ക്. വസ്ത്രക്ഷാമം തീർന്നാൽ, പ്രകൃതിസൗന്ദര്യം നുകരാൻ സാധിക്കണം. പാർപ്പിട പ്രശ്നം പരിഹരിക്കപ്പെട്ടാൽ, നക്ഷത്രം മിന്നുന്ന അന്തരീക്ഷ ത്തിന്റെ അനന്തശോഭ നുകരണം.....രണ്ടും വേണം – മുൻഗണന ആദ്യത്തേവയെയ്ക്കന്നു മാത്രം! ഇത് കവിഭാവന മാത്രമല്ലേ എന്നാരെങ്കിലും ചോദിച്ചാൽ, മറുപടിയിതാ:

ഇതു ഞാൻ കേട്ടിട്ടുണ്ടു മാവേലിനാട്ടിൻ പാട്ടിൽ,
ഇതു ഞാൻ ദർശിച്ചിട്ടുണ്ടങ്ങു വാണതാം നാട്ടിൽ

'വർഷവും വസന്തവും' എന്ന കവിത ശരിയ്ക്കൊരു താരതമ്യ ചിന്തയ്ക്കുതന്നെയാണൊരുമ്പെടുന്നത്. ഇവിടത്തെ വർഷകാല ത്താണ് അവിടത്തെ വസന്തം. നല്ലൊരു പ്രതീകം തന്നെ. ഇവിടെ കൂരിരുട്ടും പേമാരിയും കൊടുങ്കാറ്റും പട്ടിണിയും പരിവട്ടവും മരണവും – ഭയങ്കരമായ വർഷം! ആ ക്രൂരമായ കാഴ്ചയുടെ ഒരേകദേശവർണ്ണനം നോക്കുക:

....ചൂളുമെൻ ചേതസ്സിനാൽ കണ്ടു ഞാ,നുരുൾപൊട്ടി–
പ്പാളിടും കെടുനീററിൽ ശവങ്ങൾ തൂങ്ങുന്നതും,
ആറുകൾ കവിഞ്ഞെല്ലാം വിഴുങ്ങീടവേ, മേട്ടി–
ലേറി മാനുഷജീവച്ഛവങ്ങളിരിപ്പതും,
വിലയേറ്റത്താൽ, വിശപ്പാ, ലെതിർപ്പേലും പൗരാ
വലിയെക്കാച്ചും തോക്കാൽ കുട്ടികൾ വീഴുന്നതും,
പാതിരാക്കച്ചോടത്താൽ പണവും പൊന്നും നേടും
പാപരെ പ്രീണിപ്പിപ്പാൻ 'കബറേ' തിമിർപ്പതും,
മാനസതാരിൽ കണ്ടേൻ, ക്രൂരമാം പ്രകൃതിയും
മാനവപ്രകൃതിയും മറുത്തു ചതിക്കയാൽ
ദുഃഖപാത്രമാമെന്റെ നാട്ടിനിന്നോളം കള്ള–
ക്കർക്കിടം പുലരുന്നൂ, കതിർനീട്ടിലാ ചിങ്ങം.

ഇപ്പോൾ അവിടെ എന്താണ് സ്ഥിതി?

വസന്തം പുൽകീടവേ, സോവ്യറ്റുനാടിൽ സ്വച്ഛ–
പ്രസന്നമുഖമിപ്പോൾ പുഞ്ചിരി ചാർത്തുന്നുണ്ടാം.
നിരന്നു വെളുവെള്ളെപ്പൂത്തെഴും ചെറി, യാപ്പിൾ–
മരങ്ങളിളം പുല്ലിൽ പൂവിതൾ തൂകുന്നുണ്ടാം
രാജപാതകളുടെയിരുപാർശ്വവും വൃക്ഷ–
രാജിയാൽ നിഴലാണ്ട നടക്കാവുകളുടെ
തുടുത്ത കൈയിൽ 'ത്യൂലിപ്പി'ന്റെ ചെമ്പുച്ചെണ്ടേന്തി
നടക്കേ സൊള്ളുന്നുണ്ടാം പ്രേമാർദ്രമിഥുനങ്ങൾ.
പാർക്കിലൂഷ്മളസ്വപ്നം കണ്ടിരിപ്പുണ്ടാം വൃദ്ധൻ,
പാൽച്ചടുവെയിൽ ചിന്നും പലനീരാഴിക്കെട്ടിൽ

കളിച്ചു നീന്തുന്നുണ്ടാം കുട്ടികൾ, അറിവിൽ കൺ–
തെളിക്കും പ്രദർശനശാലകൾ ചുറ്റുന്നുണ്ടാം.
കാലമായ് പുതുകൊയ്ത്തിനൊരുങ്ങുന്നുണ്ടാം. ചുണ്ടിൽ
ചൂളമോടെങ്ങും കൂട്ടുകൃഷിതൻ സങ്കേതങ്ങൾ.
ഉന്നതങ്ങളിൽ ചിന്ത വിരുത്തുന്നുണ്ടാം നാനാ–
സുന്ദരകാലാശാസ്ത്രസൂക്ഷ്മതത്ത്വാന്വേഷകർ......

എന്തൊരന്തരം! കവിക്ക് സോവിയറ്റുനാടിനോടിതേ പ്രാർഥിക്കാനുള്ളൂ:

സൗമനസ്യത്തിൽ ധാന്യ,മെണ്ണ,യായുധങ്ങളും
അർഥിപ്പതില്ലാ ഞങ്ങൾ, അന്ധമാം കാലക്കേടും
ക്ഷുദ്രമാം ശീലക്കേടും തുരത്തി, നിന്നെപ്പോലെ
മാനവായ്പോടെ സ്വന്തം കഠിനാദ്ധ്വാനത്താലെ
മാനവമഹത്ത്വത്തെ പ്രാപിപ്പാൻ, നീ ഞങ്ങളിൽ
വീര്യ,മൈക്യവും ലക്ഷ്യബോധവും പകരുകിൽ
പോരു,മുത്തരദിക്കിന്നുജ്ജ്വലൽധ്രുവതാരേ!

ഭിന്നമായ ഭാഷകൾ, ഭിന്നമായ ആചാരവിചാരങ്ങൾ, ജീവിതരീതികൾ എന്നിട്ടും ഒരൊറ്റ ജനത, ഒരൊറ്റ രാഷ്ട്രം. ഭാഷാപ്രശ്നങ്ങളില്ല; പ്രാദേശികവാദങ്ങളില്ല; വിഘടന–ശിഥിലശക്തികളുടെ ആക്രാമകമായ കലാപപ്രവണതകളില്ല! കവിഭാഷയിൽ:

പനിനീർമലരിന്റെ ചുഴവും തെന്നിപ്പാറും
പരിപേലവചിത്രശലഭങ്ങളെപ്പോലെ,
ശരറാന്തലിൽ ചുറ്റുമൊരു ഗാനാലാപത്തിൽ
തിരമാലയിലാടും നർത്തകിമാരെപ്പോലെ,
പ്രൗഢമാം സോവ്യറ്റിന്റെ ഘടകങ്ങളാം നാനാ–
നാടുകൾ, വിചിത്രവേഷാചാരഭാഷാഭിന്നർ
ഒരു സുസ്വരതാളലയത്തിലാമേളിക്കും;
പരമോത്സവരംഗം" തന്നെ!

(‘രത്നമാല’എന്ന കവിത)

## 13. തായാട്ട് ശങ്കരൻ – നവോത്ഥാനത്തിന്റെ നിരൂപകൻ

‘‘ഭാഷാനിരൂപണത്തിൽ ഒരു യുഗം മുണ്ടശ്ശേരിയോടെ അവസാനിച്ചിരിക്കുന്നു. ‘രാജരാജന്റെ മാറ്റൊലി’ കെട്ടടങ്ങിയെന്നർഥം. അതൊരു യുഗപ്രതിഭയുടെ പര്യവസാനമാണ്. മുണ്ടശ്ശേരി വിരൽചൂണ്ടിയ മാർഗത്തിലൂടെയാണ് ഭാവിയിലെ സാഹിത്യനിരൂപണം സഞ്ചരിക്കുക. സാഹിത്യവും അതിന്റെ വളമണ്ണായിക്കിടക്കുന്ന സമൂഹവും തമ്മിലുള്ള ബന്ധമാണ് മുണ്ടശ്ശേരി പറഞ്ഞുറപ്പിച്ചത്. ആ ബന്ധത്തെക്കുറിച്ചുള്ള കൂടുതൽ വിപുലമായ അന്വേഷണമാണ് ഭാവിയിലെ സാഹിത്യനിരൂപണത്തിന്റെ വിഷയം. ആ വളർച്ചയിൽ മുണ്ടശ്ശേരിയുടെ പ്രസക്തി കൂടുകയേ ഉള്ളൂ” (*വ്യക്തികൾ സങ്കല്പങ്ങൾ*, പേജ് 97–98). മുണ്ടശ്ശേരിക്ക് മലയാളനിരൂപണത്തിലുള്ള സ്ഥാനമാണ് തായാട്ട് ശങ്കരൻ ഇവിടെ വിലയിരുത്തിയിരിക്കുന്നത്. ഇപ്പോൾ നമുക്ക് പി. ഗോവിന്ദപ്പിള്ളയുടെ ഭാഷയിൽ ഇത്രയും കൂട്ടിച്ചേർക്കാവുന്നതാണ്: “മലയാളസാഹിത്യനിരൂപണം ഇന്ന് തായാട്ട് ശങ്കരനിൽ എത്തിനിൽക്കുന്നു. ഇനിമേൽ എതിർക്കാനായാലും അനുകൂലിക്കാനായാലും മറ്റൊരു വഴി വെട്ടിതുറക്കാനായാലും അതെല്ലാം തായാട്ടിനെ തൊട്ടും ഉരുമ്മിയും ഉരസിയും തുടർന്നുമേ പോകാനൊക്കൂ.” (*സാഹിത്യവും രാഷ്ട്രീയവും,* പേജ് 109) *ആശാൻ: നവോത്ഥാനത്തിന്റെ കവി* എന്ന തായാട്ടിന്റെ ഒരൊറ്റ കൃതിയെ ആസ്പദമാക്കിയെങ്കിലും ഇ. എം. എസ്സ്. വിശദീകരിക്കുന്നതുകൂടി ചൂണ്ടിക്കാണിക്കേണ്ടത് ആശയവ്യക്തതയ്ക്ക് ആവശ്യമാണ്: “സംസ്കൃതസാഹിത്യത്തിൽ നിന്നുള്ളതായാലും പാശ്ചാത്യസാഹിത്യത്തിൽനിന്നുള്ളതായാലും ആധികാരികമായതെന്ന് കണക്കാക്കപ്പെടുന്ന ലക്ഷണനിർവചനങ്ങളെടുത്ത് സാഹിത്യകൃതികളെ വിലയിരുത്തുന്നത് മതിയാക്കി സാമൂഹികവളർച്ചയുടെ ഫലം ഹൃദയാലുക്കളായ സാഹിത്യകാരന്മാരിൽ ഉദ്ദീപിപ്പിക്കുന്ന ഊഷ്മളവികാരങ്ങൾ രൂപംകൊള്ളുകയും പുറത്തേക്ക് പ്രവഹിക്കുകയും ചെയ്യുന്നതെങ്ങനെയെന്ന് പരിശോധിക്കുന്ന ഒരു രീതിയാണ്’’ (*സമൂഹം ഭാഷ സാഹിത്യം*, പേജ് 158) തായാട്ടു ശങ്കരന്റേതെന്നും “ആശാൻ പഠനത്തിന് തായാട്ട് ശങ്കരൻ ഉപയോഗിച്ച സാമൂഹികശാസ്ത്രനിരീക്ഷണസമ്പ്രദായം മറ്റു കവികളെക്കൂടി പഠിക്കുന്നതിന് മാത്രമല്ല മലയാളസാഹിത്യചരിത്രമാകെ പഠിക്കുന്നതിനും ഉപയോഗിക്കണം. അങ്ങനെ ഒരു പ്രസ്ഥാനത്തെത്തന്നെ ഉദ്ഘാടനം ചെയ്യാൻ ഉതകുമെന്ന നിലയിൽ തായാട്ടിന്റെ ആശാൻപഠനം സാഹിത്യവിമർശനത്തിൽ ഒരു വഴിത്തിരിവായി പരിണമിക്കാം” (പേജ് 163) എന്നും ഇ. എം. എസ്സ്. എഴുതുന്നു. ഒപ്പം തൊഴിലാളിവർഗത്തിന്റെ ദൃഷ്ടികോണിലൂടെ വർഗസമരം വളർന്നുവരുന്നതിന്റെ യഥാതഥമായ ഒരു ചിത്രം വരച്ചുകാട്ടുകയും അതിന്റെ അടിസ്ഥാനത്തിൽ കവികളെയും അവരുടെ കൃതികളെയും വിലയിരുത്തുകയും ചെയ്യുന്ന മാർക്സിസ്റ്റ് നിരൂപണത്തിലേക്കുള്ള മാർഗത്തിൽ പ്രധാനമായ ഒരു കാൽവെപ്പാണ് സോഷ്യോളജിക്കൽ ക്രിട്ടിസിസം എന്നും അ

ദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മലയാളസാഹിത്യനിരൂപണത്തിന്റെ ഇനിയുള്ള ഗതിയിലെ മുഖ്യധാര മാർക്സിസ്റ്റുനിരൂപണത്തിന്റേതായിരിക്കുമെന്ന കാര്യത്തിൽ തർക്കമോന്നുമില്ലാത്തതിനാൽ തായാട്ടു ശങ്കരന്റെ പ്രസക്തി കൂടിവരാനാണ് സാധ്യത.

*മാനസികമായ അടിമത്തം* (1967) എന്ന, ഇന്ത്യയുടെ ദേശീയ പ്രശ്നങ്ങളെ – മുഖ്യമായും വിദ്യാഭ്യാസത്തെ – സംബന്ധിക്കുന്ന ഉപന്യാസങ്ങളടങ്ങിയ, കൃതിയുടെ പ്രകാശനത്തോടെ പ്രമുഖനായ വിദ്യാഭ്യാസചിന്തകനെന്ന നിലയിൽ പ്രസിദ്ധിയുറപ്പിച്ച തായാട്ട് *അനാച്ഛാദന*(1969)ത്തിലെ *കാടി*ന്റെയും മറ്റും നിരൂപണങ്ങളിലൂടെ സാമൂഹ്യശാസ്ത്രാധിഷ്ഠിതകലാവിമർശനത്തിലേക്ക് നടന്നടുക്കുകയായിരുന്നു. *ആശാൻ നവോത്ഥാനത്തിന്റെ കവി* എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണം (1973) അദ്ദേഹത്തിന് ആ രീതിയിലുള്ള വിമർശനത്തിന്റെ കരുത്തുറ്റ പ്രയോക്താവെന്ന പേര് നേടിക്കൊടുത്തു. എഴുപതുകളിലും എൺപതുകളിലുമായി പുറത്തു വന്ന *ഭാരതീയനവോത്ഥാനത്തിന്റെ രൂപരേഖ, ചിന്താസൗരഭം, പാർലിമെന്ററി ജനാധിപത്യം: പിറവിയും വളർച്ചയും, അന്തർദർശനം, പുതിയ പരിപ്രേക്ഷ്യം, സീതയും നിരൂപകന്മാരും, ദുരവസ്ഥ– ഒരു പഠനം, വ്യക്തികൾ സങ്കല്പങ്ങൾ, സാഹിത്യദീപ്തി, എന്റെ ആനുകാലികഡയറി, ഇന്ത്യൻ വിദ്യാഭ്യാസം നൂറ്റാണ്ടുകളിലൂടെ, തിരഞ്ഞെടുത്ത സാഹിത്യപ്രബന്ധങ്ങൾ, ആധുനികകവിതയുടെ ഒരു ജീർണമുഖം* തുടങ്ങിയവയും *ദേശാഭിമാനി വാരിക*യിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി വന്നുകൊണ്ടിരുന്ന *സ്വകാര്യചിന്തക*ളും മേൽപ്പറഞ്ഞ രണ്ടു നിലയിലുള്ള പ്രശസ്തിക്ക് ആക്കം കൂട്ടിയതോടൊപ്പം "ഇടതുവശത്തേക്കു നീങ്ങിനിന്നു ചിന്തിക്കുന്ന പക്വമതിയായ ഒരു രാഷ്ട്രീയചിന്തകൻ" എന്ന പേർ കൂടി അദ്ദേഹത്തിനു സമ്പാദിച്ചുകൊടുത്തു. അച്ചടിയിലിരിക്കുന്ന വള്ളത്തോളിനെക്കുറിച്ചുള്ള ബൃഹദ്ഗ്രന്ഥം (പിന്നീട് *വള്ളത്തോൾ – നവയുഗത്തിന്റെ കവി* എന്ന ഈ ഗ്രന്ഥം പുറത്തിറങ്ങി) ആശാൻ പഠനത്തെയും അതിശയിക്കുന്നതും അങ്ങനെ നിരൂപകനെന്ന നിലയിൽ തായാട്ടിന് പൂർവാധികമായ ഉജ്ജ്വലകീർത്തി നേടിക്കൊടുക്കുന്നതുമായിരിക്കുമെന്നാണറിയുന്നത്.

ഈ കൃതികളിലൂടെ കടന്നുപോകുന്ന ഒരാൾക്ക് നവോത്ഥാനത്തിന്റെ നിരൂപകൻ എന്ന പേരാണ് തായാട്ടു ശങ്കരൻ മുഖ്യമായും അർഹിക്കുന്നത് എന്നു തോന്നിപ്പോകും. പതിനെട്ടാം നൂറ്റാണ്ടിൽ ബംഗാളിന്റെ മണ്ണിൽ ഉറവു പൊട്ടി, അടുത്ത നൂറ്റാണ്ടു പൂർത്തിയാവുമ്പോഴേക്കും ഇന്ത്യയിലാകെ പരന്നൊഴുകിയ ലിബറലിസത്തിന്റെ നവോത്ഥാനം തായാട്ടിന്റെ ഏറ്റവും പ്രിയപ്പെട്ട പഠനവിഷയമാണ്. ആ നവോത്ഥാനപ്രസ്ഥാനത്തിന്റെ നായകന്മാരായ രാജാ റാം മോഹൻ റോയ്, വിവേകാനന്ദൻ, ദയാനന്ദസരസ്വതി, ആനി ബസന്റ്, ഗാന്ധിജി തുടങ്ങിയവർ ഇന്ത്യൻജീവിതത്തിൽ ചെലുത്തിയ സ്വാധീനം ശ്രദ്ധേയമത്രേ. ടാഗോർ, സുബ്രഹ്മണ്യഭാരതി, ആശാൻ, വള്ളത്തോൾ തുടങ്ങിയ സാഹിത്യകാരന്മാർ

നവോത്ഥാനത്തിന്റെ ഉജ്ജ്വലസന്താനങ്ങളെന്ന നിലയ്ക്കാണ് തായാട്ടിന്റെ നിരൂപണത്തിനു പാത്രങ്ങളായത്. വിദ്യാഭ്യാസത്തെയും രാഷ്ട്രീയത്തെയും പറ്റി ചിന്തിക്കുമ്പോഴും അദ്ദേഹത്തിൽ എടുത്തുപറയത്തക്ക സ്വാധീനം ചെലുത്തുന്ന വ്യക്തി നവോത്ഥാനനായകനായ ഗാന്ധിജിതന്നെയാണ്. തന്റെ സാഹിത്യനിരൂപണത്തിനു ഭാരതീയമായ വിശാലപശ്ചാത്തലം നൽകുന്നതിന് ഈ നവോത്ഥാനപഠനം അദ്ദേഹത്തെ സഹായിക്കുകയുണ്ടായി.

താൻ ഏതെല്ലാം മണ്ഡലത്തിൽ പ്രവർത്തിച്ചിട്ടുണ്ടോ അതിലെല്ലാം ആശയസമരത്തിനു വിത്തു പാകാൻ തായാട്ടിനു കഴിഞ്ഞിട്ടുണ്ട്. വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങൾ ആശയങ്ങളുടെ സ്വീകാരത്തിനോ തിരസ്കാരത്തിനോ കാരണമാകാതിരിക്കാൻ അദ്ദേഹം എന്നും ശ്രദ്ധിച്ചുപോന്നിട്ടുള്ളതായിക്കാണാം. വിദ്യാഭ്യാസമാധ്യമത്തെപ്പറ്റി, ഭരണഭാഷയെപ്പറ്റി, ദേശീയോദ്ഗ്രഥനത്തിന്റെ സാംസ്കാരികപശ്ചാത്തലവുമായി ബന്ധപ്പെട്ട ഹിന്ദുമുസ്ലീം പൈതൃകത്തെപ്പറ്റി – യാഥാസ്ഥിതികചിന്തയെ, ഭരണവർഗതാല്പര്യങ്ങളെ, പ്രകോപിപ്പിക്കുന്നവയായിരുന്നു ഇവിടെയെല്ലാം തായാട്ടിന്റെ വാദമുഖങ്ങളും നിഗമനങ്ങളും. എന്നാൽ, പതുക്കെപ്പതുക്കെ ആ നിഗമനങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടുതുടങ്ങിയതായി സൂക്ഷ്മദൃക്കുകൾക്കു കാണാൻ സാധിക്കും.

സാഹിത്യത്തിലുമതെ, തായാട്ടിന്റെ മൂർച്ചയുള്ള ശൈലിയിൽ, യുക്തിവിചാരകുശലമായി, അവതരിപ്പിക്കപ്പെട്ട അഭിപ്രായങ്ങൾ പലപ്പോഴും രൂക്ഷമായ സംഘട്ടനങ്ങൾക്കു വഴിവെച്ചിട്ടുണ്ട്.

സാഹിത്യത്തിന്റെ ആത്മാവ് അത് അനുവാചകനിൽ സംക്രമിക്കുന്ന ജീവിതസംസ്കാരമാണെന്നും അതിൽനിന്നുവേണം സാഹിത്യത്തിന്റെ മൂല്യവിചാരം ആരംഭിക്കാനെന്നും ഈ ജീവിതസംസ്കാരമാണ് സാഹിത്യത്തിന്റെ യഥാർഥദീപ്തി എന്നും തായാട്ട് വിശ്വസിക്കുന്നു (സാഹിത്യദീപ്തി, ആമുഖം പേജ് 8).കവിയുടെ ജീവിതത്തെയും ആ കാലഘട്ടത്തിൽ സമൂഹത്തെ ചലിപ്പിച്ച ഊർജസ്വലമായ ആശയധാരയെയും ആ കവിതാപ്രപഞ്ചവുമായി സമന്വയിപ്പിച്ചു പഠിപ്പിക്കുക – ഇതാണ് തന്റെ നോട്ടത്തിൽ നിരൂപകൻ ചെയ്യേണ്ടത് (*ആശാൻ: നവോത്ഥാനത്തിന്റെ കവി,* ആമുഖം). "കവിതയിൽ ആവിഷ്കൃതമായ ജീവിതസംസ്കാരവും താനാർജിച്ച ജീവിതാവബോധവും ഉരസിനോക്കുമ്പോഴാണ് നിരൂപണം മറെറാരു കലാസൃഷ്ടിയാവുന്നതെന്ന് ഈ ലേഖകൻ കരുതുന്നു... മഴമേഘത്തിന്റെ ജന്മസാഫല്യം, അതിൽ ഉദിച്ചുമറയുന്ന വർണരാജിയിലല്ല, തുടർന്നു വരുന്ന അമൃതധാരയിലാണ്. അപ്പോഴേ അത് സഹസ്രകോടി ജീവജാലങ്ങളുടെ ജീവനസംഗീതമായി മാറുന്നുള്ളൂ'' (*തിരഞ്ഞെടുത്ത പ്രബന്ധങ്ങൾ,* ആമുഖം) സാഹിത്യത്തെയും നിരൂപണത്തെയും കുറിച്ചുള്ള ഈ സങ്കല്പങ്ങൾ ശുദ്ധകലാവാദികളെയും ലാവണ്യാത്മകനിരൂപകരെയും എങ്ങനെ തൃപ്തിപ്പെടുത്താനാണ്? സാംസ്കാരികരംഗത്തെ യാഥാസ്ഥിതികപ്രവണതകളെ ബോധപൂർവം വളർത്താൻ

ശ്രമിക്കുന്നവർക്ക്, സാഹിത്യനിരൂപണത്തെ സാമൂഹ്യക്ഷേമവകുപ്പിന്റെ ഉപവകുപ്പായി കാണുന്നവരുടെ സങ്കല്പങ്ങളായേ ഇവയെ കണക്കാക്കാൻ കഴിയൂ.

സിദ്ധാന്തത്തിന്റെ കാര്യത്തിലിങ്ങനെ. സിദ്ധാന്തവും പ്രയോഗവും തമ്മിൽ സമരസപ്പെടുത്തിക്കൊണ്ടുപോകുന്ന തായാട്ടു ശങ്കരനെപ്പോലെ ആത്മാർഥതയുള്ള ഒരു വിമർശകന്റെ പ്രായോഗികനിരൂപണങ്ങളിലെ മൂർത്തമായ അഭിപ്രായങ്ങൾ സ്വാഭാവികമായും അവയ്ക്ക് ശരവ്യമായവരും കൂട്ടുകാരും വെച്ചുപൊറുപ്പിക്കില്ലെന്ന് എടുത്തുപറയേണ്ടതില്ല. ആ അഭിപ്രായങ്ങളെ വസ്തുതകളുടെ പിൻബലത്തോടെ യുക്തിസഹമായി ഖണ്ഡിക്കാൻ സാധ്യമാകാതെ വരുമ്പോൾ ഉപജാപവേലകളും അപവാദപ്രചാരണങ്ങളും അഴിച്ചുവിടുകയായി. നിഷ്പക്ഷമതികളായ യഥാർഥ സഹൃദയരെ സംബന്ധിച്ചിടത്തോളം, പക്ഷേ, ആ അഭിപ്രായങ്ങൾ തങ്ങളുടെ അഭിപ്രായം സമുചിതമായി രൂപവത്കരിക്കുന്നതിന്, അഭിരുചി പുരോഗമനപരമായി സംസ്കരിക്കുന്നതിന്, ഉതകിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ചില ഉദാഹരണങ്ങൾ: ആശാന്റെ പ്രമുഖ കൃതികളെപ്പറ്റി, വിശേഷിച്ചും *ദുരവസ്ഥ*യെയും *സീത*യെയും പറ്റി, തായാട്ട് മുന്നോട്ടുവെച്ച സുചിന്തിതമായ അഭിപ്രായങ്ങൾ കടുത്ത വാദവിവാദങ്ങൾക്കിടവരുത്തിയിട്ടുണ്ടെങ്കിലും മലയാളികളുടെ പൊതുധാരണ മാറ്റിയെടുക്കാൻ അവയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് പറഞ്ഞേ തീരൂ. തായാട്ടിന്റെ *ദുരവസ്ഥാ*പഠനം നിഷ്കർഷിച്ചു പഠിച്ചതിനുശേഷവും ആശാന്റെ അഞ്ചടിക്കവിതയായി മാത്രം *ദുരവസ്ഥ*യെ കാണാനും കാണിക്കാനും ശ്രമിക്കുന്നവർക്ക്, അത്തരം ശ്രമങ്ങളിലൂടെ സാഹിത്യാസ്വാദനത്തിന് കാര്യമായ എന്തെങ്കിലും സംഭാവന നൽകാൻ സാധിച്ചതായി അഭിമാനിക്കാൻ പറ്റില്ല.

ഇന്ത്യയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ ദേശീയതയുടെ എല്ലാ ഉറവകളെയും ഉൾക്കൊള്ളാൻ കഴിഞ്ഞ വള്ളത്തോൾ പ്രതിഭയെക്കണ്ടെത്തുന്ന ("മഹാകവികളുടെ സാമൂഹ്യഭൂമിക", *തെരഞ്ഞെടുത്ത സാഹിത്യപ്രബന്ധങ്ങൾ*, പേജ് 13–51) തായാട്ടു ശങ്കരനെ കേവലശില്പവിചാരക്കാർ ആദരിച്ചെന്നുവരില്ല. ആശാനു മതം കേവലം ദാർശനികപ്രശ്നമായിരുന്നെങ്കിൽ വള്ളത്തോളിന് അതൊരു ദേശീയപ്രശ്നമായിരുന്നു എന്ന സമർഥനമാകട്ടെ (*സാഹിത്യദീപ്തി*) കൂടുതൽ കോളിളക്കങ്ങളുണ്ടാക്കാം. ഫ്യൂഡൽസമൂഹത്തിന്റെ നീതിയും ധർമ്മവുമാണ് ഉള്ളൂരിന് സുപരിചിതമായ സംസ്കാരം. വ്യവസായയുഗത്തിന്റെ സമ്പർക്കത്തോടെ പുതിയ മൂല്യബോധം രാജ്യത്തിൽ വളർന്നു. അതോടെ ഇന്ത്യയിൽ നവോത്ഥാനത്തിനു തുടക്കം കുറിക്കുകയും ചെയ്തു. അതിന്റെയും പിന്നാലെയാണ് തൊഴിലാളിവർഗത്തിന്റെ സംഘടനാശക്തി രംഗപ്രവേശം ചെയ്യുന്നത്. അവർ അവകാശത്തെക്കുറിച്ചും സമത്വത്തെക്കുറിച്ചും ശബ്ദങ്ങൾ ഉയർത്തി. ആദ്യത്തെ സാമൂഹ്യബന്ധത്തിലെ നന്മതിന്മകൾതന്നെയാണ് ഉള്ളൂരിന്റെ ഉപാസനാ

മൂർത്തി. ഒരു പ്രഭുകുടുംബത്തിൽ ഉള്ളൂർ അന്യനല്ല. അതിന്റെ നന്മതിന്മകൾ അദ്ദേഹത്തിനറിയാം. എന്നാൽ ഒരു വ്യവസായ പ്രമുഖന്റെ ബംഗ്ലാവിൽ മഹാകവി കേവലം അന്യനത്രേ. അയാളുടെ ദിനസരിയും മൂല്യബോധവും ഉൾക്കൊള്ളുക മഹാകവിക്ക് സാധ്യമല്ല. ഒരു തൊഴിലാളികുടുംബമാവട്ടെ ഉള്ളൂരിന് മനസ്സിലാവുകയില്ല (''ഉള്ളൂർക്കവിതയിലെ സമകാലികത'', *തെരഞ്ഞെടുത്ത*...., പേജ് 146). ഉള്ളൂരിനെപ്പറ്റിയുള്ള ഈ ചിന്ത എത്ര ഉൾക്കാഴ്ച കലർന്നതാണെന്ന് നോക്കുക. സ്വതന്ത്രഭാരതത്തിന്റെ പുനർനിർമ്മാണപ്രക്രിയയിൽ ആത്മസാഫല്യം കണ്ടെത്തിയ കവിയായി വൈലോപ്പിള്ളിയെ വിലയിരുത്തുമ്പോൾ, 'അന്ത്യമാല്യം' മുതൽ അന്ത്യകാലം വരെ 'ജി' എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായിത്തീരുകയാണുണ്ടായതെന്ന് സമർഥിക്കുമ്പോൾ, സ്ത്രീപുരുഷസമത്വം സമുദായത്തിന്റെ അംഗീകൃതമൂല്യബോധമായിത്തീർന്ന വ്യവസായയുഗത്തിന്റെ പ്രതിനിധിയായിട്ടാണ് ചങ്ങമ്പുഴ രംഗപ്രവേശം ചെയ്തതെന്നും പുരുഷന്റെ ദാസിയല്ല, തോഴിയാണ് അദ്ദേഹത്തിന്റെ കവിതയിലെ സ്ത്രീ എന്നും നിരീക്ഷിക്കുമ്പോൾ, ചങ്ങമ്പുഴയുടെ റൊമാന്റിക് സങ്കല്പത്തിൽനിന്ന് ഇടശ്ശേരിയുടെ എല്ലുമിടുക്കുള്ള യാഥാർഥ്യബോധത്തിലേക്ക് എത്തിനിൽക്കുമ്പോൾ മണ്ണിലിറങ്ങി നടക്കുന്ന മലയാളകവിതയെയാണ് നാം പരിചയപ്പെടുന്നത് എന്ന് ഉപപാദിക്കുമ്പോൾ, "മലയാളസാഹിത്യത്തിലെ ശൃംഗാരകവിതകൾക്കിടയിൽ *പൂരപ്രബന്ധ*ത്തിനും നാടൻപാട്ടുകൾക്കിടയിൽ ഭരണിപ്പാട്ടിനും ഉള്ള സ്ഥാനമാണ് രാഷ്ട്രീയപ്രധാനമായ കവിതകൾക്കിടയിൽ *ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസ*ത്തിനുള്ളത്" എന്നു തെളിവു നിരത്തി ചൂണ്ടിക്കാട്ടുമ്പോൾ, കേരളത്തിലെ ദേശീയപ്രസ്ഥാനത്തിന് വള്ളത്തോൾക്കവിത നേടിക്കൊടുത്തതുതന്നെയാണ് കേരളത്തിലെ കർഷകത്തൊഴിലാളിപ്രസ്ഥാനത്തിന് കെ. പി. ജി. യുടെ കവിത നേടിക്കൊടുത്തത് എന്ന് മൂല്യനിർണയനം നടത്തുമ്പോൾ, "ചങ്ങമ്പുഴക്കവിതയുടെയും സിനിമാഗാനത്തിന്റെയും രാജിത്തീർപ്പായ ഈണത്തിൽ, റൊമാന്റിക് സങ്കല്പങ്ങളുടെ നിലാവ് കൊണ്ട് കളി പൂശിയതാണ് (അയ്യപ്പ)പ്പണിക്കരുടെ പ്രസിദ്ധങ്ങളായ കവിതകളെല്ലാം. അവയിൽ മാധുര്യമുണ്ട്. ഊഷ്മളതയില്ല; ലയമുണ്ട് നൂതനത്വമില്ല; അവസരസേവകത്വമുണ്ട്, ആദർശദീപ്തിയില്ല. അദ്ദേഹം വിതച്ച കെടുതികളുടെ നേരെ കണ്ണടയ്ക്കുന്നത് ആത്മഹത്യാപരമാണ്. ഈ വിമർശനത്തിന്റെ അർഥവും പ്രസക്തിയും അതാണ്, അതുമാത്രമാണ്" എന്ന് ആധുനിക കവിതയുടെ ഒരു "ജീർണ്ണമുഖ"ത്തുനോക്കി വിളിച്ചുപറയുമ്പോൾ സത്യദർശിയും സ്വതന്ത്രചിന്തകനും ദീർഘവീക്ഷകനും സർവോപരി സമൂഹനന്മയിൽ കണ്ണുനട്ടുനിൽക്കുന്നവനുമായ ശക്തനായൊരു കാവ്യനിരൂപകനെയാണ് നാം തായാട്ടിൽ കണ്ടെത്തുന്നത്.

നവീനമുതലാളിത്തം സൃഷ്ടിച്ച പുതിയ മൂല്യങ്ങളാണ് ചന്തുമേനോനെ *ഇന്ദുലേഖ*യെഴുതാൻ പ്രേരിപ്പിച്ചതെന്നും ഉയർന്ന ഇട

ത്തരം വർഗത്തിനിടയിൽ കടന്നുവരുന്ന പരിവർത്തനമാണ് *ഇന്ദുലേഖ* തുടങ്ങിവെച്ച പ്രബുദ്ധതയുടെ ചാലിലൂടെയാണ് പിൽക്കാലത്ത് തൊഴിലാളികൾവരെയുള്ള താഴ്ന്നവർഗക്കാർ സാഹിത്യത്തിലേക്ക് കടന്നുവന്നതെന്നും (ഇന്ദുലേഖയും ഇംഗ്ലീഷും) സമർഥിക്കുമ്പോൾ തായാട്ട് ശങ്കരൻ മുൻനിരൂപകർ ഇവിടെ പറഞ്ഞുപരത്തിയ പല ധാരണകളെയും തകിടംമറിക്കുകയും പുതിയൊരവബോധം നമുക്കുളവാക്കിത്തരികയുമാണ്.

ഇങ്ങനെ നോക്കിയാൽ മലയാള നിരൂപണത്തിലെ കരുത്തനായ ഈ പോരാളി ഇവിടത്തെ ഇടതുപക്ഷപുരോഗമനപ്രസ്ഥാനങ്ങളെ സാംസ്കാരികമായി മുന്നോട്ടു നയിക്കുവാൻ, ആശയപരമായ ആയുധങ്ങൾ ഏറെ നൽകി അവയ്ക്ക് ശക്തി വർദ്ധിപ്പിക്കാൻ, വിജയപൂർവം പ്രയത്നിച്ച പ്രതിഭാശാലിയാണെന്ന് ആർക്കും കാണാൻ കഴിയും. അദ്ദേഹം വെട്ടിത്തെളിച്ച വഴി പിന്തുടരുക, കൂടുതൽ വികസിപ്പിച്ച് മുന്നോട്ടു കൊണ്ടുപോവുക – ഇതാണ് ഇനിയത്തെ നമ്മുടെ കടമ.

(ചിന്ത മെയ്ദിനപ്പതിപ്പ് 1985)

## 14. ഭാഷാവിദ്യാർഥികൾക്ക് ഒരു വഴികാട്ടി

അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ എത്രതന്നെ ഉൾക്കൊള്ളുന്നുണ്ടെന്നിരിക്കിലും ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രം' പരക്കെ അംഗീകരിക്കപ്പെട്ട ചുരുക്കം ചില സാഹിത്യ ചരിത്രകൃതികളിലൊന്നാണ്. എ.ആറിന്റെ കേരളപാണിനീയം" അത്തരമൊരു സർവാംഗീ കൃത വ്യാകരണ ഗ്രന്ഥമാകുന്നു. ഇവയ്ക്ക് സമാനസ്ഥാനീയമായി ഒരു ഭാഷാപഠനം അഥവാ ഭാഷാചരിത്രം നമുക്ക് ഇന്നോളമുണ്ടായിട്ടില്ലെന്നത് ദുഃഖകരമായ ഒരു വസ്തുത യത്രേ. സർവകലാശാലയിലെ ഭാഷാവിഭാഗങ്ങൾ, സാഹിത്യഅക്കാദമി, ഭാഷാഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളെയാണ്, വ്യക്തികളെയല്ല. ഈ സ്ഥിതിക്ക്

അഭിപ്രായവ്യത്യാസമുള്ള കാര്യങ്ങൾ എത്രതന്നെ ഉൾക്കൊള്ളുന്നുണ്ടെന്നിരിക്കിലും ഉള്ളൂരിന്റെ *കേരളസാഹിത്യചരിത്രം* പരക്കെ അംഗീകരിക്കപ്പെട്ട ചുരുക്കം ചില സാഹിത്യ ചരിത്ര കൃതികളിലൊന്നാണ്. എ. ആറിന്റെ *കേരളപാണിനീയം* അത്തരമൊരു സർവാംഗീകൃതവ്യാകരണഗ്രന്ഥമാകുന്നു. ഇവയ്ക്ക് സമാനസ്ഥാനീയമായി ഒരു ഭാഷാപഠനം അഥവാ ഭാഷാചരിത്രം നമുക്ക് ഇന്നോളമുണ്ടായിട്ടില്ലെന്നത് ദുഃഖകരമായ ഒരു വസ്തുതയത്രേ. സർവകലാശാലയിലെ ഭാഷാവിഭാഗങ്ങൾ, സാഹിത്യഅക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങളെയാണ്, വ്യക്തികളെയല്ല, ഈ സ്ഥിതിക്ക് ഉത്തരവാദികളായി സാധാരണക്കാരായ ഭാഷാപ്രേമികൾ ഇക്കാലത്ത് ചിത്രീകരിക്കുക. അതിൽ അവരെ കുറ്റപ്പെടുത്തുന്നത് ശരിയുമല്ല.

ഈ പരിതസ്ഥിതിയിലാണ് സമഗ്രമായൊരു ഭാഷാചരിത്രത്തിന്റെ ആദ്യഭാഗവുമായി മദിരാശി സർവകലാശാലയുടെ മലയാളവിഭാഗം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. മലയാളഭാഷാചരിത്രത്തിന്റെ പശ്ചാത്തലവസ്തുതകൾ പ്രതിപാദിക്കുന്ന ഒന്നാം ഭാഗം പാട്ട്. പ്രാചീനമണിപ്രവാളം, ശാസനങ്ങൾ, പ്രാചീനഗദ്യകൃതികൾ എന്നിങ്ങനെ തുഞ്ചത്തെഴുത്തച്ഛന്റെ കാലംവരെ ഉണ്ടായ കൃതികളിലെ ഭാഷാസ്വഭാവങ്ങളെ ആസ്പദിച്ചുള്ള പഠനമടങ്ങുന്ന രണ്ടാം ഭാഗം, എഴുത്തച്ഛനുശേഷം ഇരുപതാം നൂറ്റാണ്ടുവരെയുള്ള ഭാഷാപരിണാമത്തെ വിശകലനം ചെയ്യുന്ന മൂന്നാം ഭാഗം, ഇരുപതാം നൂറ്റാണ്ടിലെ ഭാഷാപുരോഗതി ചർച്ചാവിഷയമാക്കുന്ന നാലാം ഭാഗം – ഇപ്രകാരം സംവിധാനം ചെയ്യപ്പെട്ട ആ സമ്പൂർണ ഭാഷാചരിത്രത്തിന്റെ ഒന്നാം പുസ്തകമാണ് മദിരാശി സർവകലാശാലാമലയാളവിഭാഗാധ്യക്ഷനായ ഡോക്ടർ കെ.എം. പ്രഭാകരവാരിയരുടെ *പൂർവകേരളഭാഷ*.

ഗ്രന്ഥകാരക്കുറിപ്പ്, ഗ്രന്ഥകാരസൂചിക, വിഷയസൂചിക എന്നിവയ്ക്കു പുറമെ മുഖ്യഗ്രന്ഥഭാഗം പ്രവേശകം ദ്രാവിഡഭാഷകൾ, കേരളഭാഷോത്പത്തി, കേരളഭാഷ കൊല്ലവർഷത്തിനു മുമ്പ് എന്നിങ്ങനെ നാലധ്യായങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഭാഷയുടെ നിർവചനം, ഭാഷയെക്കുറിച്ചുള്ള ചില തെറ്റുധാരണകൾ, ഭാഷോത്പത്തിസിദ്ധാന്തങ്ങളുടെ സാമാന്യാവലോകനം, തുലനാത്മകഭാഷാവിജ്ഞാനത്തിന്റെ പൊതുസ്വഭാവം, ഇന്ത്യയിലെ ഭാഷകളുടെ സമാനസ്വഭാവങ്ങൾ എന്നിവ ഒന്നാമധ്യായത്തിലെ ആദ്യത്തെ ആറു ഖണ്ഡങ്ങളിൽ ചർച്ച ചെയ്തിരിക്കുന്നു. തുടർന്നുള്ള ഖണ്ഡത്തിൽ ഭാഷാചരിത്രനിർമിതിക്ക് ആശ്രയിക്കേണ്ടിവരുന്ന സാഹിത്യകൃതികൾ, നാടൻപാട്ടുകൾ, ശാസ്ത്രഗ്രന്ഥങ്ങൾ, പഴഞ്ചൊല്ലുകൾ, ശാസനങ്ങൾ, സ്ഥലനാമങ്ങൾ, അന്യഭാഷാകൃതി

കൾ എന്നീ അസംസ്കൃതവസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികളെ ശാസ്ത്രീയാടിസ്ഥാനത്തിൽ വിശദമായി പ്രതിപാദിക്കുകയാണ്. ഭാഷാചരിത്രം സൃഷ്ടിക്കുന്നതിനു ആഭ്യന്തരപുനർനിർമാണം, ബാഹ്യപുനർനിർമ്മാണം എന്ന രണ്ടു മാർഗങ്ങളെക്കുറിച്ചും സാമൂഹികവും രാഷ്ട്രീയവും മറ്റുമായ ഭാഷേതരസ്വാധീനങ്ങളെക്കുറിച്ചും വിവരിക്കുന്ന രണ്ടു ഖണ്ഡങ്ങളോടുകൂടി ഒന്നാമധ്യായം അവസാനിക്കുന്നു. ഭാഷയെയും ഭാഷാചരിത്രത്തെയും പൊതുവിൽ ബാധിക്കുന്ന പ്രശ്നങ്ങളുടെ മുന്നറിവൊരുക്കുകയാണ് ഈ 'പ്രവേശകം' ചെയ്യുന്നത്.

രണ്ടാമധ്യായത്തിൽ ദ്രാവിഡഭാഷാപഠനത്തിന്റെ ചരിത്രം സാമാന്യം വിസ്തരിച്ചുതന്നെ അവതരിപ്പിക്കുന്നതാണ് ആദ്യ ഖണ്ഡം. ദ്രാവിഡഭാഷാഗോത്രത്തിലെ ഉത്തരദ്രാവിഡം, മധ്യ ദ്രാവിഡം, ദക്ഷിണദ്രാവിഡം എന്ന മൂന്ന് ഉപശാഖകളെപ്പറ്റിയും അവ പിരിഞ്ഞുവന്ന കാലത്തെപ്പറ്റിയുമുള്ള സുവിശദമായ ചർച്ച അടുത്ത ഏഴു ഖണ്ഡങ്ങളിലായി കാണാം. ഒരു ഭാഷാഗോത്രത്തിന്റെ ഉപശാഖകളെ വിഭജിക്കുന്നതിനുള്ള അടിസ്ഥാനനിയമങ്ങളും അവിടെ ക്രോഡീകരിച്ചിട്ടുണ്ട്. ഓരോ ഉപശാഖയിലും പെടുന്ന ഭാഷകൾ (ഇവയെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളും സൂചിപ്പിക്കുന്നുണ്ട്), അവയുടെ പൊതുസ്വഭാവങ്ങൾ എന്നിവ പ്രതിപാദിക്കുന്ന ഭാഗങ്ങൾ വിശേഷിച്ചും വിജ്ഞാനപ്രദമാണ്. ബ്രാഹുയി, ഒല്ലരി എന്നീ ഭാഷകളെക്കുറിച്ചുള്ള ചർച്ചകളിൽ കെ. എൻ. എഴുത്തച്ഛൻ, ജി. കെ. പണിക്കർ എന്നിവരെക്കൂടി പരാമർശിക്കാമായിരുന്നു. ദക്ഷിണദ്രാവിഡഭാഷാശാഖയിൽപ്പെടുന്ന തമിഴും മലയാളവും തമ്മിലുള്ള താരതമ്യപഠനമുൾക്കൊള്ളുന്ന രണ്ടാമധ്യായത്തിന്റെ അവസാനഖണ്ഡം ഏറ്റവും ശ്രദ്ധേയമായിട്ടുണ്ട്. സ്വനതലത്തിൽ പന്ത്രണ്ടും സന്ധിതലത്തിൽ നാലും രൂപതലത്തിൽ ഇരുപത്തൊന്നും വാക്യതലത്തിൽ ഏഴും അർത്ഥതലത്തിൽ മൂന്നും പോയന്റുകൾ ചർച്ചാവിധേയമാക്കുന്നു. ഈ രണ്ടു ഭാഷകളിലെ എഴുത്തുഭാഷയും വ്യാവഹാരികഭാഷയും ഒരുപോലെ പഠിച്ചിട്ടുള്ളൊരു പണ്ഡിതന്നുമാത്രമേ പ്രസ്തുത ഖണ്ഡത്തിന്റെ രചന സാധ്യമാകൂ.

ഭാഷാവിദ്യാർത്ഥികൾക്ക് കുറേക്കൂടി പരിചിതമായ വിഷയങ്ങളാണ് കേരളഭാഷോത്പത്തിയെക്കുറിച്ചുള്ള മൂന്നാമധ്യായത്തിൽ അവതരിപ്പിക്കുന്നത്. കേരളം, മലയാളം എന്നീ സംജ്ഞകളുടെ ഉത്പത്തിയെക്കുറിച്ച് പണ്ഡിതന്മാർ പല കാലത്തായി പറഞ്ഞുവെച്ച അഭിപ്രായങ്ങൾ മിക്കതും നിരൂപണവിധേയമാക്കുന്നതാണ് ഇതിലെ ഒന്നാം ഖണ്ഡം. പൊതുവിൽ പ്രാതിനിധ്യസ്വഭാവമുൾക്കൊള്ളുന്ന അഞ്ചാറഭിപ്രായങ്ങൾ ഉദ്ധരിച്ചാൽ മതിയായിരുന്നു എന്ന് ആ ഭാഗം വായിച്ചപ്പോൾ തോന്നി. തുടർന്നുവരുന്ന മലയാളഭാഷോത്പത്തിസിദ്ധാന്തങ്ങളുടെ ചർച്ചയിൽ, ഉചിതമായ ആ സമീപനരീതി തന്നെയാണ് ഗ്രന്ഥകാരൻ കൈക്കൊണ്ടിട്ടുള്ളതും. സംസ്കൃതമാണ് മലയാളത്തിന്റെ ഉദ്ഭവസ്ഥാനം എന്ന രീതി

യിലുള്ള സംസ്കൃതജന്യവാദം, മലയാളം പൂർവദ്രാവി ഡത്തിൽ നിന്ന് നേരിട്ടുപിരിഞ്ഞുവന്ന സ്വതന്ത്രഭാഷയാണ് എന്നഭി പ്രായ പ്പെടുന്ന സ്വതന്ത്രവാദം, തമിഴിന്റെ ഉപശാഖയാണ് മലയാളം എന്ന ആശയമുൾക്കൊള്ളുന്ന ഉപശാഖാവാദം, ചെന്തമിഴിന്റെ ഭാഷാഭേദ ങ്ങളിലൊന്നായ മലനാട്ടുതമിഴും സംസ്കൃതവും ചേർന്ന മിശ്ര ഭാഷയിൽനിന്നാണ് മലയാളമുണ്ടായതെന്ന് വിശ്വസിക്കുന്ന മിശ്ര ഭാഷാവാദം, ദക്ഷിണദ്രാവിഡശാഖയിൽനിന്ന് കർണാടകം തുട ങ്ങിയ മറ്റു ഭാഷകൾ പിരിഞ്ഞുപോയതിനുശേഷം കേരളം കൂടി ഉൾപ്പെട്ട തമിഴകത്തിൽ അവശേഷിച്ച പൂർവതമിഴ് മലയാളത്തിൽ നിന്നാണ് ആധുനികതമിഴും ആധുനികമലയാളവും സ്വതന്ത്രഭാഷ കളായി വികസിച്ചുവന്നത് എന്ന് അഭിപ്രായപ്പെടുന്ന പൂർവതമിഴ്-മലയാളവാദം – ഈ അഞ്ചു സിദ്ധാന്തങ്ങളുടെ സുവിസ്തൃതമായ ശാസ്ത്രീയാപഗ്രഥനമാണ് മൂന്നാമധ്യായത്തിലെ മൂന്നുമുതൽ ഏഴുകൂടിയുള്ള ഖണ്ഡങ്ങളിൽ നിർവഹിച്ചിരിക്കുന്നത്.

കോവുണ്ണി നെടുങ്ങാടിയുടെ വെറും അഭിപ്രായപ്രകടനത്തിൽ തുടങ്ങി ആർ. സ്വാമിനാഥഅയ്യരുടെ പരിഗണനാർഹമായ നിരീ ക്ഷണങ്ങളിലൂടെ മുന്നോട്ടുപോയി വടക്കുംകൂർ രാജരാജ വർമയു ടെ മതസ്ഥാപനവ്യഗ്രമായ ഉപരിതലാന്വേഷണങ്ങളിൽ ചെന്നുനി ന്ന സംസ്കൃതജന്യവാദം സി. വി. വാസുദേവഭട്ടതിരിയിലൂടെ പുനരുജ്ജീവനശ്രമം നടത്തുന്നതായി ചൂണ്ടിക്കാണിച്ചുകൊണ്ട് ആ വാദത്തിന്റെ ന്യായാന്യായതകളെക്കുറിച്ച് വിസ്തരിച്ച പരി ശോധന നടത്തുന്നുണ്ട് നമ്മുടെ ഗ്രന്ഥകാരൻ, സംസ്കൃത പ്രഭവ സിദ്ധാന്തക്കാരെല്ലാം മലയാളത്തിലെ സംസ്കൃതസ്വാധീനതകൾ തേടിപ്പോകുകയാണുണ്ടായത്. മലയാളം ദ്രാവിഡശാഖയിലെ അംഗമാണെന്നതിന് ആധാരമായി പ്രദർശിപ്പിക്കപ്പെട്ട തെളിവുകൾ യുക്തിപൂർവം ഖണ്ഡിക്കുവാൻ അവർക്ക് കഴിഞ്ഞിട്ടില്ല. ജൈവിക ബന്ധനിർണയത്തിൽ അനുവർത്തിക്കേണ്ട പ്രാഥമികനിയമങ്ങ ളെയും അവർ അവഗണിക്കുന്നു. അതുകൊണ്ടാണ് മലയാള സംസ്കൃതങ്ങൾ ഏകഗോത്രജമാണെന്ന ഭ്രമത്തിൽ അവർ ചെന്നു വീഴുന്നതും (പേജ് 130) എന്ന ഡോക്ടർ വാരിയരുടെ അഭിപ്രായ ത്തോട് നിഷ്പക്ഷമതികൾ യോജിക്കുമെന്ന് ഞാൻ വിശ്വസി ക്കുന്നു.

സ്വതന്ത്രവാദം ആദ്യമായി അരങ്ങത്തുകൊണ്ടുവന്ന് ശക്തിയാ യി സമർത്ഥിക്കാൻ ശ്രമിച്ച ആറ്റൂരിന്റെ ഏഴു വാദമുഖങ്ങളെ ഉദ്ധ രിച്ച് ചരിത്രത്തിന്റെ വെളിച്ചത്തിലും ഭാഷാപരിണാമത്തിന്റെ അടി സ്ഥാനത്തിലും അവ കെട്ടുറപ്പുള്ളതല്ലെന്നു തെളിയിക്കാൻ ഗ്രന്ഥ കാരൻ നടത്തിയ ശ്രമം ഫലവത്തായിട്ടുണ്ട്. തുടർന്ന് ഗോദവർമ, കെ. എം. ജോർജ് എന്നിവർ ഈ വാദത്തിനനുകൂലമായി നിരത്തിയ അധികയുക്തികൾ പരിശോധിച്ച് അവയും സുശക്തങ്ങ ളല്ലെന്ന് ഉപപാദിക്കുന്നു.

സ്വതന്ത്രവാദിയെന്നുപറഞ്ഞുകൂടെങ്കിലും മലയാളഭാഷയുടെ പ്രാക്തനത്വവും ഉത്പത്തിപരമായി അതിന് തമിഴുമായുള്ള

അകൽച്ചയും തെളിയിക്കാൻ ശ്രമിക്കുന്ന കെ. ഉണ്ണിക്കിടാവിന്റെ വാദമുഖങ്ങളെയും അപഗ്രഥിച്ച് വസ്തുസ്ഥിതി വെളിപ്പെടുത്താൻ ഗ്രന്ഥകാരൻ ഇവിടെ ശ്രമിച്ചിട്ടുണ്ട്. സ്വതന്ത്രവാദികൾ അവരുടെ പൂർവധാരണകൾക്കുപോദ്ബലകങ്ങളായ ഭാഗികസത്യങ്ങളെ അവലംബിച്ചാണ് അവരുടെ നിഗമനങ്ങളിൽ എത്തിച്ചേരുന്നത്. അതിനെതിരായ ചരിത്രവസ്തുതകൾ മുൻധാരണകളുപേക്ഷിച്ച് അപഗ്രഥനം ചെയ്തിരുന്നുവെങ്കിൽ സ്വതന്ത്രവാദം രംഗപ്രവേശം ചെയ്യുമായിരുന്നില്ല എന്ന് ഡോ. വാരിയർ അഭിപ്രായപ്പെടുന്നു.

ഉപശാഖാവാദികളിൽ ആദ്യനായ കാൽഡ്വെല്ലിന്റെ കിഴക്കു പദപ്രയോഗവാദത്തിന്റെ ദൗർബല്യം വേണുഗോപാലപ്പണിക്കരുടെ യുക്തിസഹമായ പദനിഷ്പത്തിവിചാരത്തെ മുഖ്യമായും ആസ്പദമാക്കി വെളിപ്പെടുത്തിക്കൊണ്ട് ഗ്രന്ഥകാരൻ പ്രസ്തുതവാദ ചർച്ച ആരംഭിക്കുന്നു. തുടർന്ന് ഏ. ആറിന്റെ വാദമുഖങ്ങൾ പരിശോധിക്കുന്നു. തമിഴിൽനിന്ന് അകന്ന് കേരളക്കരയിൽ ഒരു പുതിയ സ്വതന്ത്രഭാഷ (മലയാളം) ജന്മമെടുത്തതിന് എ. ആർ. പ്രദർശിപ്പിക്കുന്ന മൂന്നു പശ്ചാത്തലപ്രേരണകളിൽ ഭൂമിശാസ്ത്രപരമായ അകല്ച്ച, ആര്യദ്രാവിഡസങ്കരം എന്നിവ സ്വാഭാവികമാണെങ്കിലും മരുമക്കത്തായം, മുൻകുടുമ, മുണ്ടുടുപ്പ് മുതലായ സാംസ്കാരിക വൈജാത്യങ്ങൾ അക്കൂട്ടത്തിൽപ്പെടുത്താവുന്നതല്ല. കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിൽ സംഭവിച്ച ആറു പ്രക്രിയകളിൽ അനുനാസികാതിപ്രസരം, സ്വരസംവരണം, പുരുഷഭേദനിരാസം, അംഗഭംഗം എന്നിവ മലയാളത്തിൽ സംഭവിച്ച നവപ്രവർത്തനങ്ങളായി കരുതുകയാണ് കൂടുതൽ യുക്തിയുക്തം. താലവ്യാദേശം തമിഴിലെ സംസാരഭാഷയിലും സർവസാധാരണമാണ്. ഖിലോപസംഗ്രഹം പരിണാമങ്ങളുടെ കൂട്ടത്തിൽ പെടുത്തിക്കൂടാ. അത് പ്രാഗ്രൂപസംരക്ഷണം മാത്രം. അതിന് ഉത്പത്തിസിദ്ധാന്തത്തിലേക്കുള്ള തെളിവായി കടന്നുവരാനർഹതയില്ല. അംഗഭംഗമായി ചൂണ്ടിക്കാട്ടിയ പരിണാമം (വേണ്ടും–വേണും–വേണം–ഏണം–എണം–അണം) തമിഴിലെ വ്യവഹാരഭാഷയിലും സാർവത്രികമായി സംഭവിച്ചതാണ്. ആകപ്പാടെ നോക്കുമ്പോൾ മലയാളഭാഷയുടെ ഉത്ഭവത്തെക്കുറിച്ചുള്ള രാജരാജവർമ്മയുടെ നിരൂപണം സുവ്യക്തമായ ചിത്രമല്ല നൽകുന്നത് (പേജ് 178) എന്നിങ്ങനെ എ. ആറിന്റെ വാദത്തെപ്പറ്റിയുള്ള ചർച്ച അവസാനിപ്പിക്കുന്നു. അടുത്തതായി എൽ. വി. രാമസ്വാമി അയ്യരുടെ, "സംഘകാലത്തിനുശേഷം – ക്രി. പി. അഞ്ചാം നൂറ്റാണ്ടു മുതൽ കേരളഭാഷ തമിഴിൽനിന്ന് അകന്നുപോകാൻ തുടങ്ങി" എന്ന സിദ്ധാന്തത്തിന് അടിസ്ഥാനമായ തെളിവുകളുടെ പരിശോധനയാണ്. "മലയാളഭാഷയുടെ പ്രാരംഭദശയെക്കുറിച്ച് നിഷ്കൃഷ്ടമായ നിഗമനത്തിലെത്തിച്ചേരുന്ന ഈ ഭാഷാപണ്ഡിതൻ പിൽക്കാലപരിണാമചരിത്രം വിശദമായി അവലോകനം ചെയ്തിട്ടില്ല" (പേജ് 181) എന്ന് അഭിപ്രായപ്പെടുന്നുവെങ്കിലും ഡോ. വാരിയർക്ക് എൽ. വി. ആറിന്റെ വ്യാപകമായ അന്വേഷണമണ്ഡലത്തെക്കുറിച്ചും ശാസ്ത്രീയമായ

സമീപനരീതിയെക്കുറിച്ചും അഗാധമായ മതിപ്പുതന്നെയാണുള്ളത്. ഉള്ളൂരിന്റെ വാദത്തിന്റെ ഉറപ്പില്ലായ്മ തെളിയിച്ചുകൊണ്ട് ഉപശാഖാവാദഖണ്ഡം ഉപസംഹരിക്കുന്നു.

ഈ സിദ്ധാന്തങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായ ഇളംകുളത്തിന്റെ മിശ്രഭാഷാവാദത്തിന്റെ സമഗ്രചർച്ചയാണ് തുടർന്ന് നടത്തുന്നത്. "ചെന്തമിഴിന്റെയും സംസ്കൃതത്തിന്റെയും യാതൊരു നിയമത്തിനും വഴങ്ങാത്ത ഒരു കൂടിക്കലർപ്പിൽ നിന്ന് പുതിയൊരു ഭാഷയുടെ ജനനം ഉണ്ടാവുമെന്ന് വിശ്വസിക്കാൻ പ്രയാസമാണ്. വെങ്കലഭാഷകളുടെ ഉദ്ഭവം ഒരു പ്രത്യേകസാഹചര്യത്തിൽ ജീവിക്കുന്ന ജനസമുദായത്തിൽ മാത്രമാണ് സംഭവിക്കുന്നത്. "ഒരു ഭാഷാമേഖലയെ മുഴുവൻ വിദേശീയഭാഷയുടെ സ്വാധീനം മാറ്റിമറിച്ച സംഭവങ്ങളൊന്നും നടന്നതായി കേട്ടിട്ടില്ല. കേരളത്തിൽ അത്തരമൊരു അഭൂതപൂർവവും അസാധാരണവുമായ ഭാഷോദയം സംഭവിച്ചു എന്നതിന് ഇളംകുളത്തിന്റെ തെളിവുകൾ മതിയാവുന്നില്ല" (പേജ് 189).

വിശാലമായ ഗോത്രപരിഗണനയുടെ അടിസ്ഥാനത്തിൽ മുഖ്യമായും പല കാലഘട്ടങ്ങളിൽ സംഭവിച്ച നവപ്രവർത്തനങ്ങളെ ആധാരമാക്കി ഉത്പത്തിവിചാരം നടത്തുന്നു എന്ന പ്രത്യേകതയുള്ള 'പൂർവതമിഴ്മലയാളവാദ'ത്തെക്കുറിച്ചുള്ള ചർച്ചയിൽ കമിൽ സ്വലബിൽ, എ. ഗോവിന്ദൻകുട്ടി, എസ്. വി. ഷണ്മുഖം എന്നിവരുടെ പഠനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സി. എൽ. ആന്റണി, വി. ഐ. സുബ്രഹ്മണ്യം തുടങ്ങിയ ചില പണ്ഡിതന്മാരുടെ ഭാഷോത്പത്തിനിരീക്ഷണങ്ങളെപ്പറ്റിയുള്ള ചിന്തയാണ് അടുത്ത ഖണ്ഡത്തിൽ

കേരളഭാഷോത്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തപക്ഷം അവതരിപ്പിക്കുകയാണ് ഡോ. വാരിയർ മൂന്നാമധ്യായത്തിന്റെ അന്ത്യഖണ്ഡത്തിൽ (പേജ് 200–206). ആ പക്ഷത്തെ ഇങ്ങനെ സംഗ്രഹിക്കാം: ദ്രാവിഡഭാഷാഗോത്രത്തെ മൊത്തത്തിൽ പരിശോധിക്കുമ്പോൾ തമിഴുമലയാളങ്ങൾക്ക് പൊതുവായ ഒരു പൂർവഘട്ടം ഉണ്ടായിരുന്നു എന്നത് അനിഷേധ്യമാണ്. ഈ ഘട്ടത്തിൽനിന്ന് മലയാളം സ്വതന്ത്രഭാഷയായിത്തീർന്നത് ഇന്ന നൂറ്റാണ്ടിലാണ് എന്നു നിർണ്ണയിക്കുന്നത് അടിസ്ഥാനരഹിതമാണ്. അതിന്റെ പരിണാമം പല നൂറ്റാണ്ടുകളിലൂടെയുള്ള പ്രക്രിയയുടെ ഫലമാണ്. മലയാളം പ്രാഗ്ഭാഷാസ്വഭാവങ്ങൾ സംരക്ഷിക്കുന്നുവെന്നത് ഭാഷോത്പത്തിചിന്തയിൽ അത്ര പ്രധാനമായ ഒരു കാര്യമല്ല. മറിച്ച്, അതിൽ ഏതെല്ലാം നവപ്രവർത്തനങ്ങൾ എപ്പോഴെല്ലാം പ്രത്യക്ഷമാകാൻ തുടങ്ങി എന്നത് പ്രാധാന്യമർഹിക്കുന്ന വസ്തുതയാണ്. പശ്ചിമതീരത്തെ പ്രയോഗഭാഷ പൂർവപ്രദേശങ്ങളിലെ പരിനിഷ്ഠഭാഷയിൽനിന്നും വ്യത്യസ്തമായ ചില നവപ്രവർത്തനങ്ങൾ സംഘകാലത്തിനു മുൻപു മുതൽക്കേ ആരംഭിച്ചിരുന്നു. സാഹിത്യഭാഷ സംസാരഭാഷയുടെ പ്രതിഫലനമായിരുന്നില്ല. അതിനാൽ *രാമചരിതം* പോലുള്ള കൃതികളിലെ ഭാഷ അക്കാലത്തെ വ്യവഹാര

ഭാഷയുടെ അടുപ്പമുള്ള പകർപ്പുകളായിരുന്നു എന്ന് ധരിക്ക വയ്യ. *രാമചരിത*ത്തിലെ ഭാഷാസങ്കലനം അതൊരു തെക്കൻകൃതിയായതുകൊണ്ടു സംഭവിച്ചതാണെന്ന ധാരണ തെറ്റാവാനാണ് സാധ്യത. കവിവാക്യപ്രയോഗം 'ഭാഷ' എന്ന സാമാന്യാർഥത്തിലാണെന്ന അഭിപ്രായം ശരിയല്ല. ക്രിസ്തുവർഷാരംഭത്തോടുകൂടിത്തന്നെ സാഹിത്യഭാഷയായിക്കഴിഞ്ഞിരുന്ന ചെന്തമിഴ് തന്നെയാണ് കേരളത്തിലും ഏറെക്കാലം സാഹിത്യഭാഷയായിരുന്നത്. അപ്പോഴും നാടൻഭാഷയിൽ നാടൻപാട്ടുകൾ ഉണ്ടായിരുന്നിരിക്കാം. സാഹിത്യഭാഷയുടെയും ശാസനഭാഷയുടെയും അനുക്രമമായ പരിണാമചരിത്രം കേരളഭാഷയുടെ ചരിത്രാതീതസ്വതന്ത്രാവസ്ഥയെ കാണിക്കുന്നില്ല. പതിനാലാം നൂറ്റാണ്ടിലെ *ലീലാതിലക*ത്തിൽപ്പോലും കേരളഭാഷ പാണ്ഡ്യഭാഷയിൽനിന്നു ഭിന്നമാണ് എന്ന് വാദിച്ചുറപ്പിക്കേണ്ട സ്ഥിതിവിശേഷം കേരളീയഭാഷാപണ്ഡിതന്മാർക്കിടയിൽ നിലനിന്നിരുന്നു. മറ്റു പല കാരണങ്ങളോടൊപ്പം സംസ്കൃതഭാഷയുടെ അതിപ്രസരവും കേരളഭാഷയുടെ രൂപപരിണാമത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. ഒമ്പതാം നൂറ്റാണ്ടുവരെ വിശാലതമിഴകത്തിൽനിന്ന് ഭിന്നമായ പ്രാദേശികരേഖകൾ കേരളത്തിലുണ്ടായിരുന്നില്ല. അതിനുശേഷം ചില രേഖകൾ അക്കാലത്ത് ആരംഭിക്കുന്ന പ്രാദേശികഭാഷാചലനങ്ങളെ കുറച്ചൊക്കെ പ്രതിഫലിപ്പിക്കുന്നുണ്ട്. തുടർന്നുവരുന്ന *രാമചരിത-ഭാഷാകൗടലീയാ*ദിഗ്രന്ഥങ്ങൾ പ്രകടമായ പ്രാദേശികസ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്ന പശ്ചിമതീരസാഹിത്യഭാഷ ഉൾക്കൊള്ളുന്നവയാണ്. ഒൻപതു മുതൽ പതിമൂന്നുവരെ നൂറ്റാണ്ടുകൾക്കിടയിൽ സംഭവിച്ച ഭാഷാപരിണാമചരിത്രം വളരെ പ്രാധാന്യമർഹിക്കുന്നു. അങ്ങനെ ക്രിസ്തുവർഷാരംഭത്തിൽ പ്രാദേശികഭാഷാഭേദമായിരുന്ന പൂർവമലയാളം ഒമ്പതാം നൂറ്റാണ്ടുവരെ പതുക്കെയും അതിനുശേഷം വേഗത്തിലും മാറുന്നു. ഒമ്പതാം നൂറ്റാണ്ടിൽ കേരളത്തിലെ വായ്മൊഴി തമിഴകത്തിലെ വായ്മൊഴിയിൽനിന്ന് വളരെ അകന്നുകഴിഞ്ഞിട്ടുണ്ടാവണം. അതിനുശേഷം വാമൊഴിയിലേക്കും അതിന്റെ സ്വാധീനം പ്രസരിച്ചുതുടങ്ങി. 9–13 നൂറ്റാണ്ടുകൾക്കിടയിലുള്ള ഭാഷ തമിഴോ മലയാളമോ അല്ല. 'പിൽക്കാലപൂർവകേരളഭാഷ' എന്നു പറയാം. ഒമ്പതാം നൂറ്റാണ്ടിനുമുമ്പത്തെ ഭാഷ 'മുൻകാലപൂർവകേരളഭാഷ'യും. പതിമൂന്നാം നൂറ്റാണ്ടിനുശേഷമുള്ള കേരളഭാഷ മാത്രമേ 'മലയാള'മെന്ന പേര് അർഹിക്കുന്നുള്ളൂ.

ഈ നിഗമനങ്ങൾ സമചിത്തത വെടിയാത്ത ശാസ്ത്രീയചിന്തയുടെ സത്ഫലങ്ങളാണെന്ന് അഭിപ്രായപ്പെടാൻ സന്തോഷമുണ്ട്. സൂക്ഷ്മമായാലോചിച്ചാൽ എൽ. വി. ആർ., ഇളംകുളം മുതലായവരുടെ സിദ്ധാന്തങ്ങളിൽനിന്ന് ഗ്രാഹ്യമായവയെല്ലാം ഉൾക്കൊള്ളുന്നതിൽ ഗ്രന്ഥകാരൻ മടിച്ചിട്ടില്ലെന്ന് ഈ സിദ്ധാന്തപക്ഷം വ്യക്തമാക്കും. ആധുനികഭാഷാശാസ്ത്രവിജ്ഞാനവും നൂതനഗവേഷണരീതിപരിശീലനവും അദ്ദേഹത്തിന് അങ്ങേയറ്റം സഹായകരമാവുകയും ചെയ്തിട്ടുണ്ട്.

നാലാമദ്ധ്യായത്തിൽ കൊല്ലവർഷത്തിനു മുമ്പുള്ള കേരളഭാഷയുടെ സ്ഥിതി പഠനവിഷയമാക്കുന്നു. ഭാഷാചരിത്രവും ദേശചരിത്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റി സൂചിപ്പിച്ചുകൊണ്ട് ആദ്യകാലകേരളചരിത്രത്തിന്റെ അനുക്രമവും പൂർവാപരബന്ധമുള്ളതുമായ രൂപരേഖ നമ്മുടെ മുമ്പിലില്ലാത്തതിനാൽ ആദ്യകാലഭാഷാചരിത്രത്തിന്റെ രൂപരേഖയും സ്വാഭാവികമായും ഭാഗികവും പലപ്പോഴും അഭ്യൂഹബഹുലവുമാകാനിടയുണ്ടെന്ന് പ്രസ്താവിക്കുകയാണ് ആദ്യഖണ്ഡത്തിൽ. തുടർന്ന് കേരളത്തെയും മലയാളത്തെയും കുറിച്ചുള്ള പ്രാചീനപരാമർശങ്ങളെപ്പറ്റി വിവരിക്കുന്നു. *തൊൽക്കാപ്പിയ*ത്തെയും സംഘകൃതികളെയും ആസ്പദമാക്കി പഴന്തമിഴിലും മലയാളത്തിലും പ്രസക്തങ്ങളായ ചില ഭാഷാസ്വഭാവങ്ങളെ താരതമ്യപ്പെടുത്തുകയാണ്. അനന്തരം ഭാഷാചരിത്രത്തിൽ കൈക്കൊള്ളേണ്ട ഘട്ടവിഭജനത്തിൽ പൂർവസൂരികളുടെ അഭിപ്രായഭേദങ്ങളെ അപഗ്രഥിക്കുന്നു.

ഈ സാമാന്യാവലോകനത്തിൽനിന്നുതന്നെ *പൂർവകേരളഭാഷ* ഭാഷാവിദ്യാർത്ഥികൾക്കും പണ്ഡിതന്മാർക്കും എത്രത്തോളം പ്രയോജനപ്രദമായിരിക്കുമെന്ന് വ്യക്തമായിട്ടുണ്ടാകുമല്ലോ. താമസിയാതെ ഈ പരമ്പരയിലെ തുടർന്നുള്ള മൂന്നു പുസ്തകങ്ങളും കൈരളിക്ക് സമർപ്പിക്കുവാൻ ഡോ. വാരിയർക്ക് സാധിക്കട്ടെ. അങ്ങനെ മലയാളത്തിൽ പ്രാമാണികമായൊരു ഭാഷാചരിത്രമില്ലെന്ന ഇന്നത്തെ സ്ഥിതി പരിഹരിക്കുവാൻ മദിരാശി സർവകലാശാലാമലയാളവിഭാഗത്തിന് കഴിയട്ടെ.

(*മാതൃഭൂമി* ആഴ്ച്ചപ്പതിപ്പ്, 1983 ജൂലായ് 24–30)

## 15. വൈലോപ്പിള്ളിയുടെ ഭാരതീയ കാവ്യപാരമ്പര്യം

"വൈലോപ്പിള്ളിയെപ്പോലുള്ള കവികൾ അരങ്ങത്തെത്തുമ്പോൾ ആ അരങ്ങെങ്ങനെയെന്നു മറക്ക വയ്യ. റൊമാന്റിസിസത്തിന്റെ ധാരകൾ മൃദുലങ്ങളായ അനവധി പദങ്ങളുടേയും ആശയങ്ങളുടേയും സൗന്ദര്യം പെയ്തുതീർത്തിരുന്നു അപ്പോൾ. കാവ്യരൂപങ്ങളെക്കുറിച്ചും ഏറെക്കുറെ ഇതാണ് പരമാർത്ഥം. ഉപയോഗിച്ചുപയോഗിച്ച് വായ്മടങ്ങിയ കരുക്കളുപയോഗിച്ച് പുത്തൻകൂറ്റുകാർക്ക് അവരുടെ മൂർച്ചയേറിയ അനുഭവങ്ങൾ ആവിഷ്ക്കരിക്കുക സാദ്ധ്യമല്ലാതായി. മൂന്നുനാല് മഹാകവികളുടെ പൈതൃകം അവരുടെ ചുമലുകളിൽ വിടാതെ തൂങ്ങിക്കിടന്നു. അതവരെ പിടിച്ച് പാതാളംവരെ താഴ്ത്തി. അതവരെ നൂതനസംരംഭങ്ങളിലേക്ക് കുതിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു" (എം. എൻ. വിജയൻ, *ഓണപ്പാട്ടുകാരു*ടെ അവതാരിക).

ഇതിൽനിന്ന് ഒരു കാര്യം വ്യക്തമാണ്. മൗലികപ്രതിഭയുള്ളൊരു കവിക്ക് പാരമ്പര്യത്തിന്റെ വാലിൽ തൂങ്ങിനിൽക്കുക സാധ്യമല്ല. അയാൾ പുതിയ വഴി തേടിപ്പോകും. വൈലോപ്പിള്ളി അങ്ങനെ, പുതിയ, സ്വന്തമായ വഴി വെട്ടിത്തെളിച്ച് മൗലികപ്രതിഭനായ മഹാകവിയാണ്. എങ്കിലും പാരമ്പര്യത്തെ അമ്പേ നിഷേധിച്ചുകൊണ്ടുള്ളൊരു പോക്ക് ആർക്കും സാധ്യമല്ല. ആഴവും പരപ്പുമാർന്നൊരു കാവ്യപാരമ്പര്യം വൈലോപ്പിള്ളി എന്ന കവിയുടെ സ്വത്വത്തെ രൂപപ്പെടുത്തുന്നതിന് പിന്നിലുണ്ട്. പാരമ്പര്യത്തിൽ ഒട്ടേറെ വിശ്വസിക്കുന്നവനാണ് താനെന്ന് വൈലോപ്പിള്ളി ഏറ്റു പറഞ്ഞിട്ടുണ്ട് (*കാവ്യലോകസ്മരണകൾ*, ആമുഖം). "പൈതൃക"മെന്ന പേരിൽത്തന്നെ ഒന്നിലധികം കവിതകൾ അദ്ദേഹം എഴുതിയിട്ടുണ്ടെന്നതും ഓർക്കുക. "ജീവിതത്തിൽ പണ്ടേതന്നെ എനിക്ക് ആനന്ദകരമായി ഒരു സംഗതിയേ ഉണ്ടായിരുന്നുള്ളൂ – വായന. മറ്റുള്ളവരുടെ നല്ല കൃതികൾ വായിച്ചുകൊണ്ടിരിക്കുമ്പോൾ മനസ്സ് വിശ്രമസുഖവും ഉല്ലാസവും അനുഭവിക്കുന്നു. ചിന്താലോകത്തിലെ ആ സഞ്ചാരമാണ് എന്നെ ഈ ജീവിതസായങ്കാലംവരെ ജീവിപ്പിച്ചുനിറുത്തിയത്" (*കാവ്യ...*, ആമുഖം) എന്നെഴുതിയ കവിയെ എത്ര വിപുലമായൊരു പുസ്തകപ്രപഞ്ചമായിരിക്കും സ്വാധീനിച്ചിരിക്കുക എന്ന് ഊഹിക്കാമല്ലൊ. പാശ്ചാത്യവും പൗരസ്ത്യവുമായ എത്രയോ കാവ്യങ്ങൾ വൈലോപ്പിള്ളിക്കവിതയുടെ കാന്തിമൂല്യങ്ങൾക്ക് പശ്ചാത്തലമൊരുക്കിയിട്ടുണ്ടെന്നു കരുതുന്നതിൽ തെറ്റില്ല. പാശ്ചാത്യസ്വാധീനമാണ് കൂടുതൽ എന്നും പറയേണ്ടതുണ്ട്. "പാശ്ചാത്യസാഹിത്യമാണ് ചിന്തയിലും ഭാവനയിലും കലാശില്പത്തിലും എന്നെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത്" ("എന്റെ കവിത"– *വിത്തും കൈക്കോട്ടും*) എന്ന് കവിതന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഇവിടെ പൗരസ്ത്യപശ്ചാത്തലത്തെക്കുറിച്ചു മാത്രമേ കുറഞ്ഞൊന്നു ചിന്തിക്കുന്നുള്ളു.

താൻ കവിതാവാസന നേടിയത് 'പാട്ടുകാരിയും വലിയ നോവൽ വായനക്കാരി'യും 'സംഭാഷണത്തിനിടയ്ക്ക് കവിത

തുളുമ്പുന്ന പല നാടൻ ശൈലികളും സ്വന്തം കല്പനകളും എടുത്തു വിതറാറുള്ളവരു'മായ അമ്മയിൽ നിന്നാണെന്ന് വൈലോപ്പിള്ളി അനുസ്മരിക്കുന്നു. അമ്മാവന്റെ മഠത്തിൽ മാസത്തിൽ നാലോ അഞ്ചോ തവണ ഉണ്ടാകാറുണ്ടായിരുന്ന ഭജനയ്ക്കിടയ്ക്ക് താനും ജ്യേഷ്ഠനും അനുജനും 'നാലുകെട്ടായ തറവാട്ടുവീടിന്റെ നടപ്പുരയിൽ ഇരുന്നു ചൊല്ലാറുള്ള നാമ കീർത്തനങ്ങൾ ഛന്ദസ്സുകളുടെ ലോകത്തിലേക്ക്' തന്നെ നയിച്ച കാര്യം അദ്ദേഹം *കാവ്യലോകസ്മരണകളിൽ* വിവരിക്കുന്നുണ്ട്.

കവിതയിൽ വൈലോപ്പിള്ളിയെ മുലപ്പാലൂട്ടിയത് വടക്കൻ പാട്ടാണ്. കവി അതേക്കുറിച്ച് സ്മരിക്കുന്നു: "അഞ്ചാറു വയസ്സു പ്രായത്തിൽ വടക്കൻപാട്ടു ചൊല്ലിക്കേൾക്കുവാൻ എനിക്ക് ഭാഗ്യമുണ്ടായി. ഞങ്ങളുടെ അകന്ന ബന്ധത്തിൽപ്പെട്ട ഒരു ദരിദ്രസ്ത്രീ– പുന്നുരുന്നിൽ ചാത്തോളിൽ പാറുവമ്മ ഇടയ്ക്കാക്കെ, താരതമ്യേന സമ്പന്നമായ ഞങ്ങളുടെ ഗൃഹത്തിൽ രണ്ടും മൂന്നും ദിവസം വന്നു താമസിക്കാറുണ്ടായിരുന്നു. അത്താഴമൂണ് കഴിഞ്ഞു കിടക്കുമ്പോൾ എന്റെ അമ്മൂമ്മയുടെ നിർബന്ധത്തിനു വഴങ്ങി പാറുവമ്മ പാടാറുള്ള വടക്കൻപാട്ടു കേട്ട് മറ്റെല്ലാവരും ഉറങ്ങിയാലും ഞാൻ കാതു കൂർപ്പിച്ചുകേട്ട് അതിൽ ലയിച്ചുകിടക്കുക പതിവായിരുന്നു. ഇന്നും വടക്കൻപാട്ടുകൾക്ക് എന്റെ ഹൃദയത്തിന്റെ ഒരു കോണിൽ സ്നേഹാർദ്രമായ ഒരു സ്ഥാനം ഞാൻ ഒരുക്കിവെച്ചിരിക്കുന്നു" (*കാവ്യ*..., 1). "ഇന്നും പുതുമഴക്കാലത്ത് പാടത്തുനിന്ന് അതേ പാട്ടുകൾ പാടികേൾക്കുമ്പോൾ ഞാൻ വീരാഹ്ലാദഭരിതനായി വഴിയരികിൽ നിന്നുപോകാറുണ്ട്" ("എന്റെ കവിത") എന്ന് മറ്റൊരിടത്തും പ്രസ്താവിച്ചിരിക്കുന്നു. ഇതോടൊപ്പം കവിയെ സ്വാധീനിച്ചവയാണ് ഗ്രാമീണരുടെ ഓണപ്പാട്ടുകളും കൈകൊട്ടിക്കളിപ്പാട്ടുകളും മറ്റും. "ഈഴവർ, പുലയർ മുതലായവരുടെ കുട്ടികളിൽ ഓണത്തിന് വിശേഷിച്ച് പാട്ടും കൈകൊട്ടിക്കളിയും തിരുതകൃതിയായി നടന്നിരുന്നു. നിഷ്കളങ്കമായ ഈ നൈസർഗികവിനോദം കണ്ടും കേട്ടും വഴിയരികിൽ ഞാൻ കൊതിച്ചു നിൽക്കാറുണ്ട്, ഒട്ടു മുതിർന്നതിനുശേഷം." (*കാവ്യ*... 2). "വടക്കൻപാട്ട്" (*കയ്പവല്ലരി*) എന്ന ഒരു കവിതതന്നെ വൈലോപ്പള്ളി എഴുതിയിട്ടുണ്ട്. ''പടയാളി''കളിലും മറ്റും ആ വീരസ്മരണ കാണാം. ''പെണ്ണും പുലിയും'' (*കുന്നിമണികൾ*) തൊട്ടുള്ള കവിതകളിൽ ഈ നാടോടിപ്പാട്ടുകളിലെ തെളിമലയാളം പകർന്നിട്ടുള്ളതു ശ്രദ്ധിക്കുക. ഓണക്കളിക്കാർ, തുയിലുണർത്തൽ തുടങ്ങിയ കവിതകളിൽ കലാലോലരായ ഗ്രാമീണരുടെ സ്വാഭാവികാഹ്ലാദത്തിമിർപ്പിനെ കവി കൊണ്ടാടിയിട്ടുണ്ട്. *മൃതസഞ്ജീവനി, ഋശ്യശൃംഗൻ* എന്നീ കാവ്യനാടകങ്ങളിലെ നാടൻ കഥാപാത്രങ്ങളും നാടോടിവൃത്തങ്ങളും ഈ സ്വാധീനത്തിന്റെ ഫലങ്ങൾ തന്നെ. ഈ നാടൻകഥകളുടെ പശ്ചാത്തലമാണ് "ചന്ദ്രന്റെ ചിരി" (*മകരക്കൊയ്ത്ത്*) എഴുതിച്ചത്.

പത്തു വയസ്സുള്ളപ്പോൾ ഒരു മുതിർന്ന ചങ്ങാതി ചൊല്ലി

ക്കേൾപ്പിച്ച *കുമാരസംഭവ*തർജ്ജമ തന്റെ മുൻപിൽ കവിതയുടെ ഒരു പുതിയ ലോകം തുറന്നിട്ടതായി വൈലോപ്പിള്ളി ''എന്റെ കവിത''യിൽ എഴുതിയിരിക്കുന്നു. ഇതിന്റെ വിശദാംശങ്ങൾ *കാവ്യലോകസ്മരണക*ളിലുണ്ട്: "കാളിദാസപ്രതിഭയിൽ വിരിഞ്ഞ കല്യാണസൗഗന്ധികത്തിന്റെ പരിമളം (*കുമാരസംഭവം* തർജ്ജമ –കാമദഹനം) മാതൃഭാഷയിൽകൂടി പകർന്നും ചോർന്നും കിട്ടിയപ്പോൾ ഞാൻ എന്തെന്നില്ലാത്ത നിർവൃതിയിലാണ്ടു. വടക്കൻ പാട്ട് കേട്ടശേഷം അന്നാണ് എന്റെ ഹൃദയം സാക്ഷാൽ കവിത കേട്ട് ഉണർന്ന് കൺമിഴിച്ചത്. തന്നെ ആദ്യമായി ഒരു കൃതി രചിപ്പിച്ച സാഹചര്യം കവി അനുസ്മരിപ്പിക്കുന്നത് നോക്കുക. "കാളിദാസന്റെ കവിതാവിലാസവും രസം പിടിച്ചുചൊല്ലുന്ന ആ അമ്മാവന്റെ കണ്ഠമാധുര്യവും പാഠത്തിന് മിഴിവേകുന്ന രവിവർമ്മച്ചിത്രത്തിന്റെ വസന്തരംഗത്തിൽ ശോഭിക്കുന്ന ശിവപാർവതിമാരും എല്ലാം ചേർന്ന് എന്നെ സരസ്വതിക്കു വെച്ചു. പിന്നെ കിട്ടാവുന്ന കവിതാപുസ്തകങ്ങൾ തെണ്ടിപ്പിടിച്ചു വായിക്കുന്നതിൽ കമ്പമായി. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ *ശാകുന്തളം* തർജ്ജമ, കുഞ്ചൻനമ്പ്യാരുടെ *ശ്രീകൃഷ്ണചരിതം* തുടങ്ങിയ പുസ്തകങ്ങൾ എന്നെ ആവേശം കൊള്ളിച്ചു. *ശാകുന്തള*ത്തിന്റെ മാതൃകയിൽ ഈർക്കിൽ കൊണ്ട് മുറ്റത്തെഴുതി പിന്നീട് നോട്ടുപുസ്തകത്തിൽ പകർത്തി കീറിക്കളഞ്ഞ ഒരു ശ്ലോകനാടകമാണ് എന്റെ ആദ്യത്തെ കൃതി" (*കാവ്യ...* 4).

"ഋശ്യശൃംഗനെന്ന കാവ്യനാടകത്തിലൂടെയും മറ്റും വെളിവാക്കുന്ന ജീവിതരതിയുടേതായ ദർശനത്തിൽ കാളിദാസന്റെ വിശേഷിച്ചും *കുമാരസംഭവ*ത്തിന്റെ സ്വാധീനം കണ്ടെത്താവുന്നതാണ്. 'ഗ്രീഷ്മത്തിൽ' (*വിട*) എന്ന കവിതയിൽ നിറഞ്ഞുനിൽക്കുന്ന *മേഘസന്ദേശ*ത്തിന്റെ ഇമേജുകളും ഇവിടെ ഓർക്കാം. കാളിദാസീയമെന്നു പറയാവുന്ന സ്വന്തം പദനിരുക്തി പ്രദർശിപ്പിക്കാനുള്ള വാസനപോലും വൈലോപ്പിള്ളിയിൽ കാണാം. "ജീർണ്ണത ചേറ്റിൽ താഴുന്നൂ, പുഴ പൂർണ്ണത നോക്കിപ്പായുന്നു" (ചേറ്റുപുഴ) എന്നിങ്ങനെ ''ചേറ്റുപുഴ'' എന്ന പേരിൽ കവി പുതിയൊരർത്ഥം കാണുന്നത് ഒരുദാഹരണം.

പഴഞ്ചൊല്ലുകളും കടങ്കഥകളും തന്റെ കാവ്യസംസ്കാരത്തെ സമ്പുഷ്ടമാക്കിയതായി വൈലോപ്പിള്ളി അനുസ്മരിക്കുന്നുണ്ട്. ''ഇക്കാലത്തിനിടയ്ക്ക് അധികം അറിയപ്പെടാത്ത ഒരു കൊച്ചുവഴിയിലുടെ കവിതാസംസ്കാരത്തിന്റെ ഓണപ്പൂക്കൾ എന്റെ മനസ്സിൽ വിരിഞ്ഞത് പഴഞ്ചൊല്ലുകളിലൂടെയും കടങ്കഥകളിലൂടെയുമാണ്. അമ്മ എന്തുപറയുമ്പോഴും പഴഞ്ചൊല്ലുകൾകൊണ്ട് അണിയിടുക പതിവായിരുന്നു..." (*കാവ്യ...* 5). വൈലോപ്പള്ളിയുടെ കാവ്യലോകത്തിലെ ഉക്തിവൈചിത്ര്യങ്ങളുടെ ഉറവിടം ഈ അമ്മയും മറ്റുമുൾക്കൊള്ളുന്ന ഗ്രാമീണാന്തരീക്ഷമാണ്. കവി എഴുതുന്നു: ''എന്റെ അയൽപ്പക്കത്തെ മുത്തശ്ശിപോലും മേഘ

ച്ഛന്നമായ ആകാശം കാണുമ്പോൾ 'അതാ കണ്ണെഴുതി കുറിയും തൊട്ടു വന്നുനിൽക്കുന്നു' എന്നാണ് പറയാറ്. കുറി തൊട്ടു എന്നത് മഴവില്ലിനെ ഉദ്ദേശിച്ചായിരിക്കും! ഇത്തരം നാടൻ മൊഴിയിൽ അലിഞ്ഞുചേർന്ന അർത്ഥചമത്കാരങ്ങൾ എനിക്ക് വളരെ പഥ്യമാണ്" (എന്റെ കവിത). ആ 'ശ്രീമയ'മായ ബിംബങ്ങളിൽ മിക്കതിനും കാവ്യഹൃദയവുമായി സിരാബന്ധമുണ്ടെന്നത് അനുഭവസിദ്ധമാണ്. എങ്കിലും മുണ്ടശ്ശേരിയുടെ കൊള്ളിവാക്കിലും 'വാസ്തവനാള'മില്ലേ എന്ന് ചിലപ്പോൾ നമുക്ക് സംശയം തോന്നാം.

നീലനീൾക്കണ്ണെഴുതിയ നാൾകൾ
നീളെ മാരിനീർ വാരിവിതയ്ക്കേ,
പാവുകോടികൾ ചുററിയ നാൾകൾ
പൂവുതേടിയും പാടിയും പോകേ. (*കുടിയൊഴിക്കൽ*)

ഇത്യാദി ഷഡൃതുവർണ്ണനം ഏതാണ്ടൊരു കടങ്കഥയുടെ മട്ടിലായിട്ടില്ലേ? എം. എസ്സ്. മേനോൻ മുൻപുതന്നെ ഈ ആക്ഷേപമുന്നയിച്ചിട്ടുണ്ട് (*കല ശാസ്ത്രീയ യുഗത്തിൽ* – "വിത്തും കൈകോട്ടും").

അക്ഷരശ്ലോകത്തിന്റെ സ്വാധീനത്തെപ്പറ്റി "അക്ഷരശ്ലോകത്തിനുവേണ്ടി അവിടുന്നുമിവിടുന്നും ചില ശ്ലോകങ്ങൾ ഹൃദിസ്ഥമാക്കിയതുതന്നെ എന്റെ കവിതാവാസനയെ പ്രതീക്ഷിച്ചതിലധികം വളർത്തിയെടുത്തു" (*കാവ്യ*... 5) എന്ന് കവി പ്രസ്താവിച്ചിട്ടുണ്ട്. ഒറ്റശ്ലോകങ്ങൾ എഴുതുന്നതിൽ വൈലോപ്പിള്ളിക്കുള്ള വിരുത് *മകരക്കൊയ്ത്തി*ലെ ശ്ലോകങ്ങളും ചില കവിസ്മരണകവനങ്ങളും വ്യക്തമാക്കും. *കുരുവിക*ളിലും മറ്റും ചേർത്ത ഗീതകങ്ങളിൽ പാശ്ചാത്യഗീതകങ്ങളുടെയെന്ന പോലെ സംസ്കൃതത്തിലെയും മലയാളത്തിലെയും മുക്തകങ്ങളുടേയും സ്വാധീനം ഉണ്ടാവാം. ഒറ്റശ്ലോകം പലപ്പോഴും രസകരമായ ഒരു വർണ്ണനമോ പ്രസ്താവമോ ചെയ്തു വിരമിക്കുമ്പോൾ, ഗീതകം അതിന്റെ കൃശശരീരത്തിൽ വൈരുധ്യാധിഷ്ഠിതമോ സാദൃശ്യനിഷ്ഠമോ ആയ ജീവിതസത്യത്തിന്റെ ഹൃദയമോ തീർത്ഥമോ വഹിക്കുന്നു' (*കുരുവിക*ളുടെ പ്രസ്താവന) എന്ന് കവി ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നുണ്ടെങ്കിലും, "വിലങ്ങൻകുന്നിനോട്" (*കയ്പവല്ലരി*) മുതലായ ഗീതകങ്ങളിൽ അന്യാപദേശമുക്തകങ്ങളുടെ സ്വാധീനം നിഷേധിക്കാവുന്നതല്ല.

കവിത്രയത്തിന്റെ കവിതകളുടെ പാരമ്പര്യം തന്നിലലിഞ്ഞുചേർന്ന കഥ വൈലോപ്പിള്ളി വിസ്തരിച്ചുതന്നെ വിവരിച്ചിട്ടുണ്ട്. ഒരു മഹാകവി തന്റെ പൂർവന്മാരായ മഹാകവികളെ ആദരപൂർവം എങ്ങനെ വിലയിരുത്തുന്നു എന്നു കാണുന്നത് നമ്മെ സംബന്ധിച്ചിടത്തോളം നിസ്സാരമല്ലാത്തൊരു നേട്ടമാണ്. മലയാളത്തിൽ അത്തരം വിലയിരുത്തലുകൾ അപൂർവമാണെന്നതിനാൽ വൈലോപ്പിള്ളിയുടെ ഈ കവിത്രയമൂല്യനിർണ്ണയനത്തിന് എടുത്തുപറയത്തക്ക പ്രസക്തിയുണ്ട്. കവി എഴുതുന്നു. "ഹൈസ്കൂൾക്ലാസ്സിൽവെച്ച് ഞാൻ കുമാരനാശാന്റെയും വള്ളത്തോ

ളിന്റേയും ഉള്ളൂരിന്റെയും കവിതകൾ കോരിക്കുടിച്ചു. വിമർശന പൗരുഷം വളർന്നിട്ടില്ലാത്ത കൗമാരത്തിൽ ഈ കവിതകളെല്ലാം എനിക്ക് എന്തൊരു ഹർഷവും ഹൃദ്യോത്കർഷവുമാണ് നൽകിയത്" (എന്റെ കവിത). ആശാൻകവിത എന്റെ നവവയസ്സിലെ ആദ്യ പ്രേമമായിരുന്നുവെന്നു പറയാം. പ്രണയപരവശേ... എന്ന ലീലാകാവ്യത്തിലെ ആദ്യവരികൾ ഏതോ നെടുമോഹനിദ്രയിൽനിന്ന് എന്നെയും ഉണർത്തത്തക്കവണ്ണം എന്റെ മനക്കാമ്പിൽ ചില പുതുമഴത്തുള്ളികൾ പൊഴിക്കുകയുണ്ടായി. *ലീല*യും *നളിനി*യും *ചണ്ഡാലഭിക്ഷുകി*യും മറ്റും വായിക്കുമ്പോൾ എന്റെ ബാലമനസ്സിലുണ്ടായ ആഹ്ലാദകരമായ അസ്വസ്ഥതയ്ക്ക് ഒരു കാരണം പിന്നീട് കണ്ടെത്തി. അത് ആശാന്റെ പ്രതിഭയുടെ വന്യത(വൈൽഡ്നെസ്സ്)യാണെന്ന് ഒറ്റവാക്കിൻ പറയാം. സമകാലികരായ മറ്റു മഹോന്നതകവികളിൽ കാണുന്ന മാന്യമായ നാഗരികതയെ വെട്ടിച്ചുയർന്നുനിൽക്കത്തക്കവിധം ആശാനെ ഒരു ജീനിയസ്സാക്കുവാൻ ഈ വന്യത ഹേതുഭൂതമായിട്ടുണ്ടെന്ന് എനിക്കു തോന്നുന്നു" (*കാവ്യ*... 5). കവിതകളിലന്നുവരെ സഹൃദയൻ പ്രതീക്ഷിച്ചിരുന്ന നർമ്മമോ രസികത്വമോ രചനാസൗഷ്ഠവമോ അല്ല അതിനുപരിയായി കല്പനാചാതുര്യത്തിന്റെ കൈകുതറിപ്പോകുന്ന ഒരു വികാരോദ്വേഗമാണ് ആശാൻകവിതകളിൽ വിളികൂട്ടുന്നത്. ഇതത്രയും നിരൂപിക്കാൻ വയ്യാത്ത നിസ്സഹായനായ എന്റെ കൗമാരാന്തരംഗത്തിൽ മുൻപറഞ്ഞ ആഹ്ലാദവും അസ്വസ്ഥതയും അലയടിച്ചു'' (*കാവ്യ... 6*). 'അത്രകണ്ട് കടുകട്ടിയായ പ്രരോദനം പോലും ഞാൻ എട്ടാം ക്ലാസ്സിൽവെച്ച് വായിച്ചുതകർത്തു എന്നഭിമാനിക്കാം. ആശാൻകവിതയിലെ കല്പനാശക്തിയുടെ കാർകൊണ്ടലിൽ ഇടിയും മിന്നലുംകൊണ്ടു വെല്ലുവിളികൾ വിക്ഷേപിക്കുന്ന ഒരുത്തുംഗശിഖരമാണ് *പ്രരോദനം* എന്നാണ് എന്റെ അഭിപ്രായം. ഇത്രയൊക്കെ പിന്നീടുവന്ന ഉൾക്കാഴ്ച. അന്ന് ആ പതിനാലാം വയസ്സിൽ ആശാൻ എന്നെ ഇളക്കിമറിച്ചു എന്ന് ചുരുക്കത്തിൽ പറയുകയേ നിവൃത്തിയുള്ളൂ' (*കാവ്യ*... 6). എനിക്ക് *ഉമാകേരള*വും നന്നെ ഇഷ്ടപ്പെട്ടു. 'പാലഞ്ചുമാറിഹ കിരാതികൾ പാട്ടുപാടി...' എന്ന സഹ്യപർവതവനങ്ങളിലെ വേടപ്പെൺകൊടികളെക്കുറിച്ചുള്ള ശ്ലോകത്തിന്റെ ശബ്ദാർത്ഥചാരുത ഞാൻ ഇപ്പോഴും ഏകാന്തത്തിൽ മനസ്സുകൊണ്ട് നുണയാറുണ്ട്. ആദിത്യവർമ്മ മഹാരാജാവിന്റെ മരണം, പുത്രശോകാർദ്രയായ ഉമയമ്മ റാണിയുടെ വിലാപം എന്നീ ഭാഗങ്ങൾ വായിച്ച് ഞാൻ ശരിക്കും കരയുക തന്നെയുണ്ടായി... നൂറു കുറ്റങ്ങൾ പറയാനുണ്ടായാലും *ഉമാകേരളം* ഉള്ളൂരിന്റെ കവിപ്രകൃതിതാരുണ്യത്തിന്റെ ഓജസ്സ് ധൂർത്തടിച്ചു കെട്ടിപ്പടുത്ത കീർത്തിപ്രഭാവത്തിന്റെ കോട്ടയാണ് എന്ന് എനിക്കിന്നും തോന്നുന്നു (കാവ്യ... 6). ഇക്കാലത്തുതന്നെ വള്ളത്തോൾക്കവിതയുമായി ഞാൻ പരിചയപ്പെട്ടു. അദ്ദേഹത്തിന്റെ *ചിത്രയോഗം* കമ്പോടുകമ്പ് വായിച്ചു – രണ്ടു മൂന്നു *സാഹിത്യമഞ്ജരി*കളും. *സാഹിത്യമഞ്ജരി*കളാണ് എന്റെ

ശ്രദ്ധയെ ഏറെ മധുവൂട്ടി മദംകൊള്ളിച്ചത്. തെളിഞ്ഞ മലയാള ശൈലിയിൽ അർത്ഥശങ്കയ്ക്ക് അധികം ഇടം കൊടുക്കാതെ ഭാരതത്തിലെ ദർശനപ്പഴമയേയും സ്വാതന്ത്ര്യസമരത്തേയും കേരളത്തിലെ ഗ്രാമീണജീവിതത്തെയും ആസ്പദമാക്കി അദ്ദേഹം രചിച്ചു നിരത്തിയ ചെറുകവിതകൾ എന്റെ ഹൃദയത്തെ തികച്ചും തൃപ്തിപ്പെടുത്തി. അവയിലെ വരികൾ പലതും എനിക്ക് പ്രയാസം കൂടാതെ മനഃപാഠമായി. എന്റെ വീട്ടിലെയും നാട്ടിലെയും ഭാഷയിൽ പാടുന്ന ഈ കവി ഒരു കണക്കിൽ എന്റെ കവിയായിത്തീർന്നു" (**കാവ്യ**... 7). നമ്മുടെ ഈ മൂന്നു നവോത്ഥാനമഹാകവികളും തനിക്ക് ഒരുപോലെ പ്രിയപ്പെട്ടവരായിരുന്നുവെന്നും അവർ തമ്മിൽ വിവേകപൂർവമായ താരതമ്യത്തിനു വേണ്ടവിധം തന്റെ വിമർശനബോധം ഉറച്ചിരുന്നില്ലെന്നും വൈലോപ്പിള്ളി തുടർന്നു പറയുന്നു. എങ്കിലും ചെറിയൊരു താരതമ്യചിന്ത ഇല്ലാതെയുമില്ല. "ആത്മീയമായ അനുഭൂതി ഏറ്റവുമധികമുണ്ടായത് ആശാന്റെ കവിതകളിൽനിന്നാണ്. ശരത്കാലപുഷ്പങ്ങളുടെ സൗമ്യതീവ്ര സൗരഭങ്ങളെല്ലാം, ഞാൻ അവയിൽനിന്നനുഭവിച്ചു" (എന്റെ കവിത). പക്ഷേ ആസ്വാദനത്തിലല്ലാതെ നിർമ്മാണത്തിൽ ആശാൻ കവിത എടുത്തുപറയത്തക്ക സ്വാധീനം ചെലുത്തിയതായി തോന്നുന്നില്ല. എങ്കിലും സ്വാതന്ത്ര്യസങ്കല്പവും സാമൂഹിക ബോധവും വികസിപ്പിച്ചെടുക്കുന്നതിൽ ആശാന്റെയും തദനുയായികളായ സഹോദരൻ അയ്യപ്പന്റേയും മറ്റും കവിതകളിലൂടെയും പ്രഭാഷണങ്ങളിലൂടെയുമുള്ള ഉദ്ബോധനങ്ങൾ വൈലോപ്പിള്ളിക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്. സാഹിത്യത്തിലും സമൂഹജീവിതത്തിലും ആധ്യാത്മികമണ്ഡലത്തിലും സ്വാതന്ത്ര്യം മനുഷ്യന്റെ ജന്മാവകാശം എന്നതാണ് ആശാന്റെ മുദ്രാവാക്യമെന്നു തോന്നുന്നു, ജാതിമതഭേദങ്ങൾക്കെതിരായ കാഹളം അതിന്റെ പ്രകടമായ ഒരു ഭാഗം മാത്രമാണ് (*കാവ്യ*... 8). ജീവിതത്തെപ്പറ്റി ശാസ്ത്രീയമായ സമീപനം, ദൈവവിശ്വാസം മുതൽ ഏതു വിശ്വാസത്തേയും ചോദ്യം ചെയ്യൽ, ജീവപുരോഗതി പരിണാമത്തിലൂടെയാണെന്ന ബോധ്യം, പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ ആവശ്യകത, വർണ്ണാശ്രമധർമ്മത്തിന്റെ പൊളിച്ചെഴുത്ത്, ബ്രാഹ്മണമേധാവിത്വത്തിന്റെ അർത്ഥശൂന്യത മുതലായ തർക്കങ്ങളും വാദങ്ങളും അയ്യപ്പൻ മാസ്റ്റർ ഈ യുവരക്തധാരയിൽ (കലൂരിലെ ഈഴവയുവാക്കളിൽ) കുത്തിവെച്ചു. പരോക്ഷമായി, പരിഹാസത്തിന്റെ ഉപ്പുരസം ചേർന്ന അത് പട്ടിണിക്കാരനായ ഞാൻ ക്ലാസ്സ്മുറിയിലും കൂട്ടുകൂടി നടന്നുപോകുമ്പോൾ പൊതുനിരത്തിലും വെച്ചാസ്വദിച്ചു. ഞാനറിയാത്ത ഒരു ഉത്പതിഷ്ണുസംസ്കാരം അല്പാല്പമായി അവരിൽ നിന്ന് എന്നിലേക്ക് കടന്നുവന്നു... പിന്നീട് എന്റെ കവിതയിൽ കുറച്ചെങ്കിലും സാമൂഹികബോധവും മാമൂൽനിഷേധവും വിരിഞ്ഞു വരാൻ ഈ സുഹൃത്തുക്കളുമായുള്ള സഹവാസം എനിക്ക് തന്റേടമുണ്ടാക്കിയെന്നും ഞാൻ വിചാരിക്കുന്നു (*കാവ്യ*... 8).

*ഗ്രാമീണകന്യക*യുടെ കവിയായ കുറ്റിപ്പുറത്തു കേശവൻ

നായർ വൈലോപ്പിള്ളിയെ കാവ്യരചനയിൽ ഏറ്റവുമധികം പ്രോത്സാഹിപ്പിച്ചിട്ടുണ്ടെന്ന വസ്തുത പ്രസിദ്ധമാണ്. കാവ്യനിർമ്മാണത്തിൽ അദ്ദേഹത്തെ ഏറെ സ്വാധീനിച്ചത്, പക്ഷേ, വള്ളത്തോളാണ്. ''വള്ളത്തോൾകവിതയാണ് സ്വാഭാവികമായി ആയിടയ്ക്ക് എന്നെ അത്യന്തം വശീകരിച്ചു ലഹരിപിടിപ്പിച്ചത്. ആ രചനയുടെ സ്വാധീനശക്തി ഇന്നും എന്നിൽ ശേഷിച്ചിട്ടുണ്ട്'' (എന്റെ കവിത) എന്നും "ആശാന്റെ ലീലയുടെ സാഹസികത എന്റെ കവിതയിലെ ഒരു നായികയ്ക്കെങ്കിലും ഉണ്ടാകുമോ എന്നത് സംശയമത്രെ. കാരണം എന്നെ അധികവും സ്വാധീനിച്ചിട്ടുള്ളത് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട ആ ബധിരകവിയാണ്" (*കാവ്യ*... 23). കവിസിംഹം, വള്ളത്തോൾ സ്മരണ (*മകരക്കൊയ്ത്ത്*) എന്ന രണ്ട് കവിതകളിലൂടെ തന്റെ ഈ ആദരം വൈലോപ്പിള്ളി പ്രദർശിപ്പിച്ചിട്ടുണ്ട്. മിക്കവാറും വള്ളത്തോളിന്റെ ശൈലിയിലാണവ എഴുതപ്പെട്ടിട്ടുള്ളതെന്നും ശ്രദ്ധിക്കുക. ''പത്മനാഭപുരത്തിൽ'' (*വിത്തും കൈക്കോട്ടും*) തുടങ്ങിയ ചില കവിതകളിലെ പല വരികളും വള്ളത്തോൾരചനയുടെ സ്വാധീനശക്തി വിളിച്ചുപറയും. പാവങ്ങളോടുള്ള അനുകമ്പ, ദേശാഭിമാനം എന്നിങ്ങനെ മറ്റു ചിലതും വള്ളത്തോളിൽനിന്നു വൈലോപ്പിള്ളിയിലേക്ക് പകർന്നിട്ടുണ്ടെന്നുകാണാം. ഉത്തമദാമ്പത്യജീവിതാവിഷ്ക്കരണം, വാത്സല്യഭാവോന്മീലനം എന്നിവയിലും ഇക്കവിക്ക് വള്ളത്തോൾക്കവിതയോട് നേരിയ തോതിൽ കടപ്പാടുണ്ടെന്ന് പറയുന്നതിൽ അപാകതയില്ല.

ഒരു റൊമാന്റിക് റിയലിസ്റ്റായിട്ടാണ് വൈലോപ്പിള്ളി വിലയിരുത്തപ്പെടേണ്ടതെങ്കിലും അദ്ദേഹത്തിന്റെ ക്ലാസ്സിക് പാരമ്പര്യം ഇതുപോലൊരു വിചിന്തനത്തിൽ അവഗണിക്കപ്പെടാവുന്നതല്ല. കവിത്രയത്തിന്റെ പ്രസ്ഥാനപരമായ ചേരിതിരിവുകളെപ്പറ്റി ചർച്ചചെയ്യവേ വൈലോപ്പിള്ളി എഴുതുന്ന ഈ വരികൾ ശ്രദ്ധേയമത്രെ: "വള്ളത്തോളിന്റേയും ഉള്ളൂരിന്റേയും ഒരു കാൽ ക്ലാസ്സിക് പാരമ്പര്യത്തിൽ ഊന്നിയുറപ്പിച്ചിരിക്കുന്നു. മറുകാൽ കാല്പനികതലത്തിലേക്ക് എടുത്തുവെക്കുന്ന നിലയിലേ ആയിട്ടുള്ളുതാനും. ആശാൻ ഇതിൽനിന്നും ഏറിയകൂറും ഒരപവാദമാണ്. ചങ്ങമ്പുഴ വന്നപ്പോൾ മാത്രമാണ് കാല്പനികത ഇവിടെ പൂത്തുലഞ്ഞത്. ക്ലാസിക് പാരമ്പര്യംകൊണ്ട് ഈ മഹാകവികളുടെ കവിതകൾ വില കുറഞ്ഞവയായി എന്ന് എനിക്ക് അന്നുമിന്നും തോന്നിയിട്ടില്ല."

മഹാബലിയുടെ കഥയൊന്നു മാത്രം വൈലോപ്പിള്ളിയുടെ പല കവിതകൾക്കും വിഷയമായിട്ടുണ്ട്. "അഭിവാദന"ത്തിൽ (*കയ്പവല്ലരി*) കേരളത്തിലെ ആദ്യത്തെ ജനാധിപത്യഗവൺമെന്റിനെ പിരിച്ചുവിട്ട സംഭവത്തെ സൂചിപ്പിച്ചുകൊണ്ട് ഇ. എം. എസ്സിനെ മഹാബലിയായി ചിത്രീകരിക്കുന്നു. കേന്ദ്രത്തിന്റെ പ്രതിനിധിയായ ഗവർണ്ണരെ വഞ്ചകനായ വാമനനായും. 'മഹാബലിയോട്' (*കയ്പവല്ലരി*) എന്ന കവിതയിൽ മഹാബലി ദരിദ്രനും ധൂർത്തനുമായ

ടൂറിസ്റ്റുഡിപ്പാർട്ടുമെന്റിന്റെ ഓണോത്സവപരിപാടികളുടെ നടുവിൽ പരിഹാസ്യനുമായി വർണ്ണിക്കപ്പെടുന്നു. “ലെനിൻ” (*മകരക്കൊയ്ത്ത്*) എന്ന കവിതയിൽ ലെനിനായാണ് മഹാബലി അവതരിക്കുന്നത്.

“മാവേലി നാടുവാണീടും കാലം” (*മകരക്കൊയ്ത്ത്*) എന്ന ‘അടിയന്തിരക്കവിത’യിലാകട്ടെ പുരാണകഥയെ മറിച്ചിട്ടിരിക്കയാണ്. അവിടെ മാവേലി സേവകന്മാരുടെ സ്തുതിപാഠങ്ങൾക്കൊത്ത് തുള്ളുന്ന ഏകാധിപതിയാണ്; വിഷ്ണു ജനായത്തവാഴ്ചയ്ക്കിടം കൊടുത്ത സഹിഷ്ണുവും.

വള്ളത്തോളിന്റെയും ഉള്ളൂരിന്റെയും ചിലപ്പോൾ അന്ധമെന്നു പോലും വിശേഷിപ്പിക്കേണ്ടിവരുന്ന, ഭാരതീയദേശാഭിമാനവും പുരാണാഭിമാനവും വൈലോപ്പിള്ളിക്കില്ല. അദ്ദേഹത്തിന്റെ ശാസ്ത്രീയബോധം അന്ധവിശ്വാസാനാചാരാദികൾക്കെതിരെ താക്കീത് നൽകുന്നു. “സർപ്പക്കാട്” (*വിത്തും കൈക്കോട്ടും*) പോലുള്ളൊരു കവിത അദ്ദേഹത്തെപ്പോലുള്ളൊരു കവിക്കല്ലാതെ എഴുതാൻ പറ്റില്ല.

ബാലരേ ഭൂജിച്ചാലും നിങ്ങളിപ്പതുമണം
ഭാരതസംസ്കാരത്തിൽ ഭവ്യമാം പരിമളം
(ഗണപതിഹോമം – *വിട*)

എന്നിങ്ങനെ ‘കുത്തിപ്പറയാൻ’ വൈലോപ്പിള്ളി മടിക്കുകയില്ല. നാനാത്വത്തിൽ ഏകത്വമെന്ന സിദ്ധാന്തത്തെ പ്രാവർത്തികമാക്കിയ സോവിയറ്റുനാടിനെ അഭിനന്ദിക്കുകയും അത് ഇന്നും സങ്കല്പത്തിലും പരസ്യപ്പലകകളിലും മാത്രമിരിക്കുന്ന ഇന്ത്യയുടെ അവസ്ഥയിൽ അനുശോചിക്കുകയും ചെയ്യുന്ന “രത്നമാല” (*മകരക്കൊയ്ത്ത്*) എഴുതാനുള്ള ആത്മാർത്ഥത അദ്ദേഹത്തിനുണ്ട്.

ക്ലാസ്സിക് പാരമ്പര്യം വൈലോപ്പിള്ളിയുടെ രചനയിലും സ്വാധീനം ചെലുത്താതിരുന്നിട്ടില്ല. ഭാവാനുഗുണമായ സമസ്തപദപ്രയോഗവും മറ്റും അതാണ് സൂചിപ്പിക്കുന്നത്. ശയ്യാഗുണം മുറ്റിനിൽക്കുന്ന, പണിക്കുറ തീർന്ന, ദീർഘസംസ്കൃതവൃത്തനിബദ്ധശ്ലോകങ്ങൾ വൈലോപ്പിള്ളിയുടെ സമാഹാരങ്ങളിൽ ഇടയ്ക്കാക്കെ കാണാം. ശ്ലേഷഭംഗികളും വിരളമല്ല.

“ഉന്മിഷത്പുളകത്താൽ പൊൻപീലിക്കതിർ നീട്ടി
നന്മയിൽ നൃത്തം ചെയ്യുമന്നു ഞങ്ങടെ ചിത്തം
(മേടരാവിൽ – *മകരക്കൊയ്ത്ത്*)

“....അമ്മാവന്റെ ജാള്യത്തിൽ ‘ചക്ക’
കാട്ടിനില്ക്കയാണയൽവീട്ടിലെക്കൂരപ്ലാവും!
(വിഷുപ്പുലരിയിൽ)

തുടങ്ങിയ ഭാഗങ്ങൾ ഉദാഹരണമായി ഉദ്ധരിക്കാം.

പണ്ടാ വടക്കേച്ചിറയൊന്നുചെന്നു
കണ്ടാൽ കളിച്ചീടണമെന്നു തോന്നും;
പണ്ടാരമാം വാഴ്ചയിലിന്നതൊന്നു

കണ്ടാൽ കുളിച്ചീടണമെന്നു തോന്നും.
(തൃശ്ശൂരിലെ വടക്കേച്ചിറ)

എന്ന പ്രയോഗവും മറ്റും രസമുള്ളതാണ്. എന്നാൽ ഈ പ്രവണത ദുർല്ലഭം ചിലേടങ്ങളിൽ നീരസമുളവാക്കുന്നുണ്ടെന്നും ചൂണ്ടിക്കാണിക്കാതിരിക്കാൻ വയ്യ.

നിൻ കുടിയൊഴിഞ്ഞീടണ,മീ ഞാൻ
നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ. (*കുടിയൊഴിക്കൽ*)

എന്നിടത്തൊക്കെ കൃത്രിമത്വം മുഴച്ചുനില്ക്കുന്നുണ്ടെന്നാനുഭവം. ചമ്പൂകാരന്മാരുടെയും നമ്പ്യാരുടെയും ഹാസ്യവും സാമൂഹ്യ വിമർശനവും വൈലോപ്പിള്ളിക്കവിതയെ ഒട്ടൊക്കെ സ്വാധീനിച്ചിട്ടുണ്ട്. 'ചമ്പുകാരന്മാരായ നമ്പുരാരുടെ നർമ്മരസം' തങ്ങളുടെ നാവിൽ വരുന്നില്ലെന്ന് അദ്ദേഹത്തിന് കുറച്ചൊരു വിഷമം തന്നെയുണ്ട്. (മുത്തച്ഛന്റെ വെൺമഴു – *കടൽക്കാക്കകൾ*) 'കേരളത്തിന്റെ ചിരി' (*ശ്രീരേഖ*)യിലും 'ചിരിക്കാൻ മറക്കാതെയിരിക്കാൻ കഴിഞ്ഞെങ്കിൽ' എന്നാശംസിക്കുന്നത് കാണാം. വിരുന്നുകാരൻ, കുറുക്കന്മാർ (*വിട*), ചർച്ചകൾ, പൂങ്കോഴികൾ കൂകുന്നു, ഓണത്തല്ല്, തീപ്പെട്ടി, കല്ല് (*മകരക്കൊയ്ത്ത്*) മുതലായ കവിതകളിൽ ഹാസ്യത്തിന്റെ തിളക്കമുണ്ട്. കാർട്ടൂൺ കവിതകൾ, കുരങ്ങുരാമൻ (*മകരക്കൊയ്ത്ത്*) മുതലായ അടിയന്തിരക്കവിതകളിൽ സാമൂഹ്യവിമർശനവും പരിഹാസവും നിറഞ്ഞുനിൽക്കുന്നു.

എഴുത്തച്ഛൻ (*കയ്പവല്ലരി*), ഗൃഹപുരാണം (*മകരക്കൊയ്ത്ത്*) എന്നീ കവിതകളിലൂടെ എഴുത്തച്ഛനേയും 'ചരിത്രത്തിലെ ചാരുദൃശ്യ'(*വിട*)ത്തിലൂടെ കുഞ്ഞിക്കുട്ടൻ തമ്പുരാനേയും 'കുമാരകോകില'(*മകരക്കൊയ്ത്ത്*)ത്തിലൂടെ ആശാനേയും 'അമ്മാവന്റെ കണി'(*വിട*), രാജകവി (*മകരക്കൊയ്ത്ത്)* എന്നീ കവിതകളിലൂടെ കെ. കെ. രാജാവിനെയും 'കവിയച്ഛ' (*മകരക്കൊയ്ത്ത്*)നിലൂടെ നടുവത്തച്ഛനേയും ഓണപ്പാട്ട്, കയ്പവല്ലരി (*കയ്പവല്ലരി*) എന്നിവയിലൂടെ ജി.യേയും സ്മരിച്ചുകൊണ്ട് ആ കവികളോടുള്ള സ്നേഹാദരങ്ങൾ പ്രദർശിപ്പിക്കുകവഴി വൈലോപ്പിള്ളി തന്റെ കാവ്യപാരമ്പര്യത്തിന്റെ വൈപുല്യം സൂചിപ്പിക്കുന്നു.

'ശീതസമരകവിത'കളെന്ന പേരിലും അല്ലാതെയും അറിയപ്പെടുന്ന വൈലോപ്പിള്ളിയുടെ പ്രേമകവിതകൾ ആദർശാത്മകമായൊരു സങ്കല്പത്തിന്റെ ആവിഷ്കാരങ്ങൾ മാത്രമാണെന്നു *കാവ്യലോകസ്മരണക*ളിലെ പ്രേമസങ്കല്പമെന്ന അധ്യായത്തിൽ കവിതന്നെ വ്യക്തമാക്കുന്നുണ്ട്. ജി.യുടെ പ്രേമകവിതകളിലെ അന്തസ്സും പരിശുദ്ധിയും വൈലോപ്പിള്ളിയുടെ പ്രസ്തുത കവിതകളിൽ ചെറുതെങ്കിലുമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു തോന്നുന്നു. അത്യാനന്ദം, കുറുമൊഴി (*മകരക്കൊയ്ത്ത്*) എന്നീ കവിതകളിലെത്തുമ്പോൾ മധുരോദാത്തമായൊരു മണ്ഡലത്തിലേക്ക് നാം നയിക്കപ്പെടുന്നു. ഭവഭൂതിയുടെ 'സുമാനു

ഷ’സങ്കല്പത്തിന്റെ അടുത്തുചെന്നുനിൽക്കുന്നൊരു പ്രതീതി നമുക്കവിടെ അനുഭവപ്പെടുന്നു.

ഈ വിപുലമായ കാവ്യപാരമ്പര്യത്തോടുചേർന്നു സാമുഹികശാസ്ത്രം, ചരിത്രം, നരവംശവിജ്ഞാനീയം, മനശ്ശാസ്ത്രം മുതലായ വിജ്ഞാനശാഖകളുടെ പശ്ചാത്തലം കൂടിയാവുമ്പോൾ “ഓണപ്പാട്ടുകാരെ”പ്പോലുള്ള ഒരു ചെറിയ മഹാകാവ്യംതന്നെ ജനിക്കുന്നു.

‘പരന്ന വായന’ വൈലോപ്പിള്ളിക്കവിതയ്ക്കുണ്ടാക്കിക്കൊടുത്ത വിശാലതയെയും അഗാധതയെയും ഒന്ന് സ്പർശിച്ചുപോവുകയാണിതുവരെ ചെയ്തത്. എന്നാൽ ഇതുകൊണ്ട് നാം തൃപ്തിപ്പെട്ടുകൂടാ. കവിതന്നെ പറയുന്നതു ശ്രദ്ധിക്കുക: “ജീവിതവീക്ഷണത്തിന്റെ ഉയർന്ന നിലവാരങ്ങൾ, വിവിധചിന്താധാരകൾ, പുതിയ കലാശില്പങ്ങൾ മുതലായവയെക്കുറിച്ച് സാമാന്യജ്ഞാനം കിട്ടുവാൻ പരന്ന വായന ഉപകരിച്ചേക്കാം..... പക്ഷെ സ്വന്തമായി ഒരു കലാസൃഷ്ടി ചെയ്യണമെങ്കിൽ, അത് അനുകരണത്തിൽനിന്ന് ആവുന്നതും രക്ഷപ്പെടണമെങ്കിൽ, ഇവിടത്തെ ആളുകൾ അതിൽ അങ്ങേയറ്റം അനുഭവരസം കണ്ടെത്തണമെങ്കിൽ, അത് ലോകസാഹിത്യത്തിനുതന്നെ ‘മറ്റെങ്ങുമലഭ്യമായ നേട്ടമായിത്തീരണമെങ്കിൽ, നമ്മുടെ സാഹിത്യകാരൻ, താൻ നേടിയ വിശ്വസാഹിത്യപരിചയംകൊണ്ട് നമ്മുടെ മണ്ണിലേക്ക്, പച്ചയായ ജീവിതാനുഭവങ്ങളിലേക്ക് മടങ്ങിപ്പോരേണ്ടിയിരിക്കുന്നു. നമ്മുടെ കലയ്ക്കുള്ള അസംസ്കൃതപദാർഥങ്ങളുടെ കലവറ അവിടെയാണ്. പഴയ സംസ്കാരത്തിന്റെ വേരുറപ്പും പുതിയ മാറ്റങ്ങളുടെ ചലനങ്ങളും വ്യക്തിവിശേഷങ്ങളും സാമൂഹ്യാഭിലാഷങ്ങളും എല്ലാം അവിടെയുണ്ട്. മുമ്പെങ്ങും ഒരു പേനത്തുമ്പും സ്പർശിച്ചിട്ടില്ലാത്തതും കാവ്യപ്രതിപാദനത്തിന് ഏറ്റവുമുതകുന്നതുമായ ചേൽച്ചൊല്ലുകളുടെ പൊൻതരികൾപോലും ഈ നിത്യജീവിതപ്രവാഹത്തിൽ അവിടവിടെ അടിഞ്ഞുകിടക്കുന്നത് അരിച്ചെടുക്കാം. ജീവിക്കുന്ന പാത്രങ്ങളും വൈവിധ്യമുള്ള രംഗങ്ങളും കാലികപ്രശ്നങ്ങളുടെ വിമർശനങ്ങളുംകൊണ്ട് കാമ്പുറ്റ ബൃഹത്കൃതികളുണ്ടാവാനും ഇതേ മാർഗ്ഗമുള്ളൂ. ബൃഹത്കൃതികളായാലും ലഘുകൃതികളായാലും അവ വിപുലമായ അർത്ഥത്തിൽ പുരോഗമനകൃതികളായിരിക്കുകയും ചെയ്യും. സോദ്ദേശപരമായി രചിക്കപ്പെട്ടവയല്ലെങ്കിൽക്കൂടി” (എന്റെ കവിത). ഇപ്രകാരം പച്ചയായ ജീവിതാനുഭവങ്ങളിൽനിന്ന് ഊർജ്ജം വലിച്ചെടുത്ത് വിരിഞ്ഞുവന്നവയാണ് മാമ്പഴം തൊട്ടുള്ള വൈലോപ്പിള്ളിയുടെ ബഹുഭൂരിപക്ഷം കവിതകളും പടയാളികൾ, പന്തങ്ങൾ, ഒരു കൊടി, ഓണപ്പാട്ടുകാർ, ഓണക്കളിക്കാർ, യുഗപരിവർത്തനം, പുതിയ കാഴ്ചപ്പാട്, തീയിടൽ, ചക്രങ്ങൾ, ജീർണ്ണാവശിഷ്ടങ്ങൾ, ലെനിൻ, മാനഭംഗം, അഭിവാദനം (*മകരക്കൊയ്ത്ത്*) പട്ടയദാനം, വർഷവും വസന്തവും തുടങ്ങിയ കവിതകൾ വിശേഷിച്ചും. അധ്വാനിക്കുന്ന അടിസ്ഥാന ജനവർഗ്ഗത്തോടുള്ള കൂറും ആ വർഗ്ഗത്തെ അടിച്ചമർത്തുന്ന

ചൂഷകപ്പരിഷയോടുള്ള പകയും അസമത്വത്തിന്റെ നേർക്കുള്ള അമർഷവും തൊഴിലാളികർഷകാദിബഹുജനപ്രസ്ഥാനങ്ങൾ സംഘടിതശക്തിയായി വളർന്നുവരുന്നതു കാണുമ്പോഴുള്ള ആഹ്ലാദാഭിമാനങ്ങളും മുതലാളിത്തസോഷ്യലിസ്റ്റ് വ്യവസ്ഥിതികളുടെ താരതമ്യാത്മകപ്രദർശനത്തിലൂടെ ആദ്യത്തേതിനെതിരെ വിദ്വേഷവും രണ്ടാമത്തേതിന്നനുകൂലമായ മനോഭാവവും വളർത്തിയെടുക്കാനുള്ള ബോധപൂർവമായ കാവ്യാത്മകയത്നവുമെല്ലാം ആ കൃതികളിൽ സഹൃദയർക്ക് കൺകുളിർക്കെ കാണാൻ കഴിയും.

(*കൈരളീസുധ*, ഒക്ടോബർ 1981)

## 16. അന്ത്യമാല്യവും അന്തോണിയും

(കുപ്രസിദ്ധമായ വിമോചനസമരക്കാലത്ത് പ്രശസ്തരായ രണ്ട് കവികൾ ഒരേ സംഭവത്തിന്റെ പേരിൽ നടത്തിയ പ്രതികരണങ്ങളെപ്പറ്റി ഒരു താരതമ്യവിചിന്തനം)

കേരളത്തിലെ ആദ്യത്തെ കമ്മ്യൂണിസ്റ്റു ഗവൺമെന്റിന്റെ ഭരണത്തെപ്പറ്റിയും കേന്ദ്രം അതിനെ പിരിച്ചുവിട്ടതിനെപ്പറ്റിയും യാതൊരു പക്ഷപാതവും കൂടാതെ ശാന്തമായി ചിന്തിക്കത്തക്ക വിധത്തിൽ ആ ചരിത്രസംഭവത്തിന് വേണ്ടത്ര കാലപ്പഴക്കം വന്നിരിക്കുന്നു. അന്നു വിമോചനസമരത്തിന് നേതൃത്വം കൊടുത്തവർപോലും അതത്ര ശരിയായില്ലെന്ന് തുറന്നുപറയാൻ തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ ഇന്നോളം അധികാരത്തിൽവന്ന മന്ത്രിസഭകളിൽവെച്ച് ജനക്ഷേമകരങ്ങളായ നടപടികൾ ഏറ്റവുമധികം കൈക്കൊണ്ടത് ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള ആ മന്ത്രിസഭയായിരുന്നുവെന്ന കാര്യത്തിൽ ഇന്നാർക്കും തർക്കമില്ല. തിരഞ്ഞെടുപ്പിലൂടെ ഭരണത്തിൽവന്ന, നിയമസഭയിൽ ആദ്യം മുതൽക്കുള്ള ഭൂരിപക്ഷം അതേപോലെ നിലനിർത്തിക്കൊണ്ടിരുന്ന, ഒരു മന്ത്രിസഭയെ പ്രസിഡന്റ് പ്രത്യേകാധികാരം ഉപയോഗിച്ച് പിരിച്ചുവിടുക എന്ന, ഇന്ത്യയിൽത്തന്നെ ആദ്യമായി നടന്ന ആ ജനാധിപത്യകൊലപാതകം ഇന്ത്യൻ ജനാധിപത്യചരിത്രത്തിലെ തീരാക്കളങ്കമായി എന്നെന്നും അനുസ്മരിക്കപ്പെടും എന്ന വസ്തുതയും പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഈ കളങ്കത്തിനു കാരണമായ വിമോചനസമരത്തെ അന്നത്തെ സാഹിത്യകാരന്മാർ എങ്ങനെയാണ് നോക്കിക്കണ്ടത് എന്ന് ആലോചിക്കുന്നത് രസകരമാണ്.

പള്ളി(ക്രിസ്ത്യനും മുസ്ലീമും)മേധാവികളും നായർപ്രമാണിമാരും ഈഴവപ്രഭുക്കളും ഇടതുപക്ഷരാഷ്ട്രീയം കൈയാളിയിരുന്ന ചുരുക്കം ചില നേതാക്കളും നേതൃത്വം കൊടുത്തുകൊണ്ട് സമസ്തവർഗീയസാമുദായികശക്തികളെയും കൂട്ടിയോജിപ്പിച്ചു സംഘടിപ്പിച്ച അക്രമാസക്തമായ ആ സമരാഭാസത്തിന് ആശയപരമായ അടിത്തറയുണ്ടാക്കാനും, ആക്കം കൂട്ടാനും മുമ്പു പുരോഗമനവാദികളായിരുന്ന കേശവദേവിനെയും സി. ജെ. തോമസ്സിനെയും പോലുള്ള ചില സാഹിത്യകാരന്മാർകൂടിയുണ്ടായിരുന്നുവെന്ന കാര്യം ശ്രദ്ധേയമാണ്. കേരളത്തിന്റെ ശാപമായി വരാൻ പോകുന്ന ജാതിമതവർഗ്ഗീയശിഥിലീകരണശക്തികൾക്ക് ബലം പകരാൻ ആ സാഹിത്യകാരന്മാരുടെ പങ്കാളിത്തം കാരണമായെന്നത് നിർഭാഗ്യകരമാണ്. ക്രാന്തദർശികളായിരിക്കേണ്ട കവികൾ ആ വർഗ്ഗീയക്കുത്തൊഴുക്കിൽപ്പെട്ടു. അന്നത്തെ അവസ്ഥപോലും നേരാംവണ്ണം കാണാൻ കഴിവില്ലാത്തവരായി മാറിപ്പോയി. അതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് പലപ്പോഴും പുരോഗമനശക്തികളുടെ ആശയാഭിലാഷങ്ങൾക്ക് ആവിഷ്കാരം നൽകുന്നതിന് മടികാണിച്ചിട്ടില്ലാത്ത ജി. ശങ്കരക്കുറുപ്പ് അക്കാലത്തെഴുതിയ “അന്ത്യ

മാല്യ"മെന്ന കവിത.

ഒറ്റനോട്ടത്തിൽ, അഗാധമായ മനുഷ്യസ്നേഹത്തിൽ അധിഷ്ഠിതമാണ് ആ കവിത എന്നു തോന്നും. കേരളത്തിലുടനീളം ജാതിമത വികാരങ്ങളിളക്കിവിട്ട് ആയുധമേന്തി അക്രമവും കൊലയും കൊള്ളിവെപ്പുമായി കൂത്താട്ടം നടത്തിയ ദുഷ്ടശക്തികളെ സമാധാനപരമായി നേരിടാൻ കഴിയാതെ വന്ന ഘട്ടത്തിൽ പോലീസ് വെടിവപ്പുനടത്താൻ നിർബന്ധിക്കപ്പെട്ടപ്പോൾ അതിൽപ്പെട്ട് മരണമടഞ്ഞ ഫ്ളോറി എന്ന പാവപ്പെട്ട ഗർഭിണിയുടെ, അതിലേറെ പിറക്കുംമുമ്പേ മരിച്ചുപോയ ആ ഗർഭസ്ഥശിശുവിന്റെ, പേരിൽ കവി കണ്ണീർമുത്തുകൾ ചൊരിയുകയാണ്. സന്ദർഭത്തെ സമഗ്രമായി കാണാൻ കവി കൂട്ടാക്കുന്നില്ല. ആ സംഭവത്തെ ഒറ്റയ്ക്കെടുത്ത് അതിനുത്തരവാദിയായ ഗവണ്മെന്റിന്റെ നേർക്ക് പ്രതിഷേധം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യമാണ് കവിക്കുണ്ടായിരുന്നത് എന്ന കാര്യത്തിൽ സംശയമില്ല. ആ ഉദ്ദേശ്യമാകട്ടെ കണക്കിലേറെ ഫലിക്കുകയും ചെയ്തു. അന്നുവരെ ശങ്കരക്കുറുപ്പിനെ കമ്മ്യൂണിസ്റ്റെന്ന് മുദ്രകുത്തി ഗവൺമെന്റിനുനേരെ പകപോക്കാനോടിനടന്നവർ മുഴുവൻ, "അന്ത്യമാല്യ"വുമേന്തി കമ്മ്യൂണിസ്റ്റ് സർക്കാറിനെ അട്ടിമറിക്കാൻ മഹാകവികളെക്കൂടി കൂട്ടിനു കിട്ടിയ ആവേശത്തോടെ നടക്കാൻ തുടങ്ങി. ആ മന്ത്രിസഭ സ്ഥാനഭ്രഷ്ടമായപ്പോഴാകട്ടെ, 1960–ൽ *വിശ്വദർശന*മെന്ന തന്റെ സമാഹാരത്തിൽ, സോവിയറ്റുയൂണിയന്റെ ശാസ്ത്രീയനേട്ടങ്ങളിൽ അഭിമാനപുളികിതനായെഴുതിയ "കൺവിടർന്ന കാല"മെന്ന കവിതയുടെ തൊട്ടുപിമ്പേ ഈ "അന്ത്യമാലം"കൂടി, അതെഴുതിയ സന്ദർഭത്തെ അനുസ്മരിപ്പിക്കുന്ന കൊല്ലംപോലും അടിക്കുറിപ്പായി ചേർക്കാതെ, ഉൾപ്പെടുത്തിക്കൊണ്ട് തന്റെ നിഷ്പക്ഷത തെളിയിക്കുവാനും കവി മറന്നില്ല. കവിയുടെ ക്രാന്തദർശിത്വവും ചരിത്രബോധവും നിഷ്കപടതയും അഭിനന്ദനീയംതന്നെ!

ഇക്കവിത *മാതൃഭൂമി* വാരികയിൽ അച്ചടിച്ചുവന്നു അധികം താമസിയാതെ എഴുതപ്പെട്ടതാണ് പ്രശസ്തകവിയായ തിരുനല്ലൂർ കരുണാകരന്റെ "അന്തോണി" എന്ന ശ്രദ്ധേയമായ കലാസൃഷ്ടി. പ്രമേയത്തിന്റെയും പ്രശസ്തിയുടെയും കാര്യത്തിൽ ജി.യുടേതിനേക്കാൾ എത്രയോ താഴെയാണെങ്കിലും സാമൂഹികബോധത്തിന്റെയും വർഗ്ഗബോധത്തിന്റെയും ക്രാന്തദർശിത്വത്തിന്റെയും സത്യസന്ധതയുടെയും കാര്യത്തിൽ തിരുനല്ലൂർ എത്രയോ മേലേക്കിടയിലായിരുന്നു അന്നുതന്നെ എന്ന വസ്തുത ഈ കവിത സംശയമെന്നിയേ വെളിപ്പെടുത്തും. 1959–ൽ കേരളഗവൺമെന്റിനെതിരായി നടന്ന കുപ്രസിദ്ധമായ വിമോചനസമരത്തിനിടയ്ക്കുണ്ടായ വെടിവെപ്പിൽ ഫ്ളോറി എന്ന പാവപ്പെട്ട ഗർഭിണി വെടിയേറ്റു മരിച്ചു. ഫ്ളോറിയെക്കുറിച്ച് ജി.ശങ്കരക്കുറുപ്പ് "അന്ത്യമാല്യം" എന്ന കവിതയെഴുതി. അതേ പശ്ചാത്തലമാണ് "അന്തോണി"യുടെയും എന്ന മുഖവുരയോടെയാണ് പ്രസ്തുത കവിത തുടങ്ങുന്നത് (*തിരുനല്ലൂർ കരുണാകരന്റെ കവിതകൾ,*

കേരള ഗ്രന്ഥശാലാസംഘം, 1984, പേജ് 131).

അന്തിമയങ്ങിക്കഴിഞ്ഞു, കറുത്ത മേ–
ലങ്കിയണിഞ്ഞു കടലും കരകളും,
ആ നിശാരംഭവിഷാദം നിറഞ്ഞ മീൻ–
തോണികൾ പോവുകയാണകലങ്ങളിൽ.
കണ്ണീർതുടയ്ക്കുന്ന കൈകളാൽ മുക്കുവ–
പ്പെണ്ണുങ്ങൾ കത്തിച്ചുവയ്ക്കും വിളക്കുകൾ
കാളുമിരുട്ടിൽനിന്നാഞ്ഞടിക്കും കൊടു–
ങ്കാറ്റിനെപ്പേടിച്ചു നിന്നുവിറയ്ക്കയായ്.
ഉള്ളിൽ മെഴുതിരി കത്തിയുരുകിടും
പള്ളിതന്നുത്തുംഗഗോപുരമൗലിയിൽ
മിന്നുന്ന വൈദ്യുതദീപഗോളത്തിനാൽ
പൊന്നുപോലായ മരക്കുരിശിന്നുമേൽ
പക്ഷമിളക്കാതിരിക്കുന്നു കാക്കകൾ
പറ്റിപ്പിടിച്ചു കരിങ്കൊടിക്കൂറപോൽ
കാറ്റിൻതണുപ്പിൽപ്പിടഞ്ഞു വീഴുന്നിതേ
വാടും ശ്മശാനപുഷ്പങ്ങളിടയ്ക്കിടെ.

എന്ന പശ്ചാത്തലവർണ്ണനമാണ് ആദ്യം. വിമോചനസമരാഭാസാന്തരീക്ഷം മുഴുവൻ ധ്വനിമധുരമായി ചിത്രീകരിക്കപ്പെട്ടിട്ടുണ്ടിവിടെ. ഭയങ്കരമായ ആ ജനാധിപത്യകൊലപാതകത്തിന്റെ സൂചനപോലും ഇവിടെ ഗർഭിതമായിരിക്കുന്നു. ക്രാന്തദർശിയായ കവിയുടെ പ്രതിഭ അങ്ങനെ ആ വരികൾക്കുപിന്നിൽ പ്രത്യക്ഷപ്പെടുന്നു.

ഫ്ളോറിയുടെ അപമൃത്യുവിൽ ഏകാന്തദുഃഖം അനുഭവിക്കുന്ന, പശ്ചാത്താപനിർഭരനായ അന്തോണിയെയാണ് അടുത്തതായി അവതരിപ്പിക്കുന്നത്. അവളെ ആദ്യം കണ്ടതുമുതൽക്കുള്ള രംഗങ്ങളെല്ലാം അയാളുടെ മനസ്സിൽ ഒന്നൊന്നായി മിന്നിമറയുന്നു. എന്താണയാളുടെ ഇപ്പോഴത്തെ പശ്ചാത്താപത്തിന് കാരണം?

കൂട്ടമണിയടി കേൾക്കവേ കൈകളിൽ
ചാട്ടുളിയേന്തിയൊരന്ധത മാതിരി
കൊല്ലുവാൻ ചാകാൻ മടിക്കാതെയാരെയും
വെല്ലുവിളിച്ചുനടന്ന ഭയങ്കരൻ
എപ്പൊഴും കണ്ണീർപൊഴിച്ചുനടപ്പതാ
മുക്കുവഗ്രാമത്തിനത്ഭുതം ചേർക്കയായ്
മണ്ണിൽപ്പിറന്ന ചെകുത്താനിൽനിന്നൊരു
പുണ്യവാളന്റെ പിറവി കണ്ടാരവർ.

പശ്ചാത്താപവിവശനായ അന്തോണിയുടെ അതിമനോഹരമായ രേഖാചിത്രമാണ് ഇനി കവി നമ്മുടെ മുൻപിൽ കാണിച്ചുതരുന്നത്. തന്റെ അന്തരാത്മാവിൽ ഉയിർകൊള്ളുന്ന പ്രിയതമയോട് അയാൾ അപരാധബോധത്തോടെ, നടന്ന സംഗതികളെല്ലാം ഏറ്റുപറയുകയാണ് തുടർന്ന്:

ഓമനേ, നീ കനിഞ്ഞേകുക മാപ്പെനി–

ക്കോമനേ, കൈക്കൊള്ളുകെന്റയീ പ്രാർത്ഥന!
പാപം കഴുകിക്കളഞ്ഞ മനുഷ്യനെ–
ദേവതേ, നീ വന്നനുഗ്രഹിക്കില്ലയോ!
വീർക്കും ശവങ്ങൾ വഴിയിൽ വലിച്ചിട്ടു
ജീവിതത്തിന്റെ മുന്നേറ്റം തടയുവാൻ
കൊല്ലിച്ചു നിന്നെ ഞാൻ, ഞങ്ങൾ മനസ്സിന്റെ
വല്ലാത്ത കൂരിരുട്ടെല്ലാം മറയ്ക്കയാൽ..

പേമാരിയിലും കൊടുങ്കാറ്റിലും തൊഴിലില്ലാതെ കഷ്ടപ്പെടുമ്പോൾ 'സ്വന്തമായെന്നൊരു തോണിയുണ്ടാകുമോ' എന്ന് ചിന്തയിലാണ്ട് മന്ത്രിക്കുമ്പോൾ, "പുണ്യവാളന്മാരോരുത്തരുമന്നു നിൻ കണ്ണീർ തുടയ്ക്കാൻ കനിഞ്ഞതില്ലോമലേ" എന്നും "പള്ളിയിലന്നും മുടങ്ങാതെ പോയി നാം പട്ടിണി പിന്നെയും നീണ്ടു നിന്നെങ്കിലും'' എന്നും അയാൾ ഓർമ്മിക്കുന്നു. അയാൾ തുടരുന്നു:

ആഗ്രഹിച്ചില്ലേ പെരുന്നാളിനെങ്കിലു–
മാശിച്ചപോലൊന്നണിഞ്ഞൊരുങ്ങീടുവാൻ?
കൈവന്നതില്ല നിന്നാഗ്രഹം, തുന്നിയ
കൈലിയിതിലിങ്ങൊതുങ്ങീ പതിവുപോൽ

എന്നാൽ, അവൾ കൊലപ്പെട്ടപ്പോഴോ?

പട്ടണിയിച്ചാണു നിന്റെ മെയ്യാ ശവ–
പ്പെട്ടിയിൽവെച്ചതെന്നോർത്തു ഞെട്ടുന്നു ഞാൻ.

അന്തോണിയിലെ 'പച്ചമനുഷ്യൻ' പശ്ചാത്തപിക്കുകയാണ്:

ഓമനേ, നീ വേർപിരിഞ്ഞതിൻ വേദന–
യീമന്നിലിന്നു ഞാൻ മാത്രമറിഞ്ഞിടും
ഞാനാണു നിൻ കൈയിലായുധം തന്നതും
ഞാനാണു നിന്നെക്കൊലയ്ക്കു കൊടുത്തതും
ആർക്കും പകയില്ല നമ്മളോ,ടുണ്ടെന്ന–
താരോ പറഞ്ഞുപരത്തിയ കള്ളമാം.
ആരോടുമില്ല നമുക്കും വിരോധ,മി–
ക്കാര്യങ്ങളെല്ലാം ക്ഷണത്തിൽ മറന്നു നാം.

പാവപ്പെട്ട ആ തൊഴിലാളിദമ്പതികളെ മതത്തിന്റെ മയക്കുമരുന്നാണ് മറ്റെല്ലാം വിസ്മരിപ്പിച്ചത്. അനുഗൃഹീതപ്രതിഭ സുന്ദരനൃത്തം ചവിട്ടുകയാണ് ഈ വരികളിലൂടെ:

മാലാഖമാർ തൻചിറകടിയൊച്ചപോൽ,
മേലാകെ മാറ്റുമലിവിൻ തലോടൽപോൽ,
ഉള്ളിൽനിന്നെന്നോണമെന്നും മുഴങ്ങുന്ന
പള്ളിമണിയുടെ ശാന്തമാകും മൊഴി
അന്നു പിശാചുക്കളൊന്നിച്ചലറിയാ–
ലെന്നപോൽ നിൽക്കാതെ മാറ്റൊലിക്കൊള്ളവേ.
യേശുമഹേശനെ വാഴ്ത്തും കുരിശുകൾ
പേർത്തും പകച്ചു വിറച്ചു നിന്നീടവേ,
ആയുധമേന്താൻ പറഞ്ഞറിവുള്ളവർ,

ആയുധമേന്തിക്കുതിച്ചനുയായികൾ,
കൊല്ലാൻ, മരിക്കാൻ, പറഞ്ഞു വിജ്ഞാനികൾ,
കൊല്ലാൻ, മരിക്കാൻ, കുതിച്ചിതജ്ഞാനികൾ
എന്തു നാം നേടിയിക്കൂട്ടക്കൊലകളാൽ?
എന്തു ഞാൻ നേടി നീ കൈവിട്ട ജീവനാൽ?
സ്വർഗ്ഗരാജ്യത്തിന്റെ പേരിലുമീശ്വര–
പുത്രന്റെ പേരിലും വഞ്ചിതരായി നാം.

'പാപം കഴുകിക്കളഞ്ഞ മനുഷ്യനായ തന്നെ' 'ദേവതയായ നീ അനുഗ്രഹിക്കണ'മെന്ന അയാളുടെ അപേക്ഷയോടെ അന്തോണി അവസാനിപ്പിക്കുന്നു.

ഇന്ന് വീണ്ടും വായിക്കുമ്പോൾ കൂടുതൽ അർത്ഥതലങ്ങൾ വിടർത്തിത്തരുന്ന, അന്നത്തെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ആ പ്രത്യേക മനുഷ്യനെ 'അന്തോണി' എന്ന കവിത പാവപ്പെട്ട തൊഴിലാളികളെ ഒരു വർഗ്ഗമെന്ന നിലയിൽ നോക്കിക്കാണുന്ന ഒരു വിശിഷ്ടകവിയുടെ ക്രാന്തദർശിത്വത്തിൽനിന്ന് പൊട്ടിവിരിഞ്ഞതാണ്. "അന്ത്യമാല്യ"മോ? തൽക്കാലത്തെ പ്രചരണാവേശത്തിൽപെട്ട്, സമഗ്രസന്ദർഭത്തിന്റെ പശ്ചാത്തലം നോക്കാതെ, ഒറ്റപ്പെട്ടൊരു സംഭവത്തെച്ചൊല്ലി വിശാലമായ മനുഷ്യസ്നേഹത്തിന്റെ പേരിൽ തെറ്റിദ്ധരിക്കപ്പെട്ട അധികാരത്തിന്റെ നേരെ 'ധാർമ്മികരോഷം' കൊള്ളുന്ന, സാമൂഹികബോധം നഷ്ടപ്പെട്ട ഒരു കവിയുടെ, ഇന്ന് വായിക്കുമ്പോൾ അർത്ഥം മുഴുവൻ പിടികിട്ടാത്ത, സാമാന്യം നല്ല 'ഭാവന'കളും സങ്കല്പങ്ങളും ഇടയ്ക്കിടെ കാണാവുന്ന, സൃഷ്ടിയും! എതാണ് ശാശ്വതമൂല്യത്തിന്റെ കവിത എന്ന് ആലോചിക്കാൻ ധാരാളം വക തരുന്നുണ്ട് ഈ രണ്ടു കവിതാസൃഷ്ടികളുടെയും താരതമ്യപഠനം.

ഇതിൽനിന്ന് നമുക്ക് പഠിക്കാനുള്ളതെന്താണെന്നുകൂടി നോക്കേണ്ടതുണ്ട്. സമകാലികസംഭവങ്ങളെ സമഗ്രപശ്ചാത്തലത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യബോധത്തോടെ സൂക്ഷ്മനിരീക്ഷണം നടത്തി ആവിഷ്കരിക്കുന്ന കലാസൃഷ്ടിയേ സുന്ദരവും അനശ്വരവും ആകൂ. മറിച്ചായാൽ കവിക്കും താൽക്കാലികലാഭം വല്ലതും കൈവന്നുവെന്നു വരും. വായനക്കാർക്കും സമൂഹത്തിനും സാഹിത്യത്തിനും അതുകൊണ്ട് നേട്ടമൊന്നും ഉണ്ടാവാൻ പോകുന്നില്ല.

(*കർഷകത്തൊഴിലാളി* വാർഷികപ്പതിപ്പ്, 1985)

## 17. സാഹിത്യപ്രതിഭയും സമൂഹവും

1956–ൽ ഇ.എം.എസ്സ്. *വ്യക്തിപ്രഭാവസിദ്ധാന്തവും സാഹിത്യകാരനും* എന്ന ഒരു ലഘുലേഖ പ്രസിദ്ധീകരിക്കുക യുണ്ടായി. (ഇത് പിന്നീട് *മാർക്സിസവും മലയാള സാഹിത്യവും* എന്ന സമാഹാരത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.) സമസ്തകേരള സാഹിത്യപരിഷത്തിന്റെ രജതജൂബിലിയോടനുബന്ധിച്ച് "മലയാള സാഹിത്യത്തിന്റെ അഭിവൃദ്ധിക്കൊരു പഞ്ചവത്സരപദ്ധതി" എന്ന വിഷയത്തെക്കുറിച്ച് നടന്ന ചർച്ചായോഗത്തെയും അതിൽ തന്നോ ടൊപ്പം പങ്കെടുത്ത എൻ. വി. കൃഷ്ണവാരിയർ, എം. ഗോവിന്ദൻ എന്നിവരുടെ അഭിപ്രായങ്ങളെയും ഇ. എം. എസ്സ്. ആ ലഘുലേഖ യിൽ പരാമർശിക്കുന്നുണ്ട്.

മറ്റ് മണ്ഡലങ്ങളിലെന്നപോലെ സാഹിത്യത്തിലും പുരോഗതി യുണ്ടാവണമെങ്കിൽ പഞ്ചവത്സരാടിസ്ഥാനത്തിലോ മറ്റേതെങ്കിലും അടിസ്ഥാനത്തിലോ വ്യക്തമായ ഒരു പദ്ധതിയുണ്ടായിരിക്കണ മെന്ന അഭിപ്രായത്തോടും ആ പദ്ധതിയുടെ സാമാന്യരൂപം അവ തരിപ്പിച്ച എൻ. വി. കൃഷ്ണവാരിയരുടെ സമീപനത്തോടും പൊതുവിൽ മിക്ക പ്രാസംഗികരും യോജിക്കുകയാണ് ചെയ്തത്. എന്നാൽ ''സാഹിത്യത്തിനും ഒരു പഞ്ചവത്സരപദ്ധതിയോ? എന്തസംബന്ധം? സർവതന്ത്രസ്വതന്ത്രനായ സാഹിത്യകാരനെ ഒരു പദ്ധതിയുടെ ചട്ടക്കൂട്ടിലിട്ട് കെട്ടിവരിക്കുകയോ?" കഥ, കവിത, നോവൽ മുതലായ സർഗാത്മകസാഹിത്യത്തെ സംബന്ധിച്ചിട ത്തോളം ഇത്തരം ചോദ്യങ്ങൾ ശക്തമായി ഉന്നയിക്കുകയാണ് എം. ഗോവിന്ദൻ ചെയ്തത്. ഇ. എം. എസ്സ്. എഴുതുന്നു: ''മറ്റു ഭാഷകളിൽനിന്ന് മലയാളത്തിലേക്ക് തർജ്ജമ ചെയ്യുന്ന കാര്യ ത്തിലും നിഘണ്ടുവിനെയും എൻസൈക്ലോപ്പീഡിയയെയും പോലെ ഉള്ള ഗ്രന്ഥങ്ങൾ തയ്യാറാക്കുന്ന കാര്യത്തിലും സാഹിത്യ കാരന്മാർക്ക് സംഘടിതമായി പ്രവർത്തിക്കുവാൻ കഴിയുമെന്നു എം. ഗോവിന്ദൻപോലും സമ്മതിക്കുകയുണ്ടായി. അതുകൊണ്ടാ ണദ്ദേഹം എൻ. വി. കൃഷ്ണവാരിയരുടെ പദ്ധതിയെ എതിർക്കാതി രുന്നത്. പക്ഷേ കവിത, കഥ, നാടകം, നോവൽ മുതലായവയുടെ കാര്യത്തിൽ സംഘടിതമായല്ല, വ്യക്തിപരമായാണ്, സാഹിത്യ കാരൻ പ്രവർത്തിക്കേണ്ടത്; അങ്ങനെ മാത്രമേ അയാൾക്ക് പ്രവർത്തിക്കാൻ കഴിയൂ. മറിച്ച് (സംഘടിതമായി നിർമ്മാണ പ്രവർത്തനം നടത്തുന്നതിന്റെ അർഥം സാഹിത്യകാരന്റെ വ്യക്തിസ്വാതന്ത്ര്യത്തിന്റെമേൽ കൈവെക്കാൻ പൊലീസിന ധികാരം കൊടുക്കുകയെന്നാണ് – ഇതാണ് ഗോവിന്ദന്റെ വാദം. ഗോവിന്ദന്റെ ഈ വാദം എൻ. വി. സ്വീകരിക്കുന്നുണ്ടോ? നമുക്കറിഞ്ഞുകൂടാ. എൻ. വി. അതിനെപ്പറ്റി ഒന്നും പറയുകയു ണ്ടായില്ല. എന്നാൽ കഥ, കവിത മുതലായവയുടെ പോഷണ ത്തിനുവേണ്ടി യാതൊരു പരിപാടിയും അദ്ദേഹത്തിന്റെ പദ്ധതിയി ലുൾപ്പെട്ടിരുന്നില്ലെന്നതൊരു പരമാർത്ഥമാണ്. അതിനുള്ള

കാരണം എൻ. വി. തന്റെ വാദമംഗീകരിക്കുന്നുവെന്നതാണ് എന്ന് ഗോവിന്ദൻ അവകാശപ്പെടുകയും ചെയ്തു. അത് ശരിയായാലും കൊള്ളാം, അല്ലെങ്കിലും കൊള്ളാം. അദ്ദേഹത്തിന്റെയും എൻ. വി. യുടെയും ചേർന്നതായാലും കൊള്ളാം – ഈ വാദം നമ്മളുടെ മുൻപിലുണ്ട്. നമുക്കത് പരിശോധിക്കുകതന്നെ വേണം'' (*മാർക്സിസവും മലയാളസാഹിത്യവും*, പേജ് 15) ഈ ആമുഖത്തോടെ ഇ. എം. എസ്. പ്രസ്തുതവാദത്തെ നിഷ്കൃഷ്ടമായി പരിശോധിച്ചുകൊണ്ട് ഇത് സാഹിത്യത്തിലെ പ്ലാനിങ്ങിൽ മാത്രം ഒതുങ്ങുന്നില്ലെന്നും കലാകാരന്റെ വ്യക്തിസ്വാതന്ത്ര്യവും സാമൂഹികകർത്തവ്യവും എന്ന പ്രമേയത്തിലേക്കാണത് ചെന്നെത്തുന്നതെന്നും ചൂണ്ടിക്കാണിക്കുകയും മാർക്സിസ്റ്റുവീക്ഷണത്തിൽ അതേക്കുറിച്ചുള്ള വിശകലനം നടത്തുകയും ചെയ്യുന്നു. സാഹിത്യകാരന്റെ – വിശേഷിച്ചും സർഗാത്മകസാഹിത്യകാരന്റെ – പ്രതിഭ എന്നാലെന്ത്? അതെങ്ങനെ ഉത്ഭവിക്കുന്നു? എങ്ങനെ വളരുന്നു? – ഇതാണ് കാതലായ പ്രശ്നം.

പ്രതിഭ ജന്മസിദ്ധമാണ്, പൂർവജന്മാർജ്ജിതമാണ്, ദൈവദത്തമാണ് എന്നെല്ലാമാണ് ഒരു കൂട്ടരുടെ ഉത്തരം. സാഹിത്യകാരന്റെ മാത്രമല്ല, ഏത് മഹാനായ വ്യക്തിയുടെ പ്രതിഭയ്ക്കും ഇതു ചേരും. അങ്ങനെയെങ്കിൽ, “മഹാത്മാഗാന്ധി, അല്ലെങ്കിൽ ജവാഹർ ലാൽ നെഹ്റു, നമ്മുടെ ദേശീയജീവിതത്തിൽ വഹിച്ച പങ്കിനുള്ള ഒരേയൊരടിസ്ഥാനം അവരുടെ വ്യക്തിപരമായ സവിശേഷതകളാണ്; പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ ജനിക്കുന്നതിനു പകരം ഒന്നാം നൂറ്റാണ്ടിലോ അല്ലെങ്കിൽ മുപ്പതാം നൂറ്റാണ്ടിലോ ആണ് ജനിക്കുന്നതെങ്കിലും അവർ ഇതേ പങ്ക് നിറവേറ്റുമായിരുന്നു; ഇന്ത്യയിൽ ജനിക്കുന്നതിനുപകരം ഇംഗ്ലണ്ടിലോ റഷ്യയിലോ ജനിച്ചിരുന്നുവെങ്കിലും അവരിതുതന്നെ ചെയ്യുമായിരുന്നു; ഗാന്ധിജിയും നെഹ്റുവും ഇന്ത്യയിലും ലെനിനും സ്റ്റാലിനും റഷ്യയിലും ജനിക്കുന്നതിനുപകരം മറിച്ചാണ് നടന്നിരുന്നതെങ്കിൽ സോഷ്യലിസ്റ്റുവിപ്ലവം ഇന്ത്യയിലും സത്യഗ്രഹപ്രസ്ഥാനം റഷ്യയിലും നടക്കുമായിരുന്നു; സർ സി. വി. രാമൻ അഞ്ചോ പത്തോ നൂറ്റാണ്ടുകൾക്കുമുൻപ് ജനിച്ചിരുന്നുവെങ്കിൽ രാമൻ ഇഫക്ട് എന്ന പേരിലറിയപ്പെടുന്ന ശാസ്ത്രീയ സിദ്ധാന്തം അന്നുതന്നെ കണ്ടുപിടിക്കുമായിരുന്നു” (പേജ് 120).

പ്രതിഭയെക്കുറിച്ചുള്ള ഈ വാദത്തിന്റെ ബാലിശത ഇപ്രകാരം വ്യക്തമാക്കിയതിനുശേഷം ഇതേപ്പറ്റി മാർക്സിസം–ലെനിനിസത്തിന്റെ വീക്ഷണം ഇ. എം. എസ്. വിശദമാക്കുന്നു. അതിന്റെ ചുരുക്കമിതാണ്: പ്രപഞ്ചത്തിലെ മറ്റു വസ്തുക്കളെപ്പോലെതന്നെ ഓരോ മനുഷ്യനും ഭൗതികപദാർഥങ്ങളുടെ ചില പരസ്പരബന്ധങ്ങളുടെ ഫലമായാണുളവാകുന്നത്. പക്ഷേ, വെറും ഭൗതിക പദാർഥങ്ങളുടെ ആകത്തുക മാത്രമല്ല മനുഷ്യൻ. അവയിലില്ലാത്ത ബുദ്ധിശക്തി അയാൾക്കുണ്ട്. ഈ ബുദ്ധിശക്തിയുടെ അളവനുസരിച്ച് ഒരാളുടെ വ്യക്തിമാഹാത്മ്യവും തരഭേദമനുസരിച്ച് കലാ

കാരൻ, ശാസ്ത്രജ്ഞൻ, തത്ത്വചിന്തകൻ തുടങ്ങിയ വിഭജനവും സംഭവിക്കുന്നു. മനുഷ്യന്റെ ബുദ്ധിശക്തി അനുക്രമം വളരുന്നതാണ്. മുൻതലമുറയിലുള്ളവർക്ക് സ്വപ്നം കാണാൻ കഴിയാത്ത കാര്യങ്ങൾപോലും നമുക്കിന്ന് ചെയ്യാൻ കഴിയുന്നത് ബുദ്ധിശക്തിയുടെ ഈ വളർച്ചകൊണ്ടാണ്. ബുദ്ധിശക്തിയിൽ വന്നതും ഇനി വരാൻ പോകുന്നതുമായ ഈ വളർച്ച, മനുഷ്യനും ഭൗതിക പ്രപഞ്ചവും തമ്മിലുള്ള ബന്ധത്തിൽ വന്നതും വരാനിരിക്കുന്നതുമായ മാറ്റത്തിന്റെ ഫലമത്രെ. ഈ ബന്ധം പ്രകൃതിയുമായുള്ള സമരം ഓരോ വ്യക്തിയും ഒറ്റയ്ക്കല്ല, കൂട്ടായാണ് നടത്തുന്നത്. അതിന്റെ ഫലമായി പൂർവികരുടെ അറിവും അനുഭവവും നമുക്കുകൂടി പ്രയോജനപ്പെടുന്നു. അതായത് മനുഷ്യന്റെ പ്രകൃതിയോടുള്ള സമരവും തത്ഫലമായി അയാളുടെ ബുദ്ധിശക്തിയിലുണ്ടാകുന്ന വളർച്ചയും സാമൂഹികമായിത്തീരുന്നുണ്ട്. ഇങ്ങനെ, നാളതുവരെ ലോകത്തിലെങ്ങും നടന്ന സാമൂഹികപ്രവർത്തനത്തിന്റെ ഫലമായി വളർന്നുവന്ന സാമൂഹികമായ ബുദ്ധിശക്തിയുടെ ഉടമകളായാണ് മഹാന്മാരായ വ്യക്തികൾ ജനിക്കുന്നത്. അതുകൊണ്ട് അവരുടെ മഹത്ത്വം ശരിക്കും കാണുന്നതിന്, അവരുടെ സാമൂഹികപശ്ചാത്തലം വ്യക്തമായി മനസ്സിലാക്കേണ്ടിയിരിക്കുന്നു. എന്നാൽ, സമൂഹത്തിന്റെ സൃഷ്ടിയായ മനുഷ്യൻ അതിന് തികച്ചും അടിമപ്പെട്ടുകൊണ്ട് കഴിയുന്ന ഒരു നിസ്സഹായ ജീവിയല്ല. സാമൂഹികപരിസ്ഥിതികളെ ഒരതിർത്തിവരെ മാറ്റിത്തീർക്കാനും അവയ്ക്ക് ഒരതിർത്തിവരെ രൂപം കൊടുക്കാനും വ്യക്തികൾക്ക് കഴിയും. മഹാന്മാരായ ചില വ്യക്തികൾ തങ്ങളുടെ പ്രവർത്തനത്തിൽ ജയിക്കാനും മറ്റു ചിലർ തോൽക്കാനും വേറെ ചിലർ ഒരളവുവരെ ജയിച്ച് അതിലധികം മുന്നോട്ടുപോവാതിരിക്കാനുമെല്ലാം അടിസ്ഥാനപരമായ ഒരു കാരണമുണ്ട് – അവരോരോരുത്തരുടെയും പ്രപഞ്ചവീക്ഷണം.

ഇതെല്ലാമാണ് വ്യക്തികൾക്ക് – മഹാന്മാരായ വ്യക്തികൾക്ക് – സമുദായത്തിലുള്ള സ്ഥാനത്തെക്കുറിച്ച് മാർക്സിസം–ലെനിനിസം എടുക്കുന്ന നിലപാട്.

ഈ നിലപാട് സാഹിത്യരംഗത്തിലേക്ക് വ്യാപിപ്പിച്ചുകൊണ്ട് ഇ. എം. എസ്. ലഘുലേഖ ഇപ്രകാരം ഉപസംഹരിക്കുന്നു: "ഉണ്ണായി വാരിയരും തുഞ്ചത്തെഴുച്ഛനും കുഞ്ചൻനമ്പ്യാരും ചെറുശ്ശേരിയും ചന്തുമേനോനും കുമാരനാശാനും വള്ളത്തോളും ചങ്ങമ്പുഴയും ശങ്കരക്കുറുപ്പും തകഴിയുമെല്ലാം സാഹിത്യലോകത്തിൽ ഉന്നത സ്ഥാനം നേടാൻ കാരണമെന്താണ്? അവരുടെ വ്യക്തിപരമായ കഴിവുകൾ മാത്രമാണോ? അതോ, അവരോരുത്തരും ജനിച്ചു വളർന്ന, സർഗാത്മകപ്രവർത്തനം നടത്തിയ കേരളത്തിലെ ജനതയുടെ കഴിവുകൾക്കുകൂടി അതിൽ പങ്കുണ്ടോ? അവരുടെ ഉത്കൃഷ്ടകൃതികൾ അവരുടെ മാത്രം വ്യക്തിപരമായ നേട്ടമാണോ? അതോ, കേരളീയജനതയുടെയാകെ നേട്ടമാണോ? – ഇതാണ് പ്രശ്നം. മാർക്സിസം–ലെനിനിസം ഉറപ്പിച്ചുപറയുന്നു: മുന്നോട്ടു

മാർച്ചുചെയ്യുന്ന കേരളീയജനതയുടെ സൃഷ്ടികളാണ് ഈ കേരളീയസാഹിത്യകാരന്മാരോരുത്തരും. മാത്രമല്ല, കേരളീയ ജനതയുടെ വികാരവിചാരങ്ങൾക്കും ജീവിതത്തിനും ഏറ്റവും സുന്ദരമായ രൂപം കൊടുക്കാൻ കഴിഞ്ഞുവെന്നതാണ് അവരുടെ വ്യക്തിപരമായ മേന്മ. സമുദായത്തിൽനിന്ന് അകന്നുനിൽക്കുന്ന വ്യക്തികളെന്ന നിലയ്ക്കല്ല, സമുദായത്തിനകത്ത് (പക്ഷേ, മറ്റുള്ള വരിൽനിന്ന് ഒരു പടി ഉയർന്ന്) ജീവിച്ചുവളർന്നവരെന്ന നില യ്ക്കാണ് അവർ ഉത്തമസാഹിത്യകാരന്മാരായത്. ഉത്കൃഷ്ട സാഹിത്യകാരന്മാർക്കൊക്കെയുള്ള ഈ രണ്ട് ഗുണങ്ങൾ – അവർ സമുദായത്തിന്റെ അഭേദ്യഭാഗമാണ്; അതേസമയം സമുദായ ത്തിലെ സാധാരണക്കാരിൽനിന്ന് ഒരുപടി (ഒരു പടിമാത്രം) ഉയർന്നുനിൽക്കുന്നവർ – ഇവരെ ഏറ്റവുമധികം വളർത്തുകയും ഉയർത്തുകയും ചെയ്യുന്നതെങ്ങനെയെന്നതാണ് സാഹിത്യത്തിലെ പ്ലാനിങ്ങിന്റെ കേന്ദ്രപ്രശ്നം" (പേജ് 130–131).

ഈ ലഘുലേഖയ്ക്ക് മറുപടിയെന്നോണം 1957 ജനുവരി 26 –ാം തിയ്യതിയിലെ *മാതൃഭൂമി* വാരാന്തപ്പതിപ്പിൽ "വ്യക്തിപ്രഭാവ സിദ്ധാന്തം സാഹിത്യത്തിൽ" എന്നൊരു ലേഖനം പ്രഫ. സുകുമാർ അഴീക്കോട് എഴുതി. അതിനെ ഖണ്ഡിച്ചുകൊണ്ട് "പ്രതിഭയും സുകുമാർ അഴീക്കോടും" എന്ന പേരിൽ 1957 ഏപ്രിൽ 6–ന്റെ *നവയുഗം* വാരികയിൽ പ്രഫ. എം. എസ്. ദേവദാസ് എഴുതിയ ലേഖനം. (ഇത് 'പ്രതിഭ' എന്ന ശീർഷകത്തിൽ *സാഹിത്യപ്രതിഭ യും സമൂഹവും* എന്ന സമാഹാരത്തിൽ ചേർത്തിട്ടുണ്ട്). ഈ വിഷയത്തിൽ താല്പര്യമുള്ളവരെല്ലാം വായിച്ചിരിക്കേണ്ടതാണ്. സമചിത്തതയോടെയും പ്രതിപക്ഷബഹുമാനത്തോടെയും ദേവ ദാസ് എഴുതിയ ആ പ്രത്യാഖ്യാനം, ഇത്തരം വാദപ്രതിവാദങ്ങ ളിൽ ഏർപ്പെടുന്ന ബുദ്ധിജീവിക്ക് അത്യന്തം അനുകരണീയമായ ഒരു മാതൃകയത്രെ.

"തന്റെ എതിരാളികളായ മാർക്സിസ്റ്റുകാർ പറയുന്നതെ ന്താണെന്ന് ക്ഷമാപൂർവം പരിശോധിച്ച് അവരുടെ വാദമുഖങ്ങളെ സയുക്തികം ഖണ്ഡിക്കുന്നതിനുപകരം അവരുടെനേരെ അങ്ങേ യറ്റത്തെ അക്ഷമയും അസഹിഷ്ണുതയും പുച്ഛവും പ്രദർശിപ്പി ക്കുകയാണ്" അഴീക്കോട് ചെയ്യുന്നത് എന്നു നിരീക്ഷിച്ചുകൊണ്ട് അദ്ദേഹത്തിന്റെ മറുപടിയുടെ ആദ്യഭാഗംതന്നെ ദേവദാസ് ഉദ്ധരി ക്കുന്നു: "സാഹിത്യത്തിൽ ആശയവ്യഭിചാരം പരക്കെ നടക്കുന്ന ഒരു കാലമാണിന്ന്. ചിന്തയുടെ നാണയങ്ങളായ പദങ്ങളുടെ അതി സൂക്ഷ്മമായ അർഥവ്യത്യാസങ്ങളെപ്പറ്റി ഒരു നോട്ടവുമില്ലാത്ത എഴുത്തുകാർ വർധിച്ചുകൊണ്ടിരിക്കുന്നു. ഈ ശാപം ശക്തിപ്പെ ടുവാനുള്ള ഒരു കാരണം ഉപസ്ഥിതിയില്ലാത്ത വിഷയങ്ങളിൽ മുൻപിൻ നോക്കാതെ എഴുത്തുകാർ ചാടിയിറങ്ങുന്നു എന്നതത്രെ. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ആശയവ്യഭിചാരം തൊഴി ലെന്നോണം നടത്തിക്കൊണ്ടിരിക്കുന്നവർ നമ്മുടെ ബഹുകർത്ത വ്യവ്യഗ്രരായ രാഷ്ട്രീയപ്രവർത്തകരാണ്." ഇതേപ്പറ്റി ദേവദാസ്

അഭിപ്രായപ്പെടുന്നു: "എന്നുവെച്ചാൽ ഇ. എം. എസ്സ്. ബഹുകർത്ത വ്യഗ്രസ്തനായ ഒരു രാഷ്ട്രീയ പ്രവർത്തകനാണെന്നും അദ്ദേഹ ത്തിന് സാഹിത്യസംബന്ധമായ താത്ത്വികപ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കാൻ വേണ്ട 'ഉപസ്ഥിതി'യില്ലെന്നുമാണർഥം" (*സാഹി ത്യപ്രതിഭയും സമൂഹവും*, പേജ് 26).

തുടർന്ന്, ആർക്കാണ് 'ഉപസ്ഥിതി'യില്ലാത്തതെന്ന് പരിശോധി ക്കുകയാണ്: "ഇ. എം. എസ്സിന്റെ ലഘുലേഖയിൽ വ്യക്തിപ്രഭാവ മെന്ന പദംകൊണ്ട് പ്രതിഭ എന്നാണ് വിവക്ഷിച്ചിട്ടുള്ളതെന്നും പ്രതിഭയും വ്യക്തിപ്രഭാവവും ഒന്നല്ലെന്നും അഴീക്കോട് വാദിക്കു ന്നു. അങ്ങനെയിരിക്കെ, രണ്ടിനെയും തമ്മിൽ കൂട്ടിക്കലർത്തുന്നത് ആശയവ്യഭിചാരമാണെന്നും അദ്ദേഹത്തിന്നഭിപ്രായമുണ്ട്. ഒടു വിൽ അദ്ദേഹം ആവലാതിപ്പെടുന്നു – ഇ. എം. എസ്സ്. പ്രതിഭയെ തൂക്കിലേറ്റുകയാണ് ചെയ്യുന്നതെന്ന്. ശാന്തം പാപം! ഇതിലെല്ലാ മടങ്ങിയിട്ടുള്ള ലേഖകന്റെ കോപവും അസഹിഷ്ണുതയുമാണ് ഏറ്റവും രസകരം" (പേജ് 26).

'വ്യക്തിപ്രഭാവം' എന്നതുകൊണ്ട് അഴീക്കോട് ഉദ്ദേശിക്കുന്ന ത് 'രാഷ്ട്രീയാധികാരപ്രാബല്യം നിമിത്തം ഒരു വ്യക്തി മറ്റുള്ളവരെ താഴ്ത്തുകയും സ്വേച്ഛാധികാരിയായി മാറുകയും ചെയ്യുന്നതിനെ' യാണ്. "പഴയൊരു വാക്കായ സ്വേച്ഛാപ്രഭുത്വത്തിന് കമ്മ്യൂണിസ്റ്റ് നേതാക്കൾ കൊടുത്ത പുതിയൊരു പേരു മാത്രമാണ് 'വ്യക്തി പ്രഭാവം' എന്നും അദ്ദേഹത്തിന്നഭിപ്രായമുണ്ട്.

വസ്തുതയെന്താണ്? കമ്മ്യൂണിസ്റ്റുകാർ "വ്യക്തിപ്രഭാവത്തിന് ഒരിക്കലും സ്വേച്ഛാധിപത്യം എന്നർഥം കല്പിച്ചിട്ടില്ല. കമ്മ്യൂണിസ്റ്റു കാർ ഉദ്ദേശിക്കാത്തതും പറയാത്തതുമായ ഒരു വ്യാഖ്യാനം അവരു ടെ മേൽ കെട്ടിവെക്കുക. എന്നിട്ടതിനെ ഖണ്ഡിക്കുക. ഇതാണ് സുകുമാർ അഴീക്കോടിന്റെ ഖണ്ഡനരീതി. പക്ഷേ, ഇതുകൊ ണ്ടൊന്നും ശാസ്ത്രീയസത്യങ്ങൾ ഖണ്ഡിക്കപ്പെടുകയില്ല. അഥവാ ഈദൃശഖണ്ഡനങ്ങളിൽനിന്ന് തെളിയുന്നത്, അഴീക്കോടിന് ഈവക കാര്യങ്ങളിൽ ഉപസ്ഥിതി കുറേ കുറവാണെന്നു മാത്ര മാണ് (പേജ് 27).

തുടർന്ന്, വ്യക്തിപ്രഭാവത്തെ നിർവചിച്ച് അതും പ്രതിഭയും ഒന്നുതന്നെയെന്ന് പ്രഫ. ദേവദാസ് വ്യക്തമാക്കുന്നു: "വ്യക്തി പ്രഭാവമെന്നുവെച്ചാൽ സാമാന്യജനതയിൽനിന്ന് തുലോം ഉപരി യായി അപൂർവം ചില വ്യക്തികളിൽ പലപ്പോഴും പല രാജ്യങ്ങളി ലും പല മണ്ഡലങ്ങളിലും പ്രത്യക്ഷപ്പെട്ടുകാണാറുള്ള ആ അത്ഭു താവഹമായ ധിഷണാവിലാസംതന്നെയാണ്. 'പ്രതിഭ' എന്ന പദത്താലും അത് അറിയപ്പെടുന്നു" (പേജ് 27).

ഈ 'പ്രതിഭ'യെ ഇ. എം. എസ്സ്. തൂക്കിലേറ്റുന്നതായി അദ്ദേഹ ത്തിന്റെ ലഘുലേഖ വായിക്കുന്നവർക്കോ, അതുമല്ലെങ്കിൽ ഈ ലേഖനത്തിന്റെ ആരംഭത്തിൽ കൊടുത്ത അതിന്റെ സംക്ഷേപരൂപ ത്തിലൂടെ കണ്ണോടിക്കുന്നവർക്കോ തോന്നുകയില്ല. അപ്പോൾ പ്രശ്നം 'പ്രതിഭ' എന്തെന്നതല്ല. അതെങ്ങനെയുണ്ടാവുന്നു?

അതിന്റെ മൗലികസ്വഭാവം വെറും വ്യക്തിഗതമാണോ, അതോ സാമൂഹികമോ? – ഇത്തരം കാര്യങ്ങളാണ്. മുമ്പ് കണ്ടതുപോലെ ഇ. എം. എസ്സിന്റെ സമീപനം ഭൗതികവാദത്തിന്റെ അടിസ്ഥാന ത്തിലുള്ളതാണ്. അഴീക്കോടിന്റേതോ? ''അജ്ഞാതപ്രഭവമായ പ്രതിഭ തികച്ചും വ്യക്തിഗതമായ കഴിവാണ്. സമൂഹത്തിന് അതി ന്റെ ഉത്പത്തിയിൽ ഒന്നും ചെയ്യാനില്ല" എന്നിങ്ങനെ ആത്മീയ വാദത്തിന്റെ അടിസ്ഥാനത്തിലുള്ളതും. ദേവദാസ് ചൂണ്ടിക്കാട്ടുന്ന തുപോലെ, മാർക്സിസ്റ്റുകാർ പ്രത്യക്ഷത്തിൽ വ്യക്തിഗതമായ മനുഷ്യപ്രതിഭയുടെ പിന്നിലുള്ള സാമൂഹികശക്തികളെ ആരാ ഞ്ഞറിയുന്നു; അങ്ങനെ ഓരോ പ്രതിഭാശാലിയുടെയും സൃഷ്ടി പരമായ കഴിവുകൾക്ക് പ്രേരകമായിനിന്നിട്ടുള്ള സാമൂഹിക വളർച്ചയുടെ ഘടകങ്ങളേതെന്ന് കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. ഈ അടിസ്ഥാനത്തിലാണ് മാർക്സും എംഗൽസും ഷേക്സ്പി യറുടെയും ബൽസാക്കിന്റെയും മഹത്ത്വത്തെ അളക്കുന്നത്. ഈ രീതിയിലാണ് ലെനിൻ ടോൾസ്റ്റോയിയുടെ കൃതികളെ വിലയി രുത്തിയത്. ഇതുതന്നെയാണ് ഇ. എം. എസ്സും തന്റെ ലഘുലേഖ യിൽ ഉൾക്കൊള്ളുന്ന സമീപനം. ഇതാണ് ഈ വിഷയത്തിലുള്ള മാർക്സിസ്റ്റ് സമീപനം. പക്ഷേ, ഇത് സുകുമാർ അഴീക്കോടിന്റെ ആശയങ്ങൾക്കും സമീപനങ്ങൾക്കും കടകവിരുദ്ധമാണ്. അതു കൊണ്ടുതന്നെയാണ് അദ്ദേഹത്തിനിത്ര അരിശം" (പേജ് 28).

മനുഷ്യന്റെ ബുദ്ധിയും ബുദ്ധിയുടെ പ്രകാരഭേദങ്ങളായ പ്രതിഭ തുടങ്ങിയ ഗുപ്തശക്തികളും ഭൗതികാണുക്കളുടെ സംയോഗ ത്തിൽ നിന്നുണ്ടാവുന്നതാണെന്ന് ശാസ്ത്രജ്ഞന്മാർ തിട്ടപ്പെടുത്തി പറയാത്ത കാലത്തോളം പ്രതിഭയെ ദൈവദത്തമെന്നോ പ്രകൃതി സഹജമെന്നോ ശാസ്ത്രീയഗവേഷണാതീതമായ ആധ്യാത്മിക ശക്തിയെന്നോ നാമകരണം ചെയ്യണമെന്ന് അഴീക്കോടിന്റെ വാദ ത്തെയും ദേവദാസ് പരിഹാസരൂക്ഷമായി ഖണ്ഡിക്കുന്നു. എന്നിട്ട് അദ്ദേഹം എഴുതുന്നു: "ബുദ്ധിശക്തിയുടെ, അഥവാ പ്രതിഭയുടെ ഇരിപ്പിടം മനുഷ്യന്റെ തലച്ചോറല്ലേ? ഈ തലച്ചോർ കേവലം ഭൗതി കമായ ശരീരത്തിന്റെ ഒരു ഭാഗവുമല്ലേ? ശരീരം ജീവനോടുകൂടി നിലനിൽക്കുന്നുണ്ടെങ്കിൽ മാത്രമല്ലാതെ തലച്ചോറോ ബുദ്ധിശക്തി യോ പ്രവർത്തിക്കുമോ? ചിന്തയെന്നു പറയപ്പെടുന്ന മനുഷ്യ മസ്തിഷ്കത്തിന്റെ പ്രവർത്തനപ്രക്രിയയിൽ ചില രാസവസ്തു ക്കളുടെ ആഘാതപ്രത്യാഘാതങ്ങളും അന്യോന്യലയങ്ങളുമാണ് അന്തർഭവിച്ചിട്ടുള്ളതെന്ന് ആധുനികശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ടു താനും. അപ്പോൾ പ്രതിഭയുടെ വേരുകൾ ഭൗതികമാണ്; അതിന്റെ പ്രവർത്തനത്തിന്നു ഭൗതികമായ ചില ഉപാധികളുണ്ട്. ഇതൊന്നും നിഷേധിക്കുവാൻ സാധ്യമല്ല. ജീവസന്ധാരണത്തിനാവശ്യമായ വായുവും വെള്ളവും ഭക്ഷണവുമൊക്കെ വേണ്ടസമയത്ത് കിട്ടാ ഞ്ഞാൽ മഹാകവികൾ കവിതകളെഴുതുകയില്ല; രാജ്യതന്ത്രജ്ഞ ന്മാർ രാജ്യം ഭരിക്കുകയില്ല; ശാസ്ത്രകാരന്മാർ തങ്ങളുടെ ലാബറ ട്ടറികളിൽ ഗവേഷണം തുടരുകയില്ല'' (പേജ് 29–30).

ചുരുക്കിപ്പറഞ്ഞാൽ, ഏറ്റവും വലിയ പ്രതിഭാശാലികൾകൂടി കേവലം ഭൗതികമായ തലച്ചോറുകൊണ്ടാണ് പ്രവർത്തിക്കുന്ന തെന്നു മാത്രമല്ല, അവർ ഉത്പാദിപ്പിക്കുന്ന സംഗീതസാഹിത്യാ ദികലകൾക്കും ശാസ്ത്രവിജ്ഞാനത്തിനുമൊക്കെ വെളിയിലോട്ട് വികസിക്കുവാൻ അനേകമനേകം ഭൗതികോപാധികൾ കൂടിയേ കഴിയൂ എന്നുവരുന്നു" (പേജ് 30). എന്താണിതിന് കാരണം? മനുഷ്യപ്രതിഭയുടെ പ്രവർത്തനമണ്ഡലമാകെ സാമൂഹികമായതു തന്നെ. പ്രതിഭയ്ക്ക് വ്യക്തിഗതമായ ഒരു പ്രധാനവശമുണ്ടെന്നു ള്ളതിൽ സംശയമില്ല. പക്ഷേ അതിന്റെ വേരുകൾ സാമൂഹികമാ ണ്; അതിന്റെ പൂവും കായും സാമൂഹികമാണ്. "അജ്ഞാത പ്രഭവമായ പ്രതിഭയുടെ ഉത്പത്തിയിൽ സമൂഹത്തിന് ഒന്നും ചെയ്യാനില്ലെന്ന" സുകുമാറിന്റെ ദൃഢശപഥം എത്ര നിരർത്ഥകം!

അനന്തരം പ്രൊഫ. ദേവദാസ് പ്രതിഭയും സമൂഹവും തമ്മിലു ള്ള അഭേദ്യബന്ധം വിശദീകരിക്കുന്നു. പ്രതിഭയെ അതതുകാല ത്തെ സാമൂഹികശക്തികൾ നിയന്ത്രിക്കുന്നു. "സമുദായത്തിൽ വർഗവൈരുധ്യങ്ങളും ഉച്ചനീചത്വങ്ങളും ആവിർഭവിച്ചതുമുതൽ പ്രതിഭാശാലികൾ ഏറിയകൂറും ഉപരിവർഗങ്ങളിൽനിന്നാണുയർ ന്നിട്ടുള്ളത്. ഇന്ത്യയിൽ ശങ്കരാചാര്യർ, ബുദ്ധൻ, ചാണക്യൻ മുതലാ യവരും പുരാതനഗ്രീസ്സിൽ പ്ലേറ്റോ, അരിസ്റ്റോട്ടിൽ മുതലായവരും പുരാതനറോമിൽ സീസർ, സിസറോ മുതലായവരും സമുദായ ത്തിന്റെ ഉയർന്നവിഭാഗങ്ങളിൽനിന്ന് വന്നവരാണ്. ഇനി താണ വരുടെയിടയിൽനിന്ന് വല്ലവരും മേല്പോട്ടുയർന്നിട്ടുണ്ടെങ്കിൽ അവർക്കും അതത് കാലത്തെ ഉപരിവർഗങ്ങളെ ആശ്രയിച്ച് ജീവി ക്കേണ്ടിവന്നിട്ടുണ്ട്. ഉപരിവർഗങ്ങൾക്കുവേണ്ടി തങ്ങളുടെ പ്രതിഭയെ മിക്കവാറും വിൽക്കേണ്ടിവന്നിട്ടുണ്ട്" (പേജ് 31).

കാരണം വ്യക്തം. ഏതു പ്രതിഭാശാലിയുടെയും വളർച്ചയ്ക്ക് പ്രോത്സാഹനം കൂടിയേ തീരൂ. പ്രതിഭയുടെ വികാസത്തിന് പഠി പ്പും സംസ്കാരവും അനുപേക്ഷണീയമാണ്. പഠിപ്പിന്റെയും സംസ്കാരത്തിന്റെയുമൊക്കെ കുത്തക പണ്ട് ഭരണാധികാരി വർഗങ്ങൾക്കായിരുന്നു. ബഹുഭൂരിപക്ഷം വരുന്ന കീഴ്ജാതിക്കാ രായ സാധാരണക്കാർക്ക് അവയൊന്നും നേടാൻ അവകാശമുണ്ടാ യിരുന്നില്ല. ഈ വസ്തുതയ്ക്ക് ഉപോദ്ബലകമായി പ്രൊഫ. ദേവദാസ് കുമാരനാശാന്റെ *ദുരവസ്ഥ*യിലെ ഈ വരിക ളുദ്ധരിക്കുന്നു:

എത്ര പെരുമാക്കൾ ശങ്കരാചാര്യന്മാർ
എത്രയോ തുഞ്ചന്മാർ കുഞ്ചന്മാരും
ക്രൂരമാം ജാതിയാൽ നൂനമലസിപ്പോയ്
കേരളമാതാവേ! നിൻവയറ്റിൽ!
തേച്ചു മിനുക്കിയാൽ കാന്തിയും മൂല്യവും
വാച്ചിടും രത്നങ്ങൾ ഭാരതാംബേ!
താണുകിടക്കുന്നു നിൻ കുക്ഷിയിൽച്ചാണ
കാണാതെയാറേഴുകോടിയിന്നും

എന്നിട്ട് ഇതിന്റെ അർഥം ഇങ്ങനെ വിശദമാക്കുന്നു: "പാവങ്ങൾക്ക് പ്രതികൂലമായ സാമൂഹ്യചുറ്റുപാടുകളിൽ പാവങ്ങളിൽ നിന്നുയർന്നുവരുന്നവരുടെ പ്രതിഭ ഗർഭത്തിൽവെച്ചുതന്നെ അലസിപ്പോവുന്നുവെന്നല്ലേ ഇപ്പറഞ്ഞതിനർഥം? പ്രതിഭയുടെ കുത്തക ഉയർന്ന ജാതിക്കാർക്കു മാത്രമാണെന്ന ക്രൂരയാഥാർഥ്യത്തിന്റെ നേരെ കവി പ്രദർശിപ്പിക്കുന്ന കടുത്ത പ്രതിഷേധമല്ലേ ഇത്? പ്രതിഭയുടെ ഉത്പത്തിയിലും വളർച്ചയിലും അതത് കാലത്തുള്ള സാമൂഹികശക്തികൾ എങ്ങനെ നിർണായകമായ പങ്കു വഹിക്കുന്നുവെന്നല്ലേ ആശാൻ ഇവിടെ വിശദീകരിച്ചിട്ടുള്ളതിൽ നിന്ന് മനസ്സിലാകുന്നത്?" (പേജ് 32).

എന്തുകൊണ്ട് ഒന്നൊന്നരശ്ശതാബ്ദം മുമ്പു മാത്രം, ആശാൻ മാത്രം, ഈ പ്രശ്നമുയർത്തി? എന്തുകൊണ്ട് പ്രാചീനരായ കാളിദാസാദിമഹാകവികൾ പ്രാചീനേന്ത്യയിലെ ക്രൂരമായ ജാതിമേധാവിത്തത്തിനെതിരായി ശബ്ദമുയർത്തിയില്ല? അവർക്ക് ആശാനോളം പ്രതിഭയില്ലാഞ്ഞിട്ടാണോ? ഈ ചോദ്യങ്ങളുന്നയിച്ച് പ്രൊഫ. ദേവദാസ് ഉത്തരം കണ്ടെത്തുന്നു: "ഇങ്ങനെ പുതിയൊരു രാഗത്തിലും സ്വരത്തിലും പാടാനുള്ള പുതിയ സാമൂഹികചുറ്റുപാടുകൾ ഉയർന്നപ്പോഴാണ് ആശാൻ ഇങ്ങനെ പാടിയത്. പഴകി ദ്രവിച്ച പിന്തിരിപ്പൻ ജാതിമേധാവിത്തത്തിനെതിരായി പുതിയ സാമൂഹിക ശക്തികൾ കേരളത്തിൽ ഇരമ്പിക്കയറിയ ഒരു പുതിയ ചരിത്രഘട്ടത്തിലാണ് ഈ പുതിയ ശക്തികളുടെ വക്താവും നേതാവുമായി ആശാൻ മേൽപ്പറഞ്ഞവിധം പാടിയത്" (പേജ് 33).

എന്നാൽ പ്രതിഭയുടെ ഈ പ്രശ്നത്തെ കേവലം യാന്ത്രികമായി സമീപിക്കുന്നത് ശരിയായിരിക്കുകയില്ലെന്ന് അദ്ദേഹം ഓർമ്മിപ്പിക്കാതിരിക്കുന്നില്ല. "സാമൂഹിക-രാഷ്ട്രീയചുറ്റുപാടുകൾ സാമൂഹിക-രാഷ്ട്രീയനേതാക്കന്മാരുടെമേൽ സമ്മർദ്ദം ചെലുത്തുന്നതും നിയന്ത്രിക്കുന്നതും വളർത്തുന്നതും താരതമ്യേന പ്രത്യക്ഷമായിട്ടാണെങ്കിൽ, കവികളുടെയും കലാകാരന്മാരുടെയും ശാസ്ത്രകാരന്മാരുടെയും ദാർശനികന്മാരുടെയും മേൽ ഈ ചുറ്റുപാടുകൾക്കുള്ള സ്വാധീനശക്തി കൂടുതൽ പരോക്ഷവും ഗുരുതരവുമായ രീതിയിലാണ് പ്രവർത്തിക്കുന്നത്. എങ്കിൽകൂടി അത് നിർണായകമാംവണ്ണം പ്രവർത്തിക്കുന്നുണ്ടെന്നതാണ് വാസ്തവം....എന്നാൽ സമൂഹത്തിൽനിന്നാണ് പ്രതിഭാശാലികൾ ഉയർന്നുവരുന്നതെങ്കിൽ കൂടി – സാമൂഹികബന്ധങ്ങളാണ് അവരെ ഉയർത്തുന്നതും വളർത്തുന്നതുമെങ്കിൽകൂടി – എല്ലാ യഥാർഥപ്രതിഭാശാലികൾക്കും അവരവരുടെ സ്വന്തം വ്യക്തിത്വമുണ്ട്....ഒരു കലാകാരന്റെ വ്യക്തിത്വമെന്നുവെച്ചാൽ ഫലത്തിൽ അയാളുടെ പ്രതിഭ കൈക്കൊള്ളുന്ന സവിശേഷരൂപമല്ലാതെ മറ്റൊന്നുമല്ല. കലയുടെയും സാഹിത്യത്തിന്റെയും രംഗത്തിൽ പ്രതിഭയുടെ ഈ വ്യക്തിഗതമായ വശങ്ങൾക്ക് – എന്നുവെച്ചാൽ അതിന്റെ കലാപരമായ സവിശേഷരൂപങ്ങൾക്ക് – പ്രത്യേക പ്രാധാന്യമുണ്ട്. ഇവയിൽനിന്നുയരുന്ന നിരവധി സാങ്കേതികപ്രശ്നങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്" (പേജ്

34). പ്രതിഭയെക്കുറിച്ചുള്ള മാർക്സിസ്റ്റ് കാഴ്ചപ്പാട് ഇപ്രകാരം സംശയത്തിനിട നൽകാത്ത മട്ടിൽ വിശദമാക്കിയതിനുശേഷം തന്റെ പ്രത്യാഖ്യാനം ദേവദാസ് ഉപസംഹരിക്കുന്ന ഭാഗം എടുത്തു പറയത്തക്കതാണ്. മുൻപ് പറഞ്ഞതുപോലെ ഇത്തരം വാദപ്രതിവാദങ്ങളിലേർപ്പെടുന്നവർക്ക് അനുകരണീയമായ മാതൃകയാണത്. ആ ഭാഗം മുഴുവനായിത്തന്നെ ഉദ്ധരിക്കട്ടെ: "എല്ലാ മാർക്സിസ്റ്റ് കലാനിരൂപകന്മാരും കലാകാരന്റെ വ്യക്തിത്വത്തിന് വേണ്ടത്ര വില കല്പിക്കുന്നില്ലെന്നാണ് സുകുമാർ അഴീക്കോടിന്റെ ആക്ഷേപമെങ്കിൽ ഞാൻ അദ്ദേഹത്തോട് യോജിക്കുന്നു. കേരളത്തിലെ പല സാഹിത്യകാരന്മാരും ആഴമില്ലാത്ത ഇടതുപക്ഷശകാരങ്ങൾക്ക് അപ്പപ്പോൾ പാത്രീഭവിച്ചിട്ടുണ്ട്. പക്ഷേ, ഇത് മാർക്സിസ്റ്റുതത്ത്വശാസ്ത്രത്തിന്റെ തെറ്റല്ല; അത് പ്രയോഗിക്കുന്നതിലുള്ള അപക്വത മാത്രമാണ്. അഴീക്കോടാകട്ടെ മാർക്സിസ്റ്റ് ലോകവീക്ഷണത്തെത്തന്നെയാണ് എതിർക്കുന്നത്. അദ്ദേഹം ഭൗതികവാദത്തെത്തന്നെ എതിർക്കുന്നു. വ്യക്തി സമൂഹത്തിന്റെ ഭാഗമാണെന്ന പ്രാഥമിക തത്ത്വത്തെപ്പോലും എതിർക്കുന്നു. കലയും സാഹിത്യവും പ്രതിഭയുമൊക്കെത്തന്നെ ആദ്യന്തം വ്യക്തിഗതമാണെന്നു വാദിക്കുന്നു. ഇതുതന്നെയാണ് വ്യക്തിപ്രഭാവസിദ്ധാന്തം. ഇതിനെയാണ് ഇ. എം. എസ്സ്. തന്റെ ലഘുലേഖയിൽ വിമർശിച്ചിട്ടുള്ളത്. ഇതുമായി ഞങ്ങൾക്ക് രാജി സാധ്യമല്ല. എന്നാൽ അവസാനമായി എനിക്ക് അഴീക്കോടിനോട് പറയാനുള്ളത്, ഞാൻ അദ്ദേഹത്തിന്റെ ലേഖനത്തെ എതിർക്കുന്നുണ്ടെങ്കിലും അതിനെ സ്വാഗതം ചെയ്യു ന്നുവെന്നാണ്. കാരണം, അത് ഇന്നാട്ടിലെ ആശയസമരത്തെ സഹായിക്കുന്നു. മാർക്സിസ്റ്റാശയങ്ങൾ മാത്രമേ ഈ രാജ്യത്ത് പ്രചരിച്ചുകൂടൂ എന്ന നിലപാട് കമ്യൂണിസ്റ്റുകാർക്കില്ല. എല്ലാ ആത്മീയവാദവും എല്ലായ്പ്പോഴും പിന്തിരിപ്പനുമല്ല. ആശയങ്ങളുടെ മണ്ഡലത്തിൽ പ്രത്യേകിച്ചും കേവലം യാന്ത്രികമായ പട്ടാളച്ചിട്ട അനർഥകരമാണെന്ന് അനുഭവം നമ്മെ പഠിപ്പിക്കുന്നു. എല്ലാ ആശയങ്ങളും പുറത്തുവരട്ടെ. പരസ്പരഭിന്നമായ ചിന്താഗതികൾ ധീരമായി മത്സരിക്കട്ടെ, ഏറ്റുമുട്ടട്ടെ. സ്വതന്ത്രമായ ആശയസംഘട്ടനത്തിൽകൂടി മാത്രമേ ആശയപുരോഗതി സാധ്യമാവൂ. അതുകൊണ്ട് അത്തരം സംഘട്ടനത്തിലേക്കൊരു കൊള്ളാവുന്ന സംഭാവന എന്ന നിലയിൽ അഴീക്കോടിന്റെ ഈ ലേഖനം തീർച്ചയായും സ്വാഗതാർഹമാണ്; പ്രയോജനകരവുമായിട്ടുണ്ട്" (പേജ് 35). എത്ര പരിപക്വമായ സമീപനം!

(ദേശാഭിമാനി വാരിക)

## 17. തൊഴിലാളിപക്ഷകവിതകൾ

കവികൾക്ക്, സാഹിത്യകാരന്മാർക്ക്, ബുദ്ധിജീവികൾക്ക്, അന്യമാണ് രാഷ്ട്രീയം എന്ന ധാരണയ്ക്കു വിലയിടിഞ്ഞുവരികയാണെന്ന് നമ്മുടെ ചുറ്റുപാടും നടക്കുന്ന സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തനങ്ങൾ അല്പാല്പമായെങ്കിലും തെളിയിച്ചുകൊണ്ടിരിക്കുന്നുണ്ട്. "സാഹിത്യകാരന്മാരേ, നിങ്ങൾ ഏതു ചേരിയിൽ?" എന്ന മാക്സിം ഗോർക്കിയുടെ ആ പഴയ ചോദ്യത്തിന് ഉത്തരം നൽകാൻ കൂടുതൽ കൂടുതൽ സാഹിത്യകാരന്മാർ മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ഇതിനർഥം, പുരോഗമനപ്രസ്ഥാനങ്ങൾക്ക് ഒരു ഭീഷണിയും സാംസ്കാരികരംഗത്തുനിന്നും ഉണ്ടാകുന്നില്ലെന്നല്ല. തീർച്ചയായും ഭരണവർഗ്ഗത്തിന്റെ കുഴലൂത്തുകാരായി ബോധപൂർവകമായും അല്ലാതെയും പ്രവത്തനങ്ങൾ നടത്തുന്ന കവികളും സാഹിത്യകാരന്മാരും ബുദ്ധിജീവികളും ഇന്നും ധാരാളമായി നിലകൊള്ളുന്നുണ്ട്. പക്ഷേ അനുദിനം അവരുടെ ചേരിയിൽ വിള്ളലുകൾ വർധിച്ചുകൊണ്ടിരിക്കുകയാണെന്ന് സൂചിപ്പിക്കാതെ നിവൃത്തിയില്ല.

ഈ പശ്ചാത്തലത്തിലാണ്, "കഴിഞ്ഞ നാൽപ്പതുവർഷത്തെ പോരാട്ടത്തിനിടയിൽ രക്തസാക്ഷിത്വം വരിച്ച പതിനായിരത്തിലേറെ വരുന്ന ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർക്ക് സമർപ്പിക്കുന്നതെന്നു പരസ്യമായി ഏറ്റുപറഞ്ഞുകൊണ്ടു തങ്ങളുടെ തൊഴിലാളിവർഗ്ഗ പക്ഷപാതം കലവറയെന്നിയേ വെളിപ്പെടുത്തിക്കൊണ്ട്, ഒരു കൂട്ടം കവികൾ തങ്ങളുടെ സമരായുധമായ കവിതകളുമായി ഈ സമാഹാരത്തിലൂടെ നമ്മുടെ മുൻപിൽ വന്നുനിൽക്കുന്നത്.

എഡിറ്ററായ കെ. സി. ഉമേഷ്ബാബുവിന്റെ ആമുഖക്കുറിപ്പിൽനിന്ന് ചില വരികൾ ഉദ്ധരിക്കട്ടെ: "മലയാളകവിതയെപ്പറ്റിയുള്ള പൊതുവിചാരങ്ങളിലും പിന്തുണ പ്രവർത്തനങ്ങളിലുംനിന്ന് എപ്പോഴും മാറ്റിനിർത്തപ്പെടുന്ന ഒരു കവിവംശമുണ്ട്. അത് കേരളത്തിലെ തൊഴിലാളിപക്ഷകവികളുടെ സമൃദ്ധവംശമാണ്. കഴിഞ്ഞ രണ്ടു ദശകങ്ങളായി മലയാളകവിതയിൽ മേന്മയുടെയും വൈപുല്യത്തിന്റെയും ഗതി നിലനിർത്തിയ ഒരു കാവ്യസരണിയുടെ കർത്തൃത്വമാണിവരുടേത്. അതങ്ങനെയെങ്കിൽ ഈ ഭ്രഷ്ട് എന്തുകൊണ്ടെന്ന ചോദ്യം ന്യായമായുമുയരാം. ചരിത്രപരമായി ശരിയായ കവികളും കവികുലങ്ങളും കുത്തകപ്രസിദ്ധീകരണങ്ങളുടെ നിരസനവും നിരൂപകനിരസനവും പുരസ്കാരനിർണയസമിതികളുടെ നിരസനവും അനുഭവിച്ചതിനു ചരിത്രത്തിൽ തെളിവുകളുണ്ടെന്നതാണ് ഇതിനുള്ള മറുപടി. ആധുനിക സാംസ്കാരികവ്യവസായത്തിന്റെ മതാത്മകതകൂടി പരിഗണിക്കുമ്പോൾ ഭ്രഷ്ട് എന്ന സ്വഭാവം സഹജമാണ്. പ്രശ്നം കേവലമായ കവിതയുടേതല്ല. സാമൂഹികാധീശത്വത്തിന്റെ വർഗ്ഗപരതയാണ് പ്രശ്നം. സാമൂഹികാധീശത്വത്തിന്റെ നടപ്പുകാലശക്തികളോട് പോരാടുന്ന തൊഴിലാളിവർഗ്ഗപ്രക്ഷോഭകാരികൾക്ക് ശകാരവും

മർദ്ദനവും ജയിലും ദുരിതങ്ങളും കിട്ടുമ്പോൾ, തൊഴിലാളിപക്ഷ കവികൾക്ക് നിരന്തരമായ നിരസനവും അവഗണനയും ശകാരവും കിട്ടുന്നു”.

തൊഴിലാളിപക്ഷ കവിത എന്നാൽ ചരിത്രപരമായ ശരിയുടെ കവിത എന്നാണർത്ഥം. സമ്പാദകൻ വിശദമാക്കുന്നു: “ഏതെങ്കിലും താളത്തിലോ തരത്തിലോ പ്രയോഗിക്കപ്പെട്ട് ഒരുമ പൂകുന്ന പദസംഘാതങ്ങൾ ഒരാളിലെ സാർവജനീനവും അതേസമയം വ്യക്തിപരവുമായ അനുഭവതന്ത്രികളെ വൈകാരികമായി ചലിപ്പിക്കാൻ പര്യപ്തമാവുമ്പോൾ അതിനെയാണ് കവിത എന്നു വിളിക്കുന്നത്. ശരിയായ കവിത ആവിഷ്കരിക്കുന്നത് മനുഷ്യന്റെയും അവന്റെ ലോകങ്ങളുടെയും ധർമ്മസങ്കടങ്ങളാണ്. ഒരു വ്യക്തിയിലൂടെ ആവിഷ്കൃതമാവുന്ന മാനുഷികവത്കരിക്കപ്പെട്ട സാമൂഹികാനുഭവങ്ങളുടെ സങ്കീർണ്ണവിസ്ഫോടനമാണിത്. ഒരു തൊഴിലാളിപക്ഷനിലപാടിൽനിന്നാണ് അത് നിർവഹിക്കപ്പെട്ടതെങ്കിൽ അത് തൊഴിലാളിപക്ഷകവിതയാകുന്നു. തൊഴിലാളിപക്ഷം എന്ന സാമൂഹികനില കാലഹരണപ്പെടാത്തോളം കാലം ഇതാണ്. ചരിത്രപരമായ ശരിയുടെ കവിത. എന്തുകൊണ്ടെന്നാൽ തൊഴിലാളി കാലത്തിന്റെ പുരോഗാമിയായ നായകനായിരിക്കുന്ന ഒരു ചരിത്രഘട്ടത്തിലാണ് നാം”.

ഇയ്യങ്കോട് ശ്രീധരൻ, മുല്ലനേഴി, കഞ്ഞപ്പ പട്ടാനൂർ, ശ്രീരേഖ, കരിവെള്ളൂർ മുരളി, എസ്. രമേശൻ, മണമ്പൂർ രാജൻബാബു, കവിയൂർ രാജഗോപാലൻ, പിരപ്പൻകോട് മുരളി, ഏഴാച്ചേരി രാമചന്ദ്രൻ, ആസാദ്, എം. കൃഷ്ണൻകുട്ടി, കരുണാകരൻ, പുതുശ്ശേരി, സി. പി. അബൂബക്കർ, ഇ. വി. ജി. ഏലങ്കുളം, ഉമേഷ് ബാബു കെ. സി., എം. എൻ. കുറുപ്പ് എന്നീ പതിനേഴു പേരുടെ കവിതകളാണ് തൊഴിലാളിപക്ഷകവിതകളിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഈ കവികളെല്ലാം ഒന്നുകിൽ തൊഴിലാളിവർഗപാർട്ടിയിൽ അംഗങ്ങളോ ആ പാർട്ടിയുടെ ഉറച്ച അനുഭാവികളോ ആണ്. ഈ കവിതകളെല്ലാം *ദേശാഭിമാനി*യിൽ പ്രസിദ്ധീകരിച്ചവയാണ്. ഈ കവികളെല്ലാം തൊഴിലാളിപക്ഷസാംസ്കാരികസംഘടനയായ പുരോഗമനകലാസാഹിത്യസംഘത്തിന്റെ നേതാക്കളോ സജീവപ്രവർത്തകരോ ആണ്. ഇവരുടെ പ്രതിജ്ഞാബദ്ധത തെളിയിക്കാൻ ഇതിലപ്പുറം ഒരു സാക്ഷ്യപത്രം ആവശ്യമില്ല.

കാണുവിൻ നിങ്ങൾ, വടിത്തല്ലു നിർത്തുവിൻ!
കാരുണ്യമൂറുന്ന കണ്ണോടെ ചുറ്റിലും
കർത്താവുമള്ളാവുമീശനും കാക്കുന്ന
മർത്ത്യരേകാത്മനാ വാഴുമീ ഭൂമിയിൽ
അക്ഷരശൂന്യമാം ലക്ഷങ്ങൾ, പട്ടിണി
ഭക്ഷിച്ചു നിത്യം പിടഞ്ഞു വീഴുന്നവർ,
നാഴിയരിക്കായി നാണം മറക്കുന്ന
നാരികൾ വാഴുന്ന ചെറ്റക്കുടിലുകൾ,
ജോലികൾ തേടിത്തളർന്ന യുവാക്കളും

ജീവിതം കീറമാറാപ്പായ വൃദ്ധരും
ഹിന്ദുവായീടിലും ക്രിസ്ത്യാനിയാകിലും
ഇല്ലാത്തവർക്കൊരേ ഭാവവും രൂപവും!
ബൗദ്ധനായീടിലും മുസ്ലീമാണെങ്കിലും
മർത്ത്യദുഃഖങ്ങൾക്കൊരേ നിറമെപ്പൊഴും

എന്ന സത്യം ചൂണ്ടിക്കാട്ടിക്കൊണ്ട്,

മർത്ത്യൻ! – അതേ ജീവകാമന കത്തിച്ച
കൈത്തിരി, പാളുന്ന പന്തമായ്ത്തീരുവാൻ
പാടുപെടുന്നവർ നീങ്ങുന്ന ജാഥയിൽ
പാടുക, പാടുക സംഘഗാനങ്ങൾ നാം.

എന്ന ആഹ്വാനത്തോടെ അവസാനിക്കുന്ന ഇയ്യങ്കോടിന്റെ കവിതയാണ് ഈ സമാഹാരത്തിൽ ആദ്യം ചേർത്തിട്ടുള്ളത്.

1987 മാർച്ച് 23–ന് വിപ്ലവഭൂമിയായ കയ്യൂരിന്റെ അയൽപക്കത്തെ ചീമേനിയിൽ രക്തസാക്ഷികളായ അഞ്ചു സഖാക്കളെ സ്മരിച്ചു കൊണ്ട് കുഞ്ഞപ്പ പട്ടാനൂർ എഴുതിയ "തേജസ്വിനി, നീ സാക്ഷി" എന്ന കവിത ഒരുത്തേജനം തന്നെയത്രേ. ചീമേനി ആശ്വസിക്കുകയാണ്:

ഇനിവരും സൂര്യോദയങ്ങളും പൂക്കളും
എന്റെ പൊന്നുണ്ണികൾക്കന്യ,മെന്നാൽ
ഇനിവരും പുരുഷാരമൊക്കെയും പൂക്കളായ്
ഇവിടെ വന്നെത്തിക്കുനിഞ്ഞുനിൽക്കും.

അതിനൊത്ത് രക്തസാക്ഷികളുടെ അഭിമാനപുളകിതമായ വചനങ്ങൾ കേൾക്കുക:

നാളെ വീണ്ടും വിഭാതങ്ങളെത്തവേ
നാളെ വീണ്ടും വിഹംഗമം പാടവേ,
നിങ്ങളോർക്കണം, ഞങ്ങളീ ഭൂമിയിൽ
പൂമരങ്ങൾക്കു കാവൽ കിടന്നവർ!

ശ്രീരേഖയുടെ "പാതയും ഗീതയും" എന്ന കവിതയിൽനിന്നും ചില വരികൾ:

മോചനത്തിന് പാതകളെത്ര?
ഒരേ ഒരൊറ്റപ്പാത!
പൊരുതി മരിച്ചവർ ചോരയൊഴുക്കി
പശിമ വളർത്തിയ പാത
പഴമ തിരുത്തിയ പാത

ഈ ദൃഢവിശ്വാസമാണ് തൊഴിലാളിവർഗസംസ്കാരത്തിന്റെ ആണിക്കല്ല്.

സകല നേരത്തിനും പാതിരാദുർമ്മുഖം
സകല ശബ്ദത്തിനും കൊല്ലുമെന്നേ ധ്വനി!
സകല വദനത്തിലും നിർവർണമാം ഭീതി!

എന്നു തുടങ്ങി.

രാവിലെ കേൾക്കുന്നു കളകൂജനം–
അല്ല – ജ്വരബോധനം!

വഴിത്തണലുകൾ, വർധമാന മതമൈത്രികൾ
വെട്ടിവിറ്റതുകണ്ടു തുള്ളുവാൻ, നന്മതൻ
പരിതസ്ഥിതിക്കുടകൾ തുളവീഴ്ത്തുവാൻ, ജീർണ്ണ-
വൈരി മഴയിൽ ചെറിയ മൺകട്ടപോലലി-
ഞ്ഞില്ലാതെയായിടാൻ
പച്ചവിറകൂതിയൂതിത്തീയുണർത്തുമാ-
റുദ്ബോധനം സുലഭമാവുമ്പോൾ,
ഭ്രാന്തിലേക്കിനിയെത്ര ദൂരം?

എന്നിങ്ങനെ തുടർന്ന്,

അറിയില്ലറിയില്ല കുഞ്ഞുങ്ങളേ -
കാറ്റിലും ചുണ്ടിലും
വൃത്താന്തപത്രപ്പരപ്പിലും
കാലത്തിനരുളുകളിലോരോന്നിലും നിന്നു-
മിത്രയുമറിഞ്ഞതേയുള്ളു
ഭ്രാന്തിലേക്കിനിയില്ല ദൂരം!

എന്നവസാനിക്കുന്ന ഉമേഷ്ബാബുവിന്റെ "ഭ്രാന്തിലേക്കിനിയെത്ര ദൂരം?" എന്ന കവിത ഏതർത്ഥത്തിലും വിസ്ഫോടകമായി അനുഭവപ്പെടും.

ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയുടെ യഥാർത്ഥപ്രതിഫലനങ്ങൾ ഈ സമാഹാരത്തിലെ കവിതകളിൽ പലതിലും കാണാം. ഭരണാധികാരിവർഗ്ഗത്തിന്റെ വഞ്ചനകൾ, അവയ്ക്ക് വെള്ള പൂശുന്ന ബൂർഷ്വാപത്രങ്ങളുടെ വിവിധമുഖങ്ങൾ, നാളിതുവരെ മനുഷ്യശക്തി കഠിനാധ്വാനം ചെയ്ത് കൈവരിച്ച നേട്ടങ്ങളെ ഒരു പിടി ച്ചാമ്പലാക്കാൻ വെമ്പുന്ന യുദ്ധക്കൊതി നിറഞ്ഞ സാമ്രാജ്യത്വത്തിന്റെ കരാളഹസ്തങ്ങൾ - ഇവയെല്ലാം ഈ കവികളുടെ ആർദ്രഹൃദയങ്ങളെ മഥിക്കുന്നതായി നാമിവിടെ കാണുന്നു. തൊഴിലാളിവർഗ്ഗത്തെ ആവേശം കൊള്ളിക്കുന്ന വരികൾ ഇവിടെ നിറഞ്ഞുനിൽക്കുന്നു.

വർഗ്ഗപരമായ പക്ഷപാതത്തെ ഉച്ചത്തിൽ വിളിച്ചുപറഞ്ഞുകൊണ്ട് നവയുഗനിർമ്മിതിക്കു വേണ്ടി ആഹ്വാനം മുഴക്കുന്ന ഇത്തരം തൊഴിലാളിപക്ഷകവിതകൾ കൊല്ലംതോറും സമാഹരിക്കേണ്ടത് പുരോഗമനകലാസാഹിത്യസംഘം പ്രവർത്തകരുടെ ചുമതലയാണ്. 'നിഷ്പക്ഷ'കവിതാസമിതികളുടെ വാർഷികസമാഹാരങ്ങളിൽ സ്ഥാനം പിടിക്കുകയാണ് പരമപുരുഷാർത്ഥമെന്നാണ് നമ്മുടെ കവികളിൽ പലരും ചിന്തിക്കുന്നത്. അതിനു യാതൊരർഥവുമില്ലെന്നും ഇത്തരം തൊഴിലാളിപക്ഷകവിതാസമാഹാരങ്ങളിൽ അണിനിരക്കുകയാണ് തങ്ങളുടെ കവിതാലക്ഷ്യമെന്നും മനസ്സിലാക്കുവാൻ പുരോഗമനകവികൾ ഇനിയും വൈകിച്ചുകൂടാ.

(*കർഷകത്തൊഴിലാളി* വാർഷികപ്പതിപ്പ്, 1987)

## 19. കുതികൊൾക ശക്തിയിലേക്ക് നമ്മൾ

കവിതയെഴുതുന്ന ഒരാളെ ഒരു ഭവ്യൻ (ബുദ്ധിജീവി, പണ്ഡിതൻ) ഇങ്ങനെ ആക്ഷേപപൂർവ്വം പരിഹസിച്ചു: “കാവ്യകലയുടെ ലക്ഷ്യം ആനന്ദമാണ്. അത് നീ അറിയില്ലേ? ഏകസാരവും സഹൃദയവേദ്യവും സനാതനവും ഭവ്യവും ആയ നാദബ്രഹ്മരസംതന്നെയാണ് ആനന്ദം. അതല്ലാതെ മറ്റൊരുദ്ദേശവുമുള്ളതായി നമുക്കറിയില്ല. പ്രചരണവേലയ്ക്കുവേണ്ടി ഒഴുകുന്ന കാവ്യമാധുരീസാരം പാതിവഴിക്ക് മരുഭൂമിയിൽ വറ്റിപ്പോകുന്ന ഗംഗാതീർത്ഥമത്രേ. ബീഡി തെറുക്കുന്ന ചെക്കന് കൂലി, കൃഷിഭൂമി കൃഷിക്കാരന് – ഇതൊക്കെ നേടാൻ വേറെ വഴി തേടുകയാണ് വേണ്ടത്. കാവ്യകലയുടെ കർത്തവ്യം അതല്ല!”

തെല്ലൊന്ന് പുഞ്ചിരിച്ചുകൊണ്ട് കവി പറഞ്ഞു: “അല്ലയോ പണ്ഡിതാ, ഈ സത്യം ആർക്കും അറിയില്ല. ഞാൻ ഒരു കർഷകനാണ്. ഇവിടെ ഞാൻ കരിമ്പ് നട്ടുവളർത്തുന്നു. മധുരവും നിർവൃതികരവുമായ തേൻ ഇതിന്റെ തണ്ടിൽ തുടിക്കുന്നുമുണ്ട്. കൂലിക്കുറവിനെ എതിർക്കാനും കൃഷിഭൂമി കൃഷിക്കാരനാക്കുവാനുംവേണ്ടി കൂക്കിവിളിച്ചുകൊണ്ട് അശ്ലീലക്കാരും അസഭ്യരും ആഭാസരും ഈ വഴിക്ക് പോകുന്നുണ്ട്. ഞാനറിയുന്നവർ അക്കൂട്ടത്തിലുണ്ട് കൃഷിക്കാർ, ഇടയർ, കൂലിവേലക്കാർ. പക്ഷേ, ഇന്നോളം അതിൽ സഹൃദയനെന്നു പറയപ്പെടുന്ന ഒരാളെ കണ്ടിട്ടില്ല! അവർ എന്റെ വയലിലെ വളർമധുരത്തണ്ടൊടിച്ച് ചാറീമ്പി വരണ്ട തൊണ്ട നനയ്ക്കുന്നു; വർധിതമദം വീണ്ടും ആർത്തുവിളിക്കാൻ. അഥവാ വയർ നിറയുമ്പോൾ – ആ ഒരു ദിനം വരികയാണെങ്കിൽ – തേൻ നിറഞ്ഞ ആ കണ്ഠങ്ങൾ മനോഹരമായി പാടുമെന്നാണെന്റെ അഭിപ്രായം. അങ്ങ്, അല്ലയോ മഹാപണ്ഡിതരേ, കാവ്യലക്ഷ്യമാണന്വേഷിക്കുന്നതെങ്കിൽ കുറച്ചുകൂടി കാക്കണം; കാലം അവസാനിക്കാത്തതാണല്ലോ! എന്റെ ഈ കരിമ്പിൻതോപ്പ് ആ മുടിയന്മാർ ആവോളം ആസ്വദിക്കട്ടെ. തണ്ടുപഴുത്ത് ഇതിൽ ഒന്നോ രണ്ടോ നാളേക്കു അവശേഷിച്ച് കുലയ്ക്കുമെന്ന കാര്യത്തിൽ സംശയമില്ല. കമ്പിൽ പുഴു വളർന്നോട്ടെ; മനോഹരമായി വളർന്ന ആ കുലകൾ അങ്ങക്ക് യഥേഷ്ടം അനന്തമായ രസം തന്നുകൊള്ളും; അതുപോരേ?”

ഇടശ്ശേരിക്കൃതികളുടെ ‘പ്രസ്താവന’ എന്നുപറയാവുന്ന ആ പേരിലുള്ള കവിതയുടെ പരാവർത്തനമാണ് മേൽ ചേർത്തത്. യഥാർഥപുരോഗമനസാഹിത്യകാരൻ ഏതു ചേരിയിലാണെന്ന കാര്യത്തിൽ ഇടശ്ശേരിക്ക് സംശയമുണ്ടായിരുന്നില്ലെന്ന് ഈ ‘പ്രസ്താവന’ വ്യക്തമാക്കുന്നു. സഹൃദയരെന്നറിയപ്പെടുന്ന പണ്ഡിതബുദ്ധിജീവികളേക്കാൾ പാവപ്പെട്ട കർഷകത്തൊഴിലാളികളെയും മറ്റു അധഃസ്ഥിതവർഗ്ഗങ്ങളേയും ലക്ഷ്യമാക്കിയാണ് താൻ കവിതയെഴുതുന്നതെന്ന് അദ്ദേഹം വെട്ടിത്തുറന്നുപറഞ്ഞു. പുത്തൻകലവും അരിവാളും, പണിമുടക്കം എന്ന രണ്ടു കവിത

കൾ പ്രത്യേകിച്ചെടുത്തു പറയപ്പെടുന്നവയാണ്. തികച്ചും കർഷകർക്കും തൊഴിലാളികൾക്കും മുദ്രാവാക്യമാക്കാവുന്ന മനോഹര കവിതാവരികൾ അവയിലുള്ളത് പരക്കെ പ്രസിദ്ധമാണല്ലോ.

അധികാരം കൊയ്യണമാദ്യം നാം;
അതിനുമേലാകട്ടെ പൊന്നാര്യൻ
(പുത്തൻകലവും അരിവാളും)
കുഴിവെട്ടിമൂടുക വേദനകൾ;
കുതികൊൾക ശക്തിയിലേക്കു നമ്മൾ! (പണിമുടക്കം)

'പണിമുടക്കം' എന്ന കവിതയ്ക്ക് അവതാരികയായി, പിന്നീട് വിമോചനസമരത്തിനു 'വിഷവൃക്ഷ'മെഴുതി നേതൃത്വം കൊടുത്ത് അന്ത്യംവരെ കമ്മ്യൂണിസ്റ്റുവിരുദ്ധനായിക്കഴിഞ്ഞ സി. ജെ. തോമസ് "രാജ്യദ്രോഹിയായ ഇടശ്ശേരി" എന്ന പരിഹാസരൂക്ഷമായ ഒരു ലേഖനമെഴുതിയത് ശ്രദ്ധേയമാണ്. അതിലെ ചില വാക്യങ്ങൾ ഇന്നും പ്രസക്തങ്ങളാണ്. നോക്കുക: "'ആർഷ'ഭാരതത്തിലെ അനേകായിരം റേഡിയോകളിൽകൂടി ആ ദിവ്യസന്ദേശം അനർഗ്ഗളം പ്രവഹിക്കുകയാണ് – രാജ്യത്തിന്റെ പ്രതിസന്ധിഘട്ടത്തിൽ പണിമുടക്കം നടത്തുന്നത് തൊഴിലാളിയുടെ ഉത്തരവാദബോധമില്ലായ്മയാണ്. അത് രാജ്യദ്രോഹമാണ്. പക്ഷേ ആ മന്ത്രം ഇടശ്ശേരിയെ സംബന്ധിച്ചിടത്തോളം പോത്തിന്റെ ചെവിയിൽ വേദമോതുകയാണ്. അയാൾ അത് കേട്ടില്ലായിരിക്കുമോ?

"അയാൾക്ക് ധനതത്ത്വശാസ്ത്രമറിഞ്ഞുകൂടാ. തീർച്ച. ഒരു ദിവസത്തെ പണിമുടക്കം കൊണ്ട്, രാഷ്ട്രത്തിന് എത്ര ക. ണ. സ. നഷ്ടപ്പെടുന്നുണ്ടെന്ന് കണക്കാക്കാനും അയാൾക്ക് വ്യുത്പത്തിയില്ല. ഏതു വർഗത്തിന്റെ പാദസേവ കൊണ്ടാണോ ആർഷഭാരതത്തിലെ ഇടത്തരക്കാർക്ക് പിച്ച കിട്ടുക, ആ വർഗത്തെ അയാൾ ധിക്കരിക്കുന്നു; നിന്ദിക്കുന്നു. ഇടശ്ശേരി സ്വവർഗദ്രോഹിയാണ് മൂന്നുതരം...

"തൊഴിലാളിക്കാണെങ്കിൽ പട്ടിണികിടന്നു പരിചയമുണ്ട്. അനേകകാലമായിട്ട്. ഭാരം പങ്കുവെക്കുന്നത് നീതി അനുസരിച്ചു വേണ്ടേ? കൂലി അല്പം കുറഞ്ഞാലെന്ത്, ജോലിസമയം അല്പം കൂടിയാലെന്ത്, അഥവാ ഇനി ഭക്ഷണത്തിന്റെ വില അല്പം വർധിച്ചാൽതന്നെയെന്ത്? ഈ അല്പങ്ങൾക്കുവേണ്ടി ഉടനെയങ്ങ് വിവേകം കൈവെടിഞ്ഞ് പണിമുടക്കുകയാണ്. പക്ഷേ, ഇതൊന്നും ഇടശ്ശേരിക്കറിഞ്ഞുകൂടാ. അയാൾ ശുദ്ധവങ്കനാണ്. കവിതാവിഷയങ്ങൾ വേറെയില്ലേ? അഹിംസയുണ്ട്; അമേരിക്കയുണ്ട്; അരിവിന്ദഘോഷുമുണ്ട്. എന്നിട്ടും പണിമുടക്കമാണ് വിഷയം. ഇത് പ്രതിസന്ധിഘട്ടത്തിന് യോജിച്ചതല്ല. ഇതു ഹിന്ദുസ്ഥാനിന്റെ പാരമ്പര്യത്തിനു യോജിച്ചതല്ല...

"അസ്ഥാനത്തു ചമൽക്കാരം പ്രയോഗിക്കുന്നതിൽ ഇടശ്ശേരി വിദഗ്ധനാണ്. കവികൾ പ്രായമധികമാകാത്ത മഹിളാമണികളെ വർണിക്കാറുണ്ട്. പക്ഷെ, തൊഴിലാളിരാമന്റെ പെൺപിറന്നോത്തി നിഴലായെന്നും നിലാവായെന്നും ഒക്കെ പറയാൻ തുടങ്ങിയാലോ?

ഇടശ്ശേരി കവിയേയല്ല........

"ഇടയ്ക്കിടയ്ക്ക് ഇടശ്ശേരിക്ക് കവിത വരുന്നുണ്ട്. മഹായജ്ഞത്തിന് ചമ്രം പടിഞ്ഞിരിക്കുന്ന (മുതലാളി) ദമ്പതികളുടെ കസവിന്റെ പുളപ്പ്, തീക്കനലിൽ വീണ് എരിയുന്ന സുഗന്ധദ്രവ്യങ്ങളുടെ പരിമളം, ആ അന്തരീക്ഷത്തിന്റെ ഭക്തിപാരവശ്യം ഹോ, എന്തൊരു ചമൽക്കാരം, എന്തൊരു അഭൗമസൗന്ദര്യം, എന്തൊരു.......... പക്ഷേ അതിനടുത്തുതന്നെ ആ മനുഷ്യൻ എഴുതിക്കൂട്ടുന്ന വേണ്ടാസനങ്ങളും നോക്കുക. ദേശികന്റെ മധുരനിർദ്ദേശപ്പടി ഗേഹിനി തീയിൽ മലരിടുന്നതോടൊപ്പം തന്നെ ആ വൃത്തികെട്ട തൊഴിലാളിച്ചി, അവളുടെ ചത്തുചീഞ്ഞളിഞ്ഞ കൊച്ചിന്റെമേൽ മണ്ണെടുത്തിടുന്നു. ഓടയിലെ ദുർഗന്ധം വമിക്കുന്ന കവിത! അശ്രീകരം എന്നല്ലാതെ എന്ത് പറയാനാണ്!!...

'പ്രസ്താവന' 1954-ലും 'പണിമുടക്കം' 1938-ലുമാണ് പ്രസിദ്ധപ്പെടുത്തിയത്. അതാതു കാലഘട്ടത്തിൽ കേരളത്തിലെ കർഷകത്തൊഴിലാളിസമരങ്ങളിൽ നിന്നാവേശമുൾക്കൊള്ളാനും അവരെ ആവേശം കൊള്ളിക്കാനും ഇടശ്ശേരിക്ക് കഴിഞ്ഞിട്ടുണ്ട് – വിശദാംശങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടായേക്കാമെങ്കിലും.

1970-71 കാലത്ത് ഇടശ്ശേരി എഴുതിയ ഒരു കവിതയെക്കുറിച്ചു കൂടി അല്പം പറഞ്ഞ് ഈ കുറിപ്പു നിർത്താം. "മൈനാകശൃംഗം" എന്ന ആ കവിത *(അന്തിത്തിരി* എന്ന സമാഹാരത്തിൽ) അർഹിക്കുന്നത്ര പൊതുജനശ്രദ്ധയ്ക്കും നിരൂപകന്മാരുടെ പഠനത്തിനും വിധേയമായിട്ടില്ല. 'പത്തുസെന്റു-തേങ്ങാവിപ്ളവ'മെന്ന് പരിഹസിക്കപ്പെട്ട 1970-ലെ ആലപ്പുഴപ്രഖ്യാപനത്തെത്തുടർന്നുണ്ടായ ബഹുജനസമരമാണ് കവിതയ്ക്കു വിഷയം. കവിത തുടങ്ങുന്നതിങ്ങനെയാണ്.

> വീണുകിട്ടിപ്പോയതല്ല നമുക്കിപ്പത്തുസെന്റിടം
> വീരസമരം വരിച്ച ലക്ഷ്യവുമല്ല;
> കല്ലൊത്ത നിൻകൈപിടിച്ചുവന്ന ലക്ഷ്മിയാ,ണിവളെ
> യെല്ലാം മറന്നണിയിക്കാൻ നിനക്കു മോഹം.

ഇവിടെ കവിയുടെ ഒരു വിശദീകരണക്കുറിപ്പ് നൽകുന്നു: "അല്പംകൊണ്ട് തൃപ്തിപ്പെടുന്ന പൊതുജനത്തെ പത്തു സെന്റ് ഭൂമി കൊടുത്തു വിപ്ലവത്തിൽനിന്നു തിരിച്ചുവിടാൻ ശ്രമിക്കുന്നു."

കവി തുടരുന്നു:

> വിശ്വസിക്കായ്ക നീ, പക്ഷേ, നാലു കല്പവൃക്ഷം നട്ട്
> വിണ്ണൊരുക്കിക്കളയാമെന്നൊരിക്കൽപോലും.
> വീർപ്പുമുട്ടിക്കുമിസ്ഥലം തലചായ്ക്കാനപര്യാപ്തം
> വിപ്ലവവീര്യത്തെയിതിൽ തളയ്ക്കുകയോ?

രാമന്റെ നിർദ്ദേശമനുസരിച്ച് സീതയെ അന്വേഷിക്കാൻ തെക്കോട്ടു പോകുംവഴി സമുദ്രലംഘനമദ്ധ്യേ ഹനുമാനു വിശ്രമത്തിനുവേണ്ടി കടലിൽ ഉയർന്നുവന്ന മൈനാകപർവ്വതത്തിന്റെ അഭ്യർത്ഥനയെ ആ വാനരശ്രേഷ്ഠൻ സ്നേഹപൂർവ്വം നിരാകരി

ക്കുകയാണ് ചെയ്തത്. തന്റെ ലക്ഷ്യം സീതയെ കണ്ടെത്തുക യാണ്; വഴിമദ്ധ്യേ വിശ്രമിക്കുകയല്ല. അതാണ് ഇവിടെ ഇടശ്ശേരി അവതരിപ്പിക്കുന്ന പ്രതീകം. ആലപ്പുഴസമരത്തിന്റെ ഫലമായ പത്തു സെന്റുനേട്ടം ലക്ഷ്യമല്ല; കേവലം വിശ്രമസങ്കേതമാണ്. ആ വിശ്രമസങ്കേതത്തിൽ സ്ഥിരതാമസമാക്കിപ്പോകരുതെന്നാണ് കവിയുടെ താക്കീത്:

> നിന്നിൽ മാത്രമർപ്പിതമാം ജീവിതാശയോടെയാരാൽ
> ഞങ്ങൾ സഹയാത്രികന്മാർ നോക്കിനിൽക്കുമ്പോൾ
> നിൻ വിജയോന്മുഖപ്രസ്ഥാനത്തിൽ വഴിക്കത്രേ വന്നു
> നിന്നതിന്നിപ്പത്തുസെന്റാം മൈനാകശൃംഗം

ആ മൈനാകശൃംഗത്തിന് – പത്തുസെന്റ് പുരയിടത്തിന് നമ്മുടെ വിപ്ലവവീര്യത്തെ തളച്ചുനിർത്താനുള്ള പ്രലോഭനങ്ങൾ വാരിവിതറാൻ കഴിവുണ്ട്.

> കുളിർക്കല്ലോലം കളിക്കും മണിപ്പൊയ്ക, തണൽ,
> പൈന്തേൻ
> തുളുമ്പും പഴങ്ങൾ പ്രേഷ്ഠസൗഹൃദബന്ധം
> ഒരുക്കിയിട്ടുണ്ടാമെല്ലാമിതിങ്കൽ, പക്ഷേ, മറക്കാ–
> യ്കുരുകീടും ധർമ്മത്തിന്റെ ഹൃദയരോഷം!

ലക്ഷ്യത്തിലേക്കു കുതിക്കാനുള്ള ചവിട്ടുകല്ലായിട്ടാണ് ഈ അല്പനേട്ടമെങ്കിലോ, ശരി – ഇടശ്ശേരി തന്റെ കർഷകത്തൊഴിലാളി സുഹൃത്തുക്കൾക്ക് മംഗളമാശംസിക്കും:

> തളർച്ചതീർക്കാന,ല്ലിതാ ലക്ഷ്യത്വരയിൽച്ചവുട്ടി–
> ക്കുതിക്കാനുള്ളതാ,ണെങ്കിലസ്തുതേ ഭവ്യം!

പലപ്പോഴും വിപ്ലവപ്രസ്ഥാനങ്ങളോടു ചേർന്നുനിൽക്കുന്നവർ പോലും ഇത്തരം മൈനാകശൃംഗങ്ങളെ ലക്ഷ്യംതന്നെയായി ക്കരുതി അവസാനിപ്പിച്ചാലെന്തേ എന്നാലോചിക്കാറുള്ളത് കാണു മ്പോൾ, ഇടശ്ശേരിയുടെ ഈ കൊച്ചുകവിത എത്രമേലുത്തേജക മാണെന്നു മനസ്സിലാക്കാൻ കഴിയും. ഇതൊക്കെ അല്പനേട്ടങ്ങൾ മാത്രം; മഹത്തായ യഥാർത്ഥമായ ലക്ഷ്യം അകലെയാണ്. “കുതികൊൾക ശക്തിയിലേക്കു നമ്മൾ!”

(*കർഷകത്തൊഴിലാളി* വിശേഷാൽപ്രതി)

## 21. സംസ്കൃതസാഹിത്യത്തിന് ഉള്ളൂരിന്റെ സംഭാവന

ആശാൻ, വള്ളത്തോൾ എന്നിവരെ അപേക്ഷിച്ച് സംസ്കൃതത്തിൽ കൂടുതൽ എഴുതിയിരിക്കാം ഉള്ളൂർ എന്നൊരു തോന്നൽ പൊതുവിൽ നമുക്കുണ്ടാകും. സംസ്കൃതപാണ്ഡിത്യ പ്രശസ്തിയും രചനയിലെ സംസ്കൃതപക്ഷപാതിത്വവുമെല്ലാം അദ്ദേഹത്തെപ്പറ്റി ഇങ്ങനെയൊരു തോന്നലുളവാകാൻ കാരണങ്ങളാണ്. എന്നാൽ സംസ്കൃതത്തിലുള്ള സാഹിത്യസൃഷ്ടിയെ മാനദണ്ഡമാക്കുന്നതായാൽ ഉള്ളൂരിനെപ്പറ്റി വിശേഷിച്ചൊന്നും ഇവിടെ പറയുവാനുണ്ടാവില്ല. മറ്റു രണ്ടു മഹാകവികളുടെ സ്ഥിതി, പക്ഷേ, വ്യത്യസ്തമാണ്. ആശാന്റെ ജീവിതത്തിലെ മുഖ്യവഴിത്തിരിവായി ചൂണ്ടിക്കാട്ടാവുന്ന ഗാർഹസ്ഥ്യപ്രവേശത്തെപ്പറ്റി തന്റെ ആത്മീയ ഗുരുവിനെഴുതിയ കത്തു മുതൽ *ശാരദാസ്തവം* വരെയുള്ള ചില എടുത്തുപറയത്തക്ക രചനകൾ സംസ്കൃതത്തിൽ ആ മഹാകവി നിർവ്വഹിച്ചിട്ടുണ്ട്. ഒന്നോ രണ്ടോ വൈദ്യഗ്രന്ഥങ്ങളും ഒട്ടേറെ ഒറ്റ ശ്ലോകങ്ങളും വള്ളത്തോൾ സംസ്കൃതത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ഉള്ളൂരിലേക്ക് കടന്നാൽ, നമ്മുടെ പ്രതീക്ഷയ്ക്കു വിപരീതമായി താരതമ്യേന അപ്രധാനമായ മൂന്ന് സൃഷ്ടികളേ സംസ്കൃതത്തിൽ നമുക്ക് ചൂണ്ടിക്കാട്ടാൻ കഴിയൂ. സംസ്കൃതഭാഷയുടെ മാഹാത്മ്യത്തെ പ്രകീർത്തിക്കുന്ന ഒരു പ്രഭാഷണവും കൊച്ചി രാമവർമ്മപരീക്ഷിത്ത് തമ്പുരാന്റെ ഷഷ്ടിപൂർത്തി പ്രമാണിച്ചെഴുതിയ അപദാനകാവ്യവും സർ സി. പി. രാമസ്വാമി അയ്യരുടെ അപദാനങ്ങളെ വാഴ്ത്തിക്കൊണ്ടുള്ള ലഘുകാവ്യവും – *ഗൈർവാണീപാരമ്യം, പഞ്ചദശി, ഷഷ്ടിപൂർത്തിപഞ്ചദശി* എന്നീ പേരുകളിൽ പ്രകാശിതമായ ഈ മൂന്നു കൃതികൾ സംസ്കൃതസാഹിത്യത്തിന്റെ വിശാലവീഥിയിൽ എത്ര മാത്രം ഗണനീയങ്ങളായിരിക്കും എന്ന് പറയുക പ്രയാസമാണ്.

പക്ഷേ, സംസ്കൃതസാഹിത്യത്തിന് ഉള്ളൂരിന്റെ മുഖ്യസംഭാവന ഇതല്ലെന്നാണെന്റെ പക്ഷം. പ്രകരണപൂർത്തിക്കുവേണ്ടി മാത്രം ഇതിവിടെ പറഞ്ഞുവെന്നേയുള്ളു. സംസ്കൃതഭാഷയിലും സാഹിത്യത്തിലും താത്പര്യമുള്ളവരെ എന്നെന്നും തനിക്ക് കടപ്പെടുത്തുമാറ് ഗവേഷണനിരൂപണമേഖലകളിൽ ഉള്ളൂർ മഹത്തായ സംഭാവനകൾ നിർവഹിച്ചിട്ടുണ്ട്. കേരളം സംസ്കൃതത്തിലെ സാഹിത്യത്തിനും മീമാംസ, ജ്യോതിഷം, വേദാന്തം മുതലായ ശാസ്ത്രങ്ങൾക്കും എത്ര കനത്ത സംഭാവനയാണ് നൽകീട്ടുള്ളതെന്ന് കാണണമെങ്കിൽ ഉള്ളൂരിന്റെ *കേരളസാഹിത്യചരിത്ര*ത്തിലേക്കും നമുക്ക് കണ്ണോടിക്കാതിരിക്കാൻ കഴിയില്ല. വടക്കുങ്കൂറിന്റെ *കേരളീയസംസ്കൃതസാഹിത്യചരിത്രം* ഉണ്ടായിട്ടും, മലയാളസാഹിത്യചരിത്രമായി ചുരുങ്ങിയേക്കാവുന്ന തന്റെ സാഹിത്യചരിത്രഗ്രന്ഥത്തെ *കേരളസാഹിത്യചരിത്ര*മായി വളർത്തിയെടുത്തപ്പോൾ ഉള്ളൂരിന്റെ ഈ സംസ്കൃതാഭിമാനമാണ് നാം കാണുന്നത്. ഇക്കാര്യത്തെപ്പറ്റി മഹാകവി ആമുഖാധ്യായത്തിൽ ഇങ്ങനെ

പ്രസ്താവിക്കുന്നു: "ചരിത്രം എന്നാണ് ഈ പുസ്തകത്തിന്റെ പേരെങ്കിലും ഇതിൽ ചമൽക്കാരകാരികളായ ഗ്രന്ഥങ്ങൾക്കു പുറമെ വിജ്ഞാനപ്രദങ്ങളായ ഗ്രന്ഥങ്ങളെപ്പറ്റിയും ദിങ്മാത്രമായി പരാമർശിക്കുന്നതാണ്. അല്ലെങ്കിൽ പുസ്തകത്തിനു സമഗ്രത സിദ്ധിക്കുന്നതല്ലെന്നു മാത്രമല്ല വിജ്ഞേയങ്ങളായ അനവധി വിഷയങ്ങൾ വക്തവ്യങ്ങളല്ലാതെ തീരുകയും ചെയ്യും. അതുപോലെത്തന്നെ കേരളീയർ മലയാളഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾക്കു പുറമെ സംസ്കൃതഭാഷയിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളെപ്പറ്റിയും ഇതിൽ പ്രതിപാദിക്കുന്നതാണ്. കേരളത്തിലെ പ്രഥമഗണനീയന്മാരായ മഹാകവിമൂർധന്യന്മാരിൽ ഒട്ടു വളരെപ്പേരും – ശങ്കരാചാര്യർ, വില്വമങ്ങലത്തു സ്വാമിയാർ, മേല്പത്തൂർ നാരായണ ഭട്ടതിരി മുതൽപേർ സംസ്കൃതത്തിൽ മാത്രമേ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ളൂ. അവരെ അകറ്റിനിർത്തിയാൽ സാഹിത്യസാമ്രാജ്യത്തിൽ കേരളത്തിനുള്ള യഥാർഥസ്ഥാനമെന്തെന്ന് അനുവാചകന്മാർ എങ്ങനെ ഗ്രഹിക്കും? അതുകൊണ്ട് കേരളീയർ ഈ രണ്ടു ഭാഷകളിലും നിർമ്മിച്ചിട്ടുള്ള പ്രധാനഗ്രന്ഥങ്ങളെപ്പറ്റി ഈ പുസ്തകത്തിൽ പ്രസ്താവിക്കുവാൻ യഥാമതി ശ്രമിക്കുന്നതാണ്" (*കേ. സാ. ച.* 1. പേജ് 6).

കേരളവും ആര്യസംസ്ക്കാരവും തമ്മിലുള്ള ബന്ധം, നമ്പൂതിരിമാരും സംസ്കൃതവിദ്യാഭ്യാസവും എന്നീ വിഷയങ്ങളെപ്പറ്റിയുള്ള പ്രതിപാദനത്തിലൂടെ കേരളത്തിൽ സംസ്കൃതഭാഷയും സംസ്ക്കാരവും വേർപിടിച്ചതെങ്ങനെ എന്ന് ഉള്ളൂർ വിശദമാക്കുന്നു. ഇവിടെ സംസ്കൃതത്തിന്റെ പുരോഗതിക്കുവേണ്ടി നാടുവാഴികളും ക്ഷേത്രങ്ങളും നിർവഹിച്ച പങ്കും അദ്ദേഹത്തിന്റെ ചർച്ചയ്ക്ക് വിഷയീഭവിക്കുന്നു. സഭാമഠങ്ങളെയും മത്സരപരീക്ഷകളെയും കുറിച്ചുള്ള പ്രകരണങ്ങൾ ഈ വിഷയത്തിലേക്ക് കൂടുതൽ വെളിച്ചം വീശും.

ഭാട്ടമീമാംസ, പ്രാഭാകരമീമാംസ എന്നീ പേരുകളിൽ പ്രശസ്തിയാർജ്ജിച്ച പൂർവ്വമീമാംസാദർശനത്തിന് കേരളം നൽകിയ സംഭാവനയെക്കുറിച്ച് പ്രഭാകരമതത്തെയും പയ്യൂർ ഭട്ടതിരിമാരെയും പറ്റിയുള്ള വിവരണങ്ങൾ വായിച്ചാൽ ആർക്കും ഒരു സാമാന്യരൂപം ലഭിക്കാതിരിക്കുകയില്ല.

ജ്യോതിഷമാണ് കേരളീയർ വ്യക്തിമുദ്ര പതിച്ച മറ്റൊരു ശാസ്ത്രമേഖല. ശങ്കരനാരായണൻ, തലക്കുളത്തു ഭട്ടതിരി, കൃഷ്ണാചാര്യൻ, വടശ്ശേരി പരമേശ്വരൻ നമ്പൂതിരി, പുതുമന ച്ചോമാതിരി, ദേശമംഗലത്ത് ഉഴുത്തിരവാരിയർ, കേളല്ലൂർ നീലകണ്ഠസോമയാജി, തൃക്കുടവേലി ശങ്കരവാരിയർ, തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി മുതലായ ഒന്നാംകിടക്കാരുടെ കാലത്തെപ്പറ്റിയും കൃതികളെപ്പറ്റിയുമുള്ള അവലോകനങ്ങൾ ഉള്ളൂർ ഈ വഴിക്ക് ചെയ്ത അഭിനന്ദനീയമായ സംഭാവനകളത്രേ.

*പ്രയോഗമഞ്ജരി, ഈശാനശിവഗുരുദേവപദ്ധതി,* ചേന്നാസ് നാരായണൻ നമ്പൂതിരിപ്പാടും *തന്ത്രസമുച്ചയ*വും, *ശേഷസമു*

*ച്ചയം* തുടങ്ങിയ വിഷയങ്ങളുടെ സവിസ്തരമായ ചർച്ചകൾ കേരളത്തിലെ തന്ത്രസാഹിത്യത്തെപ്പറ്റി ഒരേകദേശരൂപം നൽകാൻ പര്യാപ്തമാകുന്നു.

തിരുമങ്ങലത്ത് നീലകണ്ഠൻ നമ്പീശന്റെ *മനുഷ്യാലയചന്ദ്രിക, മാതംഗലീല* മുതലായവയെപ്പറ്റിയുള്ള വിവരണങ്ങൾ വഴി ഉള്ളൂർ ശില്പശാസ്ത്രം, വാസ്തുവിദ്യ, ഗജശാസ്ത്രം മുതലായ ശാഖകളിൽ കേരളത്തിന്റെ സംഭാവനകളെന്തെന്ന് പരിശോധിക്കുകയാണ് ചെയ്യുന്നത്. *ആശൗചദീപകം, ആശൗചചിന്താമണി, ജൈമിനീയഗൃഹ്യമന്ത്രവൃത്തി, ബോധായനദർശപൂർണ്ണമാസാനുഷ്ഠാനം, ആശ്വലായനഗൃഹ്യപ്രയോഗവൃത്തി* മുതലായ ഒട്ടനേകം കൃതികളുടെ കർത്തൃ–കാല–സ്വരൂപചർച്ചകളിലൂടെ ഈ മാതിരി ശാസ്ത്രശാഖയിൽ നമ്മുടെ മുതൽക്കൂട്ടെന്തെന്ന് കാണിച്ചുതരികയാണ് മഹാകവി.

വേദാന്തശാസ്ത്രത്തിന് കേരളം നല്കിയ സംഭാവന വില മതിക്കാനാവാത്തതാണല്ലോ. ആദിശങ്കരാചാര്യരെപ്പറ്റി പ്രതിപാദിക്കുവാൻ ഒരധ്യായം മുഴുവൻ ഉള്ളൂർ ഉഴിഞ്ഞുവെച്ചിരിക്കുന്നു. *ശങ്കരദിഗ്വിജയം* തൊട്ടുള്ള കൃതികളിൽനിന്ന് ആചാര്യരെപ്പറ്റി ശേഖരിക്കാവുന്ന വിവരങ്ങൾ, മറ്റ് ജീവചരിത്രവസ്തുതകൾ എന്നിവയെപ്പറ്റി വസ്തുനിഷ്ഠമായ പഠനം നിർവഹിച്ചുകൊണ്ട് മഹാകവി മുന്നോട്ടുപോകുന്നു. ഭാഷ്യങ്ങൾ, മൂലഗ്രന്ഥങ്ങൾ, സ്തോത്രങ്ങൾ, മന്ത്രശാസ്ത്രം എന്നിങ്ങനെ നാല് മുഖ്യവകുപ്പുകളിലാക്കിത്തിരിച്ച് ശങ്കരകൃതികളെപ്പറ്റി അദ്ദേഹം വിവരിക്കുന്നു. ആചാര്യന്റെ ശിഷ്യപരമ്പരയെക്കുറിച്ചും തദവസരത്തിൽ ഉപന്യസിക്കുന്നുണ്ട്. എത്രമേൽ അഭിമാനപുളകിതനായാണ് മഹാകവി പ്രസ്തുതാധ്യായം ആരംഭിക്കുന്നതെന്ന് നോക്കുക: “ഈ ലോകത്തിൽ പർവതങ്ങളുടെ ചക്രവർത്തി ഹിമവാനാണെങ്കിൽ പണ്ഡിതന്മാരുടെ ചക്രവർത്തി ശങ്കരഭഗവത്പാദരാകുന്നു. തങ്ങളുടെ ആവിർഭാവത്താൽ ഉത്തരസീമയെ അലങ്കരിക്കുന്ന ആ മഹാചലവും ദക്ഷിണസീമയെ അലങ്കരിച്ച ഈ മഹാപുരുഷനും ഭാരതഭൂമിയുടെ രണ്ട് അഭിമാനസ്തംഭങ്ങളാണ്. ശങ്കരാചാര്യരെപ്പോലുള്ള ഒരു സർവതന്ത്ര സ്വതന്ത്രന്റെ – പദവാക്യപ്രമാണപാരീണന്റെ – പരമതത്ത്വപ്രവക്താവിന്റെ ജനനിയായിത്തീരുവാനുള്ള യോഗം നമ്മുടെ ജന്മഭൂമിയായ കേരളത്തിനാണല്ലോ സിദ്ധിച്ചത്! ആ സ്മരണ നമ്മുടെ ഹൃദയത്തെ വികസിപ്പിക്കും; ശിരസ്സിനെ ഉന്നമിപ്പിക്കും; ശരീരത്തെ കോൾമയിർക്കൊള്ളിക്കും; കണ്ണുകളിൽ ആനന്ദബാഷ്പം നിറയ്ക്കും; നമ്മെ അഭിജാതന്മാരും ആത്മവീര്യന്മാരുമാക്കും. ആ മഹാത്മാവിന്റെ കനിഷ്ഠസഹോദരത്വം ഒന്നുകൊണ്ടുതന്നെ നാം എന്നും, എവിടെയും, ഏതു പരിതഃസ്ഥിതിയിലും ധന്യന്മാരാണ്.” (*കേ. സാ. ച.* 1. പേജ് 107).

കൃതികളുടെ അഗാധമായ പഠനത്തിലേക്കൊന്നും, പക്ഷേ, ഉള്ളൂർ കടക്കുന്നില്ല. വടക്കുങ്കൂറാണ് ഇക്കാര്യത്തിൽ കുറച്ചുകൂടി നമ്മെ സഹായിക്കുന്നത്. ശാസ്ത്രീയകൃതികളുടെ കൂലങ്കഷമായ

ചർച്ച ഒരു സാഹിത്യചരിത്രത്തിൽനിന്ന് നാം പ്രതീക്ഷിക്കുന്നില്ലായിരിക്കും. ഇത് സാഹിത്യകൃതികൾക്കും ബാധകമായിരിക്കണമല്ലോ. എന്നാൽ അവിടങ്ങളിൽ ഉള്ളൂർ തന്റെ സൂക്ഷ്മനിരീക്ഷണ പാടവവും അപഗ്രഥനനൈപുണിയും പ്രദർശിപ്പിക്കുന്നുണ്ട്.

മേൽപ്പത്തൂർ നാരായണഭട്ടപാദരെക്കുറിച്ചുള്ള ഇരുപത്തെട്ടാമധ്യായം ഇതിന് തെളിവായി ചൂണ്ടിക്കാട്ടാം. ആമുഖം ശങ്കരാചാര്യരുടെ പഠനത്തിന്റെ കാര്യത്തിലെന്നതുപോലെ ആവേശപുരസ്സരംതന്നെയാണ്: "പാവനമായ ഈ പരശുരാമഭൂമി പല മഹാനുഭാവന്മാരുടെയും അവതാരം നിമിത്തം അനന്യസുലഭമായ ശ്ലാഘയ്ക്ക് പാത്രീഭവിച്ചിട്ടുണ്ട്. അങ്ങനെയുള്ള പുണ്യപുരുഷന്മാരിൽ ശങ്കരഭഗവത്പാദരെക്കഴിച്ചാൽ പാണ്ഡിത്യംകൊണ്ടും കവിത്വംകൊണ്ടും പ്രഥമഗണനീയനെന്ന് അഭിജ്ഞോത്തമന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരതിമാനുഷനാണ് മേല്പത്തൂർ നാരായണഭട്ടതിരി. അദ്ദേഹത്തിന്റെ സർവതോമുഖമായ മഹിമാതിശയം അവാങ്മനസഗോചരമാണ്, അദ്ദേഹത്തെ അനന്തരകാലികന്മാർ അനന്താംശസംഭവനെന്നു വാഴ്ത്തുന്നത് അപലപനീയവുമല്ല" (*കേ. സാ. ച.* 2. പേജ് 385).

തുടർന്ന് ജീവചരിത്രമാണ്. പല കേട്ടുകേൾവികളും ഇവിടെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. തന്റെ ശ്രദ്ധയിൽപ്പെട്ട ഐതിഹ്യങ്ങളെല്ലാം രേഖപ്പെടുത്തുന്നതിൽ ഉള്ളൂർ കാണിച്ച ഔത്സുക്യം പുസ്തകമാത്രശരണമായ ഭാവിതലമുറയ്ക്കു വലിയൊരനുഗ്രഹമായിരിക്കുമെന്ന് ആനുഷംഗികമായി ഇവിടെ സൂചിപ്പിക്കട്ടെ. ഭട്ടതിരിയുടെ കൃതികളെ സ്തോത്രങ്ങൾ, പ്രശസ്തികൾ, ചമ്പുക്കളും മറ്റു കാവ്യങ്ങളും, മുക്തകങ്ങൾ, ശാസ്ത്രഗ്രന്ഥങ്ങൾ, പലവക എന്നിങ്ങനെ ആറു വകുപ്പുകളായി വിഭജിച്ച് സാമാന്യം സമഗ്രമായ പഠനത്തിന് വിധേയമാക്കിയിരിക്കുന്നു. ഗവേഷകനോടൊപ്പം കാവ്യമർമ്മജ്ഞനായൊരു നിരൂപകൻകൂടിയാണ് മഹാകവി എന്ന് തെളിയിക്കുന്ന ഈ അധ്യായത്തിൽനിന്ന് ഉദാഹരണമായി ഭട്ടതിരിയുടെ കാവ്യശൈലിയെക്കുറിച്ചുള്ള നിരീക്ഷണം ഉദ്ധരിച്ചുകൊള്ളുന്നു: "അചുംബിതമായ ആശയപരമ്പര, അവയെ ആവിഷ്ക്കരിക്കുന്നതിന് അത്യന്തോപയുക്തമായ ശബ്ദകോശം എന്നിവ ഭട്ടതിരിക്ക് ഏതു സന്ദർഭത്തിലും സ്വാധീനമാണ്. വ്യാകരണം മുതലായ ശാസ്ത്രങ്ങളിൽ തനിക്കുള്ള അഭൗമമായ പാണ്ഡിത്യത്തെ പ്രകടിപ്പിക്കുന്നതിനും തദ്വാരാ ശ്ലേഷാനുപ്രാണിതങ്ങളായ വർണ്ണനങ്ങൾകൊണ്ട് പ്രൗഢന്മാരായ സഹൃദയന്മാരുടെ പരമാദരത്തെ ആവർജ്ജിക്കുന്നതിനും അദ്ദേഹത്തിനുള്ള സാമർഥ്യം അന്യകവികളിൽ ഞാൻ കണ്ടിട്ടില്ല. അത്ര വലിയ തോതിൽ സ്മരിക്കുവാനും നിന്ദിക്കുവാനും അദ്ദേഹത്തിന്റെ രസനയ്ക്ക് ഒന്നുപോലെ പ്രാഗത്ഭ്യമുണ്ട്. ശൃംഗാരം, വീരം, ഹാസ്യം ഈ രസങ്ങളെക്കൊണ്ടും ഭക്തിഭാവത്തെകൊണ്ടും രസികജനങ്ങളുടെ ഹൃദയങ്ങളെ തരളീകരിക്കുന്ന വിഷയത്തിൽ അദ്ദേഹം അദ്വിതീയനാണ്. വിഷയസംഗ്രഹണത്തിൽ അദ്ദേഹം ഏതു കവിയേയും ജയിക്കുന്നു."

(*കേ. സാ. ച.* 2. പേജ് 396–397) നിപുണവും സൂക്ഷ്മവുമായ ഈ വിലയിരുത്തൽ, ശാസ്ത്രങ്ങളല്ല കാവ്യനാടകാലങ്കാരമാണ് മഹാകവിയുടെ തനതായ മണ്ഡലം എന്നുകൂടി തെളിയിക്കുന്നതായി തോന്നുന്നു.

കാവ്യനാടകാലങ്കാരങ്ങളെയും വ്യാഖ്യാനകൃതികളെയും കുറിച്ചുള്ള ഉള്ളൂരിന്റെ നിരീക്ഷണങ്ങളിൽ അഭിപ്രായവ്യത്യാസമുണ്ടായേക്കാവുന്ന വസ്തുതകൾ അങ്ങിങ്ങ് കാണാമെങ്കിലും വിദഗ്ധനായ ഒരു നിരൂപകനെ അവിടങ്ങളിൽ നമുക്ക് ദർശിക്കാൻ കഴിയും.

ശക്തിഭദ്രൻ, കുലശേഖരവർമ്മൻ, ഉദ്ദണ്ഡശാസ്ത്രികൾ, മാനവേദൻ, രാമപാണിവാദൻ, വാസുദേവഭട്ടതിരി, ലക്ഷ്മീദാസൻ, അതുലൻ, വില്വമങ്ങലത്ത് സ്വാമിയാർ, ശങ്കരകവി മുതലായ കവികളും നാടകകൃത്തുക്കളുമായ ഗ്രന്ഥകാരന്മാരെപ്പറ്റിയുള്ള വിവരണങ്ങൾ ഇപ്പറഞ്ഞതിന് നിദർശനങ്ങളായി ശോഭിക്കും. അരുണഗിരിനാഥൻ, പൂർണ്ണസരസ്വതി, അഭിരാമൻ മുതലായ സഹൃദയശിരോമണികളായ കേരളീയവ്യാഖ്യാതാക്കളെക്കുറിച്ചുള്ള മഹാകവിയുടെ വിലയിരുത്തലുകളും നമുക്കിവിടെ അനുസ്മരിക്കാം.

സംസ്കൃതഭാഷയെയും സാഹിത്യത്തെയും ശാസ്ത്രഗ്രന്ഥങ്ങളെയുംപറ്റി സാമാന്യബോധം മാത്രമുള്ള മലയാളികളിൽ ഇവയോട് അസാമാന്യമായ ബഹുമാനം ജനിപ്പിക്കാനും സമഗ്രവിജ്ഞാനത്തിനുള്ള ജിജ്ഞാസ അവരിൽ പാകുവാനും *കേരളസാഹിത്യചരിത്ര*ത്തിലെ സംസ്കൃതത്തെക്കുറിച്ചുള്ള അധ്യായങ്ങൾ പര്യാപ്തമാണെന്ന് എനിക്കു തോന്നുന്നു. ഇതേ ലക്ഷ്യം തന്നെ കേരളത്തിന് വെളിയിലുള്ള സംസ്കൃതസാഹിത്യത്തിലേക്കും വ്യാപിപ്പിക്കുന്നതിന്, ചുരുക്കത്തിൽ സംസ്കൃതഭാഷയെയും സാഹിത്യത്തെയും, കൂടുതൽ പ്രചരിപ്പിക്കുന്നതിന്, ജനകീയമാക്കുന്നതിന് (പോപ്പുലറൈസേഷൻ), ഉള്ളൂർ തീവ്രമായി ദാഹിച്ചതിന്റെ വിശിഷ്ടഫലമാണ് *വിജ്ഞാനദീപിക*യുടെ നാലു ഭാഗങ്ങൾ. “ചില കാവ്യമർമ്മങ്ങൾ” എന്ന ലേഖനത്തിൽ സംസ്കൃതസാഹിത്യശാസ്ത്രമനുസരിച്ചുള്ള സാഹിത്യരചനയെയും ആസ്വാദനത്തെയും കുറിച്ചുള്ള ഏതാനും സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ്. കവിസങ്കേതങ്ങളിൽ കുറേയെണ്ണത്തെ വിവരിക്കുന്ന ആ പേരിലുള്ള ലേഖനവും യുവതലമുറയെ സംബന്ധിച്ചിടത്തോളം വലിയൊരനുഗ്രഹമായിരിക്കും. “എന്തിനീ പഴയതൊക്കെ അറിയണം?” എന്ന് സ്വാഭാവികമായും ഈ ഘട്ടത്തിൽ ഉയർന്നുവരുന്ന ചോദ്യത്തിന് ഉള്ളൂർ നൽകുന്ന ഉത്തരം ആലോചനാമൃതമായി അനുഭവപ്പെടുന്നു: “പൂർവകവിസങ്കേതങ്ങളെ മുഴുവൻ മുറുകെ പിടിക്കണമെന്നും പൂർവാചാര്യന്മാർ വെട്ടിത്തെളിയിച്ചിട്ടുള്ള വഴിയിൽനിന്ന് ഒരടി അങ്ങോട്ടോ, ഇങ്ങോട്ടോ, മാറിനടന്നുപോകരുതെന്നൊന്നുമല്ല ഞാൻ സിദ്ധാന്തിക്കുന്നത്. ഈ മാതിരി കാര്യങ്ങളിൽ എന്റെ നില ഒരു മദ്ധ്യസ്ഥന്റേതാണെന്ന്

*ഉമാകേരളം* വായിച്ചിട്ടുള്ളവർക്കറിയാം. അതിൽ ചില പൂർവ്വിക സങ്കേതങ്ങൾ ത്യജിക്കുകയും ചില നൂതനസങ്കേതങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഏതായാലും പ്രാചീനസാഹിത്യാചാര്യന്മാരുടെ നിയമങ്ങൾ മുഴുവൻ നാമറിഞ്ഞിരിക്കേണ്ടത് ആവശ്യകവും ആ നിയമങ്ങളെ ഇന്നത്തെ പരിഷ്ക്കാരസ്ഥിതിക്ക് യോജിക്കുന്നേടത്തോളം അനുവർത്തിക്കേണ്ടത് ആശാസ്യവുമാണെന്നാണ് എന്റെ അഭിപ്രായം. സൂര്യകാന്തക്കല്ലും ചക്രവാകവും നാം കാണുന്നില്ലെന്നുവെച്ച് അവയ്ക്ക് കവിതയിൽ പ്രവേശമനുവദിക്കരുതെന്ന് സിദ്ധാന്തിക്കുന്നത് കഠിനമാണ്. ആ കണക്കിനു കല്പവൃക്ഷവും കാമധേനവും മാത്രമല്ല, സ്വർഗ്ഗവും നരകവും മാത്രമല്ല, ദൈവംതന്നെയും വർണ്ണ്യസാമ്രാജ്യത്തിൽനിന്ന് ബഹിഷ്കൃതമായിത്തീരുമല്ലോ. പാശ്ചാത്യകവികൾക്ക് ഫീനിക്സ് പക്ഷിയെ ഇന്നും വർണ്ണിക്കാമെങ്കിൽ നമുക്ക് നമ്മുടെ പാവപ്പെട്ട ചക്രവാകപ്പക്ഷിയെ മാത്രം എന്തിനുപേക്ഷിക്കണം? ... നാം വാല്മീകിയുടെയും കാളിദാസന്റെയും ചെറുശ്ശേരിയുടെയും എഴുത്തച്ഛന്റെയും സന്താനങ്ങളാണ്. ഇവരെ ഭാരതവർഷത്തിൽനിന്ന് ബഹിഷ്ക്കരിക്കുവാൻ പത്തോ നൂറോ ആയിരമോ ഷേക്സ്പിയറും മിൽട്ടണും ഒത്തുചേർന്നാലും സാധിക്കുന്നതല്ല. മലയാളി എത്ര വേഷം മാറിയാലും ഭാരതീയനായിത്തന്നെയിരിക്കും. ധ്വരയാകയില്ല" (*വിജ്ഞാനദീപിക,* 2. പേജ് 33).

*കിരാതാജ്ജുനീയ*മഹാകാവ്യത്തിന്റെ സാമൂഹികവും ധാർമ്മികവുമായ പ്രയോജനം വിവരിക്കുന്ന "ഭാരവിയും ഭാരതധർമ്മവും" എന്ന ഉപന്യാസം, എന്തോ ചില വളച്ചുകെട്ടലും അലങ്കാരപ്രയോഗങ്ങളും മാത്രമേ അതിലുള്ളൂ എന്നു കുറ്റപ്പെടുത്തുന്നവർ വായിച്ചുനോക്കേണ്ടതാണ്. ഒരു രാജ്യതന്ത്രജ്ഞന്റെയും ദേശാഭി മാനിയുടെയും നയകോവിദന്റെയും ഉത്സാഹശീലന്റെയും പൗരുഷധനന്റെയും നിലയിൽ ജീവിതം നയിച്ച് മാതൃഭൂമിക്കു കീർത്തി വർധിപ്പിക്കണമെന്ന് ആഗ്രഹിക്കുന്ന ഏതൊരുവനും, *കിരാതാർ ജ്ജുനീയ*ത്തിന്റെ നിത്യപാരായണം പര്യാപ്തമായ പ്രയോജനത്തെ പ്രദാനം ചെയ്യുമെന്നുള്ളതിനു സംശയമില്ല" (*വിജ്ഞാനദീപിക,* 2. പേജ് 87) എന്നാണ് ഉള്ളൂരിന്റെ പക്ഷം.

ക്രി. പി. പതിനാലാം ശതകത്തിൽ ആന്ധ്രദേശത്തിൽ ജനിച്ച അഗസ്ത്യഭട്ടന്റെ *ബാലഭാരത*മഹാകാവ്യം, ക്രി. പി. പതിനാറാം ശതകത്തിൽ ജീവിച്ച അനന്തഭട്ടന്റെ *ചമ്പൂഭാരതം*, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ *ബാണയുദ്ധം* ചമ്പൂകാവ്യം എന്നിവയെക്കുറിച്ചുള്ള പ്രബന്ധങ്ങളും വേദഭാഷ്യകാരനായ സായണാചാര്യർ, മഹാകവി നീലകണ്ഠദീക്ഷിതർ, *മധുരാവിജയ*കർത്ത്രിയായ ഗംഗാദേവി, രഘുനാഥനായ്ക്കനും രാമഭദ്രാംബയും, ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ തുടങ്ങിയ അത്രയേറെ അറിയപ്പെട്ടിട്ടില്ലാത്തവരും എന്നാലെത്രയോ ഏറെ അറിയപ്പെടേണ്ടവരുമായ എഴുത്തുകാരെക്കുറിച്ചുള്ള ഗവേഷണനിരൂപണപ്രധാനമായ ഉപന്യാസങ്ങളും സംസ്കൃതവാങ്മയങ്ങളെ ജനകീയമാക്കാനുള്ള ഉള്ളൂ

രിന്റെ സഫലശ്രമങ്ങളിൽപ്പെടുന്നു.

ഒന്നാങ്കിടയിലുള്ള ഒരാലങ്കാരികനെയും നിരൂപകനെയും നമുക്ക് *വിജ്ഞാനദീപിക*യിലെ ചില ലേഖനങ്ങളിൽ ദർശിക്കാം. മാരാരുടെ *സാഹിത്യഭൂഷണ*ത്തിന്റെ അവതാരിക, പ്രസ്തുതകൃതിയുടെ പ്രോത്സാഹനജനകവും ദോഷങ്ങൾ ചൂണ്ടിക്കാട്ടി തിരുത്തിക്കൊണ്ടുള്ളതുമായ ഒരുദാഹരണം ചൂണ്ടിക്കാണിക്കട്ടെ. മാരാർ പറയുകയാണ്:

"കഃ കഃ കത്ര ന ഘുർഘുരായിതഘുരീ–
ഘോരോ ഘുരേത് സൂകരഃ?
കഃ കഃ കം കമലാകരം വികമലം
കർത്തും കരീ നോദ്യതഃ?
കേ കേ കാനി വനാന്യരണ്യ–
മഹിഷം നോന്മൂലയേയുർ?യതഃ
സിംഹീസ്നേഹവിലാസബദ്ധവസതിഃ
പഞ്ചാനനോ വർത്തതേ.

ഇതിൽ സൂകരം, ഗജം, വനമഹിഷം എന്നിവയെപ്പറ്റി പറയുമ്പോൾ രചനയ്ക്കുള്ള ഔജ്ജ്വല്യം, തിര്യക്ചക്രവർത്തിയായ കണ്ഠീരവനെപ്പറ്റി പറയുന്നേടത്ത് ഇല്ലാതിരിക്കുന്നതുകൊണ്ട് പതത്പ്രകർഷമെന്ന വാക്യദോഷമുണ്ടെന്ന് മമ്മടാദികൾ പറയുന്നു. 'സിംഹം ഇപ്പോൾ ശൃംഗാരരസികനായിരിക്കയാണ്; അതുകൊണ്ടാണീ സൂകരാദികൾ ഇത്രമേൽ ഉദ്ധതന്മാരായി നടക്കുന്നതെന്നു പറയുന്ന ഈ പദ്യത്തിൽ ഉജ്ജ്വലതയും സുകുമാരതയും തക്കതായ സ്ഥലത്തുതന്നെയാണ് വിനിവേശിക്കപ്പെട്ടിട്ടുള്ളതെന്ന് മന്ദബുദ്ധികൾക്കുകൂടി അറിയാമെന്നിരിക്കേ, സഹൃദയാഗ്രേസരന്മാരായിരിക്കേണ്ട ആലങ്കാരികന്മാർ ഇപ്പറഞ്ഞത്, വെറും ദോഷപ്രദർശനത്തിലുള്ള കൗതുകംകൊണ്ടു മാത്രമല്ലേ എന്നുകൂടി സംശയിക്കുവാൻ ന്യായമുണ്ട്." (*സാഹിത്യഭൂഷണം*, പേജ് 127) സംസ്കൃതാലങ്കാരികന്മാരെ അടച്ചാക്ഷേപിച്ച് താനിതാദ്യമായി ചൂണ്ടിക്കാട്ടുകയാണ് എന്ന വീരസ്യമാണ് മാരാരുടെ ഈ നിരീക്ഷണത്തിലുള്ളത്. വാസ്തവത്തിൽ മമ്മടന്റെ മുഖ്യവ്യാഖ്യാതാവായ ഗോവിന്ദഠക്കുരൻതന്നെ ഈ കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അതൊന്നോർമ്മിപ്പിക്കുക മാത്രമേ ഉദാരാശയനായ ഉള്ളൂർ മഹാകവി ചെയ്യുന്നുള്ളൂ: "കഃ കഃ കുത്ര ന............ ഇത്യാദിപദ്യത്തിൽ പതത്പ്രകർഷമെന്ന കാവ്യദോഷം ഉദ്ഭാവനം ചെയ്ത മമ്മടഭട്ടാദികളെ അഭിനന്ദിക്കുവാൻ പ്രയാസമുണ്ട്. *കാവ്യപ്രദീപ*ത്തിൽ ഗോവിന്ദഠക്കുരൻ 'രസാനുഗുണതയാ തത്പാതോപി ന ദോഷഃ' എന്ന് വാർത്തികംപോലെ ഒരു വിമർശം ഈ ഭാഗം വ്യാഖ്യാനിക്കുമ്പോൾ ചേർത്തുകാണുന്നതിൽ അഃദ്ദഹത്തിനുതന്നെ മമ്മടന്റെ 'ദോഷോദ്ഭാവനം അനഭിമതമായിരുന്നു എന്നൂഹിക്കാവുന്നതാണ്." (*വിജ്ഞാനദീപിക*, 2. പേജ് 62).

*ബാലഭാരത*ത്തെക്കുറിച്ചുള്ള ലേഖനത്തിൽ കാണുന്ന ഈ ഒരു വാക്യംകൂടി ഇവിടെ ഉദ്ധരിച്ചാൽകൊള്ളാമെന്ന് തോന്നുന്നു.

ക്രീഡാവനാന്താന്മരുദേത്യ മന്ദം
ഗവാക്ഷരന്ധ്രേണ ഗൃഹം പ്രവിഷ്ടഃ
അസ്യാം രതാന്തേ സുദൃശാം തനോതി
സ്വേദാംബുമുക്താമണിജാലചൗര്യം

എന്ന *ബാലഭാരത*പദ്യത്തിനും *മയൂരസന്ദേശ*ത്തിലെ "മാരക്രീഡാമഹലഹളയിൽ" ഇത്യാദിപദ്യത്തിനും തമ്മിൽ കാണുന്ന അത്യത്ഭുതമായ ആശയസാമ്യം ഞാൻ ഒരിക്കൽ എന്റെ സാഹിത്യാചാര്യനായ കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ ദിവ്യസന്നിധിയിൽ ഉണർത്തിക്കുകയും അവിടുന്ന് ആ *ബാലഭാരത*പദ്യം അതിനുമുമ്പ് കേട്ടിരുന്നില്ലെന്ന് അരുളിച്ചെയ്യുകയും ചെയ്ത സംഗതി ഇവിടെ പ്രസ്താവിക്കുന്നത് അനുചിതമായിരിക്കയില്ലെന്ന് വിശ്വസിക്കുന്നു." (*വിജ്ഞാനദീപിക*, 2. പേജ് 125). ഗുരുതരമായ ഒരാരോപണം ആരോപണവിധേയന്റെ മറുപടിയോടുകൂടി പരസ്യപ്പെടുത്തി സത്യാവസ്ഥ ജനകോടതി തെളിയിക്കട്ടെ എന്ന്, അതിവിനയത്തിൽ പൊതിഞ്ഞാണെങ്കിലും, ഉള്ളൂർ വാദിച്ചൊപ്പിച്ചിരിക്കുന്ന ചിത്രമാണിവിടെ നാം കാണുന്നത്.

തനിക്കു തോന്നിയ കാര്യം മയപ്പെട്ട സ്വരത്തിലാണെങ്കിലും തുറന്നു പറയുന്നതിൽ മഹാകവി മടിക്കാറില്ല. ഇതിൽ വ്യക്തി ആരെന്ന നോട്ടമില്ല. കാളിദാസഭക്തനായ മാരാരായാലും ശരി; കേരളകാളിദാസനായ വലിയ കോയിത്തമ്പുരാനായാലും ശരി; സാക്ഷാൽ കാളിദാസൻതന്നെയായാലും ശരി. *രഘുവംശം* 11-ാം സർഗത്തിലെ

രാമമന്മഥശരേണ താഡിതാ
ദുസ്സഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിരചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ

എന്ന ശ്ലോകത്തിൽ കവി പ്രയോഗിച്ചിരിക്കുന്ന രൂപകാലങ്കാരം പ്രകൃതമായ ബീഭത്സരസത്തിന് അനുചിതമാണെന്ന് ചില ആലങ്കാരികന്മാർ ഉപന്യസിച്ചിട്ടുള്ളത് സമഞ്ജസമല്ലെന്നും നായകോൽകർഷത്തെ പ്രതിപാദിക്കുന്നതിൽ ശ്രദ്ധാലുവായ മഹാകവി ഇങ്ങനെ രൂപണം ചെയ്തതു കരുതിക്കൂട്ടത്തന്നെയായിരിക്കണമെന്നും മാരാർ *സാഹിത്യഭൂഷണ*ത്തിലെഴുതി. "പ്രകൃതത്തിൽ ബീഭത്സരസത്തിനു വിരുദ്ധമായ ശൃംഗാരരസത്തിന്റെ വ്യക്തിക്ക് എന്തെല്ലാം ഉപപത്തി നാം കണ്ടുപിടിച്ചാലും ഈ ശ്ലോകം ക്ഷോദക്ഷമമാണെന്നു തോന്നുന്നില്ല" എന്നാണിതിന്ന് ഉള്ളൂരിന്റെ മറുപടി. അനുകൂലവും പ്രതികൂലവുമായ വാദങ്ങൾ നിരത്തി ഈ വസ്തുത ഉപപാദിച്ചതിനുശേഷം ഉള്ളൂർ എഴുതുന്നു: "ജീവിതേശൻ, നിശാചരി ഈ പദങ്ങൾ കൈയിൽ കിട്ടിയപ്പോൾ പ്രകൃതപദ്യത്തിൽ ശ്ലേഷത്തിന്റെ സാഹായ്യത്താൽ മറ്റൊരർഥം കൂടി അവതരിപ്പിച്ചാലെന്താണെന്ന് അദ്ദേഹത്തിന് (കാളിദാസന്) തോന്നി. മന്മഥനെപ്പോലെ സുന്ദരനാണല്ലോ ശ്രീരാമൻ. അതുകൊണ്ട് അങ്ങനെയും ഒരു സൗകര്യം കിട്ടി. പിന്നെ തന്റെ ഋജുവായ

പന്ഥാവ് വിട്ട് സ്വല്പം ക്ലിഷ്ടമായാലും 'ഗന്ധവദ്രുധിര ചന്ദനോക്ഷിതാ' എന്നൊരു വിശേഷണംകൂടി ചേർക്കാമെന്നും അദ്ദേഹം നിശ്ചയിച്ചു. ഇതിന്റെയെല്ലാം ഫലമായി അഭിസാരികാപരമായ ഒരർഥം കൂടി മഹാകവി ഈ ശ്ലോകത്തിൽ കയറ്റിവെച്ചു. അതിന്റെ ഫലമെന്തെന്നും അതിന് പ്രകൃതോപയോഗിത്വമെന്തെന്നും ക്ഷാത്രതേജസ്സിന്റെ പുരുഷാവതാരമായ ശ്രീരാമനെ താടകാവധസന്ദർഭത്തിൽ കുസുമശരനാക്കുന്നത് അദ്ദേഹത്തിന്റെ പ്രഭാവത്തിന് അപകർഷമല്ലേ എന്നും മറ്റുമൊന്നും അദ്ദേഹം അത്രതന്നെ ചിന്തിച്ചില്ല. അല്പമായ യദൃച്ഛാലാഭത്തിൽ അദ്ദേഹം ചരിതാർഥനായി അടുത്ത ശ്ലോകത്തിലേക്ക് കടക്കുകയും ചെയ്തു. ഇതാണ് എന്റെ അതിവിനീതമായ അഭിപ്രായം" (*വിജ്ഞാനദീപിക*, 3. പേജ് 180); തെറ്റിനെ ഏറെക്കിണഞ്ഞ് തെറ്റല്ലെന്ന് വരുത്താൻ ശ്രമിക്കുന്നതിനേക്കാൾ, സൗമ്യമായി തെറ്റു തെറ്റുതന്നെ എന്നു പറയുക – ഇതാണ് ഉള്ളൂരിന്റെ അഭിജാതമായ സമീപനം.

ഈ അവലോകനത്തിൽനിന്ന് ഉള്ളൂർ സംസ്കൃതസാഹിത്യത്തിന് നൽകിയ സംഭാവനയുടെ ഒരേകദേശരൂപം ലഭിച്ചിരിക്കും. സൃഷ്ടിപരമെന്നതിനേക്കാൾ നിരൂപണപരമാണ് അത് എന്നും വ്യക്തമായിരിക്കും. തുടക്കത്തിൽ ചെയ്തതുപോലെ ഇവിടെയും വേണമെങ്കിൽ കവിത്രയത്തിലെ മറ്റു രണ്ടു കവികളെ സ്മരിക്കാം. സംസ്കൃതത്തിനു നൽകിയ സൃഷ്ടിപരമായ സംഭാവന, ആവശ്യമാണെങ്കിൽ, ഉള്ളൂരിനും ചെയ്യാനൊക്കും. എന്നാൽ ഉള്ളൂർ ചെയ്ത ഈ നിരൂപണപരമായ സംഭാവന ആ രണ്ടു കവികൾ വേണമെന്ന് വിചാരിച്ചാലും, കഴിയുമോ എന്ന കാര്യം സംശയാസ്പദമാണ്. അവിടെയാണ് ഉള്ളൂരിന്റെ വ്യക്തിത്വം.

***

## 21. ഡോ. കുഞ്ചുണ്ണിരാജയുടെ ഗവേഷണപ്രബന്ധങ്ങൾ

ലോകപ്രശസ്തരായ ഭാരതീയവിദ്യാവിചക്ഷണന്മാരിൽ എണ്ണപ്പെട്ട ഒരാളാണ് ഡോ. കെ. കുഞ്ചുണ്ണിരാജാ. മൂന്നുവർഷം മുമ്പ് മദിരാശി സർവകലാശാലാസംസ്കൃതവിഭാഗാധ്യക്ഷ സ്ഥാനത്തുനിന്ന് റിട്ടയർ ചെയ്ത അദ്ദേഹം സംസ്കൃതത്തിലെ നാനാശാസ്ത്രങ്ങളിലും സാഹിത്യാദികലാവിജ്ഞാനീയങ്ങളിലും മാത്രമല്ല, മലയാള–തമിഴ്സാഹിത്യങ്ങളിലും ചരിത്രം, ഭാഷാശാസ്ത്രം, നരവംശശാസ്ത്രം മുതലായ വിജ്ഞാനശാഖകളിലും പ്രാവീണ്യം സമ്പാദിച്ച പണ്ഡിതനാണ്. *സംസ്കൃതസാഹിത്യത്തിന് കേരളത്തിന്റെ സംഭാവന* എന്ന വിഷയത്തെക്കുറിച്ച് 1948–ൽ മദിരാശിസർവകലാശാലയിൽനിന്നും ഇന്ത്യയിലെ ശബ്ദാർഥ സിദ്ധാന്തങ്ങൾ (*ഇന്ത്യൻ തിയറീസ് ഓഫ് മീനിംഗ്*) എന്ന വിഷയത്തെക്കുറിച്ച് 1954–ൽ ലണ്ടനിലെ പൗരസ്ത്യ ആഫ്രിക്കൻ പഠനകേന്ദ്രത്തിൽ നിന്നും അദ്ദേഹം ഡോക്ടർ ബിരുദങ്ങൾ നേടുകയുണ്ടായി. ഇന്നും അതതു വിഷയങ്ങളിൽ പ്രാമാണികത്വം നിലനിർത്തിക്കൊണ്ടിരിക്കുന്ന ഈ രണ്ട് ഗ്രന്ഥങ്ങൾക്കു പുറമെ *കാവ്യഭാഷ, ജ്യോതിശ്ശാസ്ത്രവും ഗണിതവും കേരളത്തിൽ* എന്നീ ഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ ഡോ. രാജാ പ്രസിദ്ധീകരിച്ചിട്ടുണ്ട്. *ന്യൂ കാറ്റലോഗസ് കാറ്റലോഗറം* (സംസ്കൃതത്തിൽ ഇന്നുവരെ ഉണ്ടായിട്ടുള്ള കൃതികളുടെ ലഘുവിവരണങ്ങളടങ്ങുന്ന റഫറൻസ് ഗ്രന്ഥം) എന്ന പേരിൽ മദിരാശി സർവകലാശാല പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഗ്രന്ഥപരമ്പരയുടെ ചില ഭാഗങ്ങൾ ഈ പ്രൊഫസറുടെ സമർത്ഥമായ നേതൃത്വത്തിലാണ് പുറത്തിറങ്ങിയത്. *സംഗീതരത്നാകരം*, കുമാരിലഭട്ടന്റെ *ശ്ലോകവാർത്തികം* തുടങ്ങിയ ഒട്ടനേകം പ്രൗഢകൃതികൾ എഡിറ്റുചെയ്ത് പ്രകാശിപ്പിച്ചതിനു പുറമെ, ധാരാളം ഗവേഷണലേഖനങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇത്തരം വിലപ്പെട്ട സേവനങ്ങളെ മാനിച്ചുകൊണ്ട് അഡയാർ ലൈബ്രറി പ്രവർത്തകർ *ഡോ. കുഞ്ചുണ്ണിരാജാ ഫെലിസിറ്റേഷൻ വോള്യ*മായാണ് തങ്ങളുടെ *ബ്രഹ്മവിദ്യ* എന്ന ജേർണലിന്റെ 44–45 ലക്കങ്ങൾ പുറത്തിറക്കിയത്. എഴുന്നൂറോളം പുറങ്ങളുള്ള ആ ബൃഹത്പ്രസിദ്ധീകരണത്തിൽ അന്ന് ജീവിച്ചിരിപ്പുള്ള വിദേശികളും ഇന്ത്യക്കാരുമായ അമ്പതിൽപ്പരം പണ്ഡിതന്മാർ ഭാരതീയ വിദ്യാസംബന്ധികളായ പ്രൗഢപ്രബന്ധങ്ങൾ സംഭാവന ചെയ്തിരിക്കുന്നു. പഠനീയമായൊരു ഗ്രന്ഥമാണതെന്ന കാര്യത്തിൽ സംശയമില്ല. മദിരാശി സർവകലാശാലയിലെ സഹപ്രവർത്തകർ ഒരു ഷഷ്ട്യബ്ദപൂർത്ത്യാഘോഷസമിതി രൂപവത്ക്കരിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ചെയ്ത വിലപ്പെട്ട ഒരു കാര്യം ഡോ. രാജാ ഇംഗ്ലീഷിലെഴുതിയ ഇരുപത്തിമൂന്ന് ഗവേഷണ പ്രബന്ധങ്ങൾ സമാഹരിച്ചു പ്രസിദ്ധീകരിച്ചതാണ്. ആ ഗ്രന്ഥത്തി ന്റെ ഒരു സാമാന്യാവലോകനമാണ് ഈ പ്രബന്ധംകൊണ്ടുദ്ദേശിക്കുന്നത്.

**രാജസുധ**

*രാജസുധ* എന്ന സമുചിതനാമത്തിൽ സമാഹൃതങ്ങളായ ഈ പ്രബന്ധങ്ങളിൽ പതിനാലെണ്ണം സംസ്കൃതസാഹിത്യസംബന്ധികളും ബാക്കിയുള്ളവ ഭാഷാശാസ്ത്രസംബന്ധികളുമാകുന്നു. ഡോ. രാജായുടെ ജീവചരിത്രക്കുറിപ്പും പ്രസിദ്ധീകരണങ്ങളുടെ പട്ടികയും ആദ്യമായി ചേർത്തിട്ടുണ്ട്. "പാഠവിമർശവും പ്രസാധനപരമായ പ്രശ്നങ്ങളും" എന്ന ഒന്നാമത്തെ ദീർഘമായ ലേഖനത്തിൽ പ്രാചീനഗ്രന്ഥങ്ങൾ പ്രസാധനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട സംഗതികളെക്കുറിച്ച് ശ്രദ്ധേയമായ പല വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംശോധിതസംസ്കരണങ്ങളെന്ന പേരിൽ ഏതു പ്രൗഢമായ പ്രാചീനകൃതിയും ആർക്കും പ്രസിദ്ധീകരിക്കാമെന്ന നിലയാണിന്നുള്ളത്. ഈ പ്രബന്ധം വായിച്ചാൽ, ആ വിഷയത്തിൽ എന്തൊക്കെ പ്രശ്നങ്ങൾ തരണം ചെയ്യാനുണ്ടെന്നു ചുരുക്കത്തിലെങ്കിലും മനസ്സിലാക്കാൻ കഴിയും. ഒരു വിമർശാത്മക പ്രസാധകനെന്ന നിലയിൽ പ്രസിദ്ധതത്ത്വചിന്തകനും സംസ്കൃത പണ്ഡിതനുമായിരുന്ന പ്രൊഫ. ഹിരിയണ്ണയ്ക്കുള്ള സ്ഥാനത്തെ വിലയിരുത്തുന്നതാണ് രണ്ടാമത്തെ ലേഖനം. വിമുക്താത്മാവിന്റെ *ഇഷ്ടസിദ്ധി* എന്ന വേദാന്തഗ്രന്ഥത്തിന്റെ സംശോധിതസംസ്കരണമാണ് പ്രസ്തുതലേഖനത്തിൽ മുഖ്യമായും ചിന്താവിഷയമാക്കിയിട്ടുള്ളത്. കൃഷ്ണലീലാശുകന്റെ പ്രാകൃതവ്യാകരണമഹാകാവ്യമായ *ശ്രീചിഹ്നകാവ്യ*ത്തിലെ അവസാനത്തെ സർഗങ്ങളുടെ കർത്താവും *ഭക്തിവിലാസം* എന്ന വ്യാഖ്യാനമെഴുതി ആ കാവ്യത്തെ വ്യാകരണപഠിതാക്കൾക്കും സഹൃദയർക്കും സുഗമമാക്കിയ മഹാശയനുമായ ദുർഗാപ്രസാദയതി എന്ന നാരായണപ്രിയയതിയുടെ ദേശം, കാലം, ഗുരുക്കന്മാർ എന്നിവയെപ്പറ്റിയുള്ള ഗവേഷണപ്രധാനമായ നിഗമനങ്ങൾ അടുത്ത പ്രബന്ധത്തിൽ കാണാം.

**പയ്യൂർ പട്ടേരിമാർ**

പൂർവമീമാംസാദർശനത്തിന്, വിശേഷിച്ച് അതിലെ ഭാട്ടശാഖയ്ക്ക്, കനപ്പെട്ട സംഭാവനകൾ നൽകിയ പയ്യൂർ ഭട്ടതിരി മാരെക്കുറിച്ച് പല ഗവേഷകന്മാരും പല അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ട്. സാമൂതിരിരാജസദസ്സിലെ പതിനെട്ടരക്കവികളിൽ പ്രസിദ്ധനായ ഉദ്ദണ്ഡ ശാസ്ത്രികൾ സ്മരിക്കുന്ന മഹർഷിയും അദ്ദേഹത്തിന്റെ മകനായ പരമേശ്വരനും ആരാണ് എന്ന് നിർണ്ണയിക്കുന്ന പ്രബന്ധമാണ് നാലാമത്തേത്. പയ്യൂർ ഭട്ടതിരിമാരുടെ ഗ്രന്ഥങ്ങളിൽനിന്നു കിട്ടുന്ന തെളിവുകൾവെച്ചുകൊണ്ട്, ആ കുടുംബത്തിൽ ആറു തലമുറകളിലുള്ള പണ്ഡിതന്മാരെപ്പറ്റി നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഋഷി ഒന്നാമൻ, അദ്ദേഹത്തിന്റെ സഹോദരൻ ഭവദാസൻ; ഋഷി ഒന്നാമന്റെ മകൻ പരമേശ്വരൻ ഒന്നാമൻ, അദ്ദേഹത്തിന്റെ മകൻ ഋഷി രണ്ടാമൻ, സഹോദരന്മാരായ ഭവദാസൻ രണ്ടാമൻ, വാസുദേവൻ ഒന്നാമൻ, സുബ്രഹ്മണ്യൻ, ശങ്കരൻ; ഋഷി രണ്ടാമന്റെ മകൻ പരമേശ്വരൻ രണ്ടാമൻ, സഹോദരൻ വാസുദേവൻ രണ്ടാമൻ; പരമേശ്വരൻ രണ്ടാമന്റെ മകൻ ഋഷി മൂന്നാമൻ; അദ്ദേഹത്തിന്റെ മകൻ

പരമേശ്വരൻ മൂന്നാമൻ ഇങ്ങനെയാണ് ആറ് തലമുറ. ഇവരിൽ ഏതു ഋഷിയെയും പരമേശ്വരനെയുമാണ് ഉദ്ദണ്ഡൻ പരാമർശിച്ചതെന്ന് രാജാ നിപുണമായി തിട്ടപ്പെടുത്തിയിരിക്കുന്നു. കാളിദാസന്റെ *മേഘദൂതത്തിന്* *സുമനോരമണി* എന്ന വ്യാഖ്യാനം, വാചസ്പതിമിശ്രന്റെ *ന്യായകണികയ്ക്ക്* *ജൂഷധ്വംകരണി*, *സ്വദിതംകരണി* എന്നീ വാഖ്യാനങ്ങൾ, *ഹരിചരിതം* എന്ന ഖണ്ഡകാവ്യം, *ന്യായസമുച്ചയം* എന്ന മീമാംസാഗ്രന്ഥം (ഇവയിൽ *ജൂഷധ്വംകരണി*യും *ന്യായസമുച്ചയ*വും കണ്ടുകിട്ടിയിട്ടില്ല) എന്നിവയുടെ കർത്താവാണ് പരമേശ്വരൻ ഒന്നാമൻ, മണ്ഡനമിശ്രന്റെ *സ്ഫോടസിദ്ധി, വിഭ്രമവിവേകം,* വാചസ്പതിമിശ്രന്റെ *തത്ത്വബിന്ദു*, ചിദാനന്ദന്റെ *നീതിതത്ത്വാവിർഭാവം* (ഇവയിൽ *വിഭ്രമവിവേകവ്യാഖ്യ* കണ്ടുകിട്ടിയിട്ടില്ല) എന്നീ പ്രൗഢശാസ്ത്രഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളാണ് പരമേശ്വരൻ രണ്ടാമന്റെ കൃതികൾ. വാസുദേവൻ രണ്ടാമൻ *ദേവീചരിതം*, *അച്യുതലീല, സത്യതപഃകഥ, ശിവോദയം* എന്നീ യമകകാവ്യങ്ങളെഴുതിയിട്ടുണ്ട്. *വാക്യാവലി, കൗമാരിളയുക്തിമാല* എന്നിവയും അദ്ദേഹത്തിന്റെ കൃതികൾ തന്നെ. *ചകോരസന്ദേശ*വും അദ്ദേഹത്തിന്റെ വകയാണെന്നു വിശ്വസിക്കപ്പെടുന്നു. *ജൈമിനീയസൂത്രാർത്ഥസംഗ്രഹ*മാണ് പരമേശ്വരൻ മൂന്നാമന്റെ കൃതി. ഋഷി ഒന്നാമനാണ് ഉദ്ദണ്ഡപരാമൃഷ്ടനെന്ന ഡോ. പി. കെ. നാരായണപ്പിള്ളയുടെയും രണ്ടാമനാണെന്ന് ഉള്ളൂർ, കെ. രാമപ്പിഷാരടി, എസ്. കെ. രാമനാഥശാസ്ത്രി എന്നിവരുടെയും അഭിപ്രായങ്ങളെ ഖണ്ഡിച്ചുകൊണ്ട് വടക്കുംകൂറും കെ. വി. കൃഷ്ണയ്യരും മുന്നോട്ടുവച്ച ഋഷി മൂന്നാമനാണ് ഉദ്ദണ്ഡനാൽ പരാമർശിക്കപ്പെട്ടതെന്ന അഭിപ്രായത്തെ കൂടുതൽ പിൻബലത്തോടെ ഉറപ്പിക്കുകയാണ് ഡോ. രാജാ ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. ത്രൈവിദ്യേശൻ എന്ന പേരിലാണ് ഉദ്ദണ്ഡൻ മഹർഷിയെ നിർദ്ദേശിക്കുന്നത്. ആ പേരിലറിയപ്പെടുന്നത് ഋഷി മൂന്നാമൻ മാത്രമാണ് എന്ന് ഡോ. രാജാ വെളിപ്പെടുത്തുന്നു.

പ്രാചീനഭാരതീയസാഹിത്യവിമർശകരിൽ പ്രമുഖനായ ഭാമഹൻ ദണ്ഡിക്കു മുമ്പ് ജീവിച്ചിരുന്നു എന്നും അല്ല, പിന്നീടാണ് ജീവിച്ചിരുന്നതെന്നും രണ്ടഭിപ്രായങ്ങൾ പ്രബലങ്ങളായി നിലനിൽക്കുന്നുണ്ട്. അതിപ്രസിദ്ധങ്ങളല്ലാത്ത ചില തെളിവുകൾ നിരത്തി ഭാമഹനാണ് അവരിൽ ആദ്യൻ എന്ന് ഉപപാദിക്കുന്ന പ്രബന്ധമാണ് ഭാമഹന്റെ കാലം.

**ശങ്കരാചാര്യർ**

ശങ്കരാചാര്യരുടെ കാലവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും എന്ന അടുത്ത പ്രബന്ധത്തിൽ കെട്ടുകഥകളുടെയും വിശ്വാസങ്ങളുടേയും ബലത്തിന്മേൽ ശങ്കരന്റെ കാലം നിർണയിച്ചുപോന്ന രീതിയെ വിമർശിക്കുകയും ആചാര്യന്റേതെന്ന് തികച്ചും തെളിയിക്കപ്പെട്ടിട്ടുള്ള കൃതികളുടെയും (രാജാവിന്റെ അഭിപ്രായത്തിൽ *സൗന്ദര്യലഹരി, വിവേകചൂഡാമണി* മുതലായവ ആചാര്യകൃതികളല്ല) ഇതരഗ്രന്ഥകാരന്മാരുടെ ഉദ്ധരണികളുടെയും പിൻ

ബലത്തിൽ ശങ്കരന്റെ കാലം ക്രി. പി. എട്ടാം നൂറ്റാണ്ടിന്റെ അന്ത്യഭാഗത്താണെന്ന് സിദ്ധാന്തിക്കുകയും ചെയ്യുന്നു. പലതു കൊണ്ടും പ്രൗഢമായ ഒരു ലേഖനമാണ് ഇതെന്ന് എടുത്തു പറയേണ്ടതുണ്ട്.

മണ്ഡനമിശ്രന്റെ കാലമാണ് ഏഴാമത്തെ പ്രബന്ധത്തിന്റെ വിഷയം. മണ്ഡനമിശ്രൻ തന്റെ *സ്ഫോടസിദ്ധി*യിൽ ധർമ്മ കീർത്തിയുടെ *പ്രമാണവാർത്തിക*ത്തിൽനിന്ന് വരികളുദ്ധരിക്കുന്നതിന്റെയും മറ്റും അടിസ്ഥാനത്തിൽ ആ രണ്ടു പണ്ഡിതന്മാരുടെ കാലപൗർവാപര്യത്തെക്കുറിച്ചുള്ള ചില നിഗമനങ്ങൾ തുടർന്നു വരുന്ന ലേഖനത്തിൽ സമാഹരിച്ചിരിക്കുന്നു. *അലങ്കാരസർവ്വസ്വ* വ്യാഖ്യാനത്തിന്റെ പേരിൽ പ്രസിദ്ധനായ സമുദ്രബന്ധൻ *സേതുബന്ധകാവ്യ*ത്തിന്നൊരു വ്യാഖ്യാനമെഴുതിയിട്ടുണ്ടെന്ന മഹാകവി ഉള്ളൂരിന്റെ അഭിപ്രായം അടിസ്ഥാനരഹിതമാണെന്നു ചൂണ്ടിക്കാട്ടുന്നതാണ് ഒമ്പതാമത്തെ ഗവേഷണക്കുറിപ്പ്.

*ചണ്ഡകൗശിക*മെന്ന നാടകമെഴുതി പ്രസിദ്ധിയാർജ്ജിച്ച ക്ഷേമീശ്വരന്റെ *നൈഷധാനന്ദ*മെന്ന അത്ര തന്നെ പ്രസിദ്ധമല്ലാത്ത നാടകത്തെപ്പറ്റിയുള്ള ഒരു സമഗ്രാവലോകനം പത്താമത്തെ പ്രബന്ധത്തിൽ കാണാം. കാളിദാസനോടും ഭവഭൂതിയോടും പ്രസ്തുത നാടകകർത്താവിനുള്ള ആധമർണ്യവും അവിടെ ചുണ്ടിക്കാട്ടിയിരിക്കുന്നു.

**വേദകാലവിനോദങ്ങൾ**

വേദകാലത്തെ കലാവിനോദങ്ങളെക്കുറിച്ച് വിപുലമായ വിജ്ഞാനം നൽകുന്ന അടുത്ത ലേഖനം ഗവേഷകന്മാർക്കെന്നപോലെ സാമാന്യവായനക്കാർക്കും രസകരമായി അനുഭവപ്പെടും. തേരോട്ടം, നൃത്തം, ഗീതം, ചൂതുകളി മുതലായവയെപ്പറ്റി വേദമന്ത്രങ്ങളിലെ പരാമർശങ്ങൾ അവിടെ പഠനവിധേയമാക്കിയിരിക്കുന്നു.

"മതാനുഭൂതിയുടെ ഭാഷ" എന്ന അടുത്ത പ്രബന്ധം ബ്രഹ്മജ്ഞാനത്തിന്റെ സ്വരൂപത്തിലേക്ക് വെളിച്ചം വീശുന്നു. കൗടില്യന്റെ *അർത്ഥശാസ്ത്രം* പ്രസിദ്ധവ്യഖ്യാതാവായ മല്ലിനാഥൻ കണ്ടിട്ടില്ലെന്നും കേട്ടറിവിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിൽ *അർഥശാസ്ത്ര*ഭാഗങ്ങൾ ഉദ്ധരിച്ചിട്ടുള്ളതെന്നുമുള്ള ഒരു പണ്ഡിതന്റെ അഭിപ്രായത്തിന്റെ സാധ്യത പരിശോധിക്കുകയാണ് "മല്ലിനാഥനും കൗടില്യന്റെ അർത്ഥശാസ്ത്രവും" എന്ന പ്രബന്ധത്തിൽ. പാഠഭേദങ്ങളുണ്ടെന്നു കാണാമെങ്കിലും *രഘുവംശ*വ്യാഖ്യാനത്തിൽ ഉദ്ധരിച്ച വരികളുടെ അടിസ്ഥാനത്തിൽ തന്നെ മല്ലിനാഥൻ *അർഥശാസ്ത്രം* പഠിച്ച ആളാണെന്ന് വ്യക്തമാകുമെന്ന് തെളിയിക്കുകയാണ് ഡോ. രാജാ ആ ലേഖനത്തിൽ. നന്ദികേശ്വരനെന്ന പാരണർഷിയുടേതെന്ന് ഐതിഹ്യവേദികൾ ഘോഷിക്കുന്ന *അഭിനയദർപ്പണ*മെന്ന ഗ്രന്ഥം അത്ര പ്രാചീനമൊന്നുമല്ലെന്നും ശാർങ്ഗദേവന്റെ *സംഗീതരത്നാകര*ത്തിൽനിന്ന് കടംകൊണ്ടതാണ് അതിലെ പല വരികളുമെന്നും വ്യക്തമാ

ക്കുന്നതാണ് പതിനാലാമത്തെ ലേഖനം.

**ഭാഷാശാസ്ത്രം**

ഭാഷാശാസ്ത്രവിഷയകങ്ങളായ ഒമ്പതു പ്രബന്ധങ്ങളടങ്ങുന്നതാണ് *രാജസുധ*യുടെ രണ്ടാം ഭാഗം. "ഭാഷാശാസ്ത്രത്തിൽ ഭാരതത്തിന്റെ സ്വാധീനം" എന്ന പ്രബന്ധത്തോടെയാണ് അതാരംഭിക്കുന്നത്. സുദീർഘമായ പ്രസ്തുതലേഖനം പാണിനി, ഭർത്തൃഹരി, കുമാരിലഭട്ടൻ മുതലായ പ്രാചീനഭാരതീയശാസ്ത്രകാരന്മാരുടെ ചിന്തകൾ ഭാഷാശാസ്ത്രത്തിലെ വിവിധശാഖകളുടെ വളർച്ചയ്ക്ക് എത്രത്തോളം പ്രയോജനപ്പെട്ടിട്ടുണ്ടെന്നു ചൂണ്ടിക്കാണിക്കുന്നു. വാക്യത്തെക്കുറിച്ചുള്ള സങ്കല്പത്തിൽ പാണിനിക്കും കാത്യായനനും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെന്നും ഇല്ലെന്നും രണ്ടു വാദങ്ങൾ ഇടക്കാലത്ത് ഭാഷാശാസ്ത്രഗവേഷകർക്കിടയിൽ ഉടലെടുക്കുകയുണ്ടായി. ആ വിഷയം ചർച്ചയ്ക്കെടുക്കുകയാണ് "പാണിനിയുടെ വാക്യസങ്കല്പം" എന്ന പ്രബന്ധത്തിൽ. സൂത്രകാരനും വാർത്തികകാരനും വാക്യത്തെക്കുറിച്ച് ഭിന്നാഭിപ്രായങ്ങളാണ് വെച്ചുപുലർത്തിയിരുന്നതെന്ന് ഭർത്തൃഹരി, ഭോജൻ മുതലായ പ്രാചീനഗ്രന്ഥകാരന്മാർതന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ടെന്ന വസ്തുത വെളിപ്പെടുത്തുകയാണ് ഡോ. രാജാ അവിടെ ചെയ്യുന്നത്.

സംസ്കൃതത്തിൽ 'ന'കാരത്തിന് ഭിന്നോച്ചാരണങ്ങളുണ്ടെങ്കിലും ഒറ്റ വർണ്ണമായേ പാണിനി അതിനെ ഗണിച്ചിരുന്നുള്ളുവെന്ന വസ്തത കേരളീയരുടെ ഉച്ചാരണസമ്പ്രദായത്തിന്റെയും *ലീലാതിലക*ത്തിലെ ചർച്ചയുടെയും അടിസ്ഥാനത്തിൽ ഉറപ്പിച്ചുവെക്കുകയാണ് തുടർന്നുവരുന്ന പ്രബന്ധത്തിൽ നമ്മുടെ ഗ്രന്ഥകാരൻ ചെയ്യുന്നത്. "കേരളീയരുടെ സംസ്കൃതോച്ചാരണം" എന്ന പത്തൊമ്പതാമത്തെ ലേഖനം അകേരളീയരെന്ന പോലെ കേരളീയരും വായിച്ചിരിക്കേണ്ടതാണ്. നമ്മുടേതാണ് ഏറ്റവും നല്ല സംസ്കൃതോച്ചാരണരീതി എന്ന ദുരഭിമാനം ചില കേരളീയ പണ്ഡിതന്മാരുടെയിടയിലെങ്കിലുമുള്ളത്, വസ്തുതകളുടെ വെളിച്ചത്തിലുള്ള രാജാവിന്റെ ഈ വിശകലനം ദൂരീകരിക്കും. *അഭിജ്ഞാനശാകുന്തള*ത്തെ അഭിഗ്യാനശാകുന്തളമാക്കുന്ന വടക്കരെ പരിഹസിക്കുന്ന നമ്മളും 'ജ്ഞ' എന്ന ഉച്ചാരണം കൃത്യമായൊന്നുമല്ല നിർവഹിക്കുന്നത് എന്ന് ഓർക്കാറില്ല. ധർമ്മക്ഷേത്രേ എന്നത് ധർമ്മക്ഖേത്രേ എന്നുച്ചരിക്കുന്നതുകേട്ട് ചിരിക്കുമ്പോൾ, നമ്മുടെ 'ക്ഷ' ഉച്ചാരണരീതിയും അവികലമല്ലെന്നോർമ്മിക്കാത്തത് കഷ്ടമാണ്. അത്ഭുതം, ഗെജം, അഞ്ഞനം (അഞ്ജനം) എന്നും മറ്റുമുള്ള ഉച്ചാരണങ്ങളുടെ കഥ പറയാനുമില്ല. നിഷ്പക്ഷമായ ഡോ. രാജായുടെ ഈ വിലയിരുത്തൽ നാം ശ്രദ്ധിച്ചു പഠിക്കേണ്ടതാണെന്നു മാത്രമേ ഇവിടെ സൂചിപ്പിക്കുന്നുള്ളൂ.

*തന്ത്രവാർത്തിക*ത്തിലൊരിടത്ത് കുമാരിളഭട്ടൻ, ചോർ, വയർ മുതലായ ദ്രാവിഡപദങ്ങളെ സംസ്കൃതപദനിഷ്പന്നങ്ങളാക്കാൻ ചില പണ്ഡിതന്മാർ അക്കാലത്ത് ശ്രമിച്ചിരുന്നതിനെ പരാമർശി

ക്കുന്ന ഭാഗത്തിന്റെ ഒരവലോകനമാണ് "ദ്രാവിഡഭാഷകളെപ്പറ്റി കുമാരിളഭട്ടൻ" എന്ന ലേഖനം. അഭിപ്രേതാവിന്റെ പേരെടുത്തു പറയാതെ, ഇതേ കാര്യങ്ങൾ തന്നെയാണ് *ലീലാതിലക*കാരൻ ഒരു ചർച്ചയ്ക്കിടയിൽ അവതരിപ്പിക്കുന്നതെന്നു ഡോ. രാജാ ചൂണ്ടിക്കാട്ടുന്നു.

"മലയാളത്തിലെ അനുനാസികസ്വനിയമങ്ങൾ" എന്ന അടുത്ത പ്രബന്ധത്തിൽ പ്രാദേശികഭേദങ്ങളടക്കമുള്ള വ്യവഹാരഭാഷയിൽ നമ്മുടെ അനുനാസികങ്ങളുടെ ഉച്ചാരണത്തിന്റെ എല്ലാ വശങ്ങളും പരിഗണിച്ചിരിക്കുന്നു. ള–ല, ബ–വ എന്നീ ദ്വന്ദ്വങ്ങൾ സംസ്കൃതത്തിലും മറ്റും പരസ്പരം മാറിവരാറുള്ളതുപോലെ, മ–വകൾ മലയാളത്തിൽ അന്യോന്യം മാറുന്നതിനെപ്പറ്റിയാണ് "മ–വകളുടെ അന്യോന്യമാറ്റം മലയാളത്തിൽ" എന്ന ലേഖനത്തിൽ വിസ്തരിച്ച് ചർച്ച ചെയ്യുന്നത്.

**ആചാരഭാഷ**

"മലയാളത്തിലെ ആചാരഭാഷ"യെപ്പറ്റി ഡോ. രാജാ 1959–ലെ *ജയകേരളം* വാർഷികപ്പതിപ്പിൽ സുദീർഘമായൊരു പ്രബന്ധം എഴുതിയിരുന്നു. *രാജസുധ*യിലെ അവസാനത്തെ ലേഖനം ആചാരഭാഷ(ലാംഗ്വേജ് ഓഫ് സോഷ്യൽ ഹീരാർക്കി)യെപ്പറ്റി മൊത്തത്തിലുള്ളതാണ്. ലോകത്തിലെ പല പ്രസിദ്ധഭാഷകളിലും, വിഭിന്നസാമൂഹ്യതലങ്ങളിലായുള്ള മനുഷ്യജീവിതം വരുത്തിവെക്കുന്ന അത്ഭുതാവഹമായ മാറ്റങ്ങളെപ്പറ്റി ചിന്തിക്കുകയാണിവിടെ. ജപ്പാനീസും മലയാളവുമാണത്രെ ഈ പ്രത്യേകതകൾ ഏറ്റവുമധികം ഉൾക്കൊള്ളുന്ന ഭാഷകൾ. പല ഭാഷാശാസ്ത്രജ്ഞന്മാരും അധികം പ്രവേശിച്ചിട്ടില്ലാത്ത ഒരു മണ്ഡലത്തെക്കുറിച്ചായതുകൊണ്ട് പ്രസ്തുതപ്രബന്ധം വളരെ വിജ്ഞാനപ്രദമാണെന്നു പറയാം.

ഈ സാമാന്യാവലോകനത്തിൽ നിന്നുതന്നെ ലേഖനത്തിന്റെ ആദ്യഭാഗത്ത് സൂചിപ്പിച്ചതുപോലെ വിവിധവിജ്ഞാനശാഖകളിൽ അവഗാഹമുള്ള സംസ്കൃതപണ്ഡിതനാണ് ഡോ. രാജാ എന്ന് വ്യക്തമായിരിക്കുമെന്ന് വിശ്വസിക്കുന്നു. ഇനിയും സമാഹരിക്കപ്പെടാതെ അദ്ദേഹത്തിന്റെ എത്രയോ പ്രബന്ധങ്ങൾ മലയാളത്തിലും ഇംഗ്ലീഷിലുമായി പല ആനുകാലികങ്ങളിൽ ചിന്നിച്ചിതറിക്കിടപ്പുണ്ട്. അവയും ഇതുപോലെ സമാഹരിക്കുന്നത് വിജ്ഞാനകുതുകികൾക്ക് വലിയ അനുഗ്രഹമായിരിക്കും.

(*കുങ്കുമം* ഓണം വിശേഷാൽപ്രതി, 1981)

## 22. മല്ലികാമാരുതം – ഉദ്ദണ്ഡശാസ്ത്രികൾ രചിച്ച സംസ്കൃതപ്രകരണം

ക്രി. പി. പതിനഞ്ചാം നൂറ്റാണ്ടിൽ കോഴിക്കോട്ട് മാനവിക്രമൻ ശക്തൻ സാമൂതിരിയുടെ വിദ്വത്സദസ്സിനെ അലങ്കരിച്ചിരുന്ന പതിനെട്ടരക്കവികളിൽ പ്രമുഖനാണ് ഉദ്ദണ്ഡശാസ്തികൾ. കാക്കശ്ശേരി ഭട്ടതിരിയുമായുണ്ടായ വാദപ്രതിവാദങ്ങളുടെയും കുറേ ഒറ്റശ്ലോകങ്ങളുടെയും പേരിൽ പ്രസിദ്ധനായ അദ്ദേഹത്തിന്റേതായി *കോകിലസന്ദേശം, മല്ലികാമാരുതം* എന്നീ രണ്ടു ഗ്രന്ഥങ്ങളേ അറിയപ്പെട്ടിട്ടുള്ളൂ. കൂടിയാട്ടത്തിലെ പല സമ്പ്രദായങ്ങളെയും നിശിതമായി വിമർശിക്കുന്ന *നടാങ്കുശ*മെന്ന ഗ്രന്ഥം ശാസ്ത്രികളുടേതാണെന്ന ഒരഭിപ്രായമുണ്ടെങ്കിലും, അതിന് പൊതുവിൽ അംഗീകാരം ലഭിച്ചിട്ടില്ല. വടക്കൻ കോട്ടയത്തെ സ്വാതി എന്ന തമ്പുരാട്ടിയെ പ്രശംസിച്ചുകൊണ്ടുള്ള അമ്പതിൽപരം മുക്തകങ്ങളുൾക്കൊള്ളുന്ന *സ്വാതീചാട്* ഉദ്ദണ്ഡന്റേതായിരിക്കാമെന്ന് പല പണ്ഡിതന്മാരും വിശ്വസിക്കുന്നു. *കോകിലസന്ദേശ*ത്തിൽ ഈ സ്വാതിയെക്കുറിച്ചുള്ള പരാമർശമുണ്ട്.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ വിവർത്തനത്തോടുകൂടി മലയാള ലിപിയിൽ അടിച്ച *കോകിലസന്ദേശം* 1903–ൽ പുറത്തുവന്നു. സംസ്കൃതത്തിൽ വ്യാഖ്യാനക്കുറിപ്പുകളോടെ 1913–ൽ പി. എസ്. അനന്തനാരായണശാസ്ത്രി മംഗളോദയത്തിൽനിന്ന് അത് വീണ്ടും പ്രസിദ്ധീകരിച്ചു. 1939–ൽ അതിന്റെ രണ്ടാം പതിപ്പ് പുറത്തു വന്നു. 1972–ൽ ഇംഗ്ലീഷിലുള്ള പഠനത്തോടെ ഡോ. എൻ. പി. ഉണ്ണി പ്രസ്തുതകാവ്യം തിരുവനന്തപുരത്തുനിന്ന് പ്രകാശിപ്പിച്ചിട്ടുണ്ട്.

**ദണ്ഡിയും ഉദ്ദണ്ഡനും**

1878–ൽ കൽക്കത്തയിൽ നിന്ന് ജീവാനന്ദ വിദ്യാസാഗർ ഭട്ടാചാര്യൻ രംഗനാഥന്റെ സംസ്കൃതവ്യാഖ്യാനത്തോടുകൂടി *മല്ലികാമാരുതം* പ്രസിദ്ധീകരിക്കുകയുണ്ടായി. ദണ്ഡിയാണ് കർത്താവെന്നത്രേ അതിൽ പറയുന്നത്. ദണ്ഡിയുടെ മറ്റൊരു പേരാണ് ഉദ്ദണ്ഡൻ എന്ന് അവതാരികയിൽ സമർത്ഥിക്കുന്നുമുണ്ട്. കൃതിയിൽ കോഴിക്കോട്ടു മാനവിക്രമനെ ഉദ്ദേശിച്ചുകൊണ്ടുള്ള വിക്രമാർക്ക പരാമർശവും പതിനെട്ടരക്കവികളിൽപെട്ട പയ്യൂർ പരമേശ്വര ഭട്ടതിരിയെപ്പറ്റിയുള്ള മഹർഷിപുത്രപരമേശ്വരപ്രയോഗവും വിക്രമാദിത്യനെ സംബന്ധിച്ചുള്ളതായാണ് വ്യാഖ്യാനം! ദണ്ഡിഗ്രന്ഥങ്ങൾ മൂന്നെന്ന പ്രസിദ്ധി ശരിപ്പെടുത്താൻ, ദണ്ഡിയുടെ *കാവ്യാദർശ*വും *ദശകുമാരചരിത*വും മാത്രം കണ്ടുകിട്ടിയിരുന്ന അക്കാലത്ത്; പുതുതായി കിട്ടുന്നതെന്തും ദണ്ഡിയിലാരോപിക്കുന്ന സമ്പ്രദായം പണ്ഡിതന്മാരുടെയിടയിൽ ഉണ്ടായിരുന്നു. അതാവാം *മല്ലികാമാരുത*ത്തിന്റെ കർത്തൃത്വം ദണ്ഡിയിൽ കെട്ടിവെക്കാൻ പ്രസാധകരെ പ്രേരിപ്പിച്ചത്.

*മല്ലികാമാരുത*ത്തിന്റെ പ്രസ്താവനയിൽനിന്ന്, അത് കോഴിക്കോട്ട് തളിക്ഷേത്രപരിസരത്ത് അഭിനയിക്കാൻ വേണ്ടിയാണ്

രചിക്കപ്പെട്ടിട്ടുള്ളതെന്നു കാണാം. ഉദ്ദണ്ഡശാസ്ത്രികൾ അവിടെ തന്റെ ജീവചരിത്രത്തിന്റെ ചില ഭാഗങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് നമുക്ക് വളരെ സഹായകരമാണ്: തെന്നിന്ത്യയിൽ ദയാവതിയായ കാമാക്ഷീദേവിയുടെ കടാക്ഷങ്ങളാൽ നൃത്തം ചെയ്യുന്ന കവി മയൂരങ്ങൾ നിറഞ്ഞ തുണ്ഡീരദേശത്ത് (ഇന്നത്തെ ചെങ്കൽപ്പേട്ട യ്ക്കടുത്ത്) പാലാറിന്റെ തീരത്തു ലാടപുരമെന്ന വലിയൊരു അഗ്രഹാരമുണ്ട്. അവിടെ തപസ്വികളും സകലശാസ്ത്രങ്ങളും പഠിച്ചവരും മഹായാഗങ്ങൾ നടത്തിയവരും വൈദികന്മാരും കുലീനന്മാരും വാഗ്മികളും അതിഥിസത്കാരം കൊണ്ട് നാൾ പോക്കുന്നവരുമായ ബ്രാഹ്മണർ താമസിക്കുന്നു. അക്കൂട്ടത്തിൽ ആപസ്തംബശാഖാധ്യായിയും വാധൂലഗോത്രക്കാരനും കവിയും കീർത്തിമാനും ഉപാധ്യായഗോകുലനാഥന്റെ പൗത്രനും ശ്രീകൃഷ്ണന്റെ പുത്രനും ആയ ഭട്ടരംഗനാഥന്റെ പ്രിയപുത്രനാണ് ഇരുഗുപനാഥൻ എന്ന മറുപേരുള്ള ഉദ്ദണ്ഡകവി. അയാൾ യഥാവിധി ഗുരുവിൽ നിന്ന് സകലവിദ്യകളുമഭ്യസിച്ച് മറുനാടുകൾ കാണാൻ വേണ്ടി ആന്ധ്ര, കണ്ണാടകം, കലിംഗം, ചോളം, കേരളം എന്നിവിടങ്ങളിൽ സഞ്ചരിച്ച് മഹാനദികളിൽ മുങ്ങിക്കുളിച്ചും പുണ്യക്ഷേത്രങ്ങൾ സന്ദർശിച്ചും സജ്ജനങ്ങളുമായിടപഴകിയുംകൊണ്ട് കോഴിക്കോട്ടെത്തിച്ചേർന്നു. അവിടെ ആസ്ഥാനമധ്യത്തിൽ ഉദ്ധതന്മാരായ പട്ടക്കാരന്മാരുടെ അനുജ്ഞയോടെ നാനാദേശക്കാരായ വീരന്മാർ വന്നു നമസ്കരിക്കുന്നവനും നിപുണകളായ ഗണികകൾ ചാമരം വീശുന്നവനും ലോകനാഥനുമായ ശ്രീമാനവിക്രമനെ കണ്ടു. 'ശത്രുരാജാക്കന്മാരുടെ പ്രതാപോഷ്മാവിൽ നിന്നുയർന്ന പുഷ്കലാവർത്തമേഘമേ! വിശ്വംഭരാനായകാ! വിശ്വൈകവീരാ! വിക്രമാ! അങ്ങ് വിജയിച്ചാലും' എന്ന് രാജാവിനെ സ്തുതിച്ചു. അദ്ദേഹമാകട്ടെ ചുറ്റിലുമുള്ള കവികൾ നോക്കിനിൽക്കേ, താമരയിതൾക്കുളുർമ്മയാർന്ന കടാക്ഷത്താൽ ആദരിച്ചുകൊണ്ട് ഇപ്രകാരം അയാളോട് നിർദ്ദേശിച്ചു: "അല്ലയോ വിദ്വാനായ ഉദ്ദണ്ഡശാസ്ത്രികളേ! എന്റെ വാക്ക് കേൾക്കൂ. ഇഷ്ടം തരുന്നതും അനല്പവുമായ വാക്കാണ് താങ്കൾക്കുള്ളത്. വാഗ്വിലാസങ്ങൾ കൊണ്ടലങ്കൃതമായ ശ്രേഷ്ഠകവിതയും ഉണ്ടല്ലോ. അതിനാൽ സത്കവേ, താമസിയാതെ രസവ്യഞ്ജകവും നിസ്തുലവുമായ *മല്ലികാമാരുത*മെന്ന നല്ലൊരു പ്രകരണം രചിച്ച് എന്നെ സത്കരിച്ചാലും!" (*മല്ലികാമാരുതം*, പേജ് 12–14).

പതിനെട്ടരക്കവികളിലൊരാളായ പയ്യൂർ പരമേശ്വരനെപ്പറ്റിയുള്ള പരാമർശവും പ്രസ്താവനയിൽ കാണാം: മീമാംസക ചക്രവർത്തിയായ മഹർഷിപുത്രൻ പരമേശ്വരൻ ഇങ്ങനെ പറയുകയുണ്ടായി. "വേദത്തിൽ ആദരവും ഉദ്ധതമായ തർക്കത്തിൽ കർക്കശത്വവും ശാസ്ത്രത്തിൽ കുശാഗ്രതയും കലകളിൽ കൗശലവും പുലർത്തിപ്പോരുന്ന മഹാകവിയും ഷഡ്ഭാഷാ പണ്ഡിതനുമായ താങ്കൾ ലോകത്ത് ആർക്കാണ് വിസ്മയമുളവാക്കാത്തത്?" (പേജ് 14). ഒന്നും പത്തും അങ്കങ്ങളുടെ ഒടുവിൽ

പുഷ്പികാരൂപത്തിൽ ചേർത്തിട്ടുള്ള പദ്യത്തിൽനിന്ന് രംഗദേവി യായിരുന്നു ഉദ്ദണ്ഡന്റെ അമ്മയെന്നും ത്രൈവിദ്യേശൻ എന്ന റിയപ്പെട്ടിരുന്ന പയ്യൂർ മഹർഷി (പരമേശ്വരന്റെ അച്ഛൻ) അദ്ദേഹ ത്തിന്റെ അഭ്യുദയകാംക്ഷിയായിരുന്നുവെന്നുമുള്ള വിവരങ്ങൾ കൂടി ലഭിക്കുന്നു.

**പ്രകരണം**

സംസ്കൃതത്തിലെ ദശരൂപകങ്ങളെന്ന ദൃശ്യകാവ്യശാഖക ളിൽ 'പ്രകരണ'മെന്ന വിഭാഗത്തിൽ പെടുന്നതാണ് *മല്ലികാമാരുതം*. ഏറെക്കുറെ സാമൂഹികപ്രാധാന്യമുള്ള പ്രേമനാടകങ്ങളാണ് പ്രകരണങ്ങളെന്ന് സാമാന്യമായി പറയാം.

പത്തങ്കങ്ങളിലായി പടർന്നുകിടക്കുന്നതാണ് *മല്ലികാമാരുത* ത്തിലെ കഥ. കുസുമപുരം എന്ന ഗ്രാമത്തിനടുത്തുള്ള ആശ്രമ ത്തിലെ യോഗിനിയാണ് മന്ദാകിനി. വിദ്യാധരാമാത്യചക്രവർ ത്തിയും യോഗവിദ്യയാൽ തന്റെ സതീർഥ്യനുമായ വിശ്വാവസു വിന്റെ മകളായ മല്ലികയിൽ അവൾക്ക് അങ്ങേയറ്റം വാത്സല്യമുണ്ട്. കുന്തളേശ്വരാമാത്യനായ ബ്രഹ്മദത്തന്റെ മകനും ചതുർദ്ദശ വിദ്യാസമ്പന്നനും ആയോധനനിപുണനുമായ മാരുതനിലും അവൾക്ക് തുല്യവാത്സല്യംതന്നെ. കുസുമപുരോദ്യാനത്തിൽ വെച്ച് ആ യുവാക്കൾ തമ്മിൽ കണ്ടുമുട്ടാനിടവന്നു. അവരുടെ പരസ്പരാനുരാഗം മന്ദാകിനിക്ക് മനസ്സിലായി. ആരട്ടരാജ്യത്തിലെ രാജാവായ സിംഹവർമ്മയുടെ അമാത്യനായ ശംബരകൻ രാജാവു മുഖേന മല്ലികയെ സായത്തമാക്കാൻ പരിശ്രമിക്കുന്നുണ്ടെന്ന് അവൾക്കറിയാം. അതിനാൽ മല്ലികാമാരുതന്മാരുടെ പരിണയം നട ത്തിക്കാൻ വേണ്ടതെല്ലാം ചെയ്യുമെന്ന് യോഗിനി മനസാ പ്രതിജ്ഞയെടുത്തു.

മല്ലികയുടെ സൗന്ദര്യാദിഗുണങ്ങൾ അയവിറക്കിക്കൊണ്ട്, അവർക്കിങ്ങോട്ട് അനുരാഗമുണ്ടായിരിക്കുമോ എന്ന സംശയ ത്താൽ ഇടയ്ക്കിടെ ആടിയുലഞ്ഞുകൊണ്ട്, കാമാതുരനായി ക്കഴിയുന്ന മാരുതന്റെ സുഹൃത്തായ കളകണ്ഠൻ സമാശ്വസി പ്പിക്കുന്നു. മല്ലികയുടെ കുടുംബവിവരങ്ങൾ നൽകിക്കൊണ്ട് അവ ളുടെ സഖിയായ കാളിന്ദി, നായികയുടെ അനുരാഗം വെളിപ്പെടു മാറുള്ള ഒരുപഹാരമെന്ന നിലയ്ക്ക് ഒരു സുഗന്ധമാല്യം മാരുതനു സമർപ്പിക്കുന്നു. സ്വാഭാവികമായും ആനന്ദപരവശനായ ആ യുവകാമുകൻ അനുരൂപമായൊരു പ്രത്യുപഹാരമായി തന്റെ ഹാരം അങ്ങോട്ടും കൊടുത്തയയ്ക്കുന്നു മാധ്യന്ദിനസ്നാന ത്തിനായി മാരുതനും കൂട്ടുകാരും പോകുന്നതോടെ ഒന്നാമങ്കം അവസാനിക്കുന്നു.

രണ്ടാമങ്കത്തിൽ ഹാരം ലഭിച്ചതോടെ മല്ലികയിലുണ്ടായ മദനവികാരാധിക്യത്തിന്റെ ബഹിഃസ്ഫുരണങ്ങളാണ് വിവരി ക്കുന്നത്. കാളിന്ദി, നവമാലിക എന്നീ തോഴിമാർ മാരുതന്റെ സമാനാവസ്ഥ വിവരിച്ചുകൊണ്ട് അവളെ ആശ്വസിപ്പിക്കുന്നു. മന്ദാകിനീശിഷ്യയായ സാരസിക അവർക്ക് മാരുതന്റെ ചിത്രം

തുന്നിയ പട്ടുവസ്ത്രം സൂക്ഷിച്ച ഒരു കൊച്ചുപേടകം നൽകുന്നു. ശംബരകന്റെ വിവാഹപരിശ്രമങ്ങളെക്കുറിച്ചുള്ള സൂചനകൾകൂടി അവൾ അറിയിക്കുന്നു. അതു കേട്ടപാടേ മല്ലിക അവനെ തള്ളി പ്പറയുന്നു. നായകചിത്രം നോക്കി അവൾ ആശ്വാസം കൊള്ളുന്നു.

മൂന്നാമങ്കത്തിൽ മല്ലികാമാരുതന്മാരുടെ പരിണയത്തിന് പ്രതിബന്ധം നേരിടുന്നതാണ് പ്രതിപാദ്യം. ഗൗരീമന്ദിരത്തി നടുത്തുനിന്ന് ഒരശരീരി: "മല്ലികയുടെ വരനാരെന്ന് നിശ്ചയി ക്കുന്നത് ഭഗവതി ഗൗരിയാണ്. അതനുസരിച്ചേ വിശ്വാവസു പ്രവർ ത്തിക്കാവൂ". ഇത് ശംബരകന്റെ 'വിദ്യ'യാണെന്ന് മന്ദാകിനി മനസ്സിലാക്കി. ഗൗരീമന്ദിരത്തിനടുത്തുചെന്ന് കാര്യങ്ങൾ രഹസ്യ മായി അറിയാൻതന്നെ അവർ തീർച്ചയാക്കി. 'മല്ലികയുടെ വരൻ ശംബരകനാണ് എന്നായിരുന്നു അവിടെനിന്ന് വിശ്വാവസു കേട്ട അശരീരിവാക്യം. പച്ചിലമരങ്ങൾക്കിടയിൽ ഒരാൾരൂപം അവ്യക്ത മായി മന്ദാകിനിക്കും ശിഷ്യയ്ക്കും കാണാമായിരുന്നു. അവിടെ നിന്നാണീ സ്വരം: ശംബരകൻ സമർത്ഥമായി വിശ്വാവസുവെ വഞ്ചിക്കുകയാണ്! ആ വഞ്ചനയെ അപ്പോൾത്തന്നെ തുറന്നു കാട്ടിയാലോ എന്ന ശിഷ്യയുടെ ചോദ്യത്തിന്. "വേണ്ട; വഞ്ചനയെ വഞ്ചനകൊണ്ട് തകർക്കണം" എന്ന മറുപടിയാണ് മന്ദാകിനി നൽകുന്നത്.

രംഗത്തിന്റെ ഒരു ഭാഗത്ത് മാരുതനും ഭ്രമരകനും; മറുഭാഗത്ത് മല്ലികയും തോഴിമാരും, പ്രണയപരവശരായ നായികാനായക ന്മാരെ സുഹൃത്തുക്കൾ ആശ്വസിപ്പിക്കുകയാണ്. നായികയുടെ അനുരാഗചേഷ്ടിതങ്ങൾ നായകൻ ഒളിഞ്ഞുനിന്നു കാണുന്നു. അടിക്കടി വർധിച്ചുവരുന്ന കാമാവസ്ഥകളെ അവർക്കു നേരിടേ ണ്ടിവരുന്നു. ആ മൃദുലാന്തരീക്ഷത്തെ കിടിലം കൊള്ളിച്ചുകൊണ്ട് രണ്ടു ഗജവീരന്മാർ പാഞ്ഞുവരികയാണ്. സ്ത്രീകൾ പേടിച്ചു നിലവിളിക്കുന്നു. മാരുതനും ഭ്രമരകനും അവയെ ഓടിക്കാൻ പുറ പ്പെടുന്നു. സോമസരസ്സിൽ നീന്തിക്കളിക്കുന്ന രമയന്തികയെ, ആഞ്ഞടുക്കുന്ന ഗജവീരനിൽ നിന്ന്, കളകണ്ഠൻ രക്ഷിക്കുന്നു. അവർ അന്യോന്യം അനുരക്തരാണ്. മന്ദാകിനിയുടെ അനുഗ്രഹം അവരിലും ചൊരിയുന്നുണ്ട്.

കളകണ്ഠൻ തിരിച്ചുവരാത്തതിൽ കുണ്ഠിതപ്പെട്ടുകൊണ്ടിരി ക്കുന്ന മാരുതനെയാണ് നാം നാലാമങ്കത്തിൽ കാണുന്നത്. അവിടുത്തേക്ക് ശംബരകശിഷ്യനായ കളപിംഗകൻ ഒരു പഥിക ന്റെ വേഷത്തിൽ കടന്നുവരികയും കളകണ്ഠനെ ആന ചവിട്ടി ക്കുത്തിക്കൊന്നുവെന്ന് നായകനെ വിശ്വസിപ്പിക്കുകയും ചെയ്യു ന്നു. മാരുതൻ തന്റെ സുഹൃത്തിനെ അനുഗമിക്കാൻ ഒരുമ്പെടു കയാണ്. ഇതറിഞ്ഞ്, ഉള്ളാലെ സന്തോഷിച്ച്, കളപിംഗകൻ സോമസരസ്തീരത്തുചെന്ന് മാരുതന്റെ മരണവാർത്ത മല്ലികയെ അറിയിക്കാൻ പോകുന്നു. അപ്പോൾ അവൾ ശംബരകനെ വരിച്ചു കൊള്ളുമല്ലോ! അങ്ങനെ വേദനാജനകമായ ആ രംഗത്തു കള കണ്ഠൻ പ്രത്യക്ഷപ്പെടുന്നു. കളപിംഗകന്റെ വഞ്ചനയിൽ കുടുങ്ങി

മോഹാലസ്യപ്പെട്ട മല്ലികയെ താങ്ങിക്കൊണ്ട് നവമാലിക മുതലായവർ പ്രവേശിക്കുന്നതോടെ രംഗം വീണ്ടും ദുഃഖാക്രാന്തമാവുകയായി. ഭ്രമരകൻ മുമ്പ് അവൾക്ക് കൊണ്ടുകൊടുത്ത മൂർച്ഛാഹരമായ ചൂഡാമണി നഷ്ടപ്പെട്ടുപോവുകയും ചെയ്തിരിക്കുന്നു. മാരുതന്റെ മടിയിൽ കിടന്നുകൊണ്ട് മല്ലിക മോഹാലസ്യത്തിൽ നിന്നുണരുന്നു. കളപിംഗകന്റെ വഞ്ചന ഒരളവോളം അങ്ങനെ തുറന്നുകാട്ടപ്പെടുന്നു. രമയന്തികാകളകണ്ഠന്മാരുടെ അനുരാഗത്തിന് മാരുതന്റെ ആശംസയും ലഭിക്കുന്നു.

അശരീരി വഴിതെറ്റിച്ച വിശ്വാവസുവിനെയും മറ്റും നേർവഴിക്ക് തിരിക്കുവാൻ ഗൗരിയുടെ അനുഗ്രഹംതന്നെ വേണം. അതിനുവേണ്ടി ദേവീഭജനത്തിനായി ക്ഷേത്രപരിസരത്തിലെത്തുന്ന മാരുതനെ നാം അഞ്ചാമങ്കത്തിൽ കണ്ടുമുട്ടുന്നു. മല്ലികയെ തനിക്ക് നൽകുന്നില്ലെങ്കിൽ താൻ പ്രാണൻ വെടിയുകയാണെന്നു പറഞ്ഞുകൊണ്ട് അയാൾ കഴുത്തിൽ വാൾ വെക്കുകയായി. അപ്പോഴേക്കുമതാ, രക്ഷിക്കൂ, രക്ഷിക്കൂ എന്ന മല്ലികയുടെ ആർത്തനാദം! ഒരു രാക്ഷസൻ പിടിച്ചുകൊണ്ടു പോവുകയാണവളെ. വാൾ താഴെയിട്ട് മാരുതൻ അങ്ങോട്ടോടുന്നു. വീഴുന്ന മല്ലികയെ കൈയിൽ താങ്ങുന്നു. തന്റെ ഇംഗിതം നടക്കില്ലെന്ന അശരീരി വിശ്വസിച്ച് ഏകാന്തത്തിൽ പ്രാണൻ കളയാൻ ചെന്ന അവളെ രാക്ഷസൻ തട്ടിക്കൊണ്ടുപോവുകയായിരുന്നു. അവനിൽനിന്ന് മല്ലികയെ രക്ഷിച്ചശേഷം, അവനെ കൊല്ലാൻതന്നെ മാരുതൻ തീർച്ചയാക്കി. വാളുകൊണ്ട് വെട്ടിക്കൊന്നപ്പോൾ ആ രാക്ഷസശരീരത്തിൽ നിന്ന് ഒരു ദിവ്യപുരുഷൻ ഉയർന്നുവന്നു. സ്മരിക്കുമ്പോൾ വരാമെന്നു പറഞ്ഞ് ആ ദിവ്യപുരുഷൻ സ്ഥലം വിട്ടു.

ആറാമങ്കത്തിൽ രമയന്തികയെ സ്വന്തമാക്കാൻ പദ്ധതിയിട്ടുകൊണ്ടിരിക്കുന്ന കളപിംഗകനെയാണ് നാമാദ്യമായി കാണുന്നത്.

മല്ലികയുടെ വിവാഹത്തിനായി അമാത്യവിശ്വാവസുവിന്റെ ഗൃഹം അലങ്കരിക്കപ്പെട്ടിരിക്കുന്നു. സഖികളുമൊത്ത് മല്ലിക നർമ്മസല്ലാപം നടത്തുകയാണ്. മാരുതനും അവിടേക്കു വരുന്നു. തുടർന്നു നായികാനായകന്മാരുടെ സരസസംഭാഷണങ്ങൾ, ചുംബനാലിംഗനങ്ങൾ.... പ്രഹൃഷ്ടവദനയായി മന്ദാകിനി രംഗത്തേക്ക് കടന്നുവരുന്നു. അവൾ മല്ലികയെ മാരുതന് സമ്മാനിക്കുന്നു. കേരളീയസമ്പ്രദായത്തിലുള്ള ഒരു സംബന്ധത്തിന്റെ മട്ടുണ്ടതിനെന്നു പറയാം. "സർവ്വാകാരാനവദ്യം അമും സംബന്ധമാലോച്യ പ്രസീദതി ഹൃദയം" എന്ന കളകണ്ഠവാക്യം ഈ ഊഹത്തെ ഉറപ്പിക്കുന്നുണ്ട്. അങ്ങനെ മല്ലികാമാരുതവിവാഹം സമംഗളം നടന്നതിനുശേഷം, ശംബരകനോട് പ്രതികാരം ചെയ്യാൻ മന്ദാകിനി നിർദ്ദേശിക്കുന്നു സ്മരണമാത്രയിൽ മാകന്ദൻ (രാക്ഷസന്റെ ശരീരത്തിൽ നിന്നുളവായ ദിവ്യപുരുഷൻ) മാരുതന്റെ മുമ്പിൽ മല്ലികാവേഷധാരിയായി വന്നെത്തുന്നു. സാരസിക കൊണ്ടുവന്ന കാഷായവസ്ത്രം ധരിച്ച് കളകണ്ഠൻ മന്ദാകിനിയുടെ വേഷമെടുക്കുന്നു. കാളിന്ദിയും നവമാലികയും മാകന്ദനെയും കള

കണ്ഠനെയും അനുഗമിക്കുന്നു. അങ്ങനെ ശംബരകനെ പരിണയിക്കാൻ പോവുകയാണ് മല്ലികയുടെ വേഷത്തിൽ മാകന്ദൻ, രമണീയങ്ങളായ തന്റെ ആശ്രമഭൂമികളിൽ മധുവിധു ആഘോഷിക്കാൻ മന്ദാകിനി നവവധൂവരന്മാർക്ക് അനുജ്ഞ നൽകുന്നതോടെ ആറാമങ്കം അവസാനിക്കുന്നു.

ശംബരകവഞ്ചനം പ്രാവർത്തികമാക്കുകയാണ് ഏഴാമങ്കത്തിൽ. കൂരിരുട്ടിൽ കളപിംഗകനെ രമയന്തികാവേഷം ധരിച്ച ഭ്രമരകന്റെ കൂടെ സുഖശയനാശംസയോടെ പറഞ്ഞയച്ച്, അതേ ഇരുട്ടിൽ മന്ദാകിനീവേഷധാരിയായ കളകണ്ഠൻ രമയന്തികയെ ഓർത്ത് മന്മഥാതുരനായിത്തീരുന്ന രംഗം വളരെ മനോഹരമാണ്. കളകണ്ഠനും മധുകരികയും ഇരുട്ടത്തിരുന്നുകൊണ്ട്, കാളിന്ദിയോടൊപ്പമിരിക്കുന്ന രമയന്തികയുടെ ഭാവഹാവങ്ങൾ നിരീക്ഷിക്കുന്നു. അവളുടെ കളകണ്ഠാഭിമുഖമായ അനുരാഗം അണപൊട്ടിയൊഴുകുന്നത് അയാൾ നിർവൃതിയോടെ കാണുന്നു. ഒടുവിൽ അയാൾ സ്വന്തം രൂപത്തിൽ പ്രിയതമയുടെ മുമ്പിൽ ചെല്ലുന്നു. അപ്പോഴതാ, അണിയറയിൽനിന്ന് വഞ്ചിതനായ ശംബരകന്റെ നിലവിളി!

എട്ടാമങ്കം ആരംഭിക്കുന്നത് ശംബരകനെ പച്ചിലമരത്തിൽ തലകീഴ്പോട്ടാക്കി കെട്ടിയിട്ട വിവരം മാകന്ദൻ യോഗിനിയെ അറിയിക്കുന്നതോടെയാണ്. മല്ലികയുടെ ചൂഡാമണി ഒരു രാക്ഷസന് കിട്ടുകയും അവൻ അതും കൊണ്ടോടിപ്പോവുകയും മധ്യേ വീണുപോയ അത് ദ്രാവിഡദേശത്ത് കാഞ്ചീപുരത്ത് കാമാക്ഷീദേവിയുടെ ഒരു കിങ്കരൻ കൈക്കലാക്കി സൂക്ഷിച്ചുവെക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരമറിഞ്ഞ് മന്ദാകിനി, ഇതുതന്നെയാണ് തന്റെ യോഗവിദ്യ പ്രകടിപ്പിക്കേണ്ട സന്ദർഭമെന്നു നിശ്ചയിക്കുന്നു. ഇനിയും മോഹാലസ്യം ബാധിച്ചേക്കാവുന്ന മല്ലികയെ കാഞ്ചീപുരത്തേക്കുതന്നെ കൊണ്ടുപോകാം.

മല്ലികാമാരുതന്മാരുടെ സമാഗമം ഈ അങ്കത്തിലെ പ്രധാന ഭാഗമാണ്. നായകന്റെ പ്രണയാഭ്യർത്ഥനയും സഖിയുടെ പ്രേരണയും നായികയുടെ ലജ്ജാസാധ്വസാദിഭാവങ്ങളുമെല്ലാം അവിടെ മനോഹരമായി ആവിഷ്കരിക്കപ്പെടുന്നു. ഒടുവിൽ കാമുകീകാമുകന്മാർ ഏകാന്തത്തിൽ സംഗമിക്കുവാനായി അപ്രത്യക്ഷരാവുന്നു. അപ്പോൾ മല്ലികാമാരുതന്മാരെ അന്വേഷിച്ച് അവിടേക്കുവന്ന കളകണ്ഠനും രമയന്തിക മുതലായവരും അവരുടെ സമാഗമവൃത്താന്തം കേട്ട് സന്തോഷിക്കുന്നു. അപ്പോഴേക്കും, “ഹാ പ്രിയേ! മല്ലികേ!” എന്ന ആർത്തസ്വരം കേൾക്കായി. എല്ലാവരും ഭയപ്പെടുന്നു. മാരുതനുമായുള്ള പ്രഥമസമാഗമത്തിൽതന്നെ മല്ലിക മൂർച്ഛിച്ച വിവരമറിഞ്ഞ് സ്ത്രീകളിൽ പലരും മോഹാലസ്യപ്പെട്ടുവീഴുന്നു. സംഭവം മന്ദാകിനിയെ അറിയിക്കാൻ സാരസിക പോകുന്നു. എട്ടാമങ്കം അവിടെ തീരുന്നു:

സാരസിക മല്ലികയെ കാഞ്ചീപുരത്തേക്ക് കൊണ്ടുപോയ സംഗതി അറിയാതെ മാരുതനും മറ്റും ദുഃഖിക്കുന്നു. വിരഹ

വേദനയിൽപെട്ടുഴലുന്ന നായകന്റെ മനസ്സിനെ തിരിച്ചുവിടുന്നതിനുവേണ്ടി കളകണ്ഠൻ വർഷവർണ്ണനം നടത്തുന്നു. പക്ഷേ അത് 'കൂനിന്മേൽ കുരു' ആവുകയാണുണ്ടായത്! ഉന്മാദാവസ്ഥയിലെത്തിയ മാരുതൻ നദി, ആന, മാൻപേട എന്നിവയോടെല്ലാം മല്ലികയെപ്പറ്റി അന്വേഷിക്കുകയായി! ഒടുവിൽ മൂർച്ഛയിലാണ്ട മാരുതന്റെകൂടെ കളകണ്ഠനും ബോധംകെട്ടുവീഴുന്നു. കാളിന്ദിയും മറ്റും വന്നു നടത്തിയ ശീതളോപചാരങ്ങളുടെ ഫലമായി കളകണ്ഠൻ ഉണർന്നെഴുന്നേൽക്കുന്നുവെങ്കിലും, മല്ലികാമാരുതന്മാരിരുവരും നഷ്ടപ്പെട്ട നിലയ്ക്ക് താനും മരിക്കുകയാണെന്നു പറഞ്ഞ് അയാൾ ചാകാനൊരുങ്ങുന്നു. അപ്പോഴേക്കും നവമാലികയുടെ കൈ പിടിച്ചുകൊണ്ട് ചൂഡാമണി ചൂടിയ മല്ലിക വന്നെത്തുന്നു. എല്ലാവരുടെയും അപേക്ഷയനുസരിച്ച് അവൾ മാരുതനെ ആലിംഗനം ചെയ്യുന്നതോടെ അയാളുടെ ബോധം വീണ്ടുകിട്ടുന്നു. മല്ലിക കാഞ്ചീപുരത്തേക്ക് നയിക്കപ്പെട്ട കഥ ഏവരും വിസ്മയപുരസ്സരം കേട്ടുകൊണ്ടിരിക്കേ, മന്ദാകിനി പ്രത്യക്ഷപ്പെടുന്നു. കഥ വിസ്തരിച്ചുപറയണമെന്നു യോഗിനിയോട് അവരെല്ലാം അപേക്ഷിക്കുന്നു. വിശ്വാവസുവിനെ സമാധാനിപ്പിക്കാൻ പോകേണ്ടതുകൊണ്ട് കഥാവിസ്താരം പിന്നെയാവാമെന്നു പറഞ്ഞ് മന്ദാകിനി പോകുന്നതോടെ ഒമ്പതാമങ്കം സമാപിക്കുന്നു.

മല്ലിക, മാരുതൻ, കളകണ്ഠൻ, മാകന്ദൻ എന്നിവരുടെ കഥകളുടെ ചുരുൾ നിവരുകയാണ് പത്താമങ്കത്തിൽ. മുമ്പ് പലേടത്തും നാം കണ്ട അഭൗമസംഭവങ്ങളുടെ രഹസ്യം അപ്പോൾ വെളിപ്പെടുന്നു. പരിണാമഗുപ്തി കലർന്ന തങ്ങളുടെ പൂർവ്വജന്മകഥ മന്ദാകിനിയിൽനിന്ന് കേൾക്കുമ്പോൾ അതതു കഥാപാത്രങ്ങളിലുളവാകുന്ന ഭാവഭേദങ്ങൾ നാടകീയത വർധിപ്പിക്കാൻ സഹായകരമാണ്. അങ്ങനെ 'നിർവഹണത്തിലത്ഭുതരസ'ത്തോടെ *മല്ലികാമാരുത*പ്രകരണം ഭാരതവാക്യത്തിലവസാനിക്കുന്നു.

ഈ കഥാസൂചനയിൽനിന്നു, ഭവഭൂതിയുടെ *മാലതീമാധവ*ത്തെ അനുകരിച്ചുകൊണ്ടാണ് *മല്ലികാമാരുത*ത്തിന്റെ പോക്കെന്ന് ഏറെക്കുറെ വ്യക്തമായിരിക്കും. കഥാപാത്രങ്ങളുടെ പേരുകൾ, കഥാഗതിയുടെ സങ്കീർണത, ഗദ്യപദ്യങ്ങളുടെ രചന എന്നിങ്ങനെ പലതിലും കാണാം ആ അനുകരണച്ഛായ. ഒമ്പതാമങ്കത്തിലെ മാരുതോന്മാദവർണ്ണനം *വിക്രമോർവ്വശീയ*ത്തിലെ നാലാമങ്കത്തെ ഓർമ്മിപ്പിക്കും. കാളിദാസന്റെയും ഭവഭൂതിയുടെയും പല ശ്ലോകങ്ങളുടെയും ഛായാനുകരണം *മല്ലികമാരുത*പദ്യങ്ങളിൽ കണ്ടെത്താൻ പ്രയാസമില്ല. പക്ഷേ ഇതൊന്നും ആ കൃതിയുടെ മൗലികത്വത്തെയോ കാവ്യഭംഗിയെയോ കുറയ്ക്കുന്നില്ലെന്നു എടുത്തു പറയണം. ചില പദ്യങ്ങൾ നോക്കൂ:

അനുരാഗിയായ നായകന്റെ അവസ്ഥ

"കിം തിഷ്ഠാമി, കിമു വ്രജാമി,
കിമഹം ജാഗർമ്മി, നിദ്രാമി കിം,
കിം ജാനാമി, കിമു ഭ്രമാമി, കിമു വാ

സുഖ്യാമി, ദുഃഖ്യാമി വാ,
കിം നാസ്മ്യ,സ്മി കിമിത്യനല്പകലിതേ
ന ക്വാപി പക്ഷേ സ്ഥിതി
പ്രാപ്യാനിർവചനീയമേവ കമപി
ക്രൂരം, വികാരം സഖേ! (1. 66)

(ഞാൻ നിൽക്കുകയാണോ, നടക്കുകയാണോ? ഉണർന്നിരിക്കുകയാണോ, ഉറങ്ങുകയാണോ? ബോധമുണ്ടോ, അതോ ഭ്രമമാണോ? സുഖിക്കുകയോ, ദുഃഖിക്കുകയോ? ഞാൻ ഇല്ലയോ ഉണ്ടോ? – പറഞ്ഞറിയിക്കാൻ വയ്യാത്ത ഏതോ ക്രൂരമായൊരു വികാരത്തിൽപ്പെട്ട എനിക്ക്, സ്നേഹിതാ, ഇങ്ങനെ പല തോന്നലുകളിൽ ഒന്നിലും ഉറച്ചുനില്ക്കാൻ പറ്റുന്നില്ല.)

വിരഹിയുടെ ചന്ദ്രോദയവർണ്ണന:

നവകുങ്കുമചർച്ചികാ രജന്യാ
ഗഗനാശോകതരോഃ പ്രവാളപംക്തിഃ
മണികുന്തലതാ സ്മരസ്യ മന്യേ
ശശിനഃ പ്രാഥമികീ മയൂഖലേഖാ (8. 9)

(ചന്ദ്രന്റെ ആദ്യത്തെ രശ്മിരേഖ രാത്രിയുടെ പുതുകുങ്കുമം പൂശലാണ്, ആകാശമാകുന്ന അശോകമരത്തിന്റെ തളിർനിരയാണ്. ചന്ദ്രന്റെ ആദ്യത്തെ രശ്മിരേഖയായ അത് കാമന്റെ ഭംഗിയുള്ള നേർത്ത കുന്തമാണെന്നു ഞാൻ കരുതുന്നു!)

പന്തുകളിയിൽ മുഴുകിയ സുന്ദരിയെക്കണ്ട് കാമുകൻ:

ഝലം ഝലിതകങ്കണം ചലിതതുംഗപീനസ്തനം
ചലത്കുടിലകുന്തളം ചപലനീലനേത്രോത്പലം
ശ്രമാംബുലുളിതാനനം ശ്രവണപാതിതോത്തംസകം
നിഹന്തി മമ മാനസം നഹി നഹി ധ്രുവം കന്ദുകം. (10.32)

(ഝലം ഝലം കിലുങ്ങുന്ന വള, ഇളകിയുയരുന്ന തടിച്ച മുല, ഉലയുന്ന ചുരുൾമുടി, തരളമായ നീലക്കൺതാമര, തളർച്ചകൊണ്ട് പൊടിഞ്ഞ വിയർപ്പുതുള്ളികളാൽ അഴകിയന്ന മുഖം, മൂടിക്കെട്ടിൽനിന്ന് കാതിലേക്കുർന്നുവീണ പൂമാല – ഇങ്ങനെ അവൾ എന്റെ മനസ്സിനെയാണ് അടിക്കുന്നത്; പന്തിനെയല്ല!)

*മല്ലികാമാരുത*ത്തിന്റെ മുദ്രിതപാഠത്തിൽ ഒട്ടേറെ തെറ്റുകളുണ്ട്. പ്രാകൃതഭാഗങ്ങൾക്ക് (അവ ധാരാളമുണ്ടുതാനും) ഛായ കൊടുത്തിട്ടില്ല. വർഷങ്ങൾക്കുമുൻപ് പുറത്തു വന്ന ആ പുസ്തകത്തിന്റെ പ്രതികൾ ഇന്ന് കിട്ടാനുമില്ല. ഇതെല്ലാംകൊണ്ട് *മല്ലികാമാരുത*ത്തിന് അർഹിക്കുന്ന അംഗീകാരം ലഭിച്ചിട്ടില്ല. കിട്ടാവുന്നത്ര താളിയോലഗ്രന്ഥങ്ങൾ ഉപയോഗിച്ച് ശുദ്ധപാഠം തയ്യാറാക്കി പ്രാകൃതവാക്യങ്ങൾക്ക് ഛായ നൽകിക്കൊണ്ടുള്ള അതിന്റെ നല്ലൊരു പതിപ്പ് ഉണ്ടാകേണ്ടതുണ്ട്.

(*കുങ്കുമം* ഓണം വിശേഷാൽപ്രതി, 11982)

-----

## 23. എൻ. ഗോപാലപിള്ളയുടെ സംസ്കൃതകൃതികൾ

ആധുനിക ഭാരതീയ സംസ്കൃതകവികളിൽ ഗണനീയ മായൊരു സ്ഥാനത്തിനർഹനാണ് യശഃശരീരനായ ശ്രീ എൻ. ഗോപാലപിള്ള. പണ്ഡിതൻ, സഹൃദയൻ, അധ്യാപകൻ, നിരൂപ കൻ, വാഗ്മി എന്നിങ്ങനെ പല നിലകളിൽ പ്രസിദ്ധനായ അദ്ദേഹ ത്തിന്റെ സംസ്കൃതകൃതികളെ സാമാന്യമായി ഒന്നവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

**സ്വതന്ത്രകൃതികൾ**

സ്വതന്ത്രമായി ശ്രീ ഗോപാലപിള്ള അൽപ്പം ചിലതേ സംസ്കൃത ത്തിൽ എഴുതിയിട്ടുള്ളൂ. ഒറ്റ ശ്ലോകങ്ങളായും മറ്റും ധാരാളം ഉണ്ടാ യിരിക്കണം. പക്ഷെ അവയൊന്നും സമാഹൃതരൂപത്തിൽ വന്നു കഴിഞ്ഞിട്ടില്ല. *കേരളപ്രഭ* എന്ന കൃതിയിൽ ചേർത്ത 'ജയ ജനനി' ഒരു ലഘുകവിതയാണ്. ശബ്ദാർത്ഥസുന്ദരമായ ശൈലിയുടെ ഉടമയാണ് താനെന്ന് തെളിയിക്കുന്നതാണ് ആ കവിത. ചില വരികൾ ഉദ്ധരിക്കാം:

ജയ ജനനീ ഭരതവസുധേ വിബുധസേവിതേ
വീരാത്മസന്താനവൃന്ദാഭിവന്ദിതേ
ശിവകലിതകൈലാസമണിമുകുടമണ്ഡിതേ
ഗംഗാതരംഗാളിതരളകാലംകൃതേ
മലയജസമീരമൃദുപരിരംഭപുളകിതേ
രത്നാകരാബദ്ധനവരത്നകാഞ്ചികേ
ഉപനിഷദുദീർണ്ണചിന്മന്ത്രപരിപാവിതേ
ദിവ്യർഷിമണ്ഡലൈരാത്മകൈർഭാവിതേ...

ഡോക്ടർ രാധാകൃഷ്ണൻ, നെഹ്റു, ഗാന്ധിജി എന്നിവ രെക്കുറിച്ചുള്ള മുക്തകങ്ങളും അതീവ ആസ്വാദ്യങ്ങൾ തന്നെ.

**സീതാവിചാരലഹരി**

എങ്കിലും മലയാളത്തിൽ നിന്നും ഇംഗ്ലീഷിൽ നിന്നുമുള്ള വിശിഷ്ടകൃതികളുടെ വിവർത്തകൻ എന്ന പേരിലാണ് ശ്രീ. പിള്ളയുടെ പ്രശസ്തി നിലനിൽക്കുക എന്നു തോന്നുന്നു. കുമാര നാശാന്റെ *ചിന്താവിഷ്ടയായ സീത*യുടെയും ഉള്ളൂരിന്റെ *പ്രേമ സംഗീത*ത്തിന്റെയും രവീന്ദ്രനാഥടാഗോറിന്റെ *ഗീതാഞ്ജലി*യുടെ യും തർജ്ജമകൾ ആ ശാഖയിലേക്കുള്ള അദ്ദേഹത്തിന്റെ സംഭാവ നകളാകുന്നു.

സീതാവിചാരലഹരി എന്ന പേരുതന്നെ അത്യന്തം ഉചിതമായി ട്ടുണ്ട്. വൃത്താനുവൃത്തവിവർത്തനമാണ് ഇത്.

സുതയോർഗതയോർമഹർഷിണാ
സഹ സാകേതപുരീം ദിനാത്യയേ
ഉടജോപവനേ സ്ഥിതൈകദാ
ബഹുചിന്താമഥിതാ ഹി മൈഥിലീ

എന്നിങ്ങനെ സ്വതന്ത്രകാവ്യത്തിന്റെ പ്രതീതി ജനിപ്പിച്ചു

കൊണ്ടാണ് ആരംഭം. 'അതിചിന്ത വഹിച്ചു' എന്ന ഭാഗത്തിന്റെ 'ബഹുചിന്താമഥിതാ' എന്ന വിവർത്തനം എത്രമേൽ ഭാവോത്തേജകമായിരിക്കുന്നു!

പുളകങ്ങൾ കയത്തിലാമ്പലാൽ
തെളിയിക്കും തമസാസമീരനിൽ
ഇളകും വനരാജി വെണ്ണിലാ–
വൊളിയാൽ വെള്ളിയിൽ വാർത്ത പോലെയായ്

എന്ന സീതാപദ്യം കേട്ടിട്ടില്ലാത്തവർക്ക്,

പുളകാൻ കുമുദൈഃ സ്ഫുടം ഹ്രദേ
തമസാഗന്ധവഹേന തന്വതാ
ചലിതം വനരാജിരാദധൗ
കളധൗതശ്രിയമൈന്ദവാർച്ചിഷാ

എന്ന തർജ്ജമ ഏതോ കാളിദാസകാവ്യത്തിലെ ഒരു ശ്ലോകമാണെന്നേ തോന്നൂ.

അതിവിഹ്വലയായി, വീണ്ടുമീ
ഹതി മുൻപാർന്ന തഴമ്പിലേറെ ഞാൻ

എന്ന വരികൾ ഒന്നിലധികം തവണ വായിച്ചാലേ ആശയം പിടികിട്ടിയുള്ളൂ എന്നുവന്നേക്കാം. എന്നാൽ,

വ്രണജേ തു കിണേ പുരാ പുനഃ
ക്ഷതമേത്യാപ്യതിവിഹ്വലാഭവം

എന്ന വിവർത്തനം വായിക്കുമ്പോൾ ആർക്കും വിഷമം വരില്ല. 'തരുണീപാദജഗർഹിണി ശ്രുതി' എന്ന മൂലപാദത്തെ ഇത്തിരി മയപ്പെടുത്തി 'വനിതാപാദജഗർഹിണീ ശ്രുതിഃ' എന്നിങ്ങനെ തർജ്ജമ ചെയ്തപ്പോൾ ശ്രീ. പിള്ള കൂടുതൽ ഔചിത്യബോധം കാട്ടുകയാണ് ചെയ്തത്. ഇങ്ങനെയുള്ള പല സന്ദർഭങ്ങളും *സീതാവിചാരലഹരി*യിൽ കാണാം. എന്നാൽ,

സഹജാർദ്രത ധർമ്മമാദിയാം
മഹനീയാത്മഗുണങ്ങൾ ഭൂപനെ
സഹധർമ്മിണിയാൾക്ക് മുമ്പു ഹാ!
സഹസാ വിട്ടുപിരിഞ്ഞുപോയിതാൻ.

എന്ന പദ്യം,

അപി ധാർമ്മികതാർദ്രതാദികാം
മഹനീയാത്മഗുണാവലീമഹോ!
സഹസാ നിരവാസയൻ നൃപ–
സ്തദനു സ്വാം സഹധർമ്മിണീമപി

എന്നു തർജ്ജമ ചെയ്തതിൽ അപാകതയുണ്ടെന്ന് ചിലർക്ക് തോന്നും. മൂലത്തിൽ മഹത്തായ ആത്മഗുണങ്ങൾ സഹധർമ്മിണിക്കു മുമ്പേ രാജാവിനെ വിട്ടുപിരിഞ്ഞുപോയി എന്നാണ് ആശാൻ പറയുന്നത്. തർജ്ജമയിലാകട്ടെ രാമൻ ആദ്യം ആത്മഗുണങ്ങളെയും പിന്നീട് സഹധർമ്മിണിയെയും പിരിച്ചയച്ചു എന്നു മാറിയിരിക്കുന്നു. പാത്രസ്വഭാവചിത്രീകരണത്തെ ബാധിക്കുന്ന ഒന്നാകയാൽ, അനുഗതവിവർത്തനത്തിൽ ഒഴിവാക്കേണ്ടുന്ന

അതിസ്വാതന്ത്ര്യമായി ഇതുപോലുള്ള ഭാഗങ്ങൾ വ്യാഖ്യാനിക്കപ്പെടാനിടയുണ്ട്.

"പ്രേമസംഗീത"പരിഭാഷ ഒന്നുകൂടി മനോഹരമായിട്ടുണ്ട്.

വിരിഞ്ഞുനിൽപ്പൊരു സുമമളിയെത്തൻ വിശിഷ്ടഗന്ധത്താൽ
വിവിക്തവിരസം വീണ്ടും വീണ്ടും വിളിപ്പൂ സവിധത്തിൽ.
മധുവ്രതത്തിനു മടുമലർ വേണം മനം കുളിർപ്പിപ്പാൻ,
മലർന്ന പൂവിനു വണ്ടും വേണം മന്നിതു വിണ്ണാവാൻ

എന്ന വരികളുടെ തർജ്ജമ നോക്കുക:

അരുന്തുദൈകാന്തതയൈവ താന്തം
കാന്തം പ്രസൂനം സുതരാം പ്രഫുല്ലം
ഇന്ദിന്ദിരം സുന്ദരസൗരഭേണ
സ്വോപാന്തമാമന്ത്രയതേ നിതാന്തം
മധുവ്രതാ മാനസശീതളിമ്നേ
ശ്രയന്തി സൂനാനി മരന്ദവന്തി
സുമാനി ഫുല്ലാനി സമാശ്രയന്തേ
ഭൃംഗാൻ ഭുവം സ്വാം തു ദിവം വിധാതും.

"ആഴ്വാഞ്ചേരിത്തമ്പ്രാക്കളിലുണ്ടയ്യൻ പുലയനിലുണ്ട്"എന്ന ഉള്ളൂർസൂക്തഭാഗത്തെ, ഔചിത്യവേദിയായ നമ്മുടെ വിവർത്തകൻ

വാസിഷ്ഠഗോത്ര്യേ വസുധാസുരേപി
നികൃഷ്ടകൃത്യേസ്തി നിഷാദകേപി

എന്നിങ്ങനെ തർജ്ജമ ചെയ്തിരിക്കുന്നു.

ഭവാനധീനം പരമെന്നുടലും പ്രാണനും, അവരണ്ടും
പരാർത്ഥമാക്കുക പകലും രാവും പ്രഭോ! നമസ്ക്കാരം!

എന്ന അവസാനത്തെ ഈരടിയെ തത്ത്വജ്ഞാനഗർഭമായ പ്രാർത്ഥനാഭാവത്തിന്നനുഗുണമായ 'ഭജഗോവിന്ദം'മട്ടിൽ വിവർത്തനം ചെയ്തപ്പോഴും ശ്രീ. ഗോപാലപിള്ള തന്റെ ഔചിത്യം വെളിപ്പെടുത്തുകതന്നെ ചെയ്തു. ആ വരികളിതാ:

ഭവദായത്തേ ഭവതോ നിത്യം
മമ ജീവശ്ച ശരീരം സത്യം;
ഇതരാർത്ഥം തത് കുരു ഭോ നക്ത–
ന്ദിവമുഭയം ച നമോസ്തു നമസ്തേ!

വിശ്വവിഖ്യാതമായ *ഗീതാഞ്ജലി*യുടെ വിവർത്തനത്തിലാണ് നമ്മുടെ പരിഭാഷകന്റെ എല്ലാ കഴിവുകളും ഒത്തുചേർന്നു കാണുന്നതെന്ന് എനിക്ക് തോന്നുന്നു. ഗാനാത്മകമായ ശീലുകളിലാണ് വിവർത്തനം എന്നതുതന്നെ ഏറ്റവും ശ്രദ്ധേയമാണ്. *ഗീതാഞ്ജലിക്ക്* സംസ്കൃതത്തിൽ വേറെയും വിവർത്തനങ്ങൾ വന്നിട്ടുണ്ട്. എന്നാൽ ശ്രീ. പിള്ളയുടെ വിവർത്തനം അവയിലൊക്കെയും മുന്നിട്ടുനിൽക്കുന്നു. 'Light, my light' എന്നു തുടങ്ങുന്ന സുപ്രസിദ്ധമായ രവീന്ദ്രഗീതത്തിന് ഈ കേരളീയ

കവി രചിച്ചിരിക്കുന്ന ഭാഷാന്തരം പാടിയാസ്വദിച്ചുനോക്കൂ:

തേജോ മമ തേജോ ഭുവനാപൂരകതേജോ
ദൃശിചുംബകതേജോ ഹൃദി മധുസേചകതേജഃ!
മമ ജീവനകേന്ദ്രേ പ്രിയതമ നൃത്യതി തേജഃ
പ്രേമ്ണോ മമ തന്ത്ര്യാം പ്രിയതമ മൂർഛതി തേജഃ!
വിവൃണോതി വിഹായഃ സ്വയമനിയന്ത്രിതമനിലഃ
പരിധാവധി വസുധാമധി ഹസിതം പരിസരതി,
ശലഭാഃ ശബളാഭാഃ സ്വനഭസ്വദ്വസനാനി
ദ്യുതിമന്തി വിതന്വന്തി മഹസ്സാഗരമുപരി
... .... ...
മുദിരേ മുദിരേ കാഞ്ചനമഭിഷിഞ്ചതി തേജോ
ബഹുലം പരികിരതി പ്രിയതമ തന്മണിനികരം.
ദലതോ ദലമഭിതഃ പ്രിയതമ വല്ഗതി മുദിതം
പ്രസൃതോയമമേയഃ പരമാനന്ദരസോ യഃ
അമരാമലസരിതഃ സ്രുതിരതിലങ്ഘതി കൂലം
ഹരിവാഹവതീ സമ്പ്രതി പരിതോഷനദീയം.

'ശാലാനുഭൂഷണ വിശാലാസുമേയദാ പ്രണദന്തി വേണവഃ പ്രസരതി പ്രഹസിതം' എന്നും 'സാഞ്ജലിബന്ധം സനയനസലിലം സഭാജയിഷ്യേതം സഭാജയിഷ്യേതം തത്പാദയോർനിധായ ഹൃദയനിധിം' എന്നും പ്രാസംകൊണ്ട് പന്താടുവാൻ നമ്മുടെ വിവർത്തകന് ഒരു പ്രയാസവുമനുഭവപ്പെടുന്നില്ല. സംസ്കൃത ഭാഷയുടെ ചുരുക്കെഴുത്തുവിദ്യാസാധ്യതകളെ മുഴുവൻ ചൂഷണം ചെയ്യാൻ ശ്രീ. പിള്ള ഈ കൃതിയിൽ ശ്രമിച്ചിട്ടുണ്ട്. .

**It is the most distant course that comes nearest to thyself, and that training is the most intricate which leads to the utter simplictiy of a tune** എന്ന മൂലത്തെ,

യാ ഹി ദവിഷ്ഠാ സരണിഃ സാ തേ നേദിഷ്ഠം യാതി
ജടിലതമോഭ്യാസഃ സന്തനുതേ ലളിതതമം രാഗം

എന്നിങ്ങനെ സംക്ഷിപ്ത മധുരമായി തർജ്ജമ ചെയ്തത് നോക്കുക.

അഗായി ഗാനം കിമപി ന മുദിതം
ന ചാഭി ലീലാസ്മാഭിരകാരി
അഗാമി നിമയായ തു ന ഗ്രാമോ
ന വാപ്യവാചി വചോ നാസ്മായി
വ്യലംബി വർത്മനി നാപ്യസ്മാഭിർ–
ഗതം ച ജാതം ക്രമശസ്ത്വരിതം

എന്നും മറ്റുമുള്ള ഭാഗങ്ങൾ വിവർത്തകന്റെ പദസ്വാധീനത്തെയും വ്യാകരണപാണ്ഡിത്യത്തെയും വെളിപ്പെടുത്തുന്നവയത്രേ.

അപൂർവം ചിലേടങ്ങളിൽ അപൂർവ പദപ്രയോഗങ്ങൾകൊണ്ടും മറ്റും, ആശയഗ്രഹണത്തിന് മൂലത്തെത്തന്നെ ആശ്രയിക്കേണ്ടിവ

രുന്ന സന്ദർഭങ്ങളും ഇല്ലെന്നില്ല.

പ്രാണാനാം മേ പ്രാണാ ജാനേ
സംസ്പർശം തേ മമ സിംഹനനേ;
അത ഏവാസ്യ ശരീരസ്യൈതാം
ത്രാതും പ്രയതേ പരിപാവനതാം

എന്ന വരികൾ ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ഭക്തിഭാവാന്തർന്നിഹിതമായ വിശുദ്ധപ്രേമത്തിന്റെ ഊഷ്മളത അനുഭവവേദ്യമാകണമെങ്കിൽ നമുക്കിവിടെ ടാഗോർസൂക്തികളിലേക്കുതന്നെ പോകേണ്ടിവരും.

“**Life of my life, I shall ever try to keep my body pure, knowing that thy living touch is upon all my limbs**”.

ചുരുക്കത്തിൽ, സുപ്രസിദ്ധമായ ചില കേരളീയകൃതികളെ വിശാലമായ സംസ്കൃതസാഹിത്യപ്രപഞ്ചത്തിലേക്ക് പരിചയപ്പെടുത്തിയതിന്റെ പേരിലും ഭുവനവിഖ്യാതമായൊരു പ്രതിഭാപ്രകർഷത്തെ ഗൈർവ്വാണിയിലേക്ക് പരിഭാഷപ്പെടുത്തിയതിന്റെ പേരിലും ശ്രീ. എൻ. ഗോപാലപിള്ളയോട് സംസ്കൃതഭാഷാഭിമാനികൾ എന്നെന്നും നന്ദിയുള്ളവരായിരിക്കും. കേരളീയ സംസ്കൃതസാഹിത്യചരിത്രത്തിൽ എണ്ണപ്പെട്ടൊരു സ്ഥാനത്തിന് അദ്ദേഹം സർവ്വഥാ അർഹനാണെന്ന കാര്യത്തിൽ കേരളീയർക്ക് അഭിമാനിക്കുകയും ചെയ്യാം.

(*തനിനിറം* റിപ്പബ്ലിക് സ്പെഷ്യൽ)

-------

## 25. ഔചിത്യം മലയാളത്തിൽ

അലങ്കാരം, ഗുണം, രീതി. ധ്വനി, വക്രോക്തി, അനുമാനം. ഔചിത്യം, രസം എന്നീ സിദ്ധാന്തങ്ങളുടെ സവിസ്തരമായ ചർച്ചകളിലൂടെ വികാസം പ്രാപിച്ചുവന്ന മഹത്തായൊരു സാഹിത്യചിന്താപദ്ധതിയാണ് പ്രാചീനഭാരതത്തിന്ന് അവകാശപ്പെടാനുള്ളത്. രസത്തിനും ധ്വനിക്കുമാണിതിൽ പ്രാമുഖ്യമെങ്കിലും ഔചിത്യത്തിനും ഏതാണ്ട് സർവ്വാംഗീകൃതമായ സിദ്ധാന്തപദവി കൈവന്നിട്ടുണ്ട്. ഭരതന്റെ *നാട്യശാസ്ത്രം* തൊട്ടുള്ള പ്രാചീന ഗ്രന്ഥങ്ങളിൽത്തന്നെ ഔചിത്യസിദ്ധാന്തത്തിന്റെ അടിസ്ഥാനം കണ്ടെത്താൻ കഴിയുമെങ്കിലും ആ പേരിട്ടു വിളിച്ച് അതിന് സാഹിത്യത്തിന്റെ രചനാസ്വാദനങ്ങളിൽ മർമ്മപ്രധാനമായ സ്ഥാനമുണ്ടെന്ന് ചൂണ്ടിക്കാട്ടിയത് *ധ്വന്യാലോക*കാരനായ ആനന്ദവർധനനാകുന്നു. (ക്രി. പി. 9–ാം ശതകം):

"അനൗചിത്യാദൃതേ നാന്യദ് രസഭംഗസ്യകാരണം
പ്രസിദ്ധൗചിത്യബന്ധസ്തു രസസ്യോപനിഷത് പരാ"

എന്ന് അദ്ദേഹം എടുത്തുപറയുകയുണ്ടായി. *വക്രോക്തി ജീവിത*ത്തിൽ കുന്തകനും (11–ാം ശതകം) *വ്യക്തിവിവേക*ത്തിൽ മഹിമഭട്ടനും (11–ാം ശതകം) ഔചിത്യത്തിനു സാഹിത്യത്തിലുള്ള അതിപ്രധാനമായ സ്ഥാനം കണ്ടറിഞ്ഞ് അതിന്റെ അടിസ്ഥാനത്തിൽ കാവ്യരചനാസ്വാദനസാമഗ്രികൾക്കു രൂപം കൊടുക്കാൻ മനസ്സിരുത്തിയവരാണ്. എങ്കിലും ഔചിത്യത്തെ സിദ്ധാന്തപദവിയിലേക്കുയർത്തുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ഒരു സമ്പൂർണ്ണകൃതിതന്നെ രചിക്കാൻ മുതിർന്നത് ഇവരുടെ കാലത്തോ തൊട്ടുപിൻപോ ജീവിച്ച കാശ്മീരനിവാസിതന്നെയായ ക്ഷേമേന്ദ്രനാണ്. *ഔചിത്യവിചാരചർച്ച* എന്ന പ്രസിദ്ധമായ ഗ്രന്ഥത്തിലൂടെയാണ് അദ്ദേഹം ഈ കൃത്യം നിർവ്വഹിച്ചത്.

പല സാഹിത്യശാഖകളിൽ മികച്ച രചനകൾ നടത്തിയ പ്രതിഭാശാലിയാണ് ക്ഷേമേന്ദ്രൻ. *രാമായണമഞ്ജരി, ഭാരതമഞ്ജരി, ബൃഹത്കഥാമഞ്ജരി, ബൗദ്ധാവദാനകല്പലത, ദർപ്പദളനം, ചാരുചര്യാശതകം, സമയമാതൃക* മുതലായി നാൽപ്പതോളം കൃതികൾ അദ്ദേഹത്തിന്റേതായറിയപ്പെടുന്നുണ്ടെങ്കിലും അവയിൽ ഇരുപതോളമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. *ഔചിത്യവിചാരചർച്ച*യെ കൂടാതെ സാഹിത്യശാസ്ത്രസംബന്ധിയായി *കവികണ്ഠാഭരണം, സുവൃത്തതിലകം* എന്ന രണ്ടു കൃതികൾ കൂടി ക്ഷേമേന്ദ്രൻ രചിച്ചിട്ടുണ്ട്. *കവികർണിക* എന്ന് ഉദ്ധരണികളിലൂടെ മാത്രം അറിയപ്പെടുന്ന, കൃതികൂടി സാഹിത്യശാസ്ത്രസംബന്ധിയായിരിക്കണം. *ഔചിത്യവിചാരചർച്ച*, പേര് സൂചിപ്പിക്കുന്നതുപോലെ, ഔചിത്യത്തിന്റെ നിർവചനവും ഉൾപ്പിരിവുകളും അവയുടെ സോദാഹരണമായ വിവരണവുമുടങ്ങുന്ന ചർച്ച ഉൾക്കൊള്ളുന്നു. ഈ

കൃതിക്ക് ഡോ. ടി. ഭാസ്കരൻ തയ്യാറാക്കിയ മലയാളവിവർത്തന മാണ് എന്റെ മുൻപിലിരിക്കുന്നത്. സാഹിത്യവിദ്യാർഥികളെ നിരൂപണശാഖയിലെ മൗലികഗ്രന്ഥങ്ങളുമായി പരിചയപ്പെടു ത്തുക എന്ന ലക്ഷ്യത്തോടെ കേരളസർവകലാശാലാമലയാള വിഭാഗം ആവിഷ്കരിച്ച പരിഭാഷാപദ്ധതിയുടെ ഭാഗമായി പ്രസിദ്ധ പ്പെടുത്തുന്ന ഒന്നാമത്തെ ഗ്രന്ഥമാണ് ഇതെന്ന് ആമുഖത്തിൽ കാണുന്നു. ഈ പരിഭാഷാപദ്ധതിയിൽ സംസ്കൃതസാഹിത്യ ശാസ്ത്രഗ്രന്ഥങ്ങളെ സംബന്ധിച്ചിടത്തോളം *ഔചിത്യവിചാര ചർച്ച*ക്ക് പ്രാഥമ്യം ലഭിച്ചതിന്റെ മാനദണ്ഡമെന്തെന്ന് വ്യക്തമല്ല. *ധ്വന്യാലോക*മോ, അത് ഒന്നിലധികം തവണ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടെന്നാണെങ്കിൽ, *കാവ്യപ്രകാശ*മോ ആണ് പ്രാധാ ന്യമോ പ്രാമാണ്യമോ പ്രസിദ്ധിയോ നോക്കിയാൽ ഒന്നാമത് വരേ ണ്ടത്; പ്രാചീനത നോക്കിയാൽ *ഭാമഹാലങ്കാര*വും.

മലയാളലിപിയിലടിച്ച മൂലവും ഭാഷാവിവർത്തനവും ചില വിശദീകരണക്കുറിപ്പുകളും ക്ഷേമേന്ദ്രന്റെ കാലം, കൃതികൾ, ഔചിത്യസിദ്ധാന്തത്തിന്റെ അതുവരെയുള്ള ചരിത്രം എന്നിവ സാമാന്യമായി വിവരിക്കുന്ന അവതാരികയും ഉൾക്കൊള്ളുന്ന താണ് പ്രസ്തുതഗ്രന്ഥം. ഔചിത്യസിദ്ധാന്തത്തിന്റെ വളർച്ചയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നൽകിയ കുന്തകനെയും മഹിമഭട്ട നെയും അവതാരികയിൽ ഉചിതമാംവിധം പരാമർശിക്കാതെ വിട്ടത് ഒരു നോട്ടക്കുറവാണ്. *വ്യാസാഷ്ടകം* ക്ഷേമേന്ദ്രന്റെ ഒരു സ്വതന്ത്ര കൃതിയായി കൊടുത്തതിലും പന്തികേടുണ്ട്. അതു *ഭാരതമഞ്ജരി* യുടെ അവസാനഭാഗം മാത്രമാണ്. അവതാരികയിലൊരിടത്ത് (പേജ് 36) ക്ഷേമേന്ദ്രൻ തന്റെ കൃതികളിൽനിന്ന് ധാരാളം ശ്ലോകങ്ങൾ ഉദാഹരണങ്ങളായുദ്ധരിച്ചത് സ്വയം പ്രചാരണശ്രമ ത്തിന്റെ ഫലമാണെന്ന് സന്ദേഹം പ്രകടിപ്പിച്ചിരിക്കുന്നു. ഇത്തരം പ്രാചീനകൃതികളിലെ ഒരു സമ്പ്രദായമെന്നല്ലാതെ ഇതിനെ മറ്റു തരത്തിൽ കാണുന്നത് ഭംഗിയല്ല. ക്ഷേമേന്ദ്രൻ തന്റെ കൃതികളിൽ നിന്ന് 29 ശ്ലോകങ്ങൾ ഉദാഹരിച്ചിട്ടുണ്ടെങ്കിൽ ആറെണ്ണം പ്രത്യുദാ ഹരിച്ചിട്ടുമുണ്ട്. കാളിദാസകൃതികളിൽനിന്ന് അഞ്ചു പദ്യങ്ങൾ ഉദാഹരണമായും (ഇവയിലൊന്ന് *കുന്തളേശ്വരദൗത്യ*ത്തിൽ നിന്നെന്നു പറഞ്ഞുകൊണ്ടാണ്) മൂന്നെണ്ണം പ്രത്യുദാഹരണമായും ഉദ്ധരിച്ചിരിക്കുന്നു. ശ്രീഹർഷൻ (5), ഭട്ടനാരായണൻ (2), ഭട്ടബാണൻ (2) എന്നിവരുടെ പദ്യങ്ങൾ ഉദാഹരണങ്ങൾക്കു മാത്രമായാണെടുക്കുന്നതെങ്കിൽ പ്രവരസേനൻ (2), ഭട്ടേന്ദുരാജൻ (2), മാഘൻ (1), ഉത്പലരാജൻ (1), യശോവർമ്മൻ മുതലായവരുടെ പദ്യങ്ങൾ പ്രത്യുദാഹരണങ്ങൾക്കു മാത്രമാണെന്നു കാണാം. രാജശേഖരന്റെ രണ്ടു ശ്ലോകങ്ങൾ ഉദാഹരിക്കുമ്പോൾ ഏഴെണ്ണം പ്രത്യുദാഹരിക്കുകയാണ്. ഭവഭൂതിയുടെ രണ്ടു ശ്ലോകങ്ങൾ ഉദാഹ രണമായും ഒന്ന് പ്രത്യുദാഹരണമായും ഉദ്ധരിക്കുന്നു. ഇങ്ങനെ നോക്കിയാൽ, തന്റെ മുമ്പിലുണ്ടായിരുന്ന അതിവിപുലമായ ലക്ഷ്യസാമ്രാജ്യത്തിൽ തികച്ചും നിഷ്പക്ഷമതിയായാണ് ക്ഷേമേ

ന്ദ്രൻ പെരുമാറിയിരുന്നതെന്നു ബോധ്യമാകുന്നതാണ്. മറ്റു സംശയങ്ങൾക്കൊന്നും അവിടെ പഴുതില്ല.

ഈ കൃതിയിൽ അവിടവിടെ കൊടുത്തിട്ടുള്ള കുറിപ്പുകളിൽ ചിലത് ഗ്രന്ഥഭാഗങ്ങളുടെ വിശദീകരണങ്ങളും മറ്റു ചിലത് മൂല ഗ്രന്ഥകാരനോട് വിയോജിപ്പ് പ്രകടിപ്പിച്ചുകൊണ്ടുള്ള നിരൂപ ണങ്ങളുമാണ്. വിശദീകരണങ്ങളിൽ പലതും വിദ്യാർഥികളെ സംബന്ധിച്ചിടത്തോളം അപര്യാപ്തങ്ങളാണെന്നു പറയാതെ തരമില്ല. ഉദാഹരണത്തിന് "വിശ്രാന്തവിഗ്രഹകഥോ രതിമാൻ ജനസ്യ" എന്നു തുടങ്ങുന്ന പദ്യത്തിന്റെ വിവർത്തനത്തിനു താഴെ കൊടുത്ത കുറിപ്പു നോക്കുക: "ഇവിടെയുള്ള ഓരോ വിശേഷണ വും രാജാവിനും കാമദേവനും ചേരുന്നവിധം വിന്യസിച്ചിരി ക്കുന്നത് ശ്രദ്ധിക്കുക"(പേജ് 28). അർത്ഥസൂചനകളടങ്ങുന്ന വിവ രണംതന്നെ ഇവിടെ ആവശ്യമാണ്. ക്ഷേമേന്ദ്രന്റെ നിരീക്ഷണ ങ്ങൾക്ക് വിവർത്തകൻ രേഖപ്പെടുത്തുന്ന വിയോജനക്കുറിപ്പുകൾ അപൂർവം ചിലേടങ്ങളിൽ ചിന്തോദ്ദീപകങ്ങളായിത്തോന്നുന്നുണ്ട്. വീരരസൗചിത്യത്തിന് പ്രത്യുദാഹരണമായി ഭവഭൂതിയുടെ 'വൃദ്ധാസ്തേന വിചാരണീയചരിതാസ്തിഷ്ഠന്തു' ഇത്യാദി പദ്യം, ലവകുമാരന്റെ വീരത്വം വെളിപ്പെടുത്താനായി പ്രധാന നായക നായ രാമന്റെ താടകാവധാദികർമ്മങ്ങൾ വീരോചിതങ്ങളല്ലെന്ന രീതിയിൽ കവിതന്നെ പ്രതിപാദിച്ചിരിക്കകൊണ്ട്, വീരരസത്തിനു വിനാശകാരിയായിരിക്കുന്നുവെന്ന മൂലകാരന്റെ നിരീക്ഷണം ക്ഷോദക്ഷമമല്ലെന്ന ഡോ. ഭാസ്കരന്റെ അഭിപ്രായം (പേജ് 47) ഉദാഹരണമായി ചൂണ്ടിക്കാട്ടാം. എന്നാൽ പലേടങ്ങളിലും വിവർ ത്തകന്റെ അഭിപ്രായങ്ങൾ അനുചിതങ്ങളായിട്ടാണ് അനുഭവ പ്പെടുന്നത്. 'ക്രോധം പ്രഭോ! സംഹര സംഹരേതി' എന്നു തുട ങ്ങുന്ന *കുമാരസംഭവ*പദ്യത്തിലെ ഭവശബ്ദം സംഹാരാവസര ത്തിലെ രുദ്രന്റെ പര്യായമായാണ് പ്രയോഗിച്ചതെന്നതിനാൽ അനുചിതമെന്ന് ക്ഷേമേന്ദ്രൻ. "ആ അനൗചിത്യത്തിലൂടെ, ആ വിരോധാഭാസത്തിലൂടെ, കവി നമ്മെ ഞെട്ടിക്കയാണ്. ഭവനായതുകൊണ്ട് കാമന് ഇനിയും 'ഭാവ'മുണ്ടാകാം എന്നുകൂടി സൂചനയുള്ളതായി സംശയിക്കാം'' (പേജ് 145) എന്നു വിവർത്തകന്റെ ഭിന്നാഭിപ്രായക്കുറിപ്പ്! ആശീർവചനൗചിത്യത്തിന് പ്രത്യുദാഹരണമായി അമരുകന്റെ സുരതാന്തഗ്ലാനസുന്ദരമായ ദയിതാമുഖം നിങ്ങളെ രക്ഷിക്കട്ടെ എന്ന ആശയമുൾക്കൊള്ളുന്ന, "ആലോലാമളകാവലീം വിലുളിതാം....." എന്ന പദ്യം കൊടു ത്തുകൊണ്ട് അതിൽ 'പാതു' (രക്ഷിക്കട്ടെ) എന്നതിനു പകരം 'ആനന്ദയതു' (ആനന്ദിപ്പിക്കട്ടെ) എന്നു പറയുന്നതായിരുന്നു ഔചിത്യസുന്ദരം എന്നു ക്ഷേമേന്ദ്രൻ. "ശൃംഗാരത്തിന്റെ പരമ പ്രാധാന്യം ഊന്നുകയാണ് കവി; അപ്പോൾ 'പാതു ദയിതാമുഖം' എന്നതും ഉചിതമല്ലേ?'' (പേജ് 149) എന്നു വിവർത്തകന്റെ അമരുകസാധൂകരണശ്രമം! ചില കുറിപ്പുകളിൽ ആശയംതന്നെ സ്പഷ്ടമല്ല. 'ലാവണ്യദ്രവിണവ്യയോ ന ഗണിതഃ' ഇത്യാദി

പദ്യത്തിൽ 'തന്വ്യാസ്തനും തന്വതാ' എന്നിടത്തു തന്വീശബ്ദം കേവലം അനുപ്രാസവ്യസനിത കൊണ്ടാണ് കവി നിബന്ധിച്ചിരിക്കുന്നതെന്നും യാതൊരർത്ഥൗചിത്യചമത്കാരവും അവിടെയില്ലെന്നും സുന്ദരീശബ്ദമാണവിടെ അനുരൂപമെന്നും വിരഹവിധുരയായ രമണിയെക്കുറിക്കാനാണെങ്കിൽ തന്വീശബ്ദം അർത്ഥൗചിത്യശോഭാവഹമാകുമായിരുന്നുവെന്നും ഉള്ള സഹൃദയധുരീണനായ ആചാര്യന്റെ നിരീക്ഷണത്തിനു കീഴെ ഭാസ്കരൻ എഴുതുകയാണ്: ''തന്വിക്കു മെലിഞ്ഞവൾ എന്നാണർത്ഥം, വിരഹം കൊണ്ടല്ലാതെ സുന്ദരി എന്നർത്ഥത്തിൽ മിക്കവാറും രൂഢമാണ്. എന്നാൽ കവിതയിൽ വാക്കുകളുടെ ധാത്വർത്ഥത്തിനും പ്രധാന പങ്കുണ്ടെന്ന് വിസ്മരിക്കാൻ പാടില്ല" (പേജ് 12). ഇവിടെ വിവർത്തകൻ വാദിച്ചുകൊണ്ടുവരുന്നത് കവിയുടെ തന്വീശബ്ദപ്രയോഗം ഉചിതമെന്നോ അനുചിതമെന്നോ? അതോ, രണ്ടുമെന്നോ?

ഗ്രന്ഥത്തിലെ ഉദ്ധൃതശ്ലോകങ്ങളുടെ ആകരം സൂചിപ്പിച്ചിരുന്നെങ്കിൽ കൂടുതൽ പ്രയോജനപ്രദമാകുമായിരുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ, മിക്കയിടങ്ങളിലും മൂലകാരൻ കവികളുടെ പേര് കൊടുത്തിട്ടുണ്ട്. ചിലേടത്ത് കൃതികളുടെയും. ആകരഗ്രന്ഥങ്ങൾ ചൂണ്ടിക്കാട്ടാൻ ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളിൽ വിവർത്തകൻ ശ്രദ്ധിക്കുന്നുണ്ട്. ചില നോട്ടപ്പിശകുകൾ പറ്റിയിട്ടുണ്ടെങ്കിലും (ഉദാ: 20-ാം പേജിൽ ''യത്പാർവ്വതീകചഗ്രഹണ....'' എന്ന ശ്ലോകം രാജശേഖരന്റെ സീതാസ്വയംവരം എന്ന കൃതിയിൽനിന്നെടുത്തതാണെന്നു പറഞ്ഞിരിക്കുന്നു. അങ്ങനെയൊരു കൃതി രാജശേഖരൻ എഴുതിയിട്ടുണ്ടോ? ബാലരാമായണമല്ലാതെ?) ഒടുവിലൊടുവിലാകുമ്പോൾ പ്രസിദ്ധഗ്രന്ഥങ്ങൾ പോലും സൂചിപ്പിക്കുന്നില്ലതാനും. കൊടുത്ത ശ്ലോകസൂചി, കണ്ടുപിടിക്കാവുന്നിടത്തോളം, ആകരഗ്രന്ഥങ്ങൾ കൂട്ടിചേർത്ത് സമ്പൂർണമാക്കേണ്ടതാണ്. എങ്കിൽ സാഹിത്യവിദ്യാർഥികൾക്ക് പഠനഗവേഷണങ്ങൾക്കുള്ളൊരുപാദാനമെന്ന നിലയ്ക്ക് ഈ കൃതിയുടെ മൂല്യം കൂടും. വിവർത്തനത്തിലെ ഭാഷയും ഒട്ടും അസൂയാവഹമല്ല. പലേടത്തും തർജ്ജമയെന്ന തോന്നൽ മുഴച്ചു നിൽക്കുന്നു. "ഇവിടെ നരമാംസം തിന്ന് തൃപ്തിയായി ഉറങ്ങുന്ന കുറുനരിയെ സുരതകേളികൊണ്ട് തളർന്ന കാന്തയോട് അനുചിതസ്ഥാനത്തുവെച്ച് ഉപമിച്ചത് ഭംഗിയായില്ല. അതിനാൽ അത് രസത്തിന് വൈപരീത്യം പ്രകാശിപ്പിക്കുന്നു" (പേജ് 29), "അതിപ്രസംഗം അവസാനിപ്പിക്കുന്നു" (പേജ് 149) മുതലായവ മലയാളശൈലിയ്ക്കിണങ്ങുന്നവയായി തോന്നുന്നില്ല. "ഇതുപോലെ കവിയും ഓരോ പദത്തിന്റേയും സൗഭാഗ്യവും ദുർഭഗത്വവും ആലോചിച്ചറിഞ്ഞുവേണം അതു തള്ളാനും കൊള്ളാനും" (അവതാരിക, പേജ് 149). സൗഭാഗ്യത്തിന് സന്തുലിതത്വം വഹിക്കുന്നുണ്ടോ ആ ദുർഭഗത്വം? ആ അഭംഗിക്കുനേരെ കണ്ണടച്ചാൽതന്നെയും, പദത്തിന് സൗഭാഗ്യമുണ്ടെങ്കിൽ തള്ളുകയും മറിച്ചെങ്കിൽ കൊള്ളുകയും വേണമെന്ന പ്രതീതിയെ എങ്ങനെ മറച്ചുവെയ്ക്കാൻ കഴിയും? ഇത്തരം ഉദാഹരണങ്ങൾ

കുറവല്ല. അർഥം കൊടുത്തതിലും പിശകുണ്ട്. മാഷം = പയർ (പേജ് 31), അപായം = പാപം, യകൃത്ത് = പിത്തനീര്, ക്ലോമം = മൂത്രം (പേജ് 50), ലവണം = പുളി (പേജ് 58), ഗുഡം = പഞ്ചസാര (പേജ് 60) മുതലായവ ഈ നിലവാരത്തിലുള്ളൊരു പ്രസിദ്ധീകരണത്തിൽ ഒഴിവാക്കേണ്ടതല്ലേ? കെട്ടും മട്ടും മൊത്തത്തിൽ നന്നെന്ന് പറയാമെങ്കിലും അച്ചടിത്തെറ്റുകൾ അവിടവിടെ വന്നുപെട്ട് ഗ്രന്ഥത്തിന്റെ ശോഭയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുന്നു. 38–ാം കാരികയ്ക്ക് വിവർത്തനമേ കാണുന്നില്ല! (പേജ് 142). 'മറയ്ക്കപ്പെടു'ന്നതിന് പകരം 'മറക്കപ്പെട്ടാ'ൽ മതിയോ? (അവതാരിക, പേജ് 24).

ഉന്നത നിലവാരത്തിൽ ദീർഘകാലാസൂത്രിതമായ ഒരു പദ്ധതിയുടെ ഭാഗമായി പ്രസിദ്ധപ്പെടുത്തുന്ന കൃതികളിൽ ജനങ്ങൾ ആധികാരികത്വവും അപ്രമാദിത്വവും പ്രതീക്ഷിക്കാം. അവർക്ക് നിരാശപ്പെടാനിട കൊടുക്കുന്നത് ഉചിതമായിരിക്കില്ല.

-------------------------

*ഔചിത്യവിചാരചർച്ച* – ക്ഷേമേന്ദ്രൻ; വിവ: ഡോ. ടി. ഭാസ്കരൻ. 7.00 . കേരള സർവകലാശാലാ മലയാളവിഭാഗപ്രസിദ്ധീകരണം

(*മാതൃഭൂമി* ആഴ്ച്ചപ്പതിപ്പ്, 1978 ഏപ്രിൽ 30)

-----

## 25. കേരളവർമ്മയുടെ സംസ്കൃതകൃതികൾ

കേരളത്തിലെ സംസ്കൃതകവികളുടെ കണക്കെടുക്കുമ്പോൾ മേൽപ്പത്തൂർ നാരായണഭട്ടതിരി, രാമപാണിവാദൻ മുതലായ ഒന്നാംകിടക്കാരുടെ കൂട്ടത്തിൽ പരിഗണിക്കപ്പെടാനർഹതയുള്ള മഹാകവിയാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ. *മയൂര സന്ദേശം* പോലുള്ള മലയാളകൃതികളുടെ പേരിൽ മാത്രം അദ്ദേഹ ത്തിന്റെ കവിത്വത്തെ വിലയിരുത്തുന്നത് ആ മഹാനോട് ചെയ്യുന്ന എറ്റവും വലിയ അനിതിയായിരിക്കും. കേരളവർമ്മയുടെ സംസ്കൃ തകൃതികളുമായി പരിചയം നേടുന്നവർക്ക്, അദ്ദേഹത്തിന്റെ ഗൗര വപൂർവ്വകമായ സാഹിതീസേവനത്തിനുള്ള മണ്ഡലം സംസ്കൃത ത്തിന്റേതാണെന്നും വാത്സല്യം കൊണ്ടുമാത്രം കൈരളിയെയും പരിലാളിക്കാൻ ആ മഹാശയൻ തുനിഞ്ഞതാണെന്നും തോന്നാ തിരിക്കയില്ല. അല്പം ചില അപവാദങ്ങളെ ഒഴിവാക്കിയാൽ, ഉള്ളിൽ തട്ടിയ ഭാവങ്ങൾ ആവിഷ്കരിക്കേണ്ടിവരുമ്പോഴൊക്കെ അദ്ദേഹം സംസ്കൃതകവിതയെയാണ് ആശ്രയിച്ചുകാണുന്നത്. അതുകൊണ്ടുതന്നെ കവി എന്ന നിലയിൽ അദ്ദേഹത്തെ വിലയിരു ത്തുന്നത് ആ സംസ്കൃതവാങ്മയങ്ങളുടെ അടിസ്ഥാനത്തിൽ തന്നെ വേണം. പക്ഷേ, അനുകൂലസാഹചര്യങ്ങൾ പലതുമുണ്ടാ യിട്ടും, അത്ഭുതമെന്നു പറയട്ടെ, കേരളവർമ്മയ്ക്ക് പ്രശസ്തരായ സംസ്കൃതകവികളുടെ നിലയിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടു ണ്ടെന്നു തോന്നുന്നില്ല. അവയെക്കുറിച്ച് പറയത്തക്ക പഠനങ്ങൾ ഉണ്ടായിട്ടില്ല. ഇതാവാം അതിനു കാരണമെന്നു വിചാരിക്കണം.

കേരളവർമ്മ നാൽപ്പതോളം കൃതികൾ സംസ്കൃതത്തിൽ രചിച്ചിട്ടുണ്ട്. എഴുത്തുകൾ, പ്രസംഗങ്ങൾ, അവതാരികകൾ, പുസ്തകാഭിപ്രായങ്ങൾ മുതലായി വേറെയുമുണ്ട്. ഇവയിൽ മിക്കതും ഇന്നു ലഭ്യമല്ല.

*വിശാഖവിജയം, ക്ഷമാപണസഹസ്രം, യമപ്രണാമശതകം* എന്നിവയാണ് ഇവയിൽ എടുത്തുപറയത്തക്ക മേന്മയുള്ളവ. വിശാഖം തിരുനാളിന്റെ ജീവിതത്തെയും ഭരണത്തെയും പ്രതി പാദിക്കുന്ന ഒരു മഹാകാവ്യമാണ് *വിശാഖവിജയം*. 1885–ൽ മഹാരാജാവ് നടത്തിയ തുലാപുരുഷദാനത്തിന്റെ വർണ്ണനയോടു കൂടി കാവ്യം അവസാനിക്കുന്നു. ഇരുപതു സർഗ്ഗങ്ങളുണ്ടതിൽ. ആദ്യത്തെ അഞ്ച് സർഗ്ഗങ്ങളിൽ കേരളവർമ്മയുടെ ആത്മകഥാ പരമായ അംശങ്ങൾ ധാരാളമുണ്ട്. അതുകൊണ്ടുതന്നെയാവാം, അവയിലെ പല പ്രകരണങ്ങളും നമ്മുടെ ഹൃദയത്തിൽ കൂടുതൽ ചലനങ്ങളുളവാക്കുന്നതായി അനുഭവപ്പെടുന്നത്. മഹാപണ്ഡിത നും ആചാര്യനുമായ ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ ആയി ല്യം തിരുനാളിന്റെ സന്ദേശവുമായി കേരളവർമ്മയുടെ അടുത്തേ

ക്കു വരുന്നതും അവർ തമ്മിലുള്ള സംഭാഷണവും, ത്രിവിക്രമൻ തമ്പി ഭർത്താവിനെ ബന്ധിക്കാനൊരുങ്ങുമ്പോൾ ലക്ഷ്മീറാണി തടസ്സം നിൽക്കുന്നത്, കേരളവർമ്മയുടെ നിഷ്കാസനവും തടവിൽ പാർപ്പും – ഇവയെല്ലാം വിവരിക്കുന്ന നാലാം സർഗ്ഗം വിശേഷിച്ചും ഭാവരസസമ്പുഷ്ടമാണ്. ഒരു ഭാഗം ഉദ്ധരിക്കാം: നയതന്ത്രജ്ഞനായ ശാസ്ത്രികളുടെയും ഗംഭീരനായ കേരളവർമ്മയുടെയും സംഭാഷണമാണ്: അർധസമസ്യയായാണിത് നിബന്ധിച്ചിരിക്കുന്നത്. അതായത് പൂർവ്വാർധം ശാസ്ത്രികളുടെ ചോദ്യം, ഉത്തരാർധം ശിഷ്യന്റെ ഉത്തരം – ഇങ്ങനെ.

ഭവതേ കുപ്യതി കുതഃ കുലശേഖരഭൂപതിഃ?
യാവദത്ര ഭവാൻ വേദ താവദേവ ഹ്യവൈമ്യഹം.
പ്രധാനായ ഭവാൻ കാഞ്ചിത് പ്രൈഷയത് കില
പത്രികാം?
നോ പരിജ്ഞായതേ തത്ര ഭൂപതേഃ കോപകാരണം.
മന്ത്രിണം ഹന്തുമുദ്യുങ്ക്തേ മഹാരാഡിത്യലേഖി കിം?
നോ ജാനേ കഞ്ചിദുദ്യോഗം ഭൂജാനേരദ്യ താദൃശം.
സർവ്വഥാ ഭവദുദ്ദേശ്യഃ സംശയോസ്യാപനീയതാം,
അപദേ നൃപതേഃ ശങ്കാമപനേഷ്യാമി ഹാ കഥം?

(എന്തിനാണ് രാജാവ് അങ്ങയോടു കോപിക്കുന്നത്? അങ്ങയ്ക്കറിയുന്നത്രയേ എനിക്കുമറിയാവൂ. അങ്ങ് അമാത്യന് ഒരു കത്തയച്ചില്ലേ? അതിന് രാജാവ് കോപിക്കുന്നതെന്തിനെന്ന് എനിക്ക് മനസ്സിലാവുന്നില്ല. മഹാരാജാവ് മന്ത്രിയെ കൊല്ലാനാലോചിക്കുന്നുണ്ടെന്ന് അതിൽ എഴുതുകയുണ്ടായില്ലേ? രാജാവിനു അങ്ങനെയൊരാലോചനയുള്ളതായി ഞാനറിഞ്ഞില്ല. ഏതു പ്രകാരത്തിലും അങ്ങയെക്കുറിച്ച് രാജാവിനുണ്ടായിട്ടുള്ള സംശയം നീക്കേണ്ടതാണ്. അസ്ഥാനത്തിലുള്ള രാജാവിന്റെ ശങ്കയെ ഞാനെങ്ങനെ നീക്കാനാണ്!) എന്നിങ്ങനെ പോകുന്ന ആ സംവാദം സരളമെങ്കിലും ഭാവഗംഭീരമാണ്.

ശബ്ദാലങ്കാരസുഭഗമായ ഭാഗങ്ങൾ *വിശാഖവിജയ*ത്തിൽ ഒട്ടൊന്നുമല്ല.

മദാനിലാന്ദോളിതകന്ദമഞ്ജരീ–
മരന്ദസന്ദോഹമിളന്മിളിന്ദയാ
അത്യക്രമീദായതമൃത്തികാടവീ–
മയം – സരണ്യാ കളകീരകൂജയാ

(ഇദ്ദേഹം രാജാവ് ഇളംകാറ്റിലാടുന്ന മുല്ലപ്പൂങ്കുലയിലെ തേനുണ്ട് പറക്കുന്ന വണ്ടുകളോടുകൂടിയ, അവ്യക്തമധുരമായ കിളികളുടെ കൂജനങ്ങൾ മുഴങ്ങുന്ന, വഴിയിലൂടെ ദീർഘമായ കാട് പിന്നിട്ടു.)

വാടീലസത്കേതനകോടിശാടികാ–
സ്ഫുടീകൃതസ്വാഗതസൂക്തിഫക്കികാം
ആടീകതാസാവടവീതടീകടീം
പടീയസാ ശില്പികുലേന കല്പിതാം.

(മലർക്കാവുകളിൽ പാറിക്കളിക്കുന്ന എണ്ണമറ്റ കൊടിക്കൂറ കളാൽ വ്യക്തമാക്കപ്പെട്ട സ്വാഗതസൂക്തികളോടുകൂടിയതും വിദഗ്ധരായ ശില്പികളാൽ നിർമ്മിക്കപ്പെട്ടതുമായ കാട്ടിലെ താൽക്കാലികകൂടാരങ്ങളിൽ ഇദ്ദേഹം എത്തിച്ചേർന്നു) എന്നും ഉള്ള പദ്യങ്ങൾ ഉദാഹരണമായി ചൂണ്ടിക്കാട്ടാം. ഇക്കാവ്യത്തിലെ പദ്മബന്ധം, നാഗബന്ധം, ഗോമൂത്രികാബന്ധം മുതലായ ശബ്ദ ക്കസർത്തുകളോടുകൂടിയ ചിത്രസർഗ്ഗങ്ങളും യമകസർഗ്ഗവു മൊക്കെ, മാഘന്റെയും ഭാരവിയുടെയും ശ്രീഹർഷന്റെയും കാവ്യസാമ്രാജ്യങ്ങളിലാണ് നാം സഞ്ചരിക്കുന്നതെന്ന പ്രതീതി യുളവാക്കാൻ പോരുന്നവയത്രേ.

സമസ്താപരാധങ്ങളും ക്ഷമിച്ചു തന്നെ അനുഗ്രഹിക്കണമെന്ന് ആയില്യം തിരുനാളിനോടപേക്ഷിച്ചുകൊണ്ട് വലിയ കോയി ത്തമ്പുരാൻ ജയിലിൽ വെച്ചെഴുതിയ ബൃഹത്തായൊരു കാവ്യമാണ് *ക്ഷമാപണസഹസ്രം*. അമ്പത് വിംശതികളായി വിഭജിക്കപ്പെട്ട ഈ കാവ്യത്തിൽ അത്യപൂർവ്വങ്ങളായ വൃത്തങ്ങൾ കൂടി പ്രയോഗിച്ചതായി കാണാം. പശ്ചാത്താപത്തിൽ വെന്തു നീറുന്ന കവിഹൃദയത്തെയാണ് നാമിതിലെ ഓരോ ശ്ലോകത്തിലും കാണുന്നത്.

സന്തതമഹഹ! ദുരന്താ
ചിന്തേയം കൃന്തതീവ മേ സ്വാന്തം,
ക്ഷന്തവ്യമേവ ഭവതാ
ഹന്ത! തദാഗഃ പ്രമാദജനിതം മേ.

(കഷ്ടം! എപ്പോഴും ഈ ദുരന്തമായ ചിന്ത എന്റെ ഹൃദയത്തെ മുറിക്കുന്നതുപോലെ തോന്നുന്നു. പ്രമാദം കൊണ്ട് വന്നുപോയ ആ അപരാധം അങ്ങ് ക്ഷമിച്ചുകൊണ്ടാലും) എന്നിങ്ങനെ വായനക്കാരുടെ ഹൃദയമലിയിക്കുവാൻ അവയോരോന്നും പര്യാപ്തമാണ്. കേരളവർമ്മക്കവിതയുടെ ഈ ആർദ്രീകരണ ശക്തിയറിഞ്ഞുകൊണ്ടുതന്നെയാണ് കടുത്ത പിടിവാശിയുണ്ടായി രുന്ന ആയില്യം തിരുനാൾ, തനിക്കയച്ചുകിട്ടിയ *ക്ഷമാപണസഹസ്ര* മടങ്ങിയ കെട്ട് ഒന്നഴിച്ചുനോക്കുകപോലും ചെയ്തില്ലത്രേ. അതിൽ ക്രുദ്ധനായിട്ടാണ് നമ്മുടെ കവി ശത്രുസംഹാരാർത്ഥകമായ പല സ്തോത്രകൃതികളും രചിച്ചത്.

ശത്രുവിനെ നശിപ്പിക്കുന്നതിന് ദേവിയോട് പ്രാർത്ഥിക്കുന്ന *ശത്രുസംഹാരപ്രാർത്ഥകനാഷ്ടകം, ദണ്ഡനാഥാസ്തോത്രം,* ദുഷ്ടനായ കംസന്റെ കാരാഗൃഹത്തിൽ ബന്ധിക്കപ്പെട്ട ഭാര്യാ വിരഹാതുരനായ ശൗരി ദുഃഖശമനാർത്ഥം ദേവിയോട് പ്രാർത്ഥിക്കുന്നതും ദേവിയുടെ ആയിരം പേരുകൾ സംബുദ്ധി കളായി ചേർത്തിരിക്കുന്നതുമായ *ലളിതാംബാസ്തോത്രം* എന്നീ ദേവീസ്തുതികൾ ഈ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടവയത്രേ. താങ്ങാനാവാത്ത അപമാനഭാരവും കദനതതിയും ഹൃദയത്തിൽ പേറിനടക്കുന്ന ഒരു കവിയെയാണ് ഈ സ്തോത്രകൃതികളിൽ നമുക്ക് കാണാൻ കഴിയുക.

ക്ഷമാപണം ചെയ്തിട്ടും തന്നെ തടവിൽ നിന്ന് വിടാൻ ഭാവമില്ലാത്ത ആയില്യം തിരുനാൾ മഹാരാജാവിനെ വധിക്കാൻ സാക്ഷാൽ യമധർമ്മരാജാവിനോട് പ്രാർഥിക്കുന്ന *യമപ്രണാമ ശതകം* ഇവിടെ സവിശേഷം സ്മരിക്കേണ്ടുന്ന കൃതിയാകുന്നു. കംസന്റെ കിരാതഭരണം പൊറുക്കവയ്യാതെ മധുരയിലെ ജനത അവന്റെ കഥ കഴിക്കാൻ യമനോട് പ്രാർഥിക്കുന്നതായിട്ടാണ് *ശതക*ത്തിലെ സങ്കല്പന. പക്ഷേ വായിക്കുന്നവർക്ക് കാര്യം വ്യക്തമാണ്. ഉള്ളൂർ പറഞ്ഞതുപോലെ, *യമപ്രണാമശതക*ത്തിലെ ഓരോ ശ്ലോകവും ഓരോ വജ്രായുധം തന്നെയാണ്. ഗൗഡീരീതി യുടെ പ്രചണ്ഡതാണ്ഡവമാണ് നാം അതിൽ ആപാദചൂഡം ഭയചകിതരായി നിരീക്ഷിക്കുന്നത്. യമനെ പുറത്തു കയറ്റി വിപുലമായ കുളമ്പുതട്ടി ഭൂമിയിൽനിന്നുയരുന്ന പൊടി കൊണ്ട് ലോകമാകെ മൂടി, കഴുത്തിൽ കെട്ടിയ മണിയുടെ മുഴക്കത്താൽ കേൾക്കുന്നവരുടെ കാതു പിളർത്തുകൊണ്ട്, മഹാരാജാവിന്റെ അടുത്തേക്ക് കുതിക്കുന്ന ആ ഭയങ്കരനായ പോത്തിന്റെ ചിത്രം ആരെയും കിടിലം കൊള്ളിക്കാതിരിക്കുകയില്ല.

> പൃഷ്ഠേ ബിഭ്രദ്ഭവനപൃഥുലഖരപുടോദ്ദാമകുദ്ദാലദീർണ്ണ–
> ക്ഷോണീനിര്യദ്രജോരാജിഭിരഭിഹിതഭാവന്ധതാമിസ്രരീതി
> കണ്ഠാലങ്കാരഘണ്ടാഘണഘണരണിതൈർഘൂർണ്ണയൻ കർണ്ണനാഡീ–
> സ്തസ്യാഭ്യർണ്ണം ജിഹീതാം ഝടിതി മഹിഷരാഡന്ത–കൈഷ പ്രണാമഃ

സംഹാരകമായ ഉഗ്രായുധങ്ങളുമേന്തി ആർത്തട്ടഹസിച്ചു കൊണ്ട് രാജാവിന്റെ നേർക്കടുക്കുന്ന അതിഭയങ്കരന്മാരായ അന്തകഭടന്മാരെ വർണ്ണിക്കുന്ന ഒരു പദ്യം നോക്കുക:

> ദീനീകുര്യാദ്ദിനേശാത്മജ! സപദി തദഭ്യാശമഭ്യാപതന്തീ
> തതപ്രാണാൻ പട്ടസാദിപ്രഹരണപടലൈരുദ്ഭടാ തദ്ഭടാളീ
> താരക്രോധാരവാവോ കനകനദനലജ്യോതിരാതാമ്രലോമ–
> ഭ്രൂഭംഗപ്രക്രിയാഭീഷണനിടിലകരാളാനനൈഷ പ്രണാമഃ

വൈക്കത്തപ്പൻ, ചെങ്ങന്നൂർ ഭഗവതി, ഗുരുവായൂരപ്പൻ, ഹരിപ്പാട് സുബ്രഹ്മണ്യസ്വാമി എന്നീ ദേവീദേവന്മാരെ സ്തുതിക്കുന്ന *വ്യാഘ്രാലയേശശതകം, ശോണാദ്രീശാസ്തോത്രം, ഗുരുവായുപുരേശസ്തോത്രം, സ്കന്ദശതകം* എന്നിവ കേരളീയസ്തോത്രസാഹിത്യശാഖയ്ക്ക് മുതൽകൂട്ടുകളാണ്.

രാജസ്തുതിപരങ്ങളാണ് കേരളവർമ്മയുടെ സംസ്കൃത കൃതികളിൽ കുറേയെണ്ണം. ആയില്യം തിരുനാളിനെയും വിശാഖം തിരുനാളിനെയും മൂലം തിരുനാളിനെയും വിക്ടോറിയാ രാജ്ഞി യെയും പ്രകീർത്തിച്ചുകൊണ്ട് ഓരോ വിശേഷാവസരങ്ങളിൽ എഴുതിയ *ചിത്രശ്ലോകാവലി, തിരുനാൾപ്രബന്ധം, തുലാഭാര ശതകം, നക്ഷത്രമാല, പാദാരവിന്ദശതകം, വഞ്ചീപതിശതകം, വിശാഖപ്രശസ്തി, ശ്രീമൂലമഹാരാജപാദപത്മശതകം, വിക്ടോറി യാചരിതസംഗ്രഹം* എന്നീ കൃതികൾ ഇവിടെ കാണാം.

*അഭിജ്ഞാനശാകുന്തള*ത്തിന്റെ മേന്മ വ്യക്തമാക്കുന്ന നിരൂപണാത്മകമായ ഒരു കൃതിയാണ് പന്ത്രണ്ട് അനുഷ്ടുപ് ശ്ലോകങ്ങളടങ്ങിയ *ശാകുന്തളപാരമ്യം*.

മേൽപ്പത്തൂർ ഭട്ടതിരിയുടെ *പ്രക്രിയാസർവ്വസ്വം* എന്ന വ്യാകരണഗ്രന്ഥത്തിനും ലക്ഷ്മീദാസന്റെ *ശുകസന്ദേശ* കാവ്യത്തിനും ഓരോ ലഘുടിപ്പണിയും കേരളവർമ്മ തയ്യാറാക്കിയിട്ടുണ്ട്.

വൈയക്തികമായ അനുഭവങ്ങളുടെ അടിസ്ഥാനത്തിലോ വിശേഷസന്ദർഭങ്ങൾ പ്രമാണിച്ചോ അല്ലാതെ *കംസവധചമ്പു, ശൃംഗാരമഞ്ജരീഭാണം* എന്നിങ്ങനെ രണ്ടോ മൂന്നോ സർഗ്ഗാത്മക കൃതികളേ കേരളവർമ്മ രചിച്ചിട്ടുള്ളൂ. ഇപ്പറഞ്ഞ രണ്ടിനും അവയെഴുതിയ കാലത്ത് കുറേയധികം പ്രചാരം ലഭിച്ചതായി കാണുന്നു. ബാല്യകാലകൃതികളായ *അമൃതമഥനം, നരസിംഹാവതാരം, നാരദീയമഹിമാനുവർണ്ണനം, നാരായണപഞ്ചാശത്* എന്നിവയ്ക്ക് എന്തെങ്കിലും സവിശേഷതകളുള്ളതായി പറയാനില്ല.

ചുരുക്കത്തിൽ, തന്റെ സംഭവബഹുലമായ ജീവിതത്തിൽ തന്നെ വല്ലാതെ സ്പർശിച്ച അനുകൂലമോ പ്രതികൂലമോ ആയ സന്ദർഭങ്ങളോടും സംഭവങ്ങളോടും വ്യക്തികളോടും ജഗന്നിയന്താക്കളെന്നു താൻ ദൃഢമായി വിശ്വസിച്ചുപോന്ന ദേവീദേവന്മാരോടും കവിതയിലൂടെ – മഹാകാവ്യങ്ങളിലൂടെയും രാജപ്രശസ്തികളിലൂടെയും സ്തോത്രങ്ങളിലൂടെയും ഏറെക്കുറെ സങ്കേതിക പ്രവണമായ ശൈലിയിൽ അപ്പപ്പോൾ പ്രതികരിച്ചിരുന്ന ഒരു ഗംഭീരകവിഹൃദയത്തിന്റെ ഉടമസ്ഥനാണ് കേരളവർമ്മ വലിയ കോയിത്തമ്പുരാൻ. കേരളം സംസ്കൃതസാഹിത്യത്തിന് നൽകിയ സംഭാവനകളിൽ ആ മഹാകവിയുടെ വാങ്മയങ്ങൾക്ക് സമുന്നതമായ സ്ഥാനമാണുള്ളത്.

(*സ്പാർക്ക് തേഡ് ആനിവേഴ്സരി ആന്റ് കൾച്ചറൽ മീറ്റ്*, 1977)

---------

## 26. വിഷ്ണു – പൂർണസരസ്വതിയുടെ പൂർവാശ്രമനാമം

മുരാരിയുടെ *അനർഘരാഘവ*ത്തിന് ഇന്നോളമുണ്ടായിട്ടുള്ള വ്യാഖ്യാനങ്ങളിൽ പ്രഥമസ്ഥാനമർഹിക്കുന്ന ഒന്നാണ് *പഞ്ചിക*[1]. വിസ്തൃതവും വിജ്ഞാനപ്രദവുമാണ് ആ വ്യാഖ്യാനം. പണ്ഡിതന്മാർ ഇതിനെ ഒരു പ്രാമാണികഗ്രന്ഥമായി കണക്കാക്കിയിരുന്നു. മേൽപ്പത്തൂർ നാരായണഭട്ടതിരി *പ്രക്രിയാസർവസ്വ*ത്തിൽ *പഞ്ചിക*യെ പ്രാമാണികമായ രീതിയിൽ ഉദ്ധരിക്കുന്നത് കാണാം[2]. ആമുഖ പദ്യങ്ങളിലൊന്നിൽ നിന്ന് മുക്തിനാഥന്റെ പുത്രനായ വിഷ്ണുവാണ് *പഞ്ചികാ*കർത്താവെന്ന് വ്യക്തമാകുന്നുണ്ട്[3]. അങ്കാന്ത്യങ്ങളിലെ പുഷ്പികകളും ഇതുതന്നെ തെളിയിക്കുന്നു[4]. കാലത്തെയോ മറ്റു കൃതികളെയോ കുറിച്ചു യാതൊരറിവുമില്ല. ആ വഴിക്കുള്ള ഒരു വിനീതശ്രമമാണ് ഈ ലേഖനം. ഇതിൽ, സുപ്രസിദ്ധകേരളീയസംസ്കൃതവ്യാഖ്യാതാവും കവിയുമായ പൂർണസരസ്വതിയും ഈ വിഷ്ണുവും അഭിന്നനാണെന്ന് തെളിയിക്കാൻ ശ്രമിച്ചിരിക്കുകയാണ്.

കാളിദാസന്റെ *മേഘദൂത*ത്തിന് *വിദ്യുല്ലത* എന്ന പേരിലും ഭവഭൂതിയുടെ *മാലതീമാധവ*ത്തിന് *രസമഞ്ജരി* എന്ന പേരിലും ശങ്കരാചാര്യരുടെ *വിഷ്ണുപാദാദികേശാന്തസ്തോത്ര*ത്തിന് *ഭക്തിമന്ദാകിനി* എന്ന പേരിലുമുള്ള വ്യാഖ്യാനങ്ങളാണ് പൂർണസരസ്വതിയെ സുപ്രസിദ്ധനാക്കിയ കൃതികൾ. *ഹംസസന്ദേശം* എന്ന സന്ദേശകാവ്യവും *കമലിനീരാജഹംസം* എന്ന നാടകവും *ഋജുലഘ്വീ* എന്ന പേരിൽ *മാലതീമാധവ*ത്തിന്റെ ഒരു പദ്യസംഗ്രഹവും – ഇത്രയുമാണ് അദ്ദേഹത്തിന്റെ സ്വതന്ത്രകൃതികൾ. ഇവയെല്ലാം അച്ചടിച്ചിട്ടുണ്ട്. മുരാരിയുടെ *അനർഘരാഘവ*നാടകത്തിനും അദ്ദേഹം ഒരു വ്യാഖ്യാനമെഴുതിയിട്ടുണ്ട്. അത് അപ്രകാശിതമാണ്. അതിന്റെ മൂന്നു ഗ്രന്ഥങ്ങൾ (1012 അ, ഇ 1827 അ, ടി 859) കേരള സർവകലാശാലാഹസ്തലിഖിതഗ്രന്ഥശാലയിൽ ഉണ്ട്. 1012 അ. യിൽ നിന്നും പകർത്തിയതുതന്നെയാണ് ടി. 859.

പൂർണസരസ്വതിയെപ്പറ്റി ഇന്നോളം പഠനം നടത്തിയ പണ്ഡിതന്മാരെല്ലാം ടി. 859 എന്ന ഈ ഒരു ഗ്രന്ഥം മാത്രമേ ശ്രദ്ധിച്ചിട്ടുള്ളൂ. ഇത്, അവരെല്ലാം അഭിപ്രായപ്പെടുന്നതുപോലെ, ഒരു ലഘുടിപ്പണി മാത്രമാകുന്നു. വിഷമപദങ്ങളുടെ അർഥവിവരണം മാത്രമേ ഇതിലുള്ളൂ എന്നു പറയാം. *അമരം* തുടങ്ങിയ നിഘണ്ടുക്കളിൽനിന്നും *അഷ്ടാധ്യായി*യിൽ നിന്നുമുള്ള ഉദ്ധരണികൾ ധാരാളമുണ്ട്. പൂർണസരസ്വതിയുടെ *വിദ്യുല്ലത* മുതലായ വ്യാഖ്യാനങ്ങളുമായി പരിചയപ്പെട്ടവർക്ക് ഈ *ലഘുടിപ്പണി* അദ്ദേഹത്തിന്റേതു തന്നെയോ എന്നു സംശയം തോന്നും. പക്ഷേ

ഈ *ടിപ്പണി*യുടെ അവസാനത്തിൽ പൂർണസരസ്വതി രചിച്ചത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട്[6] അവർക്ക് അത് വിശ്വസിക്കാതിരിക്കാൻ നിവൃത്തിയില്ല.

ഇ 1827 അ എന്ന ഗ്രന്ഥം നോക്കുകയാണെങ്കിൽ, അത് ഈ *ടിപ്പണി*യുടെ ഒരു വികസിതരൂപമാണെന്നു കാണാം. പ്രയോജനപ്രദമായ ധാരാളം വിവരണങ്ങൾ അതിലുണ്ട്. ആസ്വാദനത്തിലും സവിശേഷശ്രദ്ധ പതിച്ചിരിക്കുന്നു. പൂർണസരസ്വതിയുടെ ശൈലിയുമായി കുറേക്കൂടി അടുത്ത ഒരു ബന്ധം ഈ വികസിത ഗ്രന്ഥത്തിനുണ്ടെന്ന് ആർക്കും തോന്നും. ഇത് അപൂർണമാണ്. ഏഴാമങ്കത്തിൽ 22-ാം ശ്ലോകത്തിന്റെ വ്യാഖ്യാനത്തോടെ അവസാനിക്കുന്നു.

ഈ രണ്ടു ഗ്രന്ഥങ്ങളും ആരംഭിക്കുന്നത്,

പ്രണമ്യ സച്ചിദാനന്ദം പൂർണജ്യോതിർനിരഞ്ജനം
അനർഘരാഘവം നാമ നാടകം വ്യാകരോമ്യഹം

എന്ന വന്ദനപദ്യത്തോടെയാണ്. ഇതിൽ പരാമർശിക്കപ്പെട്ട പൂർണജ്യോതിസ്സ് പൂർണസരസ്വതിയുടെ ഗുരുവെന്ന നിലയിൽ പ്രസിദ്ധനാണ്. *വിദ്യുല്ലത, രസമഞ്ജരി, കമലിനീരാജഹംസം, ഹംസസന്ദേശം* എന്നീ കൃതികളിൽ ഇദ്ദേഹം സബഹുമാനം സ്മരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ മേലുദ്ധരിച്ച പദ്യത്തിൽ പൂർണസരസ്വതിയുടെ പേരെടുത്തു പറഞ്ഞിട്ടില്ലാത്തതുകൊണ്ട്, പൂർണജ്യോതിസ്സിന്റെ മറ്റേതെങ്കിലും ശിഷ്യനായിക്കൂടേ ഈ രണ്ടു ഗ്രന്ഥങ്ങളുടെയും കർത്താവ് എന്നു സംശയിച്ചുകൂടായ്കയില്ല. വിശേഷിച്ചും രണ്ടാമത്തെ വികസിതരൂപത്തിന്റെ. അതിൽ പൂർണസരസ്വതീവിരചിതമെന്ന് സൂചിപ്പിക്കുന്ന പുഷ്പികയില്ലല്ലോ. ഈ സംശയത്തിന്റെ വേരറുത്തുകളയുന്ന ഒരു തെളിവ് കിട്ടിയിട്ടുണ്ട്. അജ്ഞാതനാമാവായ ഒരു കേരളീയ വ്യാഖ്യാതാവിന്റെ *അഭിജ്ഞാനശകുന്തളചർച്ച*യിൽ രണ്ടിടത്ത് പൂർണസരസ്വതിയുടെ പേരിൽ *അനർഘരാഘവവ്യാഖ്യാന*ത്തെ ഉദ്ധരിക്കുന്നുണ്ട്[7]. ആ ഉദ്ധരണികൾ ഈ രണ്ടു ഗ്രന്ഥങ്ങളിലും കാണാനുമുണ്ട്. അതിനാൽ ഈ രണ്ടു ഗ്രന്ഥങ്ങളും പൂർണസരസ്വതിയുടേതു തന്നെ.

ഇവയിൽ വികസിതഗ്രന്ഥത്തിന്റെ അവസാനത്തിൽ ഒരോലയിൽ "കൂടല്ലൂരെ മേലേടത്തെ ചെറിയ പഞ്ചിക" എന്നൊരു കുറിപ്പ് കാണുന്നു. *പഞ്ചിക* എന്ന പ്രസിദ്ധമായ *അനർഘരാഘവവ്യാഖ്യാന*ത്തിന്റെ സംഗ്രഹമാണിതെന്നർഥം. *പഞ്ചിക*യിലെ വ്യാകരണപരവും നാട്യശാസ്ത്രപരവുമായ ദീർഘചർച്ചകൾ ഈ സംഗ്രഹത്തിൽ വിട്ടുകളഞ്ഞിരിക്കുന്നു. മുൻപ് സൂചിപ്പിച്ചതുപോലെ ആസ്വാദനപരമായ വിവരണങ്ങൾ നിലനിർത്തുകയും ചെയ്തിട്ടുണ്ട്.

അങ്ങനെ *അനർഘരാഘവ*ത്തിന്റെ *പഞ്ചികാ*വ്യാഖ്യാനത്തിന്റെ മൂന്നു ഗ്രന്ഥഭേദങ്ങൾ നമുക്ക് ലഭിച്ചിരിക്കുന്നു. സൗകര്യത്തിനുവേണ്ടി വിപുലമായ കൃതിയെ *പഞ്ചിക* എന്നും അതിന്റെ സംഗ്രഹ

ത്തെ *ലഘുപഞ്ചിക* എന്നും ഏറ്റവും ചെറിയ പതിപ്പിനെ *ടിപ്പണി* എന്നും നമുക്ക് വിളിക്കാം. ഇങ്ങനെ ഒരേ ഗ്രന്ഥത്തിന് ഒന്നിലധികം പാഠഭേദങ്ങൾ (**Recensions**) ഉണ്ടാവുക എന്നത് സംസ്കൃതത്തിൽ ദുർലഭമല്ല. *മേഘദൂത*ത്തിന് പയ്യൂർ പരമേശ്വരൻ എഴുതിയ *സുമനോരമണീ*വ്യാഖ്യാനത്തിന് രണ്ട് പാഠഭേദങ്ങളുണ്ട്. ഒന്നു വലുതും മറ്റേത് ചെറുതും[8]. ശങ്കരന്റെ *രൂപാനയനപദ്ധതി* എന്ന വ്യാകരണകൃതിക്കുമുണ്ട് ഒന്നിലധികം പാഠഭേദങ്ങൾ. നാഗേശഭട്ടന്റെ പ്രസിദ്ധമായ *വ്യാകരണമഞ്ജൂഷ*യ്ക്ക് മൂന്ന് പാഠഭേദങ്ങളാണുള്ളത്. ഇവിടെയെല്ലാം നാം കാണുന്നത്, ഈ ഒന്നിലധികം പാഠഭേദങ്ങളുടെ കർത്താവ് ഒരാൾ തന്നെ എന്നത്രേ. ഒരേ ഗ്രന്ഥകാരൻ ഒരേ ഗ്രന്ഥത്തിന്റെ ഒന്നിലധികം പാഠഭേദങ്ങൾ രചിക്കുന്നതിന്റെ പിന്നിലുള്ള പ്രേരണ വ്യക്തമാണ്. അധികാരിഭേദമനുസരിച്ച് ഓരോ വകുപ്പിൽപ്പെട്ടവർക്കും ഉൾക്കൊള്ളാൻ കഴിയുന്നതിന്റെ തോതനുസരിച്ച് ഗ്രന്ഥത്തിന്റെ ഉൾക്കട്ടിയിലും ഭേദം വരുത്തുന്നു. അശോകനെപ്പറ്റിയുള്ള പഠനം നാലാം സ്റ്റാന്റേർഡിലും പത്താം സ്റ്റാന്റേർഡിലും ബിരുദതലത്തിലും ബിരുദാനന്തരത്തിലും ഉണ്ടെങ്കിലും ഒരേ ഉള്ളടക്കമല്ലല്ലോ എല്ലാറ്റിലും ഉണ്ടാവുക.

ഈ പശ്ചാത്തലത്തിൽ, ഈ മൂന്നു *പഞ്ചികാ*പാഠഭേദങ്ങളും ഏകകർതൃകമെന്നൂഹിക്കുന്നതിൽ ഒട്ടും അപാകതയില്ല. *പഞ്ചിക*, പൂർണസരസ്വതിയുടെ വ്യാഖ്യാനശൈലിയുമായി വളരെ വലിയൊരു പരിധിയോളം സാദൃശ്യം വഹിക്കുന്നുണ്ടുതാനും. *രസമഞ്ജരി*യിലെന്നപോലെ വ്യാകരണസൂത്രങ്ങളും *നാട്യശാസ്ത്ര*ഗ്രന്ഥങ്ങളും ധാരാളമായി ഉദ്ധരിച്ച് ചർച്ച ചെയ്യുന്നുണ്ട് *പഞ്ചിക*യിൽ. *അനർഘരാഘവ*ത്തിലെ പല ഭാഗങ്ങളും വിവരിക്കുവാൻ ധർമശാസ്ത്രകൃതികളിൽനിന്നും മറ്റും വിപുലമായ തോതിൽ ഉദ്ധരിക്കുന്നത് വിഷയഭേദമനുസരിച്ചെന്ന് കരുതിയാൽ മതി. *ഭക്തിമന്ദാകിനി*യിൽ വേദാന്തഗ്രന്ഥങ്ങളിൽനിന്നാണല്ലോ അധികവും ഉദ്ധരിക്കുന്നത്. പ്രസിദ്ധമായ കാവ്യനാടകങ്ങളിൽനിന്നുള്ള ഉദ്ധരണികളും ആസ്വാദനൈകപ്രവണതയും *പഞ്ചിക*യിൽ, *വിദ്യുല്ലതയെ* അപേക്ഷിച്ച് വളരെ കുറവാണെന്നു കാണാം. പക്ഷേ ഇത്, ഈ കൃതിയുടെ അന്യകർതൃകത്വം തെളിയിക്കുന്നില്ല. പൂർണസരസ്വതിയുടെ ഓരോ കൃതിയും മറ്റേതിൽനിന്ന് പല കാര്യങ്ങളിലും വ്യത്യസ്തമാണ്. *വിദ്യുല്ലത*യിൽ ആസ്വാദനത്തിന് പ്രാധാന്യം. വ്യാകരണപരമായും മറ്റുമുള്ള ചർച്ചകൾ അതിൽ ഇല്ലെന്നുതന്നെ പറയാം. *രസമഞ്ജരി* അങ്ങനെയല്ല. ആസ്വാദനത്തോടൊപ്പംതന്നെ പ്രാധാന്യം അതിൽ പണ്ഡിതോചിതമായ ശാസ്ത്രചർച്ചകൾക്കും നൽകിയിട്ടുണ്ട്. കാവ്യനാടകാലങ്കാരങ്ങളിൽനിന്നും സാംഖ്യയോഗാദിശാസ്ത്രങ്ങളിൽ നിന്ന് ധാരാളമായി അതിൽ ഉദ്ധരിക്കുന്നുണ്ട്. ആനുപാതികമായി ഈ തരതമഭാവം *പഞ്ചിക*യിലും കാണുന്നുവെന്നേ ഉള്ളൂ.

*പഞ്ചിക*യായിരിക്കണം ഗ്രന്ഥകാരന്റെ ആദ്യകൃതി. 'മന്ദ'നെന്ന് തന്നെക്കുറിച്ച് അദ്ദേഹം ചെയ്യുന്ന പരാമർശം ഇതിന്നു തെളിവാ

ണ്. പൂർണസരസ്വതിയുടെ പേരിൽ പ്രസിദ്ധമായ ഒരു ഗ്രന്ഥത്തിലും അപ്രകാരമൊരു പരാമർശമില്ല.

പൂർണസരസ്വതി ഒരു സന്ന്യാസിയായിരുന്നു. 'സരസ്വതി' ഇതാണ് സൂചിപ്പിക്കുന്നത്. ശങ്കരാചാര്യൻ സ്ഥാപിച്ചതോ പുനഃസംഘടിപ്പിച്ചതോ ആയ 'ദശനാമികൾ' എന്ന സന്ന്യാസിപരമ്പരയിലെ ഒരു വിഭാഗമത്രേ 'സരസ്വതി'[10]. ഇതിനു മുൻപ് ചൂണ്ടിക്കാട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ *പഞ്ചികാ*കാരനായ വിഷ്ണുവും പൂർണസരസ്വതിയും ഒരാൾതന്നെ എന്ന വാദം അംഗീകരിക്കുകയാണെങ്കിൽ, വിഷ്ണു എന്നത് പൂർണസരസ്വതിയുടെ പൂർവാശ്രമനാമമായിരിക്കണം. *പഞ്ചിക* എഴുതുന്ന കാലത്ത് അദ്ദേഹം സന്ന്യാസത്തിലേക്ക് പ്രവേശിക്കുകയോ പൂർണജ്യോതിസ്സിന്റെ ശിഷ്യത്വം സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടാവില്ല. അതിനാൽ വിഷ്ണു എന്ന അതിലെ പരാമർശം യുക്തം തന്നെ. പിന്നീട് ശിഷ്യത്വം സ്വീകരിച്ച കാലത്തായിരിക്കണം *ലഘുപഞ്ചിക*യും *ടിപ്പണി*യും എഴുതിയത്. അവയിൽ പൊതുവായി കാണുന്ന വന്ദനശ്ലോകത്തിൽ പൂർണജ്യോതിസ്സിന്റെ പരാമർശത്തിനു കാരണമിതാണ്. അത് സന്ന്യാസപരിശീലനകാലമായിരിക്കണം. അപ്പോൾ വിഷ്ണു എന്ന പൂർവാശ്രമനാമം ഇല്ലാതായി. പൂർണസരസ്വതി എന്ന സന്ന്യാസനാമം സിദ്ധിച്ചിട്ടുമില്ല. വേറേ ഏതോ അന്തരാള നാമം (*transitional name*) അന്നുണ്ടായിരിക്കണം. പക്ഷേ അത് ഒന്നോ രണ്ടോ കൊല്ലത്തേക്കേ ഉണ്ടാവൂ എന്നതുകൊണ്ട് *ലഘുപഞ്ചിക*യിലും *ടിപ്പണി*യിലും ആ പേർ പരാമർശിക്കാതിരുന്നതാവാം. പിൽക്കാലത്ത് ഗ്രന്ഥപ്പകർപ്പുകാർ കേട്ടുകേൾവിയെ മാനിച്ച് പൂർണസരസ്വതി എന്നു പുഷ്പികയിൽ ചേർത്തിരിക്കാം.

വിഷ്ണുവിന്റെ കാലത്തെക്കുറിച്ച് *പഞ്ചിക*യിൽനിന്ന് പറയത്തക്ക തെളിവുകളൊന്നും ലഭിക്കുന്നില്ല (പൂർണസരസ്വതിയെപ്പോലെത്തന്നെ). *ഭാവപ്രകാശനം, ദശരൂപകം* മുതലായ ഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നതുകൊണ്ട് ക്രി. പി. പതിമൂന്നാം ശതകത്തിന്റെ പൂർവാർധത്തിനുശേഷമാണ് *പഞ്ചികാ*കർത്താവ് ജീവിച്ചിരുന്നതെന്ന് വ്യക്തമാകുന്നു. കേരളത്തിലെ ആദ്യത്തെ ചമ്പൂകാവ്യമെന്ന് വിശ്വസിക്കപ്പെട്ടുവരുന്ന *അമോഘരാഘവ*ത്തിൽ തത്കർത്താവായ ദിവാകരൻ തന്റെ കുടുംബത്തെപ്പറ്റി ചില വിവരങ്ങൾ നൽകുന്നുണ്ട്[11]. ദിവാകരൻ കേരളീയനായ ഒരു നമ്പൂതിരിയായിരുന്നു. 'ജമദഗ്നേരന്വവായഃ', 'ക്ഷോണീക്ഷേമായ രാമഃ സ്വയമജനി ഹരേര്യത്ര ഷഷ്ഠാവതാരാ' എന്നീ പരാമർശങ്ങൾ അദ്ദേഹം ഭാർഗവഗോത്രത്തിൽ പിറന്നവനെന്നു സൂചിപ്പിക്കുന്നു. അദ്ദേഹത്തിന്റെ അച്ഛൻ നാരായണപുത്രനായ വിശ്വേശ്വരൻ ആയിരുന്നു. ദിവാകരൻ തന്റെ ജ്യേഷ്ഠനായി ഒരു വിഷ്ണുവിനെയും സ്മരിക്കുന്നുണ്ട്. വിഷ്ണു തന്റെ പവിത്രചരിതങ്ങളാൽ കുലത്തെ അലങ്കരിച്ചിരുന്നുവെന്നും പരമേശ്വരസേവാസുഖപരായണനായ അദ്ദേഹം മൂർത്തമായ ശ്രൗതകർമത്തെപ്പോലെ പരിലസിച്ചിരുന്നുവെന്നു ദിവാകരൻ വർണിക്കുന്നു[12]. ഈ വർണ

നം ഭക്തിനിർഭരവും സുനിർമലവും ഉദാത്തവുമായ ഒരു മഹാനുഭാവന്റെ ജീവിതത്തെ നമ്മുടെ കൺമുമ്പിൽ വിരിയിക്കുന്നു. തന്റെ കൃതികളിൽ പ്രതിഫലിച്ചുകാണുന്ന അധ്യാത്മസമ്പന്നവും ആദർശാത്മകവുമായ പൂർണസരസ്വതിയുടെ ജീവിതത്തിനു ഈ വർണനം ശരിക്കു ചേരും. വിഷ്ണു, *പഞ്ചിക*യിൽ തന്റെ അച്ഛൻ മുക്തിനാഥനാണെന്ന് പറയുന്നുണ്ട്. ഇത് ശരിയായ പേരായിരിക്കയില്ല. ആ പേര് കേരളത്തിലെ നമ്പൂതിരിമാരുടെയിടയിൽ അസാധാരണമാണല്ലോ. പക്ഷേ അത് സൂചിപ്പിക്കുന്നത്, ഏറെക്കുറെ ഒരു സന്ന്യാസജീവിതം നയിച്ച് മോക്ഷം നേടിയ ഒരാളാണ് അദ്ദേഹം എന്ന വസ്തുതയായിരിക്കണം. അന്ത്യകാലത്ത് കാശിയിൽ ചെന്ന് മുക്തി നേടിയ ആളാണ് തന്റെ പിതാവായ വിശ്വേശ്വരൻ എന്ന് ദിവാകരൻ പറയുന്നത് ഇവിടെ സ്മരിക്കാം[13]. ഇക്കാരണത്താലായിരിക്കണം വിഷ്ണു അദ്ദേഹത്തെ മുക്തിനാഥൻ എന്ന് പരാമർശിച്ചത്.

*അമോഘരാഘവം* എ.ഡി. 1299ൽ രചിച്ചു എന്ന വസ്തുത അതിൽത്തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്[14]. അപ്പോൾ വിഷ്ണു പതിമൂന്നാം നൂറ്റാണ്ടിന്റെ അപരാർധത്തിലും പതിനാലാം നൂറ്റാണ്ടിന്റെ പൂർവാർധത്തിലുമായിരിക്കണം ജീവിതം നയിച്ചത്. *പഞ്ചിക*യിലെ ഉദ്ധരണികളിൽനിന്ന് ലഭിക്കുന്ന സൂചനയും ഇതുമായി ചേരും. പൂർണസരസ്വതിയുടെ കാലവും ഇതു തന്നെ. *രസമഞ്ജരി*യിൽ ചിത്സുഖാചാര്യനെ (1220–1284 എ. ഡി.) ഉദ്ധരിക്കുന്നുണ്ടദ്ദേഹം. പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിന്നിപ്പുറം ജീവിച്ചിരിക്കാനിടയില്ലെന്നു വിശ്വസിക്കപ്പെടുന്ന[15] പയ്യൂർ പരമേശ്വരൻ *വിദ്യുല്ലത*യിലെ പല ഭാഗങ്ങളെയും നിശിതമായി വിമർശിക്കുന്നുണ്ട്. ആ വിമർശനങ്ങളുടെ നിശിതത്വം അവരിരുവരും സമകാലികന്മാരല്ലയോ എന്ന സംശയം ചില പണ്ഡിതന്മാരിൽ ജനിപ്പിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോഴും വിഷ്ണുവിന്റെയും പൂർണസരസ്വതിയുടെയും കാലം ഒന്നുതന്നെയെന്ന് സിദ്ധിക്കും.

ഇത്രയും കൊണ്ട് *അനർഘരാഘവ*ത്തിന് *പഞ്ചിക* എന്ന വ്യാഖ്യാനമെഴുതിയ വിഷ്ണുവും പൂർണസരസ്വതിയും ഒരാൾ തന്നെയെന്ന് ന്യായമായി ഊഹിക്കാം. *പഞ്ചിക* എഴുതിയത് പൂർണജ്യോതിസ്സിനെ ആത്മീയാചാര്യനായി സ്വീകരിക്കുന്നതിന് മുൻപ് ആയിരിക്കണം. വിഷ്ണു എന്നു മാത്രമേ അതിൽ പരാമർശിക്കുന്നുള്ളൂ. *ലഘുപഞ്ചിക*യും *ടിപ്പണി*യും എഴുതിയത് സന്ന്യാസജീവിതപരിശീലനം തുടങ്ങി പൂർണജ്യോതിസ്സിനെ ആചാര്യനായി വരിച്ച കാലത്താണ്. പൂർണസന്ന്യാസിയായി മാറും മുൻപുള്ള അന്തരാളഘട്ടത്തിലായിരിക്കണം അത്. അതിനാൽ ആ ഗ്രന്ഥങ്ങളിൽ പൂർണജ്യോതിസ്സിനെ വന്ദിക്കുന്നുണ്ടെങ്കിലും പൂർണസരസ്വതി എന്ന ചേർത്തുകാണുന്നില്ല. *വിദ്യുല്ലത* മുതലായ ഗ്രന്ഥങ്ങളെല്ലാം എഴുതിയത് പൂർണസരസ്വതി എന്ന സന്ന്യാസനാമം സ്വീകരിച്ചതിനുശേഷമാണ്.

**അടിക്കുറിപ്പുകൾ**

1. തിരുവനന്തപുരം ഗ്രന്ഥം, ടി. 803. തിരുവനന്തപുരത്തും മദ്രാസ്സിലുമായി വേറെയും ഗ്രന്ഥങ്ങളുണ്ട്. മദ്രാസ്സിൽനിന്ന് തെലുഗുലിപിയിൽ ഈ കൃതി അച്ചടിച്ചിട്ടുണ്ട്.
2. "അനർഘരാഘവാദ്യാങ്കേ സ്വാഹാകാരമിതീഹ ച
*പഞ്ചികാ*പി തഥൈവാഹ ന ജാനേ മഹതാം മതിം".
(*പ്രക്രിയാസർവസ്വം*, അനന്തശയന ഗ്രന്ഥാവലി, ഭാഗം 2, പേജ് 141).
3. "അനർഘരാഘവാഖ്യസ്യ നാടകസ്യ യഥാ മതി
കരോതി പഞ്ചികാം വിഷ്ണുർ മുക്തിനാഥസ്യ നന്ദനഃ"
(പേജ് 1).
4. ''ഇതി വിഷ്ണുവിരചിതായാമനർഘരാഘവപഞ്ചികായാം പ്രഥമോങ്കഃ", "ഇതി മുക്തിനാഥസൂനുവിഷ്ണുവിരചിതായാമനർഘരാഘവപഞ്ചികായാം തൃതീയോങ്കഃ"
5. *വിദ്യുല്ലത*യും *ഭക്തിമന്ദാകിനി*യും വാണീവിലാസത്തിൽ (ശ്രീരംഗം) നിന്നും ബാക്കി മുഴുവൻ തിരുവനന്തപുരത്തുനിന്നും പ്രസിദ്ധീകരിച്ചിട്ടുണ്ട്.
6. ''ഇതി പൂർണസരസ്വതീവിരചിതേ അനർഘരാഘവസ്യ ടിപ്പണേ സപ്തമോങ്കഃ"
7 "തദുക്തം പൂർണസരസ്വതിനാ അനർഘരാഘവവ്യാഖ്യാനേ – കവിരിഷ്ടദേവതാനമസ്കാരരൂപം മംഗലം കരോതി – നിഷ്പ്രത്യൂഹമിത്യാദി. അനേന നാടകാരംഭവിഹിതാം ദ്വാദശപദാം നാന്ദീം കവിഃ പ്രയുങ്ക്തേ ഇതി.......പൂർണസരസ്വതേരപി വചനം വ്യാഹതം.......മുരാരിനാടകവ്യാഖ്യാനേ പുനഃ കവിർ നാന്ദീം പ്രയുങ്ക്തേ ഇത്യവോചത്". (*അഭിജ്ഞാനശകുന്തളചർച്ച*, ഡോ. കെ. രാഘവൻപിള്ള പ്രസാധനം ചെയ്തത്, തിരുവനന്തപുരം, 1961, പേജ് 4, 5).
8. *മേഘസന്ദേശം സുമനോരമണീ*വ്യാഖ്യാനത്തോടുകൂടി; തിരുവനന്തപുരം ഹസ്തലിഖിതഗ്രന്ഥശാലാപ്രസിദ്ധീകരണം, 1946; ആമുഖവും ഒന്നാമനുബന്ധവും നോക്കുക.
9. "മയാ മന്ദേന രചിതാ പഞ്ചികേയം മനീഷിഭിഃ
ഉക്താനുക്തദുരുക്തജ്ഞൈഃ പ്രയത്നേന വിശോധ്യതാം"
10. ''സരസ്വതി എന്ന വാക്കിനെപ്പറ്റി'' എന്ന എന്റെ ലേഖനം നോക്കുക. (*വിജ്ഞാനകൈരളി*, ഒക്ടോബർ ലക്കം 1974).
11. കൂടുതൽ വിവരങ്ങൾക്ക് ഉള്ളൂരിന്റെ *കേരള സാഹിത്യചരിത്രം*, 1. പേജ് 188–190 നോക്കുക.
12. "തസ്യാത്മജോ വിഷ്ണുരലങ്കരിഷ്ണുഃ
കുലം പവിത്രൈരമലം ചരിത്രൈഃ
ഭൂതേശസേവാസുഖമാപ്തുകാമഃ
ശ്രൗതോ വിധിർമൂർത്ത ഇവാവിരാസീത്"
(ഉള്ളൂർ ഉദ്ധരിച്ചത്, അവിടെത്തന്നെ).
13. "യഃ സാകം ധർമപത്ന്യാ പരവയസി പരിത്യക്തസാംസാരി

കാശീഃ

കാശീമാസാദ്യ സദ്യഃ സൂരസരിദമൃതേ സംഗമയ്യാർപ്പിതാംഗഃ
പായം പായം പുരസ്താച്ഛിവപദനിഗളത്താരകബ്രഹ്മവിദ്യാ–
പീയൂഷം കർണപേയം നിരുപമസുഖദാം പ്രാപ കൈവല്യ
ലക്ഷ്മീം". (അവിടെത്തന്നെ).

14. "ചന്ദ്രനേത്രദ്വയക്ഷ്മാഭിഃ ശകകാലേ വിലോകിതേ
അമോഘരാഘവം കാവ്യമാവിരാസീദ് ദിവാകരാത്"
(അവിടെത്തന്നെ)

15. ഡോ. കുഞ്ചുണ്ണിരാജാ, *ദി കോൺട്രിബ്യൂഷൻ ഓഫ് കേരളാ ടു സാൻസ്ക്രിട്ട് ലിറ്ററേച്ചർ*, പേജ് 214.

(*വിജ്ഞാനകൈരളി,* 8. 12. മെയ് 1977)

-----

## 27. സംസ്കൃതത്തിലെ ബാലസാഹിത്യം

നിഷ്കൃഷ്ടമായ അർഥത്തിൽ ബാലസാഹിത്യശാഖ എന്നൊന്ന് സംസ്കൃതത്തിൽ ഇല്ലെന്നുവേണം പറയുക. എന്നാൽ ബാലസാഹിത്യത്തിൽ പെടുത്താവുന്ന പല കൃതികളും സംസ്കൃതത്തിൽ കാണാവുന്നതാണ്. ജന്തുകഥകൾ ബാലസാഹിത്യത്തിലെ പ്രസിദ്ധമായ ഒരിനമാണല്ലോ. ലോകസാഹിത്യത്തിനുതന്നെ ഇന്ത്യ നൽകിയ ജന്തുകഥാസമുച്ചയമാണ് *പഞ്ചതന്ത്ര-ഹിതോപദേശ*കഥകൾ. മിന്നാമിനുങ്ങിനെപ്പിടിച്ച് തീ കായാൻ ഒരുമ്പെട്ട മണ്ടനായ കുരങ്ങൻ സദ്ബുദ്ധിയുപദേശിക്കാൻ ചെന്ന പാവം സൂചിമുഖിയെ കൊന്നത്; ഇരയായ മുയൽ വന്നുകാണാത്തതിൽ കുപിതനായ സിംഹം ഒടുവിൽ കിണറ്റിൽ കാണുന്ന തന്റെ നിഴലിനോട് യുദ്ധം ചെയ്യാനൊരുങ്ങി അതിൽ ചാടി മരിക്കുന്നത്; താൻ കൊണ്ടുപോകുന്ന പശുക്കുട്ടി നായക്കുട്ടിയാണെന്ന് പോക്കിരികൾ പറഞ്ഞത് വിശ്വസിച്ച് വിഡ്ഢിയായ ബ്രാഹ്മണൻ അതിനെ ഉപേക്ഷിക്കുന്നത് – ഇങ്ങനെ ചിരിക്കാനും ചിന്തിക്കാനും ഭാവന വളർത്താനും ഉതകുന്ന എത്രയെത്ര കഥകളാണ് ആ സമുച്ചയത്തിൽ നീണ്ടുപരന്നു കിടക്കുന്നത്! ഉള്ളടക്കത്തിനൊത്ത് ആ കഥകളുടെ ഭാഷയും ലളിതവും ഋജുവുമായ സംസ്കൃതമാണ്. സംസ്കൃതം പഠിച്ചു തുടങ്ങുന്നവർക്ക് പറ്റിയതാണ് *പഞ്ചതന്ത്ര*ത്തിലെയും *ഹിതോപദേശ*ത്തിലെയും ഭാഷ.

പുരാണേതിഹാസങ്ങളുടെ ലളിതവും പ്രസന്നവുമായ സംക്ഷേപങ്ങളെ ബാലസാഹിത്യത്തിന്റെ കണക്കിൽപ്പെടുത്താം. രാമായണകഥ ഏറ്റവും അവക്രമായ ശൈലിയിൽ ചുരുക്കി പ്രതിപാദിക്കുന്ന *ശ്രീരാമോദന്തം* ഇക്കൂട്ടത്തിൽ മുന്നിൽ നിൽക്കുന്നു. ബാലന്മാരുടെ പ്രാഥമികപാഠ്യപുസ്തകമായി ഏറെക്കാലമായി ഉപയോഗിച്ചുവരുന്ന കൃതികളിൽ ഒന്ന് ഇതാണുതാനും.

> പുരാ വിശ്രവസഃ പുത്രോ
> രാവണോ നാമ രാക്ഷസഃ
> ആസീദ്, അസ്യാനുജൗ ചാസ്താം
> കുംഭകർണ്ണവിഭീഷണൗ

എന്നിങ്ങനെ വളരെ ലളിതമായ വിവരണങ്ങളിലൂടെയാണ് അതിൽ കഥ പറഞ്ഞു പോകുന്നത്. ഭാഗവതകഥ പ്രതിപാദിക്കുന്ന സുകുമാരകവിയുടെ *ശ്രീകൃഷ്ണവിലാസ*വും ഇവിടെ ഓർക്കാം. കുട്ടികൾക്ക് വളരെ ഇഷ്ടപ്പെടുന്ന ഭാവനാവിലാസം അതിൽ സർവത്ര കാണാം. ആദ്യഭാഗത്ത് സുമേരുപർവ്വതത്തെ വർണിക്കുന്ന

കൂട്ടത്തിലുള്ള ഒരു ശ്ലോകം നോക്കുക:

മിഥസ്തിരോഭാവവിലോകനാഭ്യാം
സംക്രീഡമാനാവിവ ബാലകൗ ദ്വൗ
പാർശ്വേഷു യസ്യാശു പരിഭ്രമന്തൗ
ചന്ദ്രാംശുമന്തൗ നയതോ ദിനാനി.

തമ്മിൽ ഒളിച്ചുകളിക്കുന്ന രണ്ടു കിടാങ്ങളെപ്പോലെ സുമേരുവിന്റെ പ്രാന്തങ്ങളിൽ ചന്ദ്രനും സൂര്യനും ചുറ്റിക്കറങ്ങിക്കൊണ്ട് ദിവസങ്ങളെ മുന്നോട്ടുനീക്കി എന്ന് ആശയം. നന്ദഗോപരുടെ ചുറ്റും അപ്രകാരം ക്രീഡിക്കുന്ന രാമകൃഷ്ണന്മാരെ നാമിതു പഠിക്കുമ്പോൾ ഓർത്തുപോകും.

പ്രസിദ്ധങ്ങളായ കാവ്യങ്ങളും നാടകങ്ങളും, കഥയുടെ കെട്ടുപിണിച്ചിലുകൾ വിടർത്തി വളച്ചുകെട്ടില്ലാത്ത രീതിയിൽ, പദ്യരൂപത്തിലോ ഗദ്യരൂപത്തിലോ സംക്ഷേപിച്ചുകൊണ്ടുള്ള കൃതികൾ സംസ്കൃതത്തിൽ കുറച്ചുണ്ട്. ഇവയെയും ബാലസാഹിത്യമായി ഗണിക്കുന്നതിൽ അപാകമില്ല. വിശാഖദത്തന്റെ *മുദ്രാരാക്ഷസ*മെന്ന അതിഗഹനവും സങ്കീർണ്ണവുമായ ഇതിവൃത്തമടങ്ങുന്ന നാടകത്തിന് മഹാദേവൻ *മുദ്രാരാക്ഷസനാടകകഥ* എന്ന പേരിൽ ഒരു ഗദ്യകഥാസംക്ഷേപമെഴുതിയിട്ടുണ്ട്. ഭവഭൂതിയുടെ *മാലതീമാധവ*മെന്ന പ്രകരണത്തിലെ സങ്കീർണ്ണമായ കഥ ഋജുവും ലളിതവുമായ ശൈലിയിൽ ഭിന്നവൃത്തങ്ങളിൽ സംക്ഷേപിച്ചിരിക്കയാണ്. പൂർണ്ണസരസ്വതിയുടെ *ഋജുലഘ്വി*യിൽ ഇങ്ങനെ ധാരാളം കൃതികളുണ്ട്.

പ്രഹേളികാപ്രായങ്ങളായ സമസ്യകൾ സംസ്കൃതത്തിലെ ബാലസാഹിത്യത്തെപ്പറ്റിയുള്ള ചർച്ചയിൽ അവശ്യം കടന്നുവരും. പ്രാദേശികഭാഷകളിൽ കടങ്കഥകൾക്ക് കൊടുക്കുന്ന സ്ഥാനം തന്നെ അവയിൽ പലതിനും കൊടുക്കാം. ഒന്നുരണ്ടുദാഹരണങ്ങൾ ഉദ്ധരിക്കുന്നു. നിങ്ങളുടെ മുമ്പിൽ ഇതാ കുറച്ചു ചോദ്യങ്ങൾ:

കഃ ഖേ ചരതി ? (ആരാണാകാശത്തിൽ സഞ്ചരിക്കുന്നത്?)
കാ രമ്യാ? (ആരാണ് സുന്ദരി?)
കിം ജപ്യം? (എന്താണ് ജപിക്കേണ്ടത്?)
കിം തു ഭൂഷണം? (ഏതാണലങ്കാരം?)
കോ വന്ദ്യഃ? (ആരാണ് വന്ദിക്കപ്പെടേണ്ടവൻ?)
കീദൃശീ ലങ്കാ? (എങ്ങനെയുള്ളതാണ് ലങ്ക?)

ഇത്രയും കൂട്ടിച്ചേർത്തു വായിച്ചാൽ അനുഷ്ടുപ്പുവൃത്തത്തിലുള്ള ഒരു ശ്ലോകത്തിന്റെ മൂന്നു വരികളാകും. ഇവയുടെയെല്ലാം ഉത്തരങ്ങളടങ്ങുന്ന ഒരൊറ്റ അനുഷ്ടുപ്പ്വരി വേണം. അതാണ്–

വീരമർക്കടകംപിതാ.

വിഃ (പക്ഷി), രമാ (ലക്ഷ്മി), ഋക് (ഋഗ്വേദം), കടകം (വള), പിതാ (അച്ഛൻ) – ഇവ ആദ്യത്തെ അഞ്ചു ചോദ്യങ്ങൾക്കുത്തരങ്ങൾ. ഒന്നിച്ചു ചേർത്താൽ (സംസ്കൃതത്തിലെ സന്ധിനിയമങ്ങളെല്ലാമോർക്കണം) നാലാം വരിയായി. അപ്പോൾ ആറാം ചോദ്യത്തിനുത്തരമോ? ആ വരി മുഴുവൻതന്നെ. വീരനായ

മർക്കടനാൽ (ഹനുമാൻ) കംപിത(ഇളക്കപ്പെട്ടത്)യാണല്ലോ ലങ്ക!

മറ്റൊരു പ്രഹേളികാപ്രായത്തിലുള്ള സമസ്യ:

'പിപീലികാ ദന്തിവരം പ്രസുതേ' (ഉറുമ്പ് കൊമ്പനാനയെ പ്രസവിക്കുന്നു) – ഇത് ഒരു ശ്ലോകത്തിന്റെ നാലാം വരിയാണ്. ബാക്കി മൂന്ന് വരികൾ പൂരിപ്പിക്കണം. ഇതുത്തരമായി വരികയും വേണം. എന്തു ചെയ്യും? ഇങ്ങനെയൊരുത്തരമെങ്ങനെ വരുത്തും? സാരമില്ല, മൂന്ന് ചോദ്യങ്ങളാക്കിയാൽ മതി.

> കഃ ഖാദതേ മൃത്യുഗതം ശരീരം?
> കം ഹന്തി സിംഹഃ പ്രകടപ്രഭാവഃ?
> കരോതി കിം വാ പരിപൂർണ്ണഗർഭാ?

(ആരാണ് ശവം തിന്നുന്നത്? അത്യന്തം വീര്യശാലിയായ സിംഹം ആരെ കൊല്ലുന്നു? ഗർഭം പൂർത്തിയായ സ്ത്രീ എന്തു ചെയ്യുന്നു?) ഉത്തരം യഥാക്രമം ഉറുമ്പ്; ഗജവീരനെ; പ്രസവിക്കുന്നു.

ഇങ്ങനെ രസകരങ്ങളായ എത്രയെത്ര വിദ്യകളുണ്ടെന്നോ സംസ്കൃതത്തിൽ!

അവസാനമായി ഒന്നെടുത്തു പറയാനുള്ളത്, ഏതു മികച്ച ബാലസാഹിത്യത്തെയുംപോലെ സംസ്കൃതത്തിലെ മേൽ ചൂണ്ടിക്കാട്ടിയ രീതിയിലുള്ള ബാലസാഹിത്യവും ബാലന്മാർക്കും മുതിർന്നവർക്കും ഒരുപോലെ രസിക്കുന്നവയാണെന്ന വസ്തുതയാകുന്നു.

(*തളിര്* വിശേഷാൽപ്രതി)

----

## 28. കാവ്യതേജസ്സുകളുടെ സർഗസൃഷ്ടികളിലൂടെ

1988-ലെ സാഹിത്യഅക്കാദമി അവാർഡ് നേടിയ പ്രൊഫ. കെ. പി. നാരായണപ്പിഷാരോടിയുടെ *കവിഹൃദയത്തിലേക്ക്* എന്ന ലേഖനസമാഹാരം മലയാളനിരൂപണസാഹിത്യത്തിന് കതിർക്കന മുറ്റ ഒരു മുതൽക്കൂട്ടാണെന്ന കാര്യത്തിൽ സംശയമില്ല.

ഭരതമുനിയുടെ *നാട്യശാസ്ത്ര*ത്തിന്റെ വിവർത്തനത്തിലൂടെയും കൂടിയാട്ടസാഹിത്യസമുച്ചയത്തിൽ പലതിന്റെയും പ്രസാധനത്തിലൂടെയും *കലാലോകം*പോലുള്ള സമാഹാരഗ്രന്ഥങ്ങളിലൂടെയും നമ്മുടെ സംസ്കൃതനാടകാഭിനയസമ്പ്രദായപഠനങ്ങൾക്ക് എതിരറ്റ സംഭാവന നൽകിയ പ്രൊഫ. നാരായണപ്പിഷാരോടി *നാരായണീയം, ശ്രീപാദസപ്തതി, ശ്രീകൃഷ്ണചരിതം മണിപ്രവാളം* മുതലായ കൃതികൾക്ക് വ്യാഖ്യാനം രചിച്ചും *കേശവീയം, മഹാത്യാഗി* തുടങ്ങിയ മലയാളകാവ്യങ്ങൾക്ക് സംസ്കൃതവിവർത്തനം തയ്യാറാക്കിയും ആറ്റൂർ, തുഞ്ചത്തെഴുത്തച്ഛൻ തൊട്ടുള്ളവരുടെ ജീവചരിത്രങ്ങളെഴുതിയും *ശ്രുതിമണ്ഡലം, മണിദീപം, കൂത്തമ്പലങ്ങളിൽ* മുതലായ പഠനസമാഹാരങ്ങൾ പ്രസിദ്ധപ്പെടുത്തിയും സംസ്കൃതത്തെയും മലയാളത്തെയും സമ്പുഷ്ടമാക്കാൻ ആത്മാർത്ഥമായി പരിശ്രമിച്ചുകൊണ്ടിരിക്കുന്ന വസ്തുത കൃതജ്ഞതാദരങ്ങളോടെ ആരും സ്മരിക്കാതിരിക്കുകയില്ല. മറ്റ് പല വിശിഷ്ടപുരസ്ക്കാരങ്ങളും ലഭിച്ച പ്രൊഫ. പിഷാരോടിക്ക് പുതുതായി കൈവന്ന ഈ സമ്മാനം വൈകിവന്ന മറ്റൊരംഗീകാരം മാത്രമാണ്. പതിനഞ്ച് പ്രബന്ധങ്ങളുടെ സമാഹാരമാണ് *കവിഹൃദയത്തിലേക്ക്.* പേര് സൂചിപ്പിക്കുന്നതുപോലെ എല്ലാം കവിതാസംബന്ധികളാണ്; കവികളെസ്സംബന്ധിക്കുന്നവയാണ്. ആദ്യത്തെ ലേഖനങ്ങളിൽ തുഞ്ചത്തെഴുത്തച്ഛനാണ് കേന്ദ്രബിന്ദു. 'ഹരിഃ ശ്രീഗണപതയേ നമഃ' എന്നു തുടങ്ങുന്ന അക്ഷരമാല ഏർപ്പെടുത്തുക. എഴുത്തു പഠിപ്പിക്കുവാൻ ഒരു ക്രമം നിശ്ചയിക്കുക, വായന ശീലിപ്പിക്കുവാൻ ചില കീർത്തനങ്ങളും സ്തോത്രങ്ങളും നിർമ്മിക്കുക, സംഗീതത്തിലും സാഹിത്യത്തിലും സൽക്കഥകളിലും അഭിരുചി ജനിപ്പിക്കുവാൻ കിളിപ്പാട്ടുകളുണ്ടാക്കുക, കൂട്ടത്തിൽ ധർമ്മബോധം, ഭക്തി, തത്ത്വജ്ഞാനം, സംസ്കൃതഭാഷാപരിചയം എന്നിവ ജനങ്ങളിൽ അധികമധികം പ്രചരിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക എന്നിങ്ങനെ ബഹുമുഖങ്ങളായ പ്രയത്നങ്ങൾ വഴി കേരളീയ ജനതയ്ക്ക് എന്നെന്നും ആരാധ്യനായ മഹാത്മാവ് എന്ന

നിലയിൽ എഴുത്തച്ഛനെ പരിചയപ്പെടുത്തുന്നതാണ് പ്രഥമപ്രബന്ധം. പുതിയ തലമുറയ്ക്ക് പരിചയമില്ലാത്ത പല കാര്യങ്ങളും ഗ്രന്ഥകാരൻ ഇവിടെ അവതരിപ്പിക്കുന്നുണ്ട്. ആ നിലയ്ക്കുള്ള അവയുടെ പ്രാധാന്യം എടുത്തുപറയത്തക്കതാണുതാനും. എന്നാൽ *ഗണാഷ്ടകം, മുകുന്ദാഷ്ടകം* പോലുള്ള സ്തോത്രങ്ങൾ തുഞ്ചത്തെഴുത്തച്ഛനാണ് രചിച്ചത് എന്ന കേട്ടുകേൾവിയും മറ്റും ചരിത്രപരമായി എത്രത്തോളം ശരിയാണ് എന്ന് ഒന്നുകൂടി ചിന്തിക്കേണ്ടതുണ്ട്. ഭാഷയിൽ എഴുത്തച്ഛൻ വരുത്തിയ പരിവർത്തനങ്ങൾ വിവരിക്കുന്നതാണ് രണ്ടാമത്തെ ലേഖനം. സാഹിത്യഭാഷയെ സാധാരണജനങ്ങളുടെ സംസാരഭാഷയോട് കൂടുതൽ അടുപ്പിക്കുക, അതിനുള്ളൊരുപായമായി കിളിപ്പാട്ട് എന്ന ഒരപൂർവ വസ്തുവെത്തന്നെ സാക്ഷാത്കരിക്കുക, ഭാഷാസാഹിത്യത്തിന്റെ മുഖച്ഛായയ്ക്കുതന്നെ മാറ്റം വരുത്തുക, ഭക്തിഭാവംകൊണ്ട് നമ്മുടെ സാഹിത്യത്തിനാകെ പുതിയൊരു ജീവൻ കൊടുക്കുക എന്നിവയാണ് പ്രൊഫ. പിഷാരോടി എഴുത്തച്ഛൻ വരുത്തിയ പരിവർത്തനങ്ങളിൽ പ്രധാനമായി ചൂണ്ടിക്കാട്ടുന്നത്. "കഥയ്ക്കു കഥ, വർണ്ണനത്തിനു വർണ്ണന, വിവിധങ്ങളായ രസഭാവങ്ങളുടെ അഭിവ്യഞ്ജനം, തത്ത്വോക്ത്യുപബൃംഹിതങ്ങളായ സ്തോത്രരത്നങ്ങൾ, സന്ദർഭാനുഗുണങ്ങളായ ശബ്ദാർഥാലങ്കാരങ്ങൾ, കുട്ടികളെപ്പോലും ആകർഷിക്കാൻ കെൽപ്പുറ്റ ചൈതന്യധന്യമായ സുന്ദരഭാഷ, ശാലീനമായ സംഗീതഭംഗി എല്ലാം ഒത്തിണങ്ങിയ തുഞ്ചത്താചാര്യപാദരുടെ *രാമായണ*വും *മഹാഭാരത*വും കേരളത്തിന് അത്യുന്നതങ്ങളായ ദീപസ്തംഭങ്ങൾതന്നെയാണ് – ഏഴും പതിനെട്ടും തട്ടുള്ള രണ്ട് ദീപസ്തംഭങ്ങൾ; അക്ഷരപ്രകാശം പരക്കെ വീശുന്ന രണ്ടു ദീപസ്തംഭങ്ങൾ; ആധ്യാത്മികസൗരഭം പരത്തുന്ന അത്യത്ഭുതദീപസ്തംഭങ്ങൾ!" എന്ന സംക്ഷിപ്തമായ വിലയിരുത്തൽ ശ്രദ്ധേയമാണ്. 'നിത്യനൂതനമായ ഭക്തികാവ്യം' എന്ന അടുത്ത പ്രബന്ധം *അധ്യാത്മരാമായണം കിളിപ്പാട്ടി*ന്റെ സുവിസ്തൃതമായൊരു നിരൂപണമാണ്. പ്രൗഢവും വിജ്ഞാനപ്രദവുമായ ആ ലേഖനത്തിൽ സംസ്കൃതത്തിലും പ്രാദേശികഭാഷകളിലും വിശേഷിച്ച് മലയാളത്തിൽ എഴുത്തച്ഛന്റെ കാലംവരെയുണ്ടായ രാമായണകൃതികളും *രാമായണം കിളിപ്പാട്ടും* തമ്മിലുള്ള ബന്ധം വ്യക്തമാക്കിയിരിക്കുന്നു. *അധ്യാത്മരാമായണ*ത്തിന്റെ വെറുമൊരു വിവർത്തനം മാത്രമാണ് കിളിപ്പാട്ട് എന്ന പൊതുധാരണ എത്രമേൽ അടിസ്ഥാനരഹിതമാണ് എന്ന് ഗ്രന്ഥകാരൻ സ്പഷ്ടമായി തെളിയിക്കുന്നുണ്ട്. *വാല്മീകിരാമായണം, ഭോജചമ്പു, രഘുവംശം, ആശ്ചര്യചൂഡാമണി, കമ്പരാമായണം, രാമചരിതം, രാമകഥപ്പാട്ട്, കണ്ണശ്ശരാമായണം* തുടങ്ങി എഴുത്തച്ഛന്റെ കാലത്തിന് മുമ്പ് കേരളത്തിൽ പ്രചാരമുണ്ടായിരുന്ന രാമായണകൃതികളുടെയെല്ലാം സാരാംശങ്ങൾ ത്യാജ്യഗ്രാഹ്യവിവേകത്തോടെ സ്വീകരിച്ച്, മുഖ്യമായും *അധ്യാത്മരാമായണ*ത്തെ അവലംബിച്ച് ആദ്യന്തം ഭക്തിരസാമൃതപ്രവാഹത്തിൽ അനുവാചകന്മാരെ മുഴുകിക്കുമാറ്

കേരളഭാഷയിൽ പാടി പ്രചരിപ്പിച്ച നിത്യനൂതനമായ ഒരു ഭക്തി കാവ്യമാണ് എഴുത്തച്ഛന്റെ *അധ്യാത്മരാമായണം* എന്നാണ് ആ വിശിഷ്ടപ്രബന്ധത്തിന്റെ ചുരുക്കം. ഗവേഷകവിദ്യാർഥികൾക്ക് ചിന്തിക്കാൻ വകയുള്ള ചില കാര്യങ്ങളും ആ പ്രബന്ധത്തിലു ണ്ടെന്ന് സൂചിപ്പിക്കട്ടെ. *ഭാഗവത*വിവർത്തനങ്ങളെക്കുറിച്ചുള്ള നാലാമത്തെ ലേഖനത്തിലും എഴുത്തച്ഛന്റെ *ഭാഗവതം കിളിപ്പാട്ട്* ചർച്ചാവിഷയമാകുന്നുണ്ട്. *കണ്ണശ്ശഭാഗവതം, കൃഷ്ണഗാഥ, പുറ യന്നൂർ* നമ്പൂതിരിപ്പാടിന്റെ *ദശമം കിളിപ്പാട്ട്* എന്നിങ്ങനെ ദശമ സ്കന്ധത്തിന്റെ മാത്രം വിവർത്തനങ്ങൾ, സമ്പൂർണഭാഗവതവി വർത്തനമായ എഴുത്തച്ഛന്റെ *ഭാഗവതം കിളിപ്പാട്ട്* ഇത്രയും പ്രാചീനപരിഭാഷകൾ; നവീനന്മാരായ കൊടുങ്ങല്ലൂർ കൊച്ചുണ്ണി ത്തമ്പുരാൻ, പെരുമനം കൃഷ്ണയ്യർ, മുഴങ്ങോട്ടുവിള കൃഷ്ണപി ള്ള, ഭക്തകവിതിലകം ടി. എസ്സ്. തിരുമുമ്പ് എന്നിവരുടെ വിവർത്ത നങ്ങൾ – ഇങ്ങനെ എട്ട് കൃതികളുടെ വിവരണാത്മകവും താരത മ്യാത്മകവുമായ പഠനമാണ് പ്രസ്തുതപ്രബന്ധം. പഴയൊരു ഭാഗ വതഗദ്യവിവർത്തനത്തെയും അതിൽ പരാമർശിക്കുന്നുണ്ട്. "കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ *മഹാഭാരത*തർജ്ജ മയ്ക്കും വള്ളത്തോളിന്റെ *വാല്മീകിരാമായണം* തർജ്ജമയ്ക്കും തുല്യമായി *ശ്രീമഹാഭാഗവത*ത്തിനും ഒരു വൃത്താനുവൃത്ത തർജ്ജമയുണ്ടായെന്നു നമുക്ക് അഭിമാനിക്കാറായത് തിരുമുമ്പിന്റെ തർജ്ജമ വന്നപ്പോഴാണ് എന്നിങ്ങനെ അക്കൂട്ടത്തിൽ തിരുമു മ്പിന്റെ *ഭാഗവത*വിവർത്തനത്തിനുള്ള വൈശിഷ്ട്യം പ്രൊഫ. പിഷാരോടി എടുത്തുകാണിക്കുന്നത് ശ്രദ്ധേയമാണ്. പ്രസ്തുത ലേഖനത്തിന്റെ ഉപസംഹാരം ഈ ആഗ്രഹപ്രകടനത്തോടുകൂടി യാണ്. ഇനി വേറൊരുതരം വിവർത്തനംകൂടി ഉണ്ടാവേണ്ടതു ണ്ടെന്ന് ഞാൻ കരുതുന്നു. ഒരു ഗദ്യവിവർത്തനം തന്നെ. പദ്യം വായിച്ചു മനസ്സിലാക്കാനോ രസിക്കാനോ താത്പര്യം കുറഞ്ഞവ രാണ് ഇന്നത്തെ ആളുകൾ മിക്കവാറും. നല്ല ലളിതമലയാളഗദ്യ ത്തിൽ ഒരു നോവൽ വായിക്കുമ്പോലെ വായിക്കാൻ പറ്റിയ ഒരു ഗദ്യവിവർത്തനത്തിന്റെ ആവശ്യം *ഭാഗവത*ത്തെ സംബന്ധിച്ചിട ത്തോളം ഇന്നും ഉണ്ട്. മൂലത്തിലെ യാതൊരംശവും വിട്ടുകളയാ തെ, അധികമൊന്നും കൂട്ടിച്ചേർക്കാതെ, വിവരണം വേണ്ട ദിക്കിൽ വ്യക്തമായി വിവരിച്ചുകൊണ്ടുള്ള ഒരു ഗദ്യവിവർത്തനം ഇപ്പോൾ ആവശ്യമാണ്. കാലോചിതമായി അത്തരം ഒരു വിവർത്തനവും കൂടി അടുത്തകാലത്തുതന്നെ ഉണ്ടായിക്കാണാനുള്ള ഭാഗ്യം നമു ക്കുണ്ടാവട്ടെ.

കുഞ്ചൻനമ്പ്യാരെ കേന്ദ്രബിന്ദുവാക്കിക്കൊണ്ടുള്ളവയാണ് അടുത്ത രണ്ടു പ്രബന്ധങ്ങൾ. *ശ്രീകൃഷ്ണചരിതം* മണിപ്രവാള ത്തിന്റെ ഒരു സമഗ്രപഠനവും തുള്ളലിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ നമ്പ്യാരെക്കുറിച്ചുള്ളൊരു വിലയിരുത്തലുമാണ് അവ. സവ്വലക്ഷണസമ്പന്നമായ ഒരു മഹാകാവ്യമാണ് *ശ്രീകൃഷ്ണച രിതം* എന്ന് തെളിയിക്കുന്നുണ്ട് ഗ്രന്ഥകാരൻ. "ചാക്യാന്മാർക്ക്

മേല്പത്തൂർ ഭട്ടതിരി പ്രബന്ധങ്ങൾ എഴുതിക്കൊടുത്തതുപോലെ കുഞ്ചൻനമ്പ്യാർ പടയണിക്കാർക്ക് തുള്ളൽക്കഥകൾ എഴുതിക്കൊടുക്കുക മാത്രമേ ചെയ്തിട്ടുണ്ടാവുള്ളൂ" എന്ന നിരീക്ഷണം ഗവേഷകശ്രദ്ധയർഹിക്കുന്ന ഒന്നാണ്.

*നളിനി, ലീല* എന്നീ ആശാൻകവിതകളുടെ അവലോകനങ്ങളാണ് അടുത്ത രണ്ടു ലേഖനങ്ങൾ. ഉള്ളൂരിന്റെ ഗവേഷണം, ഉള്ളൂരും സംസ്കൃതവും എന്നീ പ്രബന്ധങ്ങൾ അതതു വിഷയങ്ങളിൽ വേണ്ടത്ര വെളിച്ചം വീശാൻ പര്യാപ്തങ്ങളാണ്. വള്ളത്തോൾക്കവിതയിലെ ശൈശവഭംഗികളെ ആസ്വദിക്കുന്ന അടുത്ത ലേഖനത്തെത്തുടർന്ന്, കഥാപാത്രങ്ങളുടെ കൂടെനിന്നുകൊണ്ട് വള്ളത്തോൾ സ്വന്തം കൃതികളിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭങ്ങൾ എടുത്തുകാട്ടുന്ന പ്രബന്ധമാണ്. വള്ളത്തോളിന്റെ പരിഭാഷകളാണ് പിന്നീടുള്ള ലേഖനത്തിന്റെ വിഷയം. "*ഋഗ്വേദം* വിവർത്തനം ചെയ്യാൻവേണ്ടി അവതരിച്ച മഹാപുരുഷനായിരുന്നു വള്ളത്തോളെന്നും അതുവരെയുള്ള പ്രയത്നങ്ങളെല്ലാം *ഋഗ്വേദ*വിവർത്തനത്തിനുള്ള തയ്യാറെടുപ്പു മാത്രമായിരുന്നുവെന്നും" ഉള്ള തന്റെ തോന്നൽ ഗ്രന്ഥകാരൻ അവിടെ ഉചിതമായി രേഖപ്പെടുത്തുന്നുണ്ട്. "വള്ളത്തോളിന്റെ വിവർത്തനഗ്രന്ഥങ്ങളിൽവെച്ച് പ്രഥമസ്ഥാനം *വാല്മീകിരാമായണ*ത്തിനും ഉത്തമസ്ഥാനം *ഋഗ്വേദ*ത്തിനുമാണ്" എന്ന അദ്ദേഹത്തിന്റെ നിഗമനം യുക്തിയുക്തമാണെന്ന് ആരും അഭിപ്രായപ്പെടും.

ജി.യുടെ *വിശ്വദർശനം, തിരഞ്ഞെടുത്ത കവിതകൾ* എന്നിവയുടെ ലഘുനിരൂപണങ്ങളോടുകൂടി *കവിഹൃദയത്തിലേക്ക്* എന്ന ലേഖനസമാഹാരം സമാപിക്കുന്നു.

(*സാഹിത്യലോകം,* ജൂലൈ–ആഗസ്റ്റ് 1989)

-----

## 29. പൂർവഭാരതചമ്പു

മാനവേദന്റെ കാലം ക്രി. പി. 1585 മുതൽ 1658 വരെയാണെന്ന് പൊതുവിൽ കരുതപ്പെടുന്നു. അപ്പോൾ 'പാപോദ്യല്ലാലസോയ' (*പൂർവഭാരതചമ്പു*, 1. 16) എന്ന കലിസൂചനയനുസരിച്ച് 1643–ൽ, അതായത് ഗ്രന്ഥകാരന്റെ 58–ാം വയസ്സിൽ ആണ് *പൂർവഭാരത ചമ്പു* എഴുതിയതെന്നു കണക്കാക്കാം. പിന്നെയും 9 വർഷം കഴിഞ്ഞാണ് *കൃഷ്ണഗീതി* നിർമ്മിക്കുന്നത്. ഇതിൽ നിന്നൂഹി ക്കേണ്ടത് ഈ കൃതികൾക്കുമുൻപും മാനവേദൻ അനേകം ഗ്രന്ഥ ങ്ങൾ രചിച്ചിരിക്കണമെന്നാണ്. പക്ഷേ അവയെപ്പറ്റി നമുക്ക് പറയ ത്തക്ക വിവരമൊന്നുമില്ല. തന്റെ ഗുരുനാഥനായ ആനായത്തു കൃഷ്ണപ്പിഷാരടിയിൽനിന്ന് വ്യാകരണം പഠിച്ചതിനുശേഷം ആ ശാസ്ത്രത്തിൽ തനിക്കു ലഭിച്ച അവഗാഢമായ പാണ്ഡിത്യം അദ്ദേ ഹത്തെ അറിയിക്കുന്നതിനുവേണ്ടി യൗവനാരംഭത്തിൽ രചിച്ച താണ് *പൂർവഭാരതചമ്പു*വെന്ന ഐതിഹ്യത്തിന്റെ വസ്തുസ്ഥിതി സംശയാസ്പദമാണെന്നും ഇവിടെ ഓർമ്മിക്കാവുന്നതാണ്.

*പൂർവഭാരതചമ്പു* അപൂർണ്ണരൂപത്തിൽ (5. 22 വരെ) 1907–ൽ കേരളഗ്രന്ഥമാലയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. 1968–ൽ കേരളസർവകലാശാലാഹസ്തലിഖിതഗ്രന്ഥാലയത്തിൽനിന്ന് ടി. എസ്. എസ്. 209–ാം നമ്പറായി *കൃഷ്ണീയം* എന്ന *ടിപ്പണി*യോടു കൂടി പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ചു. കവിയുടെ ഗുരുനാഥൻ തന്നെയാണ് *ടിപ്പണി*കാരനെന്നാണ് പൊതുവിലുള്ള അഭിപ്രായം. സാമൂതിരിമാരുടെ ഗുരുക്കന്മാർ ദേശമംഗലം വാരിയന്മാരാ യിരുന്നുവെന്ന കാരണത്താൽ, മാനവേദഗുരുവായ കൃഷ്ണൻ ദേശമംഗലത്തു കൃഷ്ണവാരിയരാകാമെന്ന് വടക്കുംകൂർ പിൽക്കാ ലത്ത് (*കേരളസാഹിത്യചരിത്രം – ചർച്ചയും പൂരണവും*, ഒന്നാം ഭാഗം, പേജ് 424) പറഞ്ഞിട്ടുണ്ടെങ്കിലും അത് ശരിയല്ല. അശോക നിലയ(തിരുവേഗപ്പുറ)ത്തിലെ ദേവതയെയാണ് വ്യാഖ്യാനാരംഭ ത്തിൽ സ്തുതിക്കുന്നത്.

> അശോകനിലയാവാസി തേജോമൂർത്തിത്രയാത്മകം
> സച്ചിദാനന്ദമദ്വൈതം ചിത്തസീമനി ഭാവയേ. (പേജ് 1)

ദേശമംഗലക്കാരുടെ ദേവത അല്ല; സ്ഥലവും അല്ല, മാത്ര മല്ല, ആനായത്തു പിഷാരടിമാർക്കും സാമൂതിരിമാരുടെ ഗുരുസ്ഥാ നമുള്ളതായി അറിയാം.

*പൂർവഭാരതചമ്പു* പന്ത്രണ്ടു സ്തബകങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. വിദ്വത്സമ്മതമെന്നു താൻ പ്രകീർത്തിക്കുന്ന അനന്തഭട്ടന്റെ *ഭാരതചമ്പു*വിലും പന്ത്രണ്ടു സ്തബകങ്ങൾ തന്നെയാണുള്ളത്. അനന്തഭട്ടൻ തുടങ്ങുന്നിടത്ത് മാനവേദൻ അവസാനിപ്പിക്കുന്നു. അതായത് *പൂർവഭാരതചമ്പു*വിൽ പ്രതിപാദിക്കുന്നത് സംഭവപർവത്തിലെ കഥ മാത്രമാണ്. ഒന്നാം സ്തബകത്തിൽ ആദ്യത്തെ പന്ത്രണ്ടു പദ്യങ്ങൾകൊണ്ട് വ്യാസൻ, ഗണപതി, സരസ്വതി, ശ്രീകൃഷ്ണൻ, ഗുരുവായ കൃഷ്ണൻ (ആനായത്തു കൃഷ്ണപ്പിഷാരടി), തളിയിൽ ശിവൻ, തിരുവളയക്കാട്ട് ഭദ്രകാളി, വാലിശ്ശേരി വേട്ടയ്ക്കൊരു മകൻ, കരിമ്പുഴ ശ്രീരാമൻ, ഗുരുവായൂരപ്പൻ, തളിപ്പറമ്പത്ത് (പെരിഞ്ചെല്ലൂർ) ശിവൻ, തിരുവേഗപ്പുറ ശിവൻ (വിഷ്ണുവും) എന്നിവരെ സ്തുതിക്കുകയാണ്. ഒരു ശ്ലോകം മാത്രം ഉദ്ധരിക്കാം:

ഉദാരചൂഡാധൃതസത്കലാപാ
സർവ്വാംഗരംഗദ്വിലസത്കലാപാ
സ്ഥലീനിലീനാ കുലദേവതാ മേ
മലീമസം മാനസമാപുനാതു (പേജ് 6)

കുലപരദേവതയായ തളിയിൽ ശിവനോട് തന്റെ മനസ്സിനെ പവിത്രീകരിക്കുവാൻ അപേക്ഷിക്കുകയാണ് കവി. ഇവിടെ കലാപ-രംഗദ്വിലസത് കലാപ-ശബ്ദങ്ങളുടെ ശ്ലേഷം കൊണ്ട് കൃഷ്ണനെക്കൂടി സൂചിപ്പിക്കുന്നത് ശ്രദ്ധേയമാണ്. ശിരസ്സിൽ ചന്ദ്രക്കല ധരിച്ചവൻ, മയിൽപ്പീലി ചൂടിയവൻ, സർവാംഗങ്ങളിലും ഇഴഞ്ഞുനടക്കുന്ന സർപ്പങ്ങളോടുകൂടിയവൻ, സർവാംഗങ്ങളിലും ശോഭിക്കുന്ന നല്ല അലങ്കാരങ്ങളോടുകൂടിയവൻ എന്നിങ്ങനെ അർത്ഥയോജന.

തുടർന്ന് 13 മുതൽ 16 വരെ പദ്യങ്ങളിൽ അമ്മാമനായ മാനവിക്രമൻ സാമൂതിരിയുടെ അപദാനങ്ങൾ പ്രകീർത്തിക്കുന്നു. 17-ാം പദ്യത്തിൽ *ഭാരതചമ്പു*വിന്റെ പൂർവപീഠികയായാണ് താൻ പ്രസ്തുതകൃതി രചിക്കുന്നതെന്ന് പറയുന്നു.

18-ാം ശ്ലോകത്തിലെ അത്രിനേത്രപ്രഭവനായ ചന്ദ്രന്റെ വർണനയോടുകൂടിയാണ് കഥാരംഭം. അഗസ്ത്യഭട്ടന്റെ *ബാലഭാരത*ത്തിന്റെ തുടക്കത്തെ കവി ഇവിടെ അനുകരിക്കുന്നതായി തോന്നുന്നു. വംശനാമത്തിന് കാരണഭൂതനായ ചന്ദ്രന്റെ ഉത്ഭവത്തെപ്പറ്റി പറഞ്ഞതിനുശേഷം ബുധൻ, പുരൂരവസ്സ്, ആയുസ്സ്, നഹുഷൻ, യയാതി എന്നിവരുടെ ഉത്പത്തി ഉപന്യസിക്കുന്നു.

*മഹാഭാരത*ത്തിലെ യയാത്യുപാഖ്യാനമാണ് പിന്നീട് വിസ്തരിച്ചു വിവരിക്കുന്നത്. രണ്ടും മൂന്നും സ്തബകങ്ങളിൽ ഇതേ കഥ തുടരുന്നു. കചനെ രണ്ടാമതും കൊന്ന് പൊടിച്ച് കടലിൽ കലക്കിയെന്ന് ചമ്പുവിൽ വിവരിച്ചത് ഇതിഹാസത്തിൽ ഇല്ല. തുടർന്നുള്ള ദുരന്തങ്ങൾക്കെല്ലാം കാരണം തന്റെ മദ്യപാനശീലമാണല്ലോ എന്നോർത്ത് ശുക്രൻ മദ്യപാനത്തിൽനിന്ന് വിരമിക്കുന്നു. തുടർന്ന് ഇതിഹാസത്തിൽ ബ്രാഹ്മണൻ സുരാപാനം നടത്തരുതെന്നേ

ശുക്രൻ വിധിക്കുന്നുള്ളൂ. ചമ്പുവിലാകട്ടെ മദ്യത്തിന്റെ ദോഷങ്ങളെണ്ണിപ്പറയുകയും ആരും തന്നെ മദ്യപാനം നടത്തരുതെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

ശുക്രന്റെ മദ്യപനിന്ദയിൽ നിന്നൊരു ഭാഗം:

കൃത്യാക്രാന്ത ഇവ സ്വരാൻ വികുരുതേ
ജല്പത്യനല്പം വൃഥാ
കൃത്യാകൃത്യവിചാരവീതഹൃദയഃ കഷ്ടം സദാ
ചേഷ്ടതേ
കിഞ്ചാപത്തിമതർക്കിതാംച ലഭതേ മാദൃന്നയം മദ്യപഃ
സർവാവദ്യദമദ്യ താവദപരം കിം വിദ്യതേ മദ്യതഃ
ശസ്ത്രം വസ്ത്രമപീഹ നോ ഗണയതി സ്രസ്തം
ഭൃശം നിസ്ത്രപഃ
ഷ്ഠീവ്യത്യാശു പതത്യപഷ്ഠുരവനൗ ജാഹസ്യ–
മാനോ ജനൈഃ
കുപ്യന്നപ്യകുതോഹസൻ ബത രുദൻ ബംഭ്രമ്യതേ
ചോദ്വമൻ
കിം കിം വാ ന കരോതി മത്തഹൃദയോ ഹാ ഹാ സ
ഹാലാപിബഃ (1. 65, 66)

മദ്യപൻ പിശാചബാധയുണ്ടായാലത്തെപ്പോലെ ശബ്ദത്തെ വികൃതമാക്കുന്നു. പലപാട് പുലമ്പുന്നു, ചെയ്യേണ്ടതും ചെയ്യരുതാത്തതും തിരിച്ചറിയാനവാതെ എന്തൊക്കെയോ ചെയ്യുന്നു; നിനച്ചിരിക്കാത്ത അപകടങ്ങൾ നേരിടുന്നു; സകല ദോഷങ്ങളുമുളവാക്കുന്നതാണ് മദ്യം. മദ്യപന്റെ കൈയിൽനിന്ന് ആയുധം വീഴുന്നു; ഉടുമുണ്ടഴിയുന്നു. ലജ്ജയില്ലാതെ കണ്ടമാനം തുപ്പിക്കൊണ്ടിരിക്കുന്നു. ആളുകളുടെ പരിഹാസത്തിന് പാത്രമായി നിലയുറയ്ക്കാതെ നിലത്തു വീഴുന്നു. കാരണമില്ലാതെ ക്രോധിക്കുകയും ചിരിക്കുകയും കരയുകയും ചെയ്യുന്നു; ഛർദ്ദിക്കുന്നു. ചുറ്റി നടക്കുന്നു. മദ്യം കഴിച്ച് മത്തുപിടിച്ചവൻ എന്തൊക്കെയാണ് ചെയ്യാത്തത്!

ശർമ്മിഷ്ഠ കാട്ടിലെ പൊട്ടക്കിണറ്റിൽ തള്ളിയിട്ട ദേവയാനിയെ അതിൽനിന്നു കരകയറ്റിയ യയാതിയോട് അവൾ പ്രണയാഭ്യർഥന നടത്തുന്നതും പ്രഥമദർശനത്തിൽത്തന്നെ ശർമ്മിഷ്ഠയോട് യയാതിക്ക് അനുരാഗം തോന്നിയതായി സൂചിപ്പിക്കുന്നതുമൊന്നും മൂലകഥയിൽ ഇല്ലാത്തവയാണ്. അതുകൊണ്ടുതന്നെ ശുക്രശാപം ഭയന്ന്, ആയിരം ദാസികളോടുകൂടി ദേവയാനിയുടെ ദാസിയായിക്കൊള്ളണമെന്ന അച്ഛന്റെ അഭ്യർഥന സ്വീകരിച്ച് ദേവയാനിയോട് വിനയപൂർവം ദാസ്യമേൽക്കുന്ന ശർമ്മിഷ്ഠ, മേലാൽ അവളെ വിവാഹം കഴിക്കാൻ പോകുന്ന യയാതിയെ താൻ വശീകരിക്കുമെന്ന അർഥമുൾക്കൊള്ളുമാറ് ഇങ്ങനെ പറയുന്നത് സമുചിതമായിട്ടുണ്ട്.

നിത്യാഭിയുക്തഃ പ്രിയമേവ തേ ജനഃ
സർവാത്മനാപ്യേഷ വശീകരിഷ്യതേ

സത്യാപയാമ്യേവ ഭവാദൃശേ ജനേ
കോ വാന്യഥാകർത്തുമിഹാഭിവാഞ്ഛതി (2. 58)

"ഇന്ദ്രിയങ്ങളെ വശീകരിച്ച ഞാൻ സർവാത്മനാ നിനക്ക് പ്രിയം ചെയ്തുകൊള്ളാമെന്ന് സത്യം ചെയ്യുന്നു. നിന്നെപ്പോലുള്ളവരോട് മറിച്ച് ചെയ്യുവാൻ ആരാണാഗ്രഹിക്കുക?" എന്നാണീ ശർമ്മിഷ്ഠാവാക്യത്തിന്റെ വാച്യാർഥം. വ്യംഗ്യമായി, "നിന്റെ പ്രിയനെത്തന്നെ ഞാൻ സർവാത്മനാ വശീകരിക്കുന്നുണ്ട്'' എന്ന അർഥവും തോന്നുന്നു.

തന്റെ ഭർത്താവ് ദാസിയായ ശർമ്മിഷ്ഠയിൽ രഹസ്യാനുരാഗം പുലർത്തുന്നുവെന്നുമാത്രമല്ല, അദ്ദേഹത്തിന് അവളിൽ മൂന്നു മക്കൾ കൂടിയുണ്ടായിരിക്കുന്നുവെന്നറിഞ്ഞ ദേവയാനി അദ്ദേഹത്തെ ഉപേക്ഷിച്ച് അച്ഛന്റെ അടുത്തെത്തി വിവരം ധരിപ്പിക്കുന്നു. പുത്രീവത്സലനായ ശുക്രൻ യയാതി ജരാബാധിതനാവട്ടെ എന്ന് ശപിക്കുന്നു. ആചാര്യനോട് ശാപമോക്ഷത്തിന്നപേക്ഷിക്കുന്ന രാജാവിന്റെ ഈ വാക്യം മാനവേദന്റെ ഫലിതപ്രയോഗത്തിന് തെളിവാണ്:

സമസ്തവസ്തൂനി നിരർത്ഥയന്ത്യാ
ശാപോത്ഥയാ തേ ജരയാരയേണ
സിതത്വമാപ്തസ്യ മമാദ്യ പുത്ര്യാം
കഥം നു സന്മാർഗ്ഗരതേ രതിഃ സ്യാത് (3. 28)

"എല്ലാ വസ്തുക്കളെയും പ്രയോജനശൂന്യമാക്കുന്ന, അങ്ങയുടെ ശാപം വരുത്തിവെച്ച ഈ ജര കൊണ്ട് വെളുത്ത എനിക്ക് എങ്ങനെയാണ്, സന്മാർഗതല്പരനായ അല്ലയോ ആചാര്യാ!, അങ്ങയുടെ മകളിൽ രതിയുണ്ടാവുക?" എന്ന് വാച്യാർഥം. സിതത്വം (ശുക്രത്വം) പ്രാപിച്ച സന്മാർഗതല്പരനായ എനിക്ക് പുത്രിയിൽ (ശുക്രപുത്രിയിൽ) എങ്ങനെയാണ് രതിയുണ്ടാവുക? എന്ന് ആന്തരാർഥം. അതിനാൽ സിതത്വഹേതുവായ ജര മാറിക്കിട്ടുവാൻ അനുഗ്രഹിക്കണമെന്ന് താല്പര്യം.

പൂരു പൗഷിയെ വിവാഹം കഴിക്കുന്നതും അവർക്ക് പ്രവീരൻ എന്ന പുത്രനുണ്ടാകുന്നതുമായ കഥയോടുകൂടി നാലാം സ്തബകം ആരംഭിക്കുന്നു. പിന്നീട് ക്രമത്തിൽ നമസ്യു, സുഭ്രു, സുമ്വൻ, യവീയാൻ, രുദ്രാശ്വൻ, ഋചേപു, അന്തിനാരൻ, ത്രസ്നു എന്നീ രാജാക്കന്മാരാണ് വരുന്നത്. *മഹാഭാരത*ത്തിലെ പേരുകളിൽനിന്ന് നേരിയ വ്യത്യാസങ്ങൾ ചമ്പുവിൽ കാണുന്നുണ്ട്. ഇവരുടെ പേർ പറഞ്ഞുപോവുകയേ ചെയ്യുന്നുള്ളൂ. ത്രസ്നുവിന് കാളിന്ദിയിൽ ഇളിളൻ ജനിക്കുന്നു. ഇളിളന്റെ പുത്രനാണ് ദുഷ്യന്തൻ. തുടർന്ന് നമുക്ക് ശാകുന്തളകഥയുടെ സവിസ്തരവിവരണം ലഭിക്കുന്നു. ഇവിടെ മൂലകഥയിൽനിന്ന് ചെറിയ ചില വ്യതിയാനങ്ങൾ ചമ്പൂകാരൻ വരുത്തിയിട്ടുണ്ട്. ഇതിഹാസത്തിൽ ശകുന്തള ഒറ്റയ്ക്കാണ് ദുഷ്യന്തനെ സ്വീകരിക്കുന്നത്. ചമ്പുവിൽ അനസൂയ, പ്രിയംവദ എന്നീ തോഴിമാരുമുണ്ട്. സ്വഭാവികമായും മൂലത്തിൽ ശകുന്തളയ്ക്കുതന്നെ തന്റെ ജനനകഥ പറയേണ്ടിവരുന്നു. മേനകാവിശ്വാ

മിത്രസമാഗമകേന്ദ്രിതമായ ആ കഥ പ്രിയംവദയെക്കൊണ്ടാണ് ചമ്പൂകാരൻ പറയിക്കുന്നത്. അഞ്ചും ആറും സ്തബകങ്ങൾ ശകുന്തളയ്ക്കുവേണ്ടി നീക്കിവെച്ചിരിക്കുന്നു. ശബ്ദാർഥഭംഗികളൊത്തിണങ്ങുന്ന ഒട്ടേറെ ഭാഗങ്ങൾ ഈ പ്രകരണത്തിൽ കാണാം.

വിശ്വാമിത്രന്റെ തപസ്സ് മുടക്കാൻ ഇന്ദ്രൻ ആജ്ഞാപിച്ചതു കേട്ടപ്പോഴത്തെ മേനകയുടെ അവസ്ഥ വർണിക്കുന്നതു നോക്കുക:

ഇതി രഹസി മഘോനോ വാചാമേനാമഘോനാം
തദനു നിശമയന്തീ സാ ഭൃശം നിഃശ്വസന്തീ
മുഹുരപി ബഹുമന്യൂ കൗശികൗ തൗ സ്മരന്തീ
വ്യമൂഹദുഭയഭാഗവ്യാപ്തദാവാ മൃഗീവ. (5. 9)

(ഇപ്രകാരം ഏകാന്തത്തിൽ ഇന്ദ്രന്റെ പാപരഹിതമായ വാക്കു കേട്ട് നെടുവീർപ്പിട്ടുകൊണ്ട് അവൾ അതിക്രുദ്ധന്മാരായ ആ കൗശികന്മാരെ – ഇന്ദ്രനേയും വിശ്വാമിത്രനേയും – ഓർമ്മിച്ചുകൊണ്ട്, ഇരുഭാഗത്തുനിന്നും കാട്ടുതീ പടർന്നടുക്കുന്നതു കാണുന്ന മാൻപേടയെപ്പോലെ, ഇതികർത്തവ്യതാമൂഢയായി നില കൊണ്ടു)

വർഷങ്ങൾ കഴിഞ്ഞിട്ടും തന്നെ കൂട്ടിക്കൊണ്ടുപോകാൻ ആളെ പറഞ്ഞയയ്ക്കാതിരിക്കുമ്പോൾ, വിരഹിണിയായ ശകുന്തള സ്മരിക്കുകയാണ്:

സാ കാന്തിഃ സ പ്രഭാവഃ സ ച വിനയഭരഃ
                    സാ ച സൗശീല്യനിഷ്ഠാ
തേ വാ ലീലാകടാക്ഷാസ്തദപി ച ഹസിതം
                    സാ ച സല്ലാപരീതിഃ
സാ വാ നൈപുണ്യമുദ്രാ സ ഖലു മധുരിമാ താ
                    രഹഃകേളയോ വാ
ഹൃദ്യാദദ്യാപ യായാന്മതിരിഹ ദയിതസ്യാസ്യ
                    കസ്മാദ് ഗുണാന്മേ. (6. 3)

(ആ സൗന്ദര്യം, ആ പ്രഭാവം, ആ വിനയാധിക്യം, ആ സൗശീല്യാതിശയം, ആ ലീലാകടാക്ഷങ്ങൾ, ആ പുഞ്ചിരി, ആ സല്ലാപരീതി, ആ നിപുണത, ആ മാധുര്യം, ആ ഏകാന്തകേളികൾ – പ്രിയതമന്റെ ഹൃദ്യങ്ങളായ ഈ ഗുണങ്ങളിൽ ഏതിൽനിന്നാണ് എന്റെ മനസ്സ് വിട്ടുപോവുക!) ബാഹ്യങ്ങളും അന്യാവധേയങ്ങളുമായ ഗുണങ്ങളിൽനിന്ന് സ്വാനുഭൂത്യൈകവിഷയങ്ങളായ ഗുണങ്ങളിലേക്കുള്ള ശകുന്തളാചിന്തയുടെ അനുക്രമഗമനം എത്ര ആലോചനാമധുരമായിരിക്കുന്നു!

ഏഴാം സ്തബകം ആരംഭിക്കുന്നത് ഭരതചരിതത്തോടെയാണ് ഏറെക്കാലം കഴിഞ്ഞിട്ടും മക്കളില്ലാതെ വന്നപ്പോൾ ഭരതചക്രവർത്തി ബൃഹസ്പതിക്ക് മമതയിലുണ്ടായ അവിഹിതപുത്രനായ ഭരദ്വാജനെ മകനായി വരിക്കുന്നു. തുടർന്ന് ഭൂമന്യു, സുഹോത്രൻ, ഹസ്തി, വികഞ്ജനൻ, അജമീഢൻ, ഋക്ഷൻ, സംവരണൻ എന്നീ രാജാക്കന്മാരെപ്പറ്റിയുള്ള ലഘുപരാമർശങ്ങളാണ്. സംവരണന് സൂര്യപുത്രിയായ തപതിയിൽ അനുരാഗം ജനിക്കുന്നതും

വസിഷ്ഠന്റെ സഹായത്തോടെ അത് വിവാഹത്തിൽ കലാശിക്കുന്നതുമായ കഥാഭാഗം സാമാന്യം ദീർഘമായി വിവരിക്കുന്നു.

എട്ടാം സ്തബകത്തിൽ കുരു, അശ്വവാൻ, പരീക്ഷിത്, ജനമേജയൻ, ഭീമസേനൻ, പ്രതീപൻ എന്നീ രാജാക്കന്മാരെയാണ് തുടർന്ന് പരാമർശിക്കുന്നത്.

പിന്നെ വരുന്നത് ശന്തനുവിന്റെ കഥയാണ്. ഗംഗാപരിണയം, ദേവവ്രതജനനം, പരാശര–സത്യവതീസമാഗമവും വ്യാസോത്പത്തിയും, ഭീഷ്മപ്രതിജ്ഞയും സത്യവതീ–ശന്തനുവിവാഹവും, ചിത്രാംഗദവിചിത്രവീര്യന്മാരുടെ ജനനം, ചിത്രാംഗദമരണം, വിചിത്രവീര്യനുവേണ്ടി ഭീഷ്മരുടെ ബലാത്കാരമായ അംബാംബികാംബാലികാവരണം എന്നീ പ്രസിദ്ധകഥകൾ എട്ടാം സ്തബകത്തിന്റെ ബാക്കി ഭാഗത്തും ഒമ്പതാം സ്തബകത്തിലുമായി വിസ്തരിച്ചു പ്രതിപാദിക്കുന്നു.

പത്തും പതിനൊന്നും സ്തബകങ്ങൾ അംബോപാഖ്യാനത്തിനായി നീക്കിവെച്ചിരിക്കയാണ്. ഇവിടെ പരശുരാമനെ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ കൊടുത്തിട്ടുള്ള ദശാവതാരവർണ്ണനം (10. 22–48) മാനവേദകവിയുടെ സംക്ഷേപചാതുരിക്ക് നല്ലൊരു നിദർശനമാണ്. അന്തിമസ്തബകത്തിൽ വിചിത്രവീര്യൻ രാജയക്ഷ്മാവ് പിടിച്ച് അനപത്യനായി മരിക്കുന്നതും അംബിക, അംബാലിക എന്നിവരിൽ സത്യവതിയുടെ അഭ്യർഥനയനുസരിച്ച് വ്യാസൻ, ധൃതരാഷ്ട്രൻ, പാണ്ഡു എന്നിവരെയും അംബികയുടെ ദാസിയിൽ വിദുരനെയും ജനിപ്പിക്കുന്നതുമായ കഥകൾ വിവരിക്കുന്നു.

തിരുവേഗപ്പുറ ശിവനെ (വിഷ്ണുവെയും) സ്തുതിക്കുന്ന പദ്യത്തോടെ *പൂർവഭാരതചമ്പു* സമാപിക്കുന്നു.

മുകളിൽ ഉദ്ധരിച്ച ചില ശ്ലോകങ്ങളിൽനിന്നുതന്നെ മാനവേദന്റെ പാണ്ഡിത്യപ്രധാനമായ രചനാശൈലി വ്യക്തമായിരിക്കും. ഊർണ്ണനൂഷ്ഠഃ (മറയ്ക്കുവാൻ ആഗ്രഹിക്കുന്നവൻ), പ്രഹി (കിണർ), തോയപ്രതി (കുറച്ചു വെള്ളം), സാഹുഷീ (സഹിച്ചവൾ), കൂപപ്രം (കിണർ നിറയ്ക്കുന്നത്), സ്ഫിരം (വർധിച്ചത്), ശുഭായുഃ (ശുഭാന്വിതൻ), ആര്യഹലം (ബലാത്കാരമായി) മുതലായ അപൂർവപദങ്ങൾ ചമ്പുവിൽ വിരളമല്ല.

ചന്ദ്രിക, പ്രമുദിതവദന, പ്രിയംവദ, വിദ്യുന്മാല, മണിഗണനികരം, സുമുഖി, അനംഗക്രീഡ തുടങ്ങി മിക്കവാറും വൃത്തശാസ്ത്രഗ്രന്ഥങ്ങളിൽമാത്രം നിലനിൽക്കുന്ന പല വൃത്തങ്ങളും മാനവേദചമ്പുവിൽ പ്രയോഗിച്ചിട്ടുള്ളത് കാണാം.

ചമ്പുവിലെ ഗദ്യം പ്രായേണ പ്രൗഢഗംഭീരവും ബാണഭട്ടാദികളുടെ ശൈലിയെ ഓർമ്മിപ്പിക്കുമാറ് ശബ്ദശ്ലേഷാദിബഹുലവും ആണ്. സംവരണനെ വർണിക്കുന്ന ഒരു ഗദ്യഭാഗം ഉദ്ധരിക്കാം: ''ശത്രുനികരശൗര്യശിഖരിശാതനശതധാരധുരന്ധരോദ്ദണ്ഡദോർദ്ദണ്ഡമുഷ്ടികുണ്ഡസന്ധുക്ഷിതകൗക്ഷേയകാശുശുക്ഷണിവഷട്കൃതബഹുക്ഷതജഘ്യതോക്ഷിതവിപക്ഷമാഹീക്ഷിതമൂണ്ഡതണ്ഡാഭിധപുരുപുരോഡാശപ്രതിപദോക്തസമരാധ്വരാക്ഷീ

ണദീക്ഷഃ, മൃത്യുഞ്ജയധനഞ്ജയാവിവ പ്രകടിതാഹീനഭൂതിരാജീ, നാരായണരാവണാവിവ പരമഹിതദാനവാരി, വൃദ്ധശ്രവാ ഇവ വർധിതാവിപക്ഷോപി വർധിതവിപക്ഷഃ, ആകാശ ഇവ രാജഹംസാ ശ്രിതഃ, രാജഹംസ ഇവ മാനസംഗതഃ, മാനസമിവ ഗുരുതരതരോ ഭൃത്......... ധരാധിരാജമാനോപ്യധരാധിരാജമാനഃ, സുമിത്രാനന്ദനോപി ന ലക്ഷ്മണഃ, ലക്ഷ്മണോപി ന സുമിത്രാന ന്ദനഃ, സുദർശനധരോപി ന വിഷ്വക്സേനഃ, വിഷ്വക്സേനോപി ന വിഷ്വക്സേനഃ, വിഷ്വക്സേനോപി ന സുദർശനധരഃ, ................. നൃത്തശാലാസൂക്തിനർത്തകീനാം ദുഗ്ധമകരാകരഃ സദ്ധർമ്മസുധാകരസ്യ ഏകാന്തവിനോദനസ്ഥാനം സാമ്രാജ്യല ക്ഷ്മ്യാഃ............ അപരനൃപദുരാപതരാപാരഗുണപുരവിസ്മായിത വിശ്വലോകഃ സ വിശ്വംഭരാധീശ്വരകാശാവലിനികാശൈരാശാവല യകൂലങ്കഷൈരുരുയശോരാശിഭിരഖിലമചലാതലമചചകാസത്" (പേജ് 246–8) ശത്രുസമൂഹത്തിന്റെ ശൗര്യമാകുന്ന പർവതത്തെ പിളർക്കുന്ന വജ്രത്തിന്റെ ഭാരം വഹിക്കുന്ന ഭയങ്കര കരദണ്ഡ മുഷ്ടിയാകുന്ന കുണ്ഡത്തിൽ ജ്വലിക്കുന്ന അഗ്നിയിൽ ഹോമിക്ക പ്പെട്ട ധാരാളം രക്തമാകുന്ന നെയ് തളിച്ച ശത്രുരാജസമൂഹത്തിന്റെ തലകളായ ഒട്ടേറെ പുരോഡാശത്തോടൊപ്പം ഉച്ചരിക്കപ്പെട്ട സമര യജ്ഞത്തിൽ തളരാത്ത ദീക്ഷയെടുത്തിരിക്കുന്നവനാണ് സംവര ണൻ. അയാൾ ശിവനെയും അഗ്നിയെയും പോലെ പ്രകടിതാഹീ നഭൂതിരാജിയാണ് – ശിവപക്ഷത്തിൽ പ്രദർശിപ്പിക്കപ്പെട്ട സർപ്പ സമൂഹത്തോടും ഭസ്മരാജിയോടും കൂടിയവൻ, അഗ്നിപക്ഷത്തിൽ പ്രദർശിപ്പിക്കപ്പെട്ട ഒട്ടേറെ ഭസ്മരാശിയോടുകൂടിയവൻ, രാജപക്ഷത്തിൽ, പ്രകാശിപ്പിക്കപ്പെട്ട ധാരാളം സമ്പത്തോടുകൂടി യവൻ, വിഷ്ണുവിനെയും രാവണനെയും പോലെ പരമഹിതദാ നവാരിയാണ് – വിഷ്ണുപക്ഷത്തിൽ, ഏറ്റവും ഇഷ്ടരായ ദേവന്മാ രോടുകൂടിയവൻ, രാവണപക്ഷത്തിൽ ഏറ്റം ശത്രുത്വമാർന്ന ദേവ ന്മാരോടുകൂടിയവൻ, രാജപക്ഷത്തിൽ ധാരാളം ധനംകൊണ്ടു ശ്രേഷ്ഠമായ ദാനസമൂഹത്തോടുകൂടിയവൻ, ഇന്ദ്രനെപ്പോലെ വർധിതാവിപക്ഷൻ (ഇന്ദ്രപക്ഷത്തിൽ, ഖണ്ഡിക്കപ്പെട്ട പർവതച്ചി റകുകളോടുകൂടിയവൻ, രാജപക്ഷത്തിൽ ഏറെ ബന്ധുക്കളോടു കൂടിയവൻ) എങ്കിലും വർധിതവിപക്ഷൻ (നശിപ്പിക്കപ്പെട്ട ശത്രു ക്കളോടുകൂടിയവൻ) ആണ്. ആകാശത്തെപ്പോലെ രാജഹംസാ ശ്രിതൻ (ആകാശപക്ഷത്തിൽ, ചന്ദ്രസൂര്യന്മാരാൽ ആശ്രയിക്കപ്പെ ട്ടവൻ, രാജപക്ഷത്തിൽ രാജശ്രേഷ്ഠന്മാരാൽ ആശ്രയിക്ക പ്പെട്ടവൻ) ആണ്. രാജഹംസ(അരയന്നം)ത്തെപ്പോലെ മാനസംഗ തൻ (പക്ഷിപക്ഷത്തിൽ, മാനസസരസ്സിനെ പ്രാപിച്ചവൻ, രാജപ ക്ഷത്തിൽ, മാനത്തോട് സംഗതൻ – മാനമുള്ളവനെന്നർഥം) ആണ്. മാനസ(മനസ്സ്)ത്തെപ്പോലെ ഗുരുതരതരോഭൃത്ത് (മനഃപക്ഷത്തിൽ, അതിവിപുലമായ വേഗത്തോടുകൂടിയവൻ, രാജപക്ഷത്തിൽ, അതി വിപുലമായ ബലത്തോടുകൂടിയവൻ) ആണ്. ധരാധിരാജമാനൻ (ധരയിൽ – ഭൂമിയിൽ – അധികം രാജിക്കുന്നവൻ – ശോഭിക്കുന്ന

വനെങ്കിലും കീഴ്പ്പെടുത്തപ്പെട്ട ചക്രവർത്തിമാരോടുകൂടിയ വൻ; സുമിത്രാനന്ദനനെങ്കിലും ലക്ഷ്മണനല്ല; സുമിത്രാനന്ദനനെ ങ്കിലും ലക്ഷ്മണനല്ല; സുദർശനധരനെങ്കിലും ചക്രം ധരിച്ചവൻ; രാജപക്ഷത്തിൽ നല്ല ദർശനങ്ങൾ – ശാസ്ത്രങ്ങൾ – പഠിച്ചവൻ) എങ്കിലും വിഷ്വക്സേനൻ (വിഷ്ണു) അല്ല. വിഷ്വക്സേനൻ (ചുറ്റും സേനയോടുകൂടിയവൻ) എങ്കിലും സുദർശനധരൻ (സുദർശനം ധരിച്ചവൻ) അല്ല. സൂക്തികളാകുന്ന നർത്തകികൾക്കു നൃത്തശാലയാണ്; നല്ല ധർമമാകുന്ന ചന്ദ്രനു പാൽക്കടലാണ്; സാമ്രാജ്യലക്ഷ്മിക്ക് ഏകാന്തവിശ്രമസ്ഥാനമാണ് ഇങ്ങനെ മറ്റു രാജാക്കന്മാർക്ക് എത്തിപ്പിടിക്കാനാവാത്ത അപാരങ്ങളായ ഗുണങ്ങൾകൊണ്ട് സകലജനങ്ങളെയും വിസ്മയിപ്പിച്ച ആ ചക്രവർത്തി വെൺനുരകൾക്കു തുല്യവും ദിക്ചക്രവാളങ്ങളിൽ കര കവിഞ്ഞൊഴുകുന്നതുമായ വിപുലമായ കീർത്തിസമൂഹത്താൽ ഭൂതലത്തെ മുഴുവൻ ആവോളം പ്രകാശിപ്പിച്ചു.

"പിടിച്ചുവിട്ട മട്ടായിത്തുടർന്നു പല സംഗതി ഉരയ്ക്കുന്ന" ഏകാവലി ഇത്തരം ശബ്ദാലങ്കാരനിബിഡമായ *പൂർവഭാരതചമ്പു*വിൽ ഒട്ടല്ല. ദണ്ഡകഗദ്യത്തിൽനിന്നൊരു ഭാഗം നോക്കുക: "തദനു ച നിബിഡതരരുചിനികരരുചിരതരചികുരഭരപരിചലിതനിഖിലജനധൈര്യാ, തരുണതരശിശിരകരസദൃശലസദളികധൃതതിലകവരലളിതതരലക്ഷ്മീഃ, ശരദുദിതസരസിരുഹസദൃശതരനയനയുഗപരിശമിതശഫരവരശോഭാ..." (പേജ് 311).

തന്റെ വ്യാകരണപാണ്ഡിത്യം ഗുരുവിനെ ബോധ്യപ്പെടുത്തുവാനാണ് മാനവേദൻ പ്രസ്തുതചമ്പു നിർമിച്ചതെന്ന ഐതിഹ്യത്തിന്റെ വസ്തുസ്ഥിതി എന്തായാലും കവിയുടെ വ്യാകരണപാണ്ഡിത്യം നിറഞ്ഞുവിളങ്ങുന്ന ഒരു കൃതിയാണതെന്ന കാര്യത്തിൽ സംശയമില്ല. വ്യാഖ്യാഗമ്യമായ അത്തരം സന്ദർഭങ്ങൾ സുധികൾക്കുത്സവമാകാമെങ്കിലും ദുർമേധസ്സുകളെ കുഴയ്ക്കുന്നവതന്നെ! ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം:

ശിഖണ്ഡിക്കു പുംസ്ത്വം ലഭിച്ചതിനെക്കുറിച്ച്,

"യദേഷ യജ്ഞസേനജഃ സമസ്തകർമധാരയഃ
അലബ്ധപുംസ്ത്വമാദൃതം തദത്ര യുജ്യതേ പരം" (11. 91)

സമസ്തകർമങ്ങളും നടത്തുന്ന ഈ ശിഖണ്ഡി ആദരണീയമായ പുംസ്ത്വത്തെ പ്രാപിച്ചുവെന്നത് തികച്ചും ഉചിതംതന്നെയെന്നർഥം. "പുംവത്കർമധാരയജാതീയദേശീയേഷു" (6. 3. 42) എന്ന പാണിനീയസൂത്രമനുസരിച്ച് കർമധാരയസമാസത്തിന് പുംവദഭാവം യുക്തംതന്നെ എന്ന വ്യാകരണതത്ത്വം സ്ഫുരിക്കുന്നുണ്ട്.

സർവദമനനും രാക്ഷസന്മാരും തമ്മിലുള്ള പോരിന് സാക്ഷ്യം വഹിച്ച സ്ഥലത്തിന്റെ അവസ്ഥ:

പാതം പാതം ക്ഷതജജലധൗ തത്ര നാനദ്യമാനാ
പായം പായം ഭരിതകുതുകം തച്ച മാമദ്യമാനാ
ഖാദം ഖാദം പലലശകലം ഭൂരി മോമുദ്യമാനാ
ഗായം ഗായം വിവൃതദശനം നൃത്തമേതേ വിതേനുഃ (5. 82)

അവിടെ ഈ പിശാചസംഘങ്ങൾ ചോരക്കടലിൽ മുങ്ങിമുങ്ങി ഏറെ ആർത്തുവിളിച്ചുകൊണ്ടും നിറഞ്ഞ സന്തോഷത്തോടെ ആ ചോര കുടിച്ചുകുടിച്ച് അങ്ങേയറ്റം മദിച്ചുകൊണ്ടും ഇറച്ചിക്കഷ്ണം തിന്നുതിൽ മതിമറന്ന് ആഹ്ലാദിച്ചുകൊണ്ടും പല്ലിളിച്ചുകാട്ടി പാടിപ്പാടി നൃത്തം വെച്ചു. ഇവിടത്തെ അനായാസാനീതങ്ങളായ ആഭീക്ഷ്ണ്യാർഥത്തിലുള്ള ണമുല്പ്രയോഗങ്ങളും പൗനഃപുന്യ–ഭൃശാർഥങ്ങളിലുള്ള യങന്തപ്രയോഗങ്ങളും കവിയുടെ ശബ്ദശാസ്ത്രാവഗാഹം വിളിച്ചോതുന്നു.

ദാസിയായ ശർമിഷ്ഠയോടുള്ള യയാതിയുടെ അവിഹിതബന്ധങ്ങളിൽ ക്രുദ്ധയായ ദേവയാനി പറയുകയാണ്:

ശശാങ്കവംശജനുഷോ നാഹുഷേരുചിതം തവ
പ്രേഷ്യയാ യദ് രതിം പ്രാജ്ഞ! പ്രച്ഛന്നം സംപ്രയച്ഛസേ
(3. 17)

ദാസിയുമായുള്ള 'ഒളിസേവ' ചന്ദ്രവംശജനായ യയാതിക്കു ചേർന്നതുതന്നെ എന്നാണവൾ പറയുന്നത്. 'പ്രേഷ്യായൈ' എന്നു ചതുർഥി വേണ്ടിടത്ത് 'പ്രേഷ്യയാ' എന്നു തൃതീയ പ്രയോഗിച്ചിരിക്കുന്നു. 'അശിഷ്ടവ്യവഹാരേ ദാണഃ പ്രയോഗേ ചതുർഥ്യർഥേ തൃതീയാ' എന്ന വാർത്തികം ഇവിടെ അനുസന്ധാനം ചെയ്യേണ്ടതാണ്. "ദാണശ്ച സാ ചേച്ചതുർഥേ" (1. 3. 55) എന്ന പാണിനീയസൂത്രമനുസരിച്ച് 'സംപ്രയച്ഛസേ' എന്ന് ആത്മനേപദപ്രയോഗം.

സാല്വൻ അംബയെച്ചൊല്ലി ക്രുദ്ധനായി പരിഹാസസ്വരത്തിൽ ഭീഷ്മനോടു പറയുന്നു:

"രേ രേ ഗാംഗേയ! രാജ്ഞാം ഗണമിഹ തൃണവത്
കല്പയന്നേവ ദർപ്പാ–
ദന്യാ യേനൈവ കന്യാത്രിതയമപഹരൻ
ഭോക്ഷ്യസേ കിം നു മന്യേ?
സ്വന്താ നൈഷാ തവാശാരിപുമദജലധി–
പ്ലോഷണാപൂർവരാമഃ
കന്യാർഥീ പാർഥിവേന്ദ്രഃ സ്വയമിഹ യദസാ–
വഭ്യയാത് സാല്വരാജഃ" (9. 119)

എടോ ഭീഷ്മാ! രാജാക്കന്മാരെ മുഴുവൻ തൃണവദ്ഗണിച്ച് ഗർവിയന്ന് അന്യായമായി മൂന്നു കന്യകമാരെയും കട്ടുകൊണ്ട്, 'ഞാനനുഭവിക്കു'മെന്നു നീ കരുതുകയാണോ? നിന്റെ ഈ ആശ നല്ലതിനല്ല. ശത്രുമദക്കടൽ ദഹിപ്പിക്കുന്ന അപൂർവരാമനായ സാല്വരാജനിതാ, കന്യാർഥിയായി സ്വയമിവിടെ വന്നണഞ്ഞിരിക്കയാണ്.

"പ്രഹാസേ ച മന്യോപപദേ മന്യതേരുത്തമ ഏകവച്ച" (1. 4. 106) എന്ന പാണിനീയസൂത്രപ്രകാരം പരിഹാസപ്രയോഗമാകയാൽ ഇവിടെ 'ഭോക്ഷ്യേ' എന്ന ഉത്തമപുരുഷാർഥത്തിൽ 'ഭോക്ഷ്യസേ' എന്നു മധ്യമപുരുഷനും 'മന്യസേ' എന്നു മധ്യമപുരുഷാർഥത്തിൽ 'മന്യേ' എന്ന് ഉത്തമപുരുഷനും പ്രയോഗിച്ചിരിക്കുന്നു.

പൂരുവിൽനിന്നു ജര തിരിച്ചുവാങ്ങുകയും താരുണ്യത്തോടൊപ്പം രാജ്യഭാരവും അയാളെ ഏൽപ്പിക്കയും ചെയ്തുകൊണ്ട് യയാതി പറയുന്നു:

പൂരോ പുത്രീ ത്വയാസ്മിന്നജനിഷി ജനുഷി
പ്രീതിമാൻ പ്രാപ്നുഹീദം

പൂരോ പുത്രീ ത്വയാസ്മിന്നജനിഷി ജനുഷി
പ്രീതിമാൻ പ്രാപ്നുഹീദം
താരുണ്യം ത്വം വരേണ്യം ദ്രുതമയി ജഗതാം
പൂജ്യ! രാജ്യേന സാകം
വ്യുത്ക്രാന്തൗ മാസ്തു ശങ്കാ തദഖിലജഗതീം
പാഹി പാഹീതി പാഹി
പ്രാജ്ഞൈ രാജ്ഞോ ഗുരൂണാമിഹ ഭുവനതലേ
വത്സ! മീമാംസ്യതേ കിം? (3. 42)

പൂരോ! ഈ ജന്മത്തിൽ ഞാൻ നിന്നെക്കൊണ്ട് സൽപുത്രവാനും പ്രീതിമാനുമായിരിക്കുന്നു. വരേണ്യമായ ഈ താരുണ്യത്തെ ലോകാദരണീയമായ രാജ്യത്തോടൊപ്പം പ്രാപിച്ചാലും! ക്രമലംഘനത്തിൽ ശങ്ക വേണ്ട. ലോകം മുഴുവൻ നന്നായി രക്ഷിച്ചാലും! മോനേ! ഗുരുകല്പനയെക്കുറിച്ച് ബുദ്ധിമാന്മാർ ആലോചിക്കാറുണ്ടോ?

"ക്രിയസമഭിഹാരേ ലോട്, ലോടോ ഹിസ്വൗ വാ ച തധ്വമോഃ" (പാ. 3. 4. 2), "ക്രിയാസമഭിഹാരേ ദ്വേ വാച്യേ" (വാ.), "യഥാവിധ്യനുപ്രയോഗഃ പൂർവസ്മിൻ" (പാ. 3. 4. 4) എന്നീ വ്യാകരണനിയമങ്ങളനുസരിച്ചാണ് ഈ ശ്ലോകത്തിലെ "പാഹി പാഹീതി പാഹി" എന്ന പ്രയോഗം.

ശകുന്തള രാജകൊട്ടാരത്തിൽ ചെന്ന് തന്നെ മറന്ന ദുഷ്യന്തനോട് ക്രുദ്ധയായി പറയുകയാണ്:

"ഭോ ഭോ ധർമാധ്വവിധ്വംസന! കപടമതേ! കാശ്യപ–
സ്യാശ്രമാന്തേ
കർത്തും പ്രാഗ് യൗവരാജ്യേ മമ തനയമഹോ! സാധു
സന്ധാം വിധേഹി
ഗാന്ധർവാഖ്യം വിവാഹം നുഹി പരിണയ മാം പ്രേഷണം
സംഗിരസ്വ
പ്രേഷ്യാണാം സ്ഥാപയാസ്മാനുടജ ഇതി ഭവാൻ നാകരോത്
തത്ര കിം കിം?"

(അല്ലയോ ധർമമാർഗനാശകാ! കപടബുദ്ധേ! കണ്വാശ്രമത്തിൽവെച്ച് എന്റെ മകനെ യുവരാജാവാക്കുമെന്നു ശപഥം ചെയ്തു; ഗാന്ധർവവിവാഹത്തെ സ്തുതിച്ചു; എന്നെ പരിണയിച്ചു; ഭൃത്യരെ അയയ്ക്കാമെന്ന് വാഗ്ദാനം ചെയ്തു; എന്നെ ആശ്രമത്തിൽത്തന്നെ താമസിപ്പിച്ചു – അങ്ങനെ എന്തെന്തെല്ലാം അങ്ങ് ചെയ്തില്ല?)

ഇവിടത്തെ വിധേഹി, നുഹി, പരിണയ, സംഗിരസ്വ, സ്ഥാപയ ഇതി അകരോത് എന്ന പ്രയോഗം "സമുച്ചയേന്യതരസ്യാം" (3. 4. 3), "സമുച്ചയേ സാമാന്യവചനസ്യ" (3. 4. 5) എന്നീ പാണിനീയ സൂത്രങ്ങളനുസരിച്ചുള്ളതാണ്.

ഇത്തരം ദുർലഭങ്ങളായ വ്യാകരണപ്രയോഗങ്ങൾ *പൂർവഭാരതചമ്പു*വിൽ കുറവല്ല. പൊതുവിൽ കേരളീയസംസ്കൃതകവികളുടെ ശ്ലോകങ്ങളിൽ കണ്ടുവരാറുള്ള യതിഭംഗമെന്ന ദോഷത്തിൽ

നിന്ന് പ്രസ്തുതകൃതിയും മുക്തമല്ല. ഒരുതരം നിരങ്കുശത്വമാണ് അവർ ഇക്കാര്യത്തിൽ പ്രദർശിപ്പിച്ചുപോരുന്നത്. ലക്ഷ്യങ്ങളുടെ ആധിക്യം നിമിത്തം ഇതൊരു ദോഷമല്ലെന്നുവരെ പറയാവുന്ന സ്ഥിതിയിലായിട്ടുണ്ട്. ഈ വഴിക്ക് നമ്മുടെ പൂർവികരും ചിന്തിച്ചു തുടങ്ങിയിട്ടുണ്ടെന്നതിന് ചമ്പുവിന്റെ *ടിപ്പണി* തെളിവു തരുന്നു:

"ഗോത്രാദാനാദിലോലാത് പരബലവിനിഹന്തുസ്സദാനന്ദനോത്കാത്" (4. 7) എന്ന ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ *ടിപ്പണി*കാരൻ പറയുന്നു: "നന്വത്ര സ്രഗ്ധരാവൃത്തേ കഥം യതി: കഥം ത്രിമുനി യതിയുതാ. അത്ര തു 'പരബലവിനിഹന്തു'രിത്യത്ര യതിഃ സാ പദ മധ്യസ്ഥാ. അത്ര *വൃത്തരത്നാകര*വ്യാഖ്യാ *കവിചിന്താമണിഃ* – നനു യതിഃ പദച്ഛേദഃ, പദാവസാനം തത് കഥം പദമധ്യേ സ്യാത് പദമധ്യസ്യ പദത്വാഭാവാത് ഇതി ബ്രൂമഃ. ശ്രവണോദ്വേഗഭാവാഭാവാനുവിധായിനൗ ഹി യതിഭംഗാഭംഗൗ. തത ഏകമപി പദം ദ്വിധാ വിഭജ്യ പൂർവഭാഗ ഏകം പദമിതി കല്പ്യതേ. ഉത്തരഭാഗോപി തഥാ. അതഃ പദമധ്യേപി യത്യാ ഭവിതവ്യം ഇതി. ഏവം ചാത്ര യതി ഭംഗോ നാത്യന്തദോഷായ." (പേജ് 135–6). *വൃത്തരത്നാകര*ത്തിനു തന്റെ പൂർവികനായ കരുണാകരപ്പിഷാരടി രചിച്ച *കവിചിന്താമണി* വ്യാഖ്യാനത്തെ ഉദ്ധരിച്ചുകൊണ്ട് *ടിപ്പണി*കാരൻ, സഹൃദയന് ശ്രവണോദ്വേഗമുണ്ടോ ഇല്ലയോ എന്നതാണ് യതിഭംഗാരോപണത്തിന്റെ മാനദണ്ഡമെന്നും ഇത്തരം സന്ദർഭങ്ങളിൽ ശ്രവണോദ്വേഗം അനുഭവപ്പെടാത്തതുകൊണ്ട് പദമധ്യത്തിലും യതിയാവാമെന്നും സമർഥിക്കുന്നു.

ഈ അവലോകനത്തിൽനിന്ന്, ധാരാളം പഠിക്കാൻ വകയുള്ളതാണ് മാനവേദന്റെ *പൂർവഭാരതചമ്പു*വെന്നും അതിനു കേരളീയസംസ്കൃതസാഹിത്യത്തിൽ ശ്രദ്ധേയമായ സ്ഥാനം കല്പിക്കാവുന്നതാണെന്നും വ്യക്തമായിരിക്കുമെന്നു വിശ്വസിക്കുന്നു.

(*ശ്രീമാനവേദൻ നാലാം ശതാബ്ദ്യുപഹാരം*, 1984)